SOUTHERN LANGUAGES BOOK TRUST

1.50




# കാടിന്റെ വിളി

ജാക്ക് ലണ്ടൻ

240379

KOZHIKODE-4
2593
PUBLIC LIBRARY

NATIONAL BOOK STALL
SPCS Ltd.
Br. KOZHIKODE

B
2593

# കാടിൻെറ വിളി

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിററഡ്, കോട്ടയം**

[Malayalam]

# KATINTE VILI

(CALL OF THE WILD)

BY

JACK LONDON

Translated by

V. C. CHACKO, M. A.

S No. 7228.

First Impression April 1959

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 5000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD., KOTTAYAM

NATIONAL BOOKSTALL
KOTTAYAM KERALA STATE

Re. 1·50

# കാടിന്റെ വിളി

ജാക്ക് ലണ്ടൻ

വിവർത്തനം

വി. സി. ചാക്കോ, എം. എ.

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 1·50

Copyright
THE MACMILLAN COMPANY
NEW YORK

Published under the auspices of the
SOUTHERN LANGUAGES BOOK TRUST

S916 B619 86/58-59 CRB 155

KOZHIKODE-4

# ആമുഖം

വായനക്കാൎക്കു് ഉത്തമഗ്രന്ഥങ്ങളിലുള്ള അഭിരുചിയെപ്പററി ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ പ്രഥമഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽനിന്നു് നേടിയ പരിചയത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമതൊരുകൂട്ടം പുസ്തകങ്ങൾ ദ്രാവിഡഭാഷയിൽ അവതരിപ്പിക്കയാണു്. വളരെ ശ്രദ്ധയോടുകൂടിയാണു് ഈ പുസ്തകങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതു്. വിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള പുസ്തകങ്ങൾ ട്രസ്റ്റ് തിരഞ്ഞെടുക്കയെന്നതു് സ്വാഭാവികം മാത്രമാണല്ലോ. ഭാരതീയനേതാക്കന്മാരെപ്പററി പ്രതിപാദിക്കുന്ന ഒരു വിഭാഗവും പദ്ധതിയിലുണ്ടു്. നാടിന്റെ മഹത്വത്തിനും നാട്ടുകാരുടെ സ്വാതന്ത്ര്യത്തിനും വേണ്ടി വിലയേറിയ സേവനം ചെയ്ത ഈ മഹാന്മാരെപ്പററി ഭാവിതലമുറകൾ അറിഞ്ഞിരിക്കുകയെന്നതു് യുക്തം മാത്രമാണു്.

തത്വജ്ഞാനം മതം ശാസ്ത്രം ക്ലാസ്സിക്കുകൾ യന്ത്രതത്വശാസ്ത്രം മുതലായവയെല്ലാം ഈ പരിപാടിയിൽ സ്ഥാനം കൊടുത്തിട്ടുണ്ടു്. ദൃശ്യകലകൾ, ശില്പശാസ്ത്രം, പുരാണവസ്തുഗവേഷണം, അനശ്വരകലാസൃഷ്ടികളായ ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ മുതലായവയും പ്രതിപാദ്യവിഷയങ്ങളിലുൾപ്പെടുന്നു. ഭിന്നരുചികളായ വായനക്കാൎക്കുവേണ്ട വൈവിധ്യം ഈ പദ്ധതിയിലുണ്ടെന്നും, അതു് അനേകരെ പുസ്തകപാരായണത്തിലേയ്ക്കാകർഷിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ദക്ഷിണേന്ത്യൻഭാഷകൾ തമ്മിലുള്ള സാഹിത്യ കൈമാററമാണു് ഈ പരിപാടിയുടെ ഒരു സവിശേഷത. ഇതിന്റെ പുരോഗതിയോടുകൂടി ഉത്തമസാഹിത്യത്തിൽ താല്പര്യമുള്ളവരുടെ എണ്ണം വളരെ വർദ്ധിക്കുന്നതാണു്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിനു് അതിന്റെ ഉൽകൃഷ്ടലക്ഷ്യങ്ങൾ അചിരേണ നിറവേററാൻ കഴിയുമെന്നു് ഞാൻ ആശിക്കുന്നു.

മദിരാശി
7–10–’58

എ. എൽ. മുതലിയാർ

## ഉള്ളടക്കം


1 പ്രാകൃതത്വത്തിലേക്ക് 31

2 ഗദയുടേയും ദംഷ്ട്രയുടേയും കഥ 46

3 ബലിഷ്ഠവും ബീജഭൂതവുമായ മൃഗം 58

4 നേതൃസ്ഥാനത്തേക്ക് 76

5 നിരന്തരമായ അദ്ധ്വാനം 87

6 ഒരു മനുഷ്യന്റെ സ്നേഹത്തിനുവേണ്ടി 106

7 വിളി മുഴങ്ങുന്നു 123

ജാക്ക് ലണ്ടന്റെ ജീവിതം ആവേശജനകമായ അനുഭവങ്ങളുടെ സമാഹാരമാണ്. പതിനഞ്ചാമത്തെ വയസ്സിൽ ഒരു തോണി വാങ്ങുകയും സാൻഫ്രാൻസിസ്കോ ഉൾക്കടലിൽനിന്നും ചിപ്പി വാരുകയുംചെയ്തു. അലാസ്കായിൽ സ്വർണ്ണം കണ്ടുപിടിക്കപ്പെട്ടപ്പോൾ അതിന്റെ ധാവള്യം അദ്ദേഹത്തെ കീഴടക്കി. മഞ്ഞുറഞ്ഞ ഉത്തരദിക്കിൽ പച്ചയായ ജീവിതം അനുഭവിച്ചു. തന്റെ ധീരപരാക്രമങ്ങളെ അവലംബിച്ച് ചെറുകഥകൾ രചിച്ചുതുടങ്ങി. അങ്ങനെ അദ്ദേഹം സർവ്വവിദിതനും സമാരാദ്ധ്യനുമായ കഥാകൃത്തായിത്തീർന്നു.

# മുഖവുര

റൊമാൻറിക്കായ എല്ലാററിനോടുമുള്ള ആസക്തിയാണ് ജാക്ക്‌ലണ്ടൻെറ സ്വഭാവം, ജീവിതം, കൃതികൾ എന്നിവയുടെയെല്ലാം മർമ്മം. ജീവിതത്തിലെ അമിതത്വവും, സാമൂഹ്യാശയഗതികളുടെ സാങ്കല്പികത്വവും, പണത്തിനും പ്രശസ്തിക്കുംവേണ്ടിയുള്ള കൊതിയും കൃതികളിലെ പ്രതിപാദനരീതിയും പ്രതിപാദ്യവിഷയവും എല്ലാംതന്നെ ശക്തവും വർണ്ണശബളവുമായ ഈ റൊമാൻറിസിസത്തിൽനിന്നും രൂപംകൊണ്ടതാണ്. ഒരു സാധാരണമനുഷ്യൻ എന്ന നിലയ്ക്കും ഒരു ഗ്രന്ഥകാരനെന്നനിലയ്ക്കും ഈ പ്രത്യേകത അദ്ദേഹത്തെ നിയന്ത്രിച്ചു.

ജാക്ക്‌ലണ്ടൻ 1876 ജാനുവരി 12-ാംതീയതി സാൻഫ്രാൻസിസ്കോയിൽ ജനിച്ചു. മദ്ധ്യപശ്ചിമദേശത്തുനിന്നും കാലിഫോർണിയായിലെത്തിയവരായിരുന്നു അച്ഛനമ്മമാർ. ആഭ്യന്തരസമരത്തിലെ ഒരു പടയാളിയായിരുന്നു അച്ഛൻ. ആ സമരം സമ്മാനിച്ച മുറിവുകൾ ഒരു കാലത്തും ഉണങ്ങാത്തവിധം അദ്ദേഹത്തിലുണ്ടായിരുന്നു. ഒരു തകർന്ന മനുഷ്യനായിട്ടാണ് ജാക്ക് അദ്ദേഹത്തെ അറിഞ്ഞത്. ജനിച്ചപ്പോൾ പുത്രന് ഇട്ട പേര് ജോൺഗ്രിഫിത്ത് ലണ്ടൻ എന്നാണ്. പക്ഷേ, പില്ക്കാലത്ത് പുത്രൻെറ നിർബന്ധംമൂലം കൂടുതൽ റൊമാൻറിക്കായ ജാക്ക് എന്ന പേരുതന്നെ കൊടുത്തു. അദ്ധ്യാപകർ അതു സ്വീകരിച്ചു. 'അററ്‌ലാൻറിക്‌മന്ത്‌ലി'യുടെ പത്രാധിപന്മാരുടെ സ്നേഹപൂർവ്വമായ നിർദ്ദേശമൊന്നും ആ പേരു മാററാൻ പര്യാപ്തമായില്ല. ആദ്യകാലജീവിതത്തിലുണ്ടായ ദുരനുഭവങ്ങൾ അദ്ദേഹം പില്ക്കാലത്ത് ഒരുപക്ഷേ, കുറെയൊക്കെ അതിശയോക്തിപരമായി വർണ്ണിച്ചിരിക്കാം. ഒരു കല്പനാശാലിയെന്ന നിലയ്ക്ക് അതു ക്ഷന്തവ്യമാണ്. എന്തായാലും ആരോഗ്യസംരക്ഷണത്തിനുവേണ്ടവിധത്തിലുള്ള ആഹാരം ജാക്കിന് കുട്ടിക്കാലത്തു ലഭിച്ചിരുന്നു. ലണ്ടൻകുടുംബത്തിൻെറ ദാരിദ്ര്യം ജാക്കിൻെറ ഗ്രാമർസ്കൂളിലെ അഭ്യസനത്തെ ബാധിച്ചുമില്ല. മാതാപിതാക്കൾ മാക്കററ്—

പൂന്തോട്ടനിർമ്മിതി തുടങ്ങിയ പണികളിലേർപ്പെട്ടിരുന്നുവെങ്കിലും ദൗർഭാഗ്യം കടന്നാക്രമിച്ചപ്പോൾ ഉള്ള സ്ഥലം വിറ്റ് ഓക്ക്ലൻഡിലേയ്ക്കു മാറുവാൻ നിർബ്ബന്ധിതരായി.

അങ്ങനെ ലണ്ടന്റെ ഗൃഹം ഐശ്വര്യസമൃദ്ധമായിരുന്നില്ലെങ്കിലും വായനയ്ക്കും ദിവാസ്വപ്നങ്ങൾക്കുമായി ജാക്ക് സമയം ചെലവഴിച്ചിരുന്നു. എട്ടു വയസ്സായപ്പോൾ സ്വന്തം അസ്തിത്വം പോലെതന്നെ റൊമാൻറിക് കൃതികളും അദ്ദേഹത്തിനു് ഒരു യാഥാർത്ഥ്യമായിത്തോന്നി. ചെറുപ്പത്തിൽത്തന്നെ 'ഉയിദാ'യുടെ 'സിഞ്ജാ' എന്ന പുസ്തകം കിട്ടി. ഒരു ഇററാലിയൻ കർഷകബാലൻ സംഗീതരംഗത്തു് പരകോടിയിലേയ്ക്കുയന്നതിന്റെ വർണ്ണശബളമായ കഥയായിരുന്നു അതു്. ആ പുസ്തകത്തിന്റെ അവസാനത്തെ കുറെ താളുകൾ നഷ്ടപ്പെട്ടിരുന്നതുകൊണ്ടു്, "എങ്ങനെ അതു സംഭവിച്ചു?" എന്ന പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിരുന്നില്ല. എങ്കിലും അദ്ദേഹം സഹോദരിയെക്കൊണ്ടു് അതു് ഉറക്കെ വായിപ്പിച്ചുകേൾക്കുകയും തന്നെത്താൻ പല ആവൃത്തി വായിക്കുകയും ചെയ്തു. മറെറന്തിനെക്കാളും തികച്ചും വ്യതിരിക്തമായ ഒരു പ്രചോദനമായി ഭവിച്ചിട്ടുള്ളതു് 'ഉയിദാ'യുടെ കാല്പനികകഥയാണു് എന്നദ്ദേഹം പില്ക്കാലത്തു പ്രഖ്യാപിച്ചിട്ടുണ്ടു്.

താമസിയാതെ അദ്ദേഹം 'ഡ്യുഷെയില്യു'വിന്റെ 'ഇക്വറേറാറിയൽ ആഫ്രിക്കായിലെ പര്യവേക്ഷണങ്ങളും വീരകൃത്യങ്ങളും'[1] എന്ന കൃതിയുമായി പരിചയപ്പെട്ടു. അതു് അദ്ദേഹത്തിന്റെ മാനസികഗതിയുമായി പൊരുത്തപ്പെട്ടു. കാല്പനികമായ വർണ്ണശബളത കുറേക്കൂടിയുള്ള ഇർവിംഗിന്റെ 'അലംബ്രാ' **(Irving's Alambra)** അദ്ദേഹത്തിനു് കുറേക്കൂടി ഇഷ്ടപ്പെട്ടു. ജാക്കിന്റെ ഭാര്യ ചാർലിയൻ ലണ്ടൻ ജാക്കിന്റെ ചില വാചകങ്ങൾ പില്ക്കാലത്തു് ഇങ്ങനെ രേഖപ്പെടുത്തുന്നു: "ഇവകൂടാതെ ഞാൻ വായിച്ചിരുന്നതു് കടംവാങ്ങിയ, വിലകുറഞ്ഞ നോവലുകളും, വർത്തമാനപ്പത്രങ്ങളിൽ പാവപ്പെട്ടവരും സൽഗുണസമ്പന്നകളുമായ വില്പനക്കാരികളുടെ വീരകൃത്യങ്ങളെക്കുറിച്ചു വിവരിക്കുന്ന ഭാഗങ്ങളുമാണു്." ജോൺലണ്ടൻ തോട്ടം വിറ്റിട്ടു് ഓക്ക്

1 Du Chaillu's Explorations and Adventures in Equatorial Africa.

ലൻഡിലേയ്ക്കു മാറിയപ്പോൾ, സൗജന്യമായി പുസ്തകങ്ങൾ ലഭിക്കുന്ന ഒരു ലൈബ്രറി ജാക്ക് കണ്ടുപിടിച്ചു. അപ്പോൾ പത്തുവയസ്സു പ്രായമുണ്ടായിരുന്നു. സ്കോട്ട്, വില്കി കോളിൻസ് തുടങ്ങിയ റൊമാന്റിക് കഥാകൃത്തുക്കളുടേയും സമുദ്രാന്തർഭാഗത്തു പര്യവേക്ഷണം നടത്തുന്നവരുടേയും കൃതികൾ വായിച്ചുതള്ളി. പിന്നീട് ഒന്നുരണ്ടുകൊല്ലത്തിനുള്ളിൽ റുഡ്യാർഡ് കിപ്ലിംഗ് സാഹിത്യരംഗത്ത് മഹനീയമായരീതിയിൽ അവതരിച്ചപ്പോൾ ജാക്ക് അദ്ദേഹത്തിൻെറ ആരാധകനായി. പിന്നീടതു ജീവിതകാലം മുഴുവൻ നീണ്ടുനിന്നു.

പക്ഷേ, ജാക്ക് ലണ്ടൻ ഒരിക്കലും ഒരു പുസ്തകപ്പുഴു ആയിരുന്നില്ല. ഓക്ക് ലൻഡിൽ രാവിലെയും വൈകുന്നേരവും ന്യൂസ് പേപ്പർ വിതരണംചെയ്യേണ്ട ജോലിയുണ്ട്. ശനിയാഴ്ചകളിൽ മററു ചില പണികളും. വിദ്യാലയജീവിതമവസാനിച്ചപ്പോൾ സമുദ്രത്തിന്റെ ക്ഷണം സ്വീകരിക്കുവാനുറച്ചു. ഉടൻതന്നെ കടലിനൾഭാഗത്തേയ്ക്കു യാത്രചെയ്യാൻ മുതിർന്നില്ലെങ്കിലും വളരെയധികംസമയം ഒരു ചെറിയ 'സ്കിഫി'ൽ(തോണി)സാൻഫ്രാൻസിസ്കോ ഉൾക്കടലിൽ യാത്രചെയ്തു കഴിച്ചുകൂട്ടി. ഈ അവസരത്തിലാണ് വെറും പതിന്നാലുവയസ്സുള്ള ജാക്ക് കറുപ്പ് ഒളിച്ചുകടത്തുന്നവനും തിമിംഗലനായാട്ടുകാരനുമായ ഒരാളുമായി പരിചയപ്പെട്ടതും അയാളുടെ തോണിയിൽവച്ച് അയാളുമൊന്നിച്ചു കുടിച്ചുരസിച്ചതും. അയാൾ ജാക്കിൻെറ ഭാവനകളെ ഉദ്ദീപിപ്പിച്ചു. പക്ഷേ, ഉടനെതന്നെ ജോലിസ്ഥലത്തേയ്ക്കു മടങ്ങേണ്ടിവന്നു. കുറേയധികം മാസങ്ങൾ അദ്ദേഹം ഒരു പഴം പായ്ക്കുചെയ്യുന്ന ഫാക്ടറിയിൽ ജോലിചെയ്തു. യന്ത്രത്തിൻെറ അടിമത്തത്തിനെതിരായി അദ്ദേഹത്തിലുള്ള വിപ്ലവാസക്തി വളർന്നുകൊണ്ടിരുന്നു. ഇവിടെ റൊമാൻസില്ല; കുതിച്ചുയരുന്ന അഭിവാഞ്ഛകൾക്ക് വേണ്ടത്ര പ്രചോദനമില്ല; വീരകൃത്യങ്ങളുടെ വശ്യതയില്ല. ജാക്ക് ആ ഫാക്ടറിയേയും അതുമായി ബന്ധപ്പെട്ട എല്ലാററിനേയും വെറുത്തു. അവിടംവിട്ടു പോയതിനുശേഷം ജാക്ക് മുത്തുച്ചിപ്പി തേടുന്ന സമുദ്രപര്യവേക്ഷകൻെറ സാഹസികതനിറഞ്ഞ ജീവിതത്തിലേയ്ക്കാണു പ്രവേശിച്ചതു്. കുട്ടിക്കാലത്ത് പരിരക്ഷിച്ച നീഗ്രോധാത്രിയോട്ട് മുന്നൂറു ഡോളർ കടംവാങ്ങിയാണ് ഒരു തോണി സമ്പാദിച്ചതു്. റാസിൽഡാസിൽ (Razzle

Dazzle) എന്ന ഹരംപിടിപ്പിക്കുന്ന പേരിട്ട തോണിയുമായി ജാക്ക് മുത്തുതടങ്ങൾ (Oyster beds) തേടി സാൻഫ്രാൻസിസ്കോ ഉൾക്കടലിൽ യാത്രതിരിച്ചു. പതിനാറുവയസ്സുകാരനെന്നനിലയ്ക്കു്, സ്വയം തോണിയിൽ സഞ്ചരിക്കാനും സംഘട്ടനമുണ്ടാകുന്നപക്ഷം നേരിടാനുമുള്ള തന്റേടം ജാക്കിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതർ ചെറുകിട നാവികരും തുറമുഖസങ്കേതങ്ങളിൽ പതിവായി വരാറുള്ളവരുമായിരുന്നു. ഓക്ക്‌ലൻഡിലെയും സാൻഫ്രാൻസിസ്കോയിലെയും നോട്ടപ്പുള്ളികളായിരുന്ന അവർ 'ഹാർമോണിക്കാ ജോ' 'ഹെലൻ ബ്ളേഡസ്' 'വിസ്കി ബോബ്' 'നിക്കി ദി ഗ്രീക്ക്' 'ഓയിസ്റ്റർ കെല്ലി' തുടങ്ങിയ ആകർഷകങ്ങളായ പേരുകളിലാണറിയപ്പെട്ടിരുന്നതു്. നാവികജീവിതം മടുത്തപ്പോൾ മത്സ്യവമേൽനോട്ട(Fish-patrol) സേവനത്തിനായി സ്വന്തം ബോട്ടുമായി ചെന്നു: അങ്ങനെ ഉൾക്കടലിൽ വളരെദൂരംചെന്നു് സാഹസികസംരംഭങ്ങളിലേർപ്പെട്ടിരുന്നവരുടെ അനുഭവങ്ങൾ പങ്കിട്ടു. ഇരുവശവും മനസ്സിലാക്കണമെന്ന ആർത്തിയായിരുന്നു ഇതിനൊക്കെയടിസ്ഥാനം. ആ പരിവർത്തനത്തിൽ സാമുദായികാചാരങ്ങളൊന്നും അദ്ദേഹം വകവച്ചില്ല. ദുർന്നടപടികൾ വർദ്ധിച്ചുവന്നു. അമിതമായ കുടിമൂലം ആരോഗ്യം നശിച്ചു. അതു് ജാക്കിന്റെ പദ്ധതിയിൽപ്പെട്ടിരുന്നില്ല. പതിനേഴവയസ്സു തികഞ്ഞപ്പോൾ ബെറിംഗ്സമുദ്രത്തിലേയ്ക്കും ജപ്പാനിലേയ്ക്കും പോകുന്ന ഒരു ഇരുപ്പായ്മരക്കപ്പലിലെ ബോട്ടുവലിക്കാരനായിത്തീർന്നു.

ആ യാത്ര ഗുണപ്രദമായിരുന്നു. തുറമുഖത്തു കഴിച്ചുകൂട്ടിയ ദിവസങ്ങൾ അത്യധികം ബഹളംനിറഞ്ഞവയായിരുന്നെങ്കിലും കഠിനമായി അദ്ധ്വാനിക്കുകയുംചെയ്തു. ഓക്ക്‌ലൻഡിൽ തിരിച്ചെത്തിയപ്പോൾ ഒരു നിശ്ചിതമായ ജോലിവേണമെന്ന കുടുംബാംഗങ്ങളുടെ നിർദ്ദേശമനുസരിച്ചു് ഒരു ചണമില്ലിൽ ജോലി സ്വീകരിച്ചു. പക്ഷേ, അതു് പഴഫാക്ടറിയിലേതിനെക്കാളും കൊള്ളരുതാത്ത പണിയായിരുന്നു. സ്ട്രീറ്റ്റെയിൽവേയിലെ പൗവ്വർഹൗസിൽ തീകോരിയിടുന്ന പണിയിലേർപ്പെട്ടുവെങ്കിലും താമസിയാതെ അതിനോടും വെറുത്തു. (ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറാകണാമെന്നു് അക്കാലത്തു് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അതിന്റെ പ്രഥമ പരിപാടിയായിരുന്നു അതു്.)

അതു് 1894–ലായിരുന്നു. അക്കൊല്ലമാണു് കെല്ലിയുടെ വ്യവസായസേന(**Industrial Army**)യുടെ അന്തർഭൂഖണ്ഡപദയാത്ര (**Inter-Continental March**) നടന്നതു്. തൊഴിലില്ലാത്തവർ വാഷിംഗ്ടണിലേയ്ക്കു മാർച്ചുചെയ്യുന്ന ആ പ്രസ്ഥാനം ആരംഭിച്ചതു് ഓഹിയോയിൽവച്ചു് 'ജനറൽ' കോക്സിയുടെ നേതൃത്വത്തിൽ നടന്ന പ്രകടനത്തോടുകൂടിയാണു്. ചാൾസ് റ്റി. കെല്ലിയുടെ പദയാത്ര അത്തരം നിരവധി യാത്രകളിലൊന്നുമാത്രമായിരുന്നു. കെല്ലിയുടെ സേന സാൻഫ്രാൻസിസ്കോയിൽനിന്നാണു് യാത്രതിരിച്ചതു്. തന്റെ ഉത്തരവാദിത്വം ഒഴിച്ചുവയ്ക്കുവാൻവേണ്ടി അതിലുൾപ്പെട്ട അറുനൂറുപേരുടേയും കടത്തുകൂലി നഗരാദ്ധ്യക്ഷൻതന്നെ കൊടുത്തു. ഓക്ക്ലൻഡ്നിവാസികൾക്കു് ആ അലസന്മാരായ ആളുകളെ അകറ്റുവാൻ ആഗ്രഹവുമുണ്ടായിരുന്നു. അങ്ങനെ അവരെ സാക്രമെൻറോയിലേയ്ക്കു കടത്തിവിട്ടു. ഏതായാലും അതങ്ങനെ നീങ്ങി. അനുഭവിച്ചതുമുഴവൻ കപ്പൽക്കമ്പനികളായിരുന്നുവെന്നുമാത്രം. ജാക്ക്ലണ്ടനു് ഓക്ക്ലൻഡിൽവച്ചു് കെല്ലിയുടെ സംഘത്തോടു ചേരാൻ കഴിഞ്ഞില്ല. അതുകൊണ്ടു് അവരെ പിന്തുടർന്നു. ഒമാഹായിൽവച്ചു് ഒപ്പമെത്തി. കിഴക്കൻദിക്കിലേയ്ക്കു പൊയ്ക്കൊണ്ടിരുന്ന എക്സ്പ്രസ്സ് വണ്ടികളുടെ പിന്നിൽ കൊളുത്തിയിരുന്ന സാമാനവണ്ടികളിലുംമററും കയറിയാണു് അങ്ങെത്തിയതു്. വളരെ വൈകാതെതന്നെ, അലഞ്ഞുതിരിയുന്നവനുപററിയ നിപുണമായ കപടോപായങ്ങൾ ജാക്ക് പഠിച്ചു. അനുകമ്പ തോന്നിക്കുന്ന കഥകൾ നെയ്തുണ്ടാക്കുവാനും അതൊക്കെ ഉരുവിട്ടു് ലോലഹൃദയരായ ഗൃഹിണികളിൽനിന്നും ആഹാരം വാങ്ങുവാനും മടിച്ചില്ല. ഒമാഹായിൽവച്ചു് 'സേന' വിജയസോപാനത്തിലെത്തിയിരിക്കുന്നതാണു കണ്ടതു്. പക്ഷേ, അയോവാ കടക്കുമ്പോഴാണു് കോക്സി പരാജയമടഞ്ഞെന്ന വാർത്തകിട്ടിയതു്. അതോടെ സേനാംഗങ്ങളുടെയിടയിൽ ശിക്ഷണബോധം കുറഞ്ഞുവന്നു. ജാക്ക് ആ അനൈക്യം പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണു് പെരുമാറിയതു്. കീയൂക്കിലേയ്ക്കുള്ള ദെമോയിൻനദി കടക്കുവാനൊരുങ്ങുകയും അതോടൊപ്പം കെല്ലിയുടെ നിയന്ത്രണം പൂർവ്വാധികം അയഞ്ഞുവരികയും ചെയ്തപ്പോൾ ജാക്കിനു് ആ പ്രസ്ഥാനത്തോടുള്ള എല്ലാതാല്പര്യങ്ങളും നശിച്ചുകഴിഞ്ഞു. പരമാർത്ഥത്തിൽ അതിന്റെ

രാഷ്ട്രീയവശത്തേക്കാൾ സാഹസികസ്വഭാവമാണ് ജാക്കി നെ ആകർഷിച്ചിരുന്നതു്. സാഹസികസംരംഭങ്ങൾക്കു പറ്റിയ അന്തരീക്ഷമില്ലെന്നു കണ്ടതിനാൽ ഹാനിബാളിൽവച്ചു് അ ദ്ദേഹം സേനയെ വിട്ടുപിരിഞ്ഞു. മദ്ധ്യപശ്ചിമദേശത്തും പൂവ്വ ദേശത്തുമുള്ള നഗരങ്ങളിലേയ്ക്കു് അനുഭവങ്ങൾക്കുവേണ്ടിയുള്ള ദാഹത്തോടെ അദ്ദേഹം തിരിച്ചു. കെല്ലിയുടെ കുരിശുയുദ്ധക്കാർ അതുകൊണ്ടൊന്നും പിന്തിരിയാതെ മുന്നോട്ടുപോയി. ആളുകൾ കുറഞ്ഞുകുറഞ്ഞുവന്നു. അയോവാ കടന്നപ്പോൾ ആയിരത്തോള മുണ്ടായിരുന്ന സേന, രണ്ടുമാസത്തിനുശേഷം വാഷിംഗ്ടണി ലെത്തിയപ്പോൾ കൈവിരലിലെണ്ണാവുന്നവരായി കുറഞ്ഞു.

ആഭാസനായി ജീവിച്ചതിൻെറ പേരിൽ ജാക്ക് മൂന്നുമാ സത്തെ തടവുശിക്ഷ അനുഭവിക്കേണ്ടിവന്നു. അങ്ങനെ ഓക്ക് ലൻഡിലേയ്ക്കു പിന്തിരിയുവാൻ നിർബ്ബന്ധിതനാവുകയുംചെയ്തു. തടവുശിക്ഷ നീതിപൂവ്വകമല്ലെന്നു് അദ്ദേഹത്തിനു തോന്നി. അ തു് സോഷ്യലിസത്തിലേയ്ക്കുള്ള അദ്ദേഹത്തിൻെറ ചായ്‌വു വ ദ്ധിപ്പിച്ചു. മാത്രവുമല്ല, അതുവരെ നയിച്ചതുപോലെയുള്ള ജീ വിതംകൊണ്ടു് ഒന്നും നേടാനാവില്ലെന്നു് ബോദ്ധ്യമാവുകയും ചെയ്തു. തിരികെ വീട്ടിലെത്തിയപ്പോൾ സഹോദരിയോടു പണം കടംവാങ്ങി ഓക്ക്‌ലൻഡ്ഹൈസ്കൂളിൽ പഠനമാരംഭി ച്ചു. കോളേജിൽ ചേർന്നു പഠിക്കുവാൻവേണ്ടി തയ്യാറെടുക്കുക യായിരുന്നു.

പക്ഷേ, കോളേജ് ജാക്കിൻെറ അന്തിമലക്ഷ്യമൊന്നുമായി രുന്നില്ല. പൊതുവായ ജ്ഞാനസമ്പാദനവുമായിരുന്നില്ല നോട്ടം. ആത്മകഥാപരമായ 'മാർട്ടിൻ ഈഡൻ' എന്ന നോവലിലെ നാ യകനെപ്പോലെ "വ്യുല്പത്തി കിട്ടുന്നതിനേക്കാളും ജീവിതചയ്യ ത്രുപപ്പെടുത്തുകയായിരുന്നു" അദ്ദേഹത്തിന്റെ ആവശ്യം. ജാക്ക് എഴുതുവാനാഗ്രഹിച്ചു. എഴുത്തുകാരനെന്ന നിലയിൽ ഉയരണ മെന്നും. രണ്ടുകൊല്ലംമുമ്പ് ഒരു ദിനപ്പത്രത്തിൽ ചുഴലിക്കാററി നെപ്പററി വർണ്ണിച്ചെഴുതിയ ലേഖനത്തിനു് ജാക്ക് സമ്മാ നാർഹനായതു് ഒരു പ്രചോദനവുമായിരുന്നു. മുത്തുച്ചിപ്പി വാ രിയപ്പോഴും സമുദ്രാന്തർഭാഗത്തേയ്ക്കു് പര്യടനം ചെയ്തപ്പോഴും അലഞ്ഞുതിരിഞ്ഞപ്പോഴും നേടിയ അനുഭവങ്ങൾ പില്ക്കാലത്തെ സാഹസികമായ ജീവിതപദ്ധതിക്കു് ഒരു അടിസ്ഥാനമായി

ിരുന്നു. ആ പദ്ധതി മറെറാന്നുമല്ല, എഴുത്തുകാരനെന്ന നിലയ്ക്കു് പണവും പ്രശസ്തിയും സമ്പാദിക്കുക! പിയാനോയ്ക്കുപകരം ടൈപ്പ്റൈറ്ററുപയോഗിച്ചു് പ്രശസ്തി കൈവരിക്കുന്ന ഒരു അമേരിക്കൻ 'സിഞ്ജാ'യാവണം. ജരാനരകൾ ബാധിച്ച പിതാവിനെ ധനികനാക്കണം. സഹോദരിയുടെ മുമ്പിൽ സ്വർണ്ണം വാരിച്ചൊരിയണം. ഈ സ്വപ്നവുമായിട്ടാണു് അദ്ദേഹം പഠനത്തിലേർപ്പെട്ടതു്. പിന്നീട്ടു് ഒരു പ്രൈവററ്സ്കൂളിൽ ചേർന്നു. കൂടുതൽ സമർത്ഥമായി പാഠങ്ങൾ കാണാതെ പഠിച്ചു പാസ്സായി. രണ്ടുകൊല്ലത്തെ പഠനത്തിനുശേഷം കാലിഫോർണിയാ യൂണിവേഴ്സിററിയിൽ പ്രവേശിച്ചു. അവിടെ അസംതൃപ്തി അദ്ദേഹത്തെ കാത്തുനില്ക്കുകയായിരുന്നു. പഠനസമ്പ്രദായം, പ്രത്യേകിച്ചു് ഇംഗ്ലീഷ്ഭാഷാഭ്യസനരീതി അദ്ദേഹത്തിനു തൃപ്തികരമായി തോന്നിയില്ല. നല്ലൊരെഴുത്തുകാരനാകാനുള്ള കുറുക്കുവഴിയാണദ്ദേഹം തേടിയതു്. അക്കാര്യത്തിൽ ഒരദ്ധ്യാപകനും സഹായിച്ചില്ല. മാത്രമല്ല, പണവുംതീർന്നു. അങ്ങനെ കോളേജിലെ പ്രഥമവർഷം അവസാനിച്ചപ്പോൾ അദ്ദേഹം ഒരു അലക്കുകമ്പനിയിൽ അന്നുവരെ ചെയ്തിട്ടുള്ളതിനെക്കാളെല്ലാം കഠിനമായി അദ്ധ്വാനിക്കേണ്ടിവന്നു.

പക്ഷേ, അതോടൊപ്പംതന്നെ ഉപന്യാസങ്ങളും ചെറുകഥകളും കവിതകളുമെല്ലാം എഴുതിത്തള്ളുന്നുണ്ടായിരുന്നു. സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനം സ്വാനുഭവങ്ങളും പരന്ന വായനയുമായിരുന്നു. മാസികകളുടെ പത്രാധിപന്മാർക്കു് ലേഖനങ്ങൾ ശരവർഷംപോലെ അയച്ചു. യാതൊരു ഫലവുമുണ്ടായില്ല. അപൂർവ്വം ചിലതു് ഒന്നോ രണ്ടോ പത്രങ്ങൾ സ്വീകരിച്ചു. മററു ചിലതു് ഹൈസ്കൂൾ മാസികയും. പണത്തിനുവേണ്ടിയാണു് അലക്കുകമ്പനിയിൽ കഠിനാദ്ധ്വാനംചെയ്തതു്. അതോടെ ആരോഗ്യം ക്ഷയിച്ചു. പകൽ മുഴുവനുമുള്ള അദ്ധ്വാനത്തിനുശേഷം രാത്രി സാഹിത്യരചനയിലേർപ്പെടാനുള്ള ആരോഗ്യമില്ലാതായി.

ആ അവസരത്തിലാണു് ക്ലോൺഡൈക്കിൽ സ്വർണ്ണം കണ്ടുപിടിക്കപ്പെട്ടതു്. ജാക്ക് പന്തയങ്ങളിലേർപ്പെട്ടു പണമുണ്ടാക്കി സ്വന്തം ഭാര്യാസഹോദരനുമൊന്നിച്ചു് മഞ്ഞുറഞ്ഞ ഉത്തരദേശത്തേയ്ക്കു യാത്രതിരിച്ചു. ചിൽക്കൂട്ട്പാസ്സിൽവച്ചു് വയസ്സനായ

ഭാര്യാസഹോദരൻ പിന്തിരിഞ്ഞു. ആ പാസ്സ് കടന്നു് അക്കൊല്ലം മുമ്പോട്ടുപോയ അപൂർവ്വം ചിലരിലൊരാളായി ജാക്ക്. പക്ഷേ, ശക്തിയും ധൈര്യവുംകൊണ്ടൊന്നും സ്വർണ്ണം നേടുവാനായില്ല. ഒടുവിൽ ചൊറിക്കരപ്പൻ പിടിപെട്ടു പിന്തിരിഞ്ഞു. തിരികെയുള്ള യാത്രാസമയത്തെഴുതിയ ജേർണ്ണലുകൾ ഒരുകാര്യം വ്യക്തമാക്കുന്നു: സ്വർണ്ണപ്പൊടി സമ്പാദിച്ചില്ലെങ്കിലും നിരവധി കഥകളുടെ ഇതിവൃത്തങ്ങൾ ആ യാത്രയിലദ്ദേഹം സമ്പാദിച്ചിരുന്നു.

വീട്ടിലെത്തി. വീണ്ടും പ്രതീക്ഷാനിർഭരമായ ഹൃദയത്തോടെ സാഹിത്യസൃഷ്ടിയിലേർപ്പെട്ടു. അർദ്ധപ്പട്ടിണി അനുഭവിച്ച് രാത്രിയും പകലുമൊന്നുപോലെ ടൈപ്പ്റൈറ്ററിനടുത്തു കഴിച്ചുകൂട്ടി. അങ്ങനെ യാത്രാവിവരണങ്ങളും, കടൽക്കഥകളും, ഫിഷ്–പട്രോൾക്കഥകളും ക്ലോൺഡൈക്ക്–കഥകളുമെന്നുവേണ്ടാ വിനോദഭാവനകളും കവിതകളുമെല്ലാം തുരുതുരാ എഴുതിത്തള്ളി. ഉത്തരദേശത്തുനിന്നു തിരികെവന്നിട്ട് അഞ്ചുമാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം സാൻഫ്രാൻസിസ്കോയിലെ സുപ്രസിദ്ധ മാസികയായ 'ദി ഓവർലാൻഡ് മന്ത്ലി'യിൽ ഒരു കഥ പ്രസിദ്ധപ്പെടുത്തി. അതിനൊരു മുപ്പതുകൊല്ലംമുമ്പ് ബ്രെറ്റ് ഹാർട്ടിനെ ലോകത്തിനു പരിചയപ്പെടുത്തിയ മാസികയാണതു്. 'സഞ്ചാരിയോട്'' (To the Man on Trail) എന്നായിരുന്നു ആ കഥയുടെ തലക്കെട്ട്. അടുത്ത മാസത്തിൽത്തന്നെ 'ധവള നിശ്ശബ്ദത' (The White Silence) എന്ന പേരിൽ മറ്റൊരു കഥ പ്രസിദ്ധപ്പെടുത്തി. ജാക്കിന്റെ ഏറ്റവും നല്ല കഥകളിലൊന്നാണതു്. പക്ഷേ, ഈ കഥകൾക്കു് വെറും അഞ്ചു ഡോളർ വീതമാണു് പ്രതിഫലം കിട്ടിയതു്. എഴുതിയെഴുതി ധാരാളം സമ്പാദിക്കാമെന്നു സ്വപ്നംകണ്ട ജാക്കിനെ ഇതു വല്ലാതെ നിരാശപ്പെടുത്തി. എന്നിട്ടും പിൻവാങ്ങിയില്ല. അദ്ദേഹത്തിനുള്ള പ്രതിഫലം ഒരു കഥയ്ക്കു് ഏഴർഡോളറായി പത്രാധിപർ വർദ്ധിപ്പിച്ചു. മറ്റുപത്രങ്ങൾ കൂടുതൽ തരാനിടയുണ്ടെന്നദ്ദേഹം കണ്ടു. 'ദി യൂത്ത്സ് കംപാനിയൻ' മത്സരങ്ങൾ നടത്താറുള്ള 'ദി ബ്ലാക്ക് ക്യാറ്റ്'' എന്നിവ ഉദാഹരണങ്ങൾ. അങ്ങനെ 'ദി ഓവർലാൻഡ് മന്ത്ലി'യിൽ ആദ്യത്തെ കഥ പ്രസിദ്ധപ്പെടുത്തി ഒരുവർഷം തികഞ്ഞപ്പോൾ 'ദി ഒഡിസ്സി

ഓഫ് ദിനോത്ത്'' എന്ന കഥ 'അററ്ലാന്റിക് മന്ത്ലി'യിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതു് പ്രശസ്തിയിലേയ്ക്കുള്ള കാൽവയ്പായിരുന്നു. കുറേക്കഴിഞ്ഞു് 'മക്ലൂവേഴ്സ്'' ഒരു വാക്കിനു് രണ്ടു സെൻറു വീതം പ്രതിഫലം കൊടുക്കാൻ തയ്യാറായി. ക്ലോൺഡൈക്കിൽനിന്നും തിരിച്ചെത്തി രണ്ടുവർഷത്തിനുള്ളിൽ അദ്ദേഹം ഒരെഴുത്തുകാരനെന്ന നിലയ്ക്കു് ഒട്ടൊക്കെ വിജയിച്ചു. അദ്ദേഹമെഴുതിയതെല്ലാം ധാരാളംപേർ വായിച്ചു. 'ചെന്നായയുടെ പുത്രൻ' (The Son of the Wolf) എന്ന പേരിലൊരു കഥാസമാഹാരം ഹൌട്ടൺ–മിഫ്ളിൻ കമ്പനിക്കാർ പ്രസിദ്ധപ്പെടുത്തി. അതു് 1900–ലായിരുന്നു. അടുത്തവർഷം മറെറാരു സമാഹാരവും 1902–ൽ മൂന്നാമതൊന്നും. ആ കൊല്ലംതന്നെ മററു രണ്ടു പുസ്തകങ്ങൾ കൂടി. ഒന്നു്, 'ഹിമപുത്രി' (The Daughter of the Snows) എന്ന നോവൽ. മറേറതു് ബാലന്മാർക്കുവേണ്ടിയുള്ള പുസ്തകം. ഈ പുസ്തകങ്ങളൊന്നുംതന്നെ വലിയ വിജയങ്ങളായിരുന്നില്ലെന്നുള്ളതിനു് ആദ്യത്തെ അഞ്ചുപുസ്തകങ്ങൾ അഞ്ചു വിഭിന്ന പ്രസിദ്ധീകരണശാലക്കാരാണു് അവതരിപ്പിച്ചതെന്നതു സാക്ഷ്യം വഹിക്കുന്നു.

1903–ലാണു് ചിരപ്രതീക്ഷിതമായ പ്രശസ്തി അദ്ദേഹത്തെ ആശ്ലേഷിച്ചതു്. 'കാടിൻെറ വിളി' (The Call of the Wild) എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണതു്. ജാക്ക് മുമ്പെഴുതിയ പുസ്തകങ്ങൾ കീറിപ്പൊളിക്കുകയോ അവഗണിക്കുകയോ ചെയ്തിരുന്ന നിരൂപകന്മാർപോലും ഈ പുസ്തകത്തെ സ്തുതിച്ചു. അതു് ജനങ്ങളെ ആകർഷിച്ചു. 'കാടിന്റെ വിളി' ഒരു 'ബെസ്റ്റ്–സെല്ലർ' ആയി. ബുദ്ധിജീവികളുടെയിടയിൽ അതിനു് ഒരു സ്ഥാനം ലഭിച്ചുവെന്നതു് ജാക്കിനെ അഭിമാനിതനാക്കി. 'കാടിൻെറ വിളി' പ്രസിദ്ധീകരിച്ചതിൻെറ അടുത്തവർഷം കാലിഫോർണിയാ യൂണിവേഴ്സിററിയിൽ സോഷ്യലിസത്തെക്കുറിച്ചു പ്രസംഗപരമ്പര നടത്തിയിരുന്നപ്പോളുണ്ടായ ഒരു സംഭവം ഒരു തമാശയെന്നനിലയ്ക്കു് ജാക്ക് പിന്നീടു പറയാറുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിലവിലിരുന്ന അദ്ധ്യാപനരീതിയോടു് ഒരാക്രമണം ഉൾക്കൊണ്ടിരുന്നു. പിന്നീടു് പ്രൊഫസർ ചാൾസ് മിൽസ് ഗെയിലി അദ്ദേഹത്തെ അനുമോദിച്ചപ്പോൾ ജാക്ക് തന്റെ അഭിപ്രായം ആവർത്തിച്ചു.

പഴയ ക്ലാസിക്കുകൾമാത്രം വായിക്കുവാൻ നിർദ്ദേശിക്കുകയും പുതിയ പുതിയ ചിന്തകളുടെയും ജീവിതരീതികളുടെയും പ്രതിഫലനങ്ങളായ കൃതികൾ അവഗണിക്കുകയും ചെയ്യുന്നതുമൂലം വിദ്യാത്ഥികൾ സാഹിത്യത്തെക്കുറിച്ചു രൂപീകരിക്കുന്ന ധാരണകൾ തെററാവാനിടയുണ്ടെന്നു് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. "ഞങ്ങൾ നിങ്ങളുടെ 'കാടിൻെറ വിളി' ക്ലാസ്സുകളിലുപയോഗിക്കുന്ന കാൎയ്യം നിങ്ങൾക്കറിവില്ലായിരിക്കാം, അല്ലേ, മി. ലണ്ടൻ?" പ്രൊഫസർ ഗെയിലി ചോദിച്ചു. തുടൎന്നുണ്ടായ പൊട്ടിച്ചിരിയിൽ ജാക്കും പങ്കുകൊണ്ടു.

പക്ഷേ, 'കാടിൻെറ വിളി'യുടെ അഭൂതപൂൎവ്വമായ വിജയത്തിനു മുമ്പുതന്നെ ജാക്ക് സാഹിത്യരചന ഒരു തൊഴിലാക്കിയിരുന്നു. ക്ലൗഡ്സ്ലേ ജോൺസിനു് 1900 മാർച്ച് 1-ാംതീയതി എഴുതിയ കത്തിൽ അദ്ദേഹം എഴുതുന്നു:

"ഞാൻ സാഹിത്യരചന നടത്തുന്നതു് പണത്തിനുവേണ്ടിയാണു്. പ്രശസ്തി കിട്ടിയാൽ പണം കൂടുതൽ കിട്ടും. കൂടുതൽ പണം കിട്ടിയാൽ ജീവിതം കൂടുതൽ രസംനിറഞ്ഞതാകും. പണമുണ്ടാക്കുന്ന പണി ഞാൻ എപ്പോഴും വെറുക്കുന്നു. ഓരോ തവണയും തികഞ്ഞ വെറുപ്പോടെയാണു് ഞാൻ എഴുതാനിരിക്കുക. അങ്ങുമിങ്ങും അലഞ്ഞുതിരിയുന്നതാണെനിക്കിഷ്ടം. അതുകൊണ്ടു് പണമുണ്ടാക്കുന്ന ശീലം എൻെറ ദുഃസ്വഭാവങ്ങളിലൊന്നാവുകയില്ല, തീർച്ച. പക്ഷേ, പണം ചെലവാക്കുന്നതോ? ദൈവമേ! അതിൽനിന്നുമാത്രം രക്ഷപ്പെടുക സാദ്ധ്യമല്ല."

1902-ൽ അദ്ദേഹത്തിനു വീണ്ടുമെഴുതി:

"ഹോ! ദൈവമേ!! എന്തു ചപ്പും ചവറുമാണു് ഞാനെഴുതിക്കൂട്ടുന്നതു്. അഞ്ചു വായുട്ടണം, ചിലപ്പോൾ കൂടുതലും. അതിനുവേണ്ടിയാണിതെല്ലാം. കടത്തിൽനിന്നു് ഞാനെന്നെങ്കിലും മോചിതനാവുമോ എന്നത്ഭുതപ്പെടുന്നു."

കാരണമുണ്ടു്. അദ്ദേഹത്തിനു പത്നിയും മക്കളും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. കൂടാതെ അമ്മയേയും അനന്തിരവനേയും സംരക്ഷിക്കേണ്ട ചുമതലയുണ്ടു്. എപ്പോഴും ആ ഗൃഹത്തിന്റെ വാതിലുകൾ തുറന്നിട്ടിരുന്നു. അതാണു കാൎയ്യം. ക്രമാനുഗതമായി അദ്ദേഹം രചനയിലേൎപ്പെട്ടു. ദിവസം ഒന്നുമുതൽ നാലായിരം വരെ വാക്കുകൾ! ഒരു നല്ല വില്പനക്കാരനെന്ന നിലക്കു് ഒരു

വാക്കിനു പത്തുസെന്റു പ്രതിഫലംനേടി. പിന്നീട്ട് പതിനഞ്ചും, ഇരുപത്താഞ്ചും. ഒരുപക്ഷേ, എഴുതുവാനുള്ള വൈമനസ്യത്തെക്കുറിച്ചു് അദ്ദേഹം അല്പം അതിശയോക്തിപരമായി പറഞ്ഞതാവാം. എങ്കിലും, പലപ്പോഴും അതു് ഒരു മുഷിപ്പൻപണിയായി അദ്ദേഹത്തിനു് അനുഭവപ്പെട്ടിരുന്നു. തീർച്ച. 'മാർട്ടിൻ ഈഡനി'ൽ നായകൻ ഒരെഴുത്തുകാരനെന്നനിലക്കു വിജയം വരിച്ച ഉടൻ അദ്ദേഹത്തെ ആത്മഹത്യചെയ്യിക്കുവാൻ ജാക്ക് മടിക്കുന്നില്ലെന്നതു ശ്രദ്ധേയമാണു്.

ശരി, ജാക്കിലെ റൊമാന്റിസിസ്റ്റിനെന്തുപററി? പ്രഥമവിവാഹം, അതിന്റെ തിട്ടക്കമൊഴിച്ചാൽ മററു യാതൊരു വിധത്തിലും റൊമാന്റിക്കായിരുന്നില്ല. ദിനചര്യാക്രമങ്ങൾ അരുചികരമായി. അടിമത്തബോധം അദ്ദേഹത്തിനുണ്ടായി. അത്തരമൊരു ജീവിതം വളരെക്കാലം പൊറുക്കുക സാദ്ധ്യമല്ലായിരുന്നു.

1902 ജൂലായ് മാസത്തിൽ അസോഷിയേററഡ് പ്രസ്സിന്റെ ഒരു നിർദ്ദേശം ഉത്സാഹപൂർവ്വം സ്വീകരിച്ചു് ബോവർ യുദ്ധത്തെക്കുറിച്ചു റിപ്പോർട്ടുചെയ്യുവാൻ ഒരു പത്രപ്രതിനിധിയായി ദക്ഷിണാഫ്രിക്കയിലേക്കു തിരിച്ചു. പക്ഷേ, ന്യൂയോക്കിലേക്കു പോകുന്നവഴിക്കുതന്നെ സമാധാനാലോചനകൾ നടക്കുന്ന വിവരം കേട്ടു. ഏതായാലും ജാക്ക് പിന്തിരിഞ്ഞില്ല. പൂർവ്വദേശത്തെത്തിയപ്പോൾ മക്മില്ലൻകമ്പനിയുമായി ഒരു കരാറിലേർപ്പെട്ടുകയും അതനുസരിച്ചു് ലണ്ടൻതെരുവുകളിലെ ജീവിതത്തെക്കുറിച്ചു 'ഗർത്തത്തിലെ കുട്ടികൾ' (The Children of the Abyss) എന്നൊരു ഗ്രന്ഥമെഴുതുകയും ചെയ്തു. ഏഴാഴ്ച ലണ്ടൻ തെരുവുകളെക്കുറിച്ചു നടത്തിയ നിരീക്ഷണങ്ങളുടെ ഫലമായിരുന്നു ആ പുസ്തകം. തിരികെ വീട്ടിലെത്തി അധികം താമസിയാതെ ആദ്യഭാര്യയിൽനിന്നും വേർപിരിഞ്ഞു. അടുത്ത വസന്തമായപ്പോൾ 'റസ്സോ-ജാപ്പനീസ്' യുദ്ധരംഗത്തേക്കു 'ഹേഴ്സ്റ്റി'ന്റെ പ്രതിനിധിയായി തിരിച്ചു. വീണ്ടും വീട്ടിലെത്തിയപ്പോൾ പഴയപടി സാൻഫ്രാൻസിസ്കോ ഉൾക്കടലിലൂടെ ഒരു നൗകയിൽ യാത്രചെയ്തു; സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി ഓക്ക്‌ലൻഡ് മേയർസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിച്ചു; 'ഗ്ലെൻഎല്ലെ'നു് അടുത്തായി നൂററിഇരുപത്തിയൊമ്പതു് ഏക്കറോളം വരുന്ന തോട്ടംവാങ്ങി; ഒരു

പ്രസംഗപരമ്പര നടത്തി; കുറേക്കൂടി റൊമാന്റിക്കായ രീതിയിൽ ഒന്നുകൂടി വിവാഹം കഴിച്ചു. എല്ലാം 1905–ൽത്തന്നെ. അടുത്തവർഷം വെസ്റ്റ്ഇൻഡീസ് സന്ദർശിച്ചു. തിരികെയെത്തിയപ്പോൾ തോട്ടം വികസിപ്പിക്കുന്നതിനു് വലിയതോതിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. ഈ തിരക്കിട്ട പരിപാടികൾക്കിടയിൽത്തന്നെ അമ്പതടിയുള്ള ഒരു കളിക്കപ്പലിൽ ലോകം ചുററാൻ തീരുമാനിച്ചു. ഇതിനെല്ലാമിടയിലും അദ്ദേഹം എഴുതിയെഴുതിത്തള്ളി; തോട്ടം പരിഷ്ക്കരിക്കുന്നതിനും മാളിക പണിയുന്നതിനും കളിക്കപ്പൽ നിർമ്മിക്കുന്നതിനും വേണ്ട പണമുണ്ടാക്കുവാൻ.

ലോകംചുററി 'സ്നാർക്ക്' എന്ന കളിക്കപ്പലിൽചെയ്ത യാത്ര പോളിനേഷ്യയിൽവച്ച് ഉപേക്ഷിക്കേണ്ടിവന്നു. പ്രധാന കാരണം, ജാക്കിനെ ഒരു വല്ലാത്തരോഗം ബാധിച്ചതാണു്. അതു് കൂടിക്കൂടിവന്നു. കുഴപ്പമുണ്ടാകുന്ന മട്ടിലായി. ഒന്നരവർഷത്തോളം 'സ്നാർക്കി'ൽ യാത്രചെയ്തു. സിഡ്നിയിൽവച്ച് അതവസാനിച്ചു. പിന്നീട്ട് അടുത്ത ആറുമാസം ഇക്വഡോർ, പനാമാ ഇവകടന്നു് സ്വദേശത്തേയ്ക്കു തിരിച്ചു. ആ യാത്ര സാഹസികവും വിചിത്രവുമായ അനുഭവങ്ങൾകൊണ്ടു നിറഞ്ഞതായിരുന്നു. ചാമിയൻ ലണ്ടന്റെ 'ദി ലോഗ് ഓഫ് ദി സ്നാർക്ക്' (The Log of the Snark) എന്ന കൃതിയിലും ജാക്കിന്റെ 'ദി ക്രൂയിസ് ഓഫ് ദി സ്നാർക്ക്' (The Cruise of the Snark) എന്ന കൃതിയിലും അതു പ്രതിഫലിച്ചുകാണാം. അങ്ങനെ ജാക്ക് തുടരെത്തുടരെ എഴുതി. ഈ യാത്രയെപ്പററിമാത്രമായി ആറു പുസ്തകങ്ങളും നിരവധി ചെറുകഥകളും ലേഖനങ്ങളും എഴുതി.

ജാക്കിന്റെ ജീവിതാന്ത്യത്തോടടുത്തുള്ള ആറുവർഷവും മുൻപറഞ്ഞ രീതിയിലുള്ള സംഭവങ്ങൾകൊണ്ടു നിറഞ്ഞതായിരുന്നു. പസിഫിക്തീരരാജ്യത്തിലൂടെ യാത്രചെയ്തു, 'ഹോണി'നു ചുററും പര്യടനം നടത്തി, മെക്സിക്കോയും ഹാവായിയും സന്ദർശിച്ചു. നല്ലൊരു പശുപോഷണശാല സ്ഥാപിച്ചു. എഴുപത്തഞ്ചു് ഏക്കറോളം വരുന്ന മുന്തിരിത്തോട്ടം നിർമ്മിച്ചു. പതിനായിരം യൂക്കാലിപ്റ്റസ്മരങ്ങൾ വച്ചുപിടിപ്പിച്ചു. മാത്രമല്ല, മററു പല പരിഷ്കാരങ്ങളും വരുത്തി. ഇതെല്ലാം നിരന്തരമുള്ള സാഹിത്യരചനയോടൊപ്പമാണു്. 1196 നവംബർ

22-ാംതീയതി അദ്ദേഹം മരിച്ചു. യുറീമിയാമൂലമാണ് മരിച്ചതു്. ഭാൎയ്യയുടെ അഭിപ്രായത്തിൽ അദ്ദേഹം യഥാൎത്ഥത്തിൽ 'ക്ഷീണിച്ചുമരിക്കുക'യായിരുന്നു. അദ്ദേഹത്തിന്റെ പേരു് വിശാലമെങ്ങും പ്രചരിച്ചു. റഷ്യയിൽ അദ്ദേഹം വിശ്രുതനായിരുന്നുവെന്നതിന്നു തെളിവാണ് ആൻഡ്രീയേവിനെയും കുപ്രിനെയും പോലെ പ്രശസ്തരായ രണ്ടുപേർ ജാക്കിൻെറ സമ്പൂൎണ്ണകൃതികളുടെ രണ്ടുപതിപ്പുകൾ പ്രസിദ്ധീകരിച്ചതു്. ഫ്രാൻസിലും അദ്ദേഹത്തിൻെറ കൃതികൾ പരക്കെ വായിക്കപ്പെട്ടു. പ്രധാനകൃതികളെല്ലാംതന്നെ എല്ലാ പ്രധാന യൂറോപ്യൻഭാഷകളിലേയ്ക്കും തൎജ്ജമചെയ്യപ്പെട്ടു. അദ്ദേഹം തികച്ചും ഒരമേരിക്കാക്കാരൻ തന്നെയാണെന്നു് വിദേശീയർ അഭിപ്രായപ്പെട്ടു. കാരണമുണ്ടു്. പ്രകൃത്യാ സാഹസികതയോടും വീരോചിതമായ പ്രവൃത്തികളോടുമുള്ള പ്രേമം ജാക്കിനുമുണ്ടായിരുന്നു.

ഈ ചൈതന്യപൂൎണ്ണവും വൎണ്ണശബളവുമായ ജീവിതത്തിനിടയ്ക്കു് തത്വശാസ്ത്രങ്ങൾ പഠിക്കുവാനും ജാക്ക് സമയം ചെലവഴിച്ചിരുന്നു. ഉന്നതമായ ആശയങ്ങൾക്കുവേണ്ടിയുള്ള അടങ്ങാത്ത ദാഹം അദ്ദേഹത്തിനുണ്ടായിരുന്നു. എല്ലാററിനും വ്യാഖ്യാനമുള്ള, വിപുലവും പൂൎണ്ണവുമായ, തത്വശാസ്ത്രപദ്ധതികൾക്കുവേണ്ടിയുള്ള ദാഹം. യുദ്ധസംബന്ധിയായ 'മനുഷ്യപ്രവാഹം' (The Human Drift) എന്ന ഉപന്യാസത്തിൽ അദ്ദേഹം ഹെർബർട്ട് സ്പെൻസറുടെ ചില ആശയങ്ങൾ ഉദ്ധരിക്കുന്നുണ്ടു്. (സ്പെൻസർ വിഭിന്നങ്ങളായ തത്വശാസ്ത്രപദ്ധതികൾ ഒന്നിച്ചു ഘടിപ്പിക്കുന്ന രീതി ജാക്കിനെ വല്ലാതെ ആകൎഷിച്ചിരുന്നു.) സ്പെൻസർ പറയുന്നു: "ഇപ്പോൾ സംഭവിക്കുന്നതുപോലെയുള്ള ക്രമാനുഗതമായ പരിണാമം നടന്ന ഒരു ഭൂതകാലത്തെക്കുറിച്ചുള്ള സങ്കല്പം; വീണ്ടും ക്രമാനുഗതമായ പരിണാമങ്ങളിലൂടെ കടന്നുപോകുന്ന ഒരു ഭാവിയെക്കുറിച്ചുള്ള സങ്കല്പം—ഇവ രണ്ടും താത്വികമായി ഒന്നുപോലെയാണെങ്കിലും സുനിശ്ചിതമായ ഫലത്തെ സംബന്ധിച്ചിടത്തോളം സമമല്ല." ഈ ആശയത്തിൻെറ താളനിബദ്ധമായ സൗന്ദൎയ്യം ജാക്കിനെ ആകൎഷിച്ചു. അദ്ദേഹം പറയുന്നു: "അതാണു ശരി! പരിണാമത്തിൻെറയും പ്രക്ഷയത്തിൻെറയും മാറിമാറിവരുന്ന യുഗങ്ങൾ!" ശരിയാണ്, നമുക്കു് എല്ലാമൊന്നും അറിഞ്ഞുകൂടാ. അതു് ശാസ്ത്രസത്യ

മല്ലല്ലൊ. പക്ഷേ, ഒരൊന്നാന്തരം ഭാവനാമധുരമായ ആശയം! ഒരു പണ്ഡിതൻെറ ഗുണങ്ങളിൽ ഒന്നുമാത്രം ജാക്ക് ലണ്ടനു് ഉണ്ടായിരുന്നു—അത്യുത്സുകമായ ജിജ്ഞാസ. പണ്ഡിതോചിതമായ ക്ഷമയുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ആശയഗതികൾക്കു് ഒരു വൈകാരികാടിസ്ഥാനമുണ്ടായിരുന്നിരിക്കണം. തത്ത്വശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു അമേച്ചർ മാത്രമായിരുന്നു.

ആധുനികസാഹിത്യത്തിൽ ജാക്ക് ലണ്ടൻ അസൂയാർഹമായ ഒരു സ്ഥാനം കൈവരിച്ചതു് ഒരു താത്ത്വികനെന്ന നിലയ്ക്കല്ല. അദ്ദേഹത്തിൻെറ ഉപന്യാസങ്ങൾ, ചെറുകഥകൾ, നോവലുകൾ തുടങ്ങിയവ പരിണാമത്തെക്കുറിച്ചോ നീഷേ, ഫ്രോയിഡ് തുടങ്ങിയവരുടെ തത്ത്വങ്ങളെക്കുറിച്ചോ ഉള്ള പ്രാമാണികഗ്രന്ഥങ്ങളല്ല. മാർക്സിയൻ സോഷ്യലിസത്തിൻെറ വ്യാഖ്യാനങ്ങളുമല്ല. ജന്മനാ സാഹസികനായ ഒരാൾ ഒരുന്നതനായ താത്ത്വികനും യഥാർത്ഥ ശാസ്ത്രജ്ഞനും ആയിക്കൊള്ളണമെന്നു് ഒരു നിരൂപകനും വാദിക്കുകയില്ല. ജാക്ക് ലണ്ടൻെറ കൃതികൾ റൊമാൻസുകളെന്ന നിലയ്ക്കാണു് നമ്മെ ആകർഷിക്കുക. ആ അടിസ്ഥാനത്തിൽത്തന്നെവേണം വിലയിരുത്തേണ്ടതും.

വാസ്തവത്തിൽ റൊമാൻസ്, റീയലിസം തുടങ്ങിയ വാക്കുകൾ പലരും വലിച്ചുവാരി പ്രയോഗിക്കാറുണ്ടു്. മററു പല സാങ്കേതികസംജ്ഞകളുമെന്നപോലെ ശിഥിലമായ ചിന്തയെ ആവരണംചെയ്യുവാൻവേണ്ടി അവയെ അവ്യവസ്ഥിതമായി ഉപയോഗിക്കാറുണ്ടു്. ലണ്ടനെ റീയലിസ്റ്റെന്നു വിളിക്കാറുള്ളതു് അദ്ദേഹത്തിനു പരിചയമുള്ള ജീവിതത്തിലെ യഥാർത്ഥവും അരുചികരവുമായ വസ്തുതകൾ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടാണു്. താനൊരു റീയലിസ്റ്റാണെന്നു് അദ്ദേഹം സ്വയം സംശയിച്ചിട്ടുണ്ടു്, തീർച്ച. ആത്മകഥാപരമായ 'മാർട്ടിൻ ഈഡൻ' എന്ന കൃതിയിലദ്ദേഹം പറയുന്നു: "ഭാവന കല്പിതവും വിചിത്രവുമാവുമ്പോൾ അദ്ദേഹത്തിനു് യാഥാർത്ഥ്യത്തോടു് അടിസ്ഥാനപരമായിത്തന്നെ അടുപ്പമുണ്ടു്. അതു് സുപരിചിതങ്ങളായ കാര്യങ്ങളെക്കുറിച്ചെഴുതുവാൻ പ്രേരണ നൽകും." നോവലിലെ റീയലിസത്തിനടിസ്ഥാനം സുനിശ്ചിതഭാവമോ ഒരു വ്യക്തിയുടെമാത്രം ജീവിതാവബോധമോ അല്ല. അതു് ഭൂരിപക്ഷം അനുവാച

ക്കും പൊതുവായുള്ള ഒന്നാണ്—അതിൻെറ ആകെത്തുകയാണ്. ജാക്ക്ലണ്ടനു് പരിചിതമായിരുന്നതു പലതും ഒരു സാധാരണവായനക്കാരനു് അപരിചിതമായിരുന്നു. മുമ്പു ചൂണ്ടിക്കാണിച്ചതുപോലെ, അദ്ദേഹം ജീവിച്ചതു് മിക്കവാറും അപരിചിതമായ സമുദ്രത്തിനുള്ളിലേയ്ക്കു് പ്രയാണംചെയ്തും, വിചിത്രരായ മനുഷ്യരുമായി സഹവസിച്ചും, അധോലോകവുമായി പരിചയപ്പെട്ടും വിദൂരദേശങ്ങളിലേയ്ക്കു് സാഹസികയാത്രകൾ നടത്തിയുമാണു്. ആ നിലയ്ക്കു് അദ്ദേഹം തികച്ചും അപൂർവ്വമായ സംഗതികളെക്കുറിച്ചെഴുതുകയെന്നതു് സ്വാഭാവികമാണു്. അപൂർവ്വതയാണു് റൊമാൻസിൻെറ ആത്മാവു്. ജാക്ക്ലണ്ടനെ ഒരു റീയലിസ്റ്റാക്കി കല്പിച്ചതിനു് മറ്റൊരു കാരണവുമുണ്ടു്. റീയലിസം, നാച്ചുറലിസം എന്നീ രചനാപദ്ധതികൾ കൂട്ടിക്കുഴയ്ക്കുന്ന പതിവും പലക്കുമുണ്ടു്. നാച്ചുറലിസ്റ്റുകൾ മനുഷ്യവർഗ്ഗത്തിൻെറ അവ്യാകൃതവും പ്രാകൃതവുമായ സ്വവിശേഷതകളെക്കുറിച്ചു് എഴുതുന്നവരാണു്. പ്രബുദ്ധമായ സ്വഭാവവിശേഷങ്ങളല്ല, ജന്മസിദ്ധമായ വാസനകളാണു് അവരുടെ രചനയ്ക്കാസ്പദം. ജാക്ക്ലണ്ടൻ സാഹിത്യരചനയാരംഭിച്ചപ്പോൾ നാച്ചുറലിസ്റ്റുകളായ ഒരു സംഘം സാഹിത്യകാരന്മാർ അമേരിക്കയിലുണ്ടായിരുന്നു. സ്റ്റീഫൻക്രെയിനും ഫ്രാങ്ക്നോറിസുമായിരുന്നു അവരിൽ പ്രമാണികൾ. ലണ്ടനെയും അതിലുൾപ്പെടുത്തിയതു് ഉചിതമാണു്. നാച്ചുറലിസ്റ്റിക്‌നോവലുകൾതന്നെ വിഷയം അസാധാരണമെങ്കിൽ റൊമാൻസും സാധാരണമെങ്കിൽ റീയലിസ്റ്റിക്കും ആവും. ക്രെയിനിൻെറ 'മാഗി'(Maggie) നാച്ചുറലിസ്റ്റിക്‌റീയലിസമാവാം. ലണ്ടന്റെ 'കടൽച്ചെന്നായ' (The Sea Wolf) തീർച്ചയായും നാച്ചുറലിസ്റ്റിക്‌റൊമാൻസും.

വകുപ്പുവിഭജനമല്ല പ്രധാനം. ജാക്ക്ലണ്ടൻെറ കൃതികളെക്കുറിച്ചു് എടുത്തുപറയേണ്ട വസ്തുത മറെറാന്നാണു്—കഥ പറയുവാൻ അദ്ദേഹത്തിനുള്ള പാടവം. അതു് അദ്ദേഹത്തിനു് ജന്മനാ സിദ്ധിച്ചതാണു്. 'സ്ലാക്കി'ൽ യാത്രചെയ്തു് അദ്ദേഹം സന്ദർശിച്ച ഇൻഡ്യാസമുദ്രത്തിലെ ഒരു ദ്വീപിലായിരുന്നു അദ്ദേഹത്തിൻെറ ജനനമെങ്കിൽ ഒരൊന്നാന്തരം നെയ്ത്തുകാരനാകുമായിരുന്നു. 'ആദാമിനും മുമ്പാ'യിരുന്നു ജനിച്ചതെങ്കിൽ സാഹസികത്വം തുളുമ്പുന്ന കഥകൾ പറഞ്ഞു് രോമാഞ്ചിതരായ മനുഷ്യരെ

അത്ഭുതസ്തബ്ധരാക്കിയേനെ. മാർട്ടിൻ ഈഡനെപ്പോലെ അദ്ദേഹവും 'കഥാഖ്യാനത്തിലും പ്രകാശനത്തിലും രീതിയിലും വീക്ഷണങ്ങളിലും താരതമ്യപഠനങ്ങളിലും ലഘുകവനങ്ങളിലുമെല്ലാംതന്നെ സൂത്രപ്പണികൾ ചെയ്തു'വെന്നതു ശരിതന്നെ. അതു് കഥാകൃത്തിന്റെ ജോലിയിലൊരംശമാണു്. പക്ഷേ, പിടിച്ചുനിർത്തുന്നമാതിരിയുള്ള വിവരണങ്ങളും സുസ്പഷ്ടവും എന്നാൽ അധൃഷ്ടവുമായ വർണ്ണനകളും സംഭവപരമ്പരകളും ചേർത്തു കൊരുത്തു് ശില്പമൊരുക്കുവാനുള്ള കഴിവും ഇല്ലായിരുന്നെങ്കിൽ എല്ലാം നിഷ്ഫലമായേനെ. ആ കഴിവാണു് ലണ്ടന്റെ കൃതികൾക്കു് ശക്തിയും ചൈതന്യവും പ്രദാനംചെയ്യുന്നതു്.

അദ്ദേഹത്തിന്റെ കൃതികൾ അതുല്യങ്ങളാണു്. ആരുമതു നിഷേധിക്കുമെന്നു തോന്നുന്നില്ല. ഋണബാദ്ധ്യതകളാണു് എഴുതുവാൻ പ്രേരിപ്പിച്ചതെന്നാണു് അദ്ദേഹത്തിന്റെ കത്തുകൾ തെളിയിക്കുന്നതു്. താൻ 'ചവറു'' എഴുതിക്കൂട്ടുകയാണെന്നു് അദ്ദേഹം അടുത്ത സ്നേഹിതരോടു് ആവർത്തിച്ചുപറഞ്ഞിട്ടുണ്ടു്. 'വലിയ വീട്ടിലെ ചെറിയ സ്ത്രീ' (The Little Lady of the Big House) 'എൽസിനോറിലെ ലഹള' (The Mutiny of the Elsinore) 'ചന്ദ്രന്റെതാഴ്‌വര' (The Valley of the Moon) എന്നീ കൃതികൾ വളരെ വിഷമിച്ചെഴുതിയവയാണെന്നു തോന്നാം. പക്ഷേ, അത്ഭുതമതല്ല. വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും ലണ്ടന്റെ കൃതികളിലധികവും ഉൽകൃഷ്ടമാണു്; കുറേയൊക്കെ ശാശ്വതമൂല്യമുള്ളവയും.

ജന്മസിദ്ധമായ വാസനയുള്ള എഴുത്തുകാർ പലപ്പോഴും അവരെയും അവരുടെ അനുഭവങ്ങളെയുംതന്നെ വിഷയമാക്കാറുണ്ടു്. ആത്മശ്ലാഘിയായിരുന്ന ലണ്ടൻ തന്റെ പല പുസ്തകങ്ങളിലും ആത്മകഥാംശം കൂട്ടിച്ചേർത്തു. 'മാർട്ടിൻ ഈഡൻ' ഒരെഴുത്തുകാരനെന്ന നിലയിൽ ജാക്ക്‌ലണ്ടന്റെ കല്പിതമായ ആത്മകഥയാണു്. 'പഥം' (The Road) എന്നതു് അലഞ്ഞുതിരിഞ്ഞപ്പോഴുണ്ടായ അനുഭവങ്ങൾ നിറഞ്ഞതാണു്. 'ജോൺബാർലിക്കോൺ' (John Barleycorn) മദ്യവുമായുള്ള അടുപ്പത്തിന്റെ പശ്ചാത്തലത്തിലുള്ള കഥയും. അവസാനത്തേതു് മിതമായപാനത്തിനുവേണ്ടി വാദിക്കുന്ന ഒരു നല്ല ലഘുഗ്രന്ഥമാണു്. ലഹരിപിടിപ്പിക്കുന്ന മദ്യങ്ങളുടെ നിർമ്മിതിയും വില്പനയുമെല്ലാം പൂർണ്ണ

മായി നിരോധിക്കണമെന്നു് അദ്ദേഹം വാദിക്കുന്നുണ്ടു്. ലോകം ചുററണമെന്ന ഉദ്ദേശത്തോടെതിരിച്ച യാത്രയുടെ രസകരമായ വിവരങ്ങളാണു് 'സ്നാക്കിലെ സമുദ്രപര്യടന'ത്തിൽ. (The Cruise of the Snark). 'ഡാസ്സിലറിലെ സമുദ്രപര്യടനം' (The Cruise of the Dazzler), 'ഫിഷ്–പട്രോൾകഥകൾ (Tales of the Fish Patrol) തുടങ്ങിയ ബാലസാഹിത്യകൃതികൾ സാൻഫ്രാൻസിസ്കോ ഉൾക്കടലിൽ ഗ്രന്ഥകാരനുണ്ടായ അനുഭവങ്ങൾ വിവരിക്കുന്നു. 'ചന്ദ്രന്റെ താഴ്‌വര' പ്രധാനമായും തോട്ടമുണ്ടാക്കിയതുമായി ബന്ധപ്പെട്ട കഥയാണു്. പല ഉപന്യാസങ്ങളും തികച്ചും വ്യക്തിഗതമായ അനുഭവങ്ങൾ നിറഞ്ഞതാണു്. 'ചെറിയ നൗകയിലെ യാത്ര', 'നാലു കുതിരകളും ഒരു നാവികനും മനുഷ്യപ്രവാഹത്തിൽ' (Small Boat Sailing and Four Horses and a Sailor in the Human Drift), എന്നിവയും ലണ്ടൻതെരുവുകളെക്കുറിച്ചെഴുതിയ 'ഗർത്തത്തിലെ ജനങ്ങൾ' എന്നതും മറ്റുദാഹരണങ്ങളാണു്. ഇവ കൂടാതെ മറ്റെഴുത്തുകാരെപ്പോലെതന്നെ സ്വാനുഭവങ്ങൾ ജാക്ക് സ്വന്തംകൃതികളിൽ ധാരാളം ഉപയോഗിക്കുന്നുണ്ടു്.

ജാക്കിന്റെ അഹന്ത(Egoism) യെക്കുറിച്ചും അല്പം ചിലതു പറയേണ്ടതുണ്ടു്. 'സ്നാക്കിലെ സമുദ്രപര്യടനം' എന്ന കൃതിയിലദ്ദേഹം പറയുന്നു: "പരമമായ വാക്കു് 'ഞാനിഷ്ടപ്പെടുന്നു' എന്നതാണു്." സുഹൃത്തുക്കൾക്കു് എന്നും സുഹൃത്തുക്കളായിക്കഴിയണമെങ്കിൽ ആ അഹന്ത കുറേയൊക്കെ സമ്മതിച്ചുകൊടുക്കേണ്ടിയിരുന്നു. പലക്കും അതു രുചിച്ചില്ല. അങ്ങനെ ശത്രുക്കൾ വദ്ധിച്ചു. ജപ്പാൻകാരനായ വേലക്കാരൻ മാൻയൗൻഗിക്കു് അദ്ദേഹത്തോടു് കലശലായ വെറുപ്പുണ്ടായിരുന്നു. ഒരു ദിവസം ലണ്ടൻ കുറേ അതിഥികളെ സൽക്കരിക്കുകയായിരുന്നു. അവരെ അമ്പരപ്പിക്കുമാറു് വേലക്കാരൻ ഒരു ട്രേയിൽ കുറേമദ്യം യജമാനനു കൊടുത്തുകൊണ്ടു് ഒരു ചോദ്യമെറിഞ്ഞു: "ദൈവത്തിനല്പം ബീയറു വേണോ?" ജാക്കിന്റെ ജീവചരിത്രമെഴുതിയ ഭാര്യ ജാക്കിന്റെ അഹന്തയെക്കുറിച്ചു് എടുത്തുപറയുന്നുണ്ടു്.

ഇങ്ങനെ മിക്ക നോവലുകളിലും നായകൻ യഥാർത്ഥത്തിൽ ജാക്ക്തന്നെ. ജാക്ക് വളരെയധികം ആഗ്രഹിച്ച അനുഭവങ്ങൾതന്നെയാണു് മററു പലരുടേതുമായി ചിത്രീകരിച്ചതു്.

എങ്കിലും അതൊന്നുംതന്നെ ചില വിശേഷാത്തരമായ കഥാപാത്രങ്ങളെ വാത്തെടുക്കുന്നതിൽ ജാക്കിനൊരു തടസ്സമായില്ല: കാരണമുണ്ട്. 'ഡേവിഡ് കോപ്പർഫീൽഡി'ൽ ഡിക്കൻസ് തന്നെത്തന്നെയല്ലേ ചിത്രീകരിച്ചതു്? 'ടോം സായർ' യഥാത്ഥത്തിൽ മാക്ക്ടെപയിൻതന്നെയല്ലേ? പക്ഷേ, ഒന്നുണ്ട്. ബക്ക് എന്ന നായയെ മാററിനിത്തിയാൽ വിശ്വസനീയമായ ഒരു കഥാപാത്രത്തെയും ജാക്ക് അവതരിപ്പിച്ചിട്ടില്ല. മാർട്ടിൻ ഈഡൻ അഹംബോധത്തിൻെറ മൂത്തീകരണമാണ്, വുൾഫ്ലാഴ്സൺ പൈശാചികത്വം തികഞ്ഞ കഥാപാത്രമാണ്. ഇരുവരും യാഥാത്ഥ്യത്തിൽനിന്നകന്നുനില്ക്കുന്നു. അതിമാനുഷർ വിശ്വാസ്യതയുള്ള കഥാപാത്രങ്ങളാവുകയില്ല. സ്ത്രീകഥാപാത്രനിമ്മിതിയിൽ നമ്മുടെ ഗ്രന്ഥകാരൻ കുറേക്കൂടി പരാജയപ്പെടുന്നു. അല്പം തലയുയത്തിനിൽക്കുന്നതു് പോളാ ഫോറസ്റ്റ് ആണ്. വലിയ വീട്ടിലെ ചെറിയ സ്ത്രീ. പക്ഷേ, അവളും പല നായകന്മാരേയും പോലെ യാഥാത്ഥ്യത്തിൽനിന്നു് അകന്നുനിൽക്കുന്നു.

പശ്ചാത്തലസൃഷ്ടിയിൽ ലണ്ടൻ എപ്പോഴും വിജയിക്കാറുണ്ട്; ചിലപ്പോൾ വിശേഷാത്തരമാവാറുണ്ട്. അയത്നമായ അധ്വഷ്ടത അക്കാര്യത്തിൽ കൂടുതൽ ഫലപ്രദമാവാറുണ്ട്. ഈ രീതിയിൽ ഒരു മാസ്റ്റർപ്പീസാണ് 'തീയുണ്ടാക്കാൻ' **(To Build a Fire)** എന്ന കഥ. അതു് ഏററവുംനല്ല അമേരിക്കൻ ചെറുകഥകളിലൊന്നുമാണ്. മൂന്നു കഥാപാത്രങ്ങളാണുള്ളതു്: ഒരു മനുഷ്യൻ, അയാളുടെ നായ, ഉത്തരദേശം. ഇവരിൽ കൂടുതൽ ഉൽകൃഷ്ടത ഉത്തരദേശത്തിനാണ്. കാലാവസ്ഥ, ഭൂവിഭാഗം, മനുഷ്യഭാവങ്ങൾ ഇവയെല്ലാം തികച്ചും ഫലപ്രദമായി ജാക്ക് ചിത്രീകരിക്കുന്നു. ചിലപ്പോൾ ഉജ്ജ്വലമായും.

ലണ്ടൻെറ കൃതികളിലെ ഇതിവൃത്തങ്ങളെക്കുറിച്ചും കഥകളെക്കുറിച്ചുമെല്ലാം ആവശ്യമുള്ളിടത്തോളം പറഞ്ഞുകഴിഞ്ഞു. തത്വശാസ്ത്രത്തോടുള്ള പ്രേമം ധാരാളം ഇതിവൃത്തങ്ങൾ അദ്ദേഹത്തിനു സംഭാവനചെയ്തു. ഒരേ ഇതിവൃത്തംതന്നെ മറിച്ചും തിരിച്ചും ഉപയോഗിക്കുന്നതിലും അദ്ദേഹം വിമുഖനായിരുന്നില്ല. ധാരാളം അനുഭവങ്ങളുമുണ്ടായിരുന്നതുകൊണ്ടു് വിഷയദാരിദ്ര്യം ഇല്ലായിരുന്നു. ആ ഇതിവൃത്തങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാൻ കഴിഞ്ഞതു് നാടകീയതയെക്കുറിച്ചു് ജാക്കിനു ബോധ

മുണ്ടായിരുന്നതുകൊണ്ടു്. ഒരു കഥാകൃത്തെന്ന നിലയിൽ അതായിരുന്നു ജാക്കിൻെറ പ്രധാന മൂലധനം.

ഈ കഥ ('കാടിൻെറ വിളി') എഴുതിയതിനെക്കുറിച്ചും പ്രസിദ്ധീകരിച്ചതിനെക്കുറിച്ചുംകൂടി പറയേണ്ടതുണ്ടു്. 1903 മാർച്ച് 13-ാംതീയതി ലണ്ടൻ 'കാടിൻെറ വിളി'യെക്കുറിച്ച് സ്നേഹിതയായ അന്നാ സ്ട്രൺസ്കിക്കു് ഇങ്ങനെ എഴുതി: "പട്ടിയെക്കുറിച്ചെഴുതിയ മറ്റൊരുകഥയായ 'ബാററാർഡിനു (Batard) സമാനമായി ഒന്നുകൂടി വേണമെന്ന നിലയ്ക്കാണു് ഞാനിതു് എഴുതിത്തുടങ്ങിയതു്.' ബാറ്റാർഡി'ന്റെ കഥ ഓർക്കുന്നുണ്ടാവാം, പക്ഷേ, ഈ കൃതി എന്റെ പിടിവിട്ടുപോയി. നാലായിരത്തിനു പകരം മുപ്പത്തീരായിരം വാക്കുകളെഴുതിയപ്പോഴേ തീർന്നുള്ളു." 'ബാറ്റാർഡ്,' 'ഡയബിൾ—ഒരു പട്ടി' എന്ന ശീർഷകത്തിലാണു് ആദ്യം പ്രസിദ്ധീകരിച്ചതു്. 'ഡയബിൾ' എന്നു പേരുള്ള കൊള്ളരുതാത്ത പട്ടിയും അതുപോലെ പൈശാചികതപംതികഞ്ഞ ഒരു മനുഷ്യനും തമ്മിലുള്ള പകയാണു് പ്രതിപാദ്യവിഷയം. ആ പക ഇരുവരുടേയും മരണത്തിലവസാനിക്കുന്നു. അങ്ങനെയൊരു കൊള്ളരുതാത്ത പട്ടിയെ ചിത്രീകരിച്ചതിനു് ഒരു പ്രതിവിധിയെന്നോണമാണു് ബക്കിനു് രൂപംകൊടുത്തതു്. കാലിഫോർണിയായിലെ സാന്റാക്ലാറാതാഴ്വരയിൽ ജഡ്ജി ബോണ്ടിൻെറ നായയായിരുന്നു യഥാർത്ഥ ബക്ക്. ജഡ്ജിയുടെ പുത്രനായ ലൂയി ഡബ്ളിയു. ബോണ്ടു് ആ പട്ടിയെ യൂക്കണ്ണിലേയ്ക്കു കൊണ്ടുവന്നു. ഡോസണിൽവച്ചാണു് ലണ്ടൻ ആ പട്ടിയുമായി പരിചയപ്പെട്ടതു്. ബോണ്ടിൻെറ ആ നല്ല നായ ജാക്കിനെ ആകർഷിച്ചു. അഞ്ചുകൊല്ലത്തിനുശേഷം അവൻ 'കാടിൻെറ വിളി'യിലെ നായകനുമായി. ബാററാർഡിനും ബക്കിനും പുറമേ ജാക്ക് "ബ്രൗൺവുൾഫ്" എന്ന പേരിൽ ഉത്തരദേശത്തെ മററൊരു നായയെ ചിത്രീകരിച്ചിട്ടുണ്ടു്. 'ജീവിതത്തോടുള്ള പ്രേമം' (Love of Life) എന്ന സമാഹാരത്തിലെ കഥയാണതു്. കൂടാതെ, മററു രണ്ടു നായകന്മാർ ജെറിയും ജെറിയുടെ സഹോദരനായ മൈക്കിളുമാണു്. ഇരുവരും ദക്ഷിണസമുദ്രത്തിലെ നായകളും. (നോവലുകൾക്കു് ആ പേരുകൾതന്നെയാണു് കൊടുത്തിട്ടുള്ളതു്.) എഗർട്ടൺ ആർ. യെങിൻെറ 'എൻെറ ഉത്തരദേശനായകൾ' (My Dogs of the Northland) എന്ന കൃതിയോടു് ജാക്ക് വളരെയേറെ

കടപ്പെട്ടിട്ടുണ്ട്. ആ പുസ്തകം 'കാടിൻെറ വിളി'യുമായി താരതമ്യപ്പെടുത്തിയാൽ ഈ കടപ്പാടുകൾ വ്യക്തമായി കാണാം.

ജാക്ക് ലണ്ടൻ മരിച്ചിട്ട് മുപ്പത്തിമൂന്നുകൊല്ലത്തോളം കഴിഞ്ഞു. അദ്ദേഹം രചിച്ച അമ്പതോളം കൃതികളിൽ കൂടുതലും വിസ്മൃതകോടിയിൽപ്പെട്ടുകഴിഞ്ഞു. കാലമാണ് ഏററവും നല്ല നിരൂപകൻ. കാലം നിദ്രപോലും വെടിഞ്ഞ് തൂക്കുകയും വേർതിരിക്കുകയും ചെയ്യുന്ന ജോലിയിലേർപ്പെടുന്നു. മനസ്സാക്ഷിക്കുത്തൊന്നുമില്ലാതെതന്നെ ദയകാണിക്കാതിരിക്കാനും കീർത്തി തകർത്തുകളയുവാനും കാലത്തിനു കഴിയും. ഏതായാലും ലണ്ടൻെറ ചില കൃതികൾ—'കാടിൻെറ വിളി,' 'കടൽച്ചെന്നായ,' 'മാർട്ടിൻ ഈഡൻ,' 'പത്തിരുപതു ചെറുകഥകൾ' എന്നിവയും, 'ഗർത്തത്തിലെ കുട്ടികൾ' എന്ന ഉജ്ജ്വലമായ ഗ്രന്ഥവും—എളുപ്പമൊന്നും വിസ്മൃതമാവുകയില്ല. പത്തിരുപതുകൊല്ലത്തിനുള്ളിൽ അരഡസനോളം ഒന്നാന്തരം കൃതികൾ രചിക്കുകയെന്നതിൽ ഏതെഴുത്തുകാരനും അഭിമാനിക്കാൻ വകയുണ്ട്. മുമ്പുപറഞ്ഞ പുസ്തകങ്ങളെല്ലാംതന്നെ ലണ്ടൻെറ സാഹിത്യജീവിതത്തിൻെറ പൂർവ്വാർദ്ധത്തിലെഴുതപ്പെട്ടവയാണ്—ആദ്യത്തെ പത്തുകൊല്ലത്തിനുള്ളിൽ. ആ കൃതികൾക്കുള്ള ശക്തിയും പൗഷ്കല്യവും 'സ്നാക്കി'ലെ യാത്രയ്ക്കുശേഷം ജാക്ക് എഴുതിയ കൃതികളിൽ കാണുന്നില്ല. നോവലെഴുത്തുകാർ രണ്ടുതരത്തിലുണ്ട്. സുഭഗവും ഊർജ്ജസ്വലവുമെന്നോ, സൂക്ഷ്മവും പുഷ്കലവുമെന്നോ അല്ലെങ്കിൽ ക്ലാസ്സിക്കലും റൊമാൻറിക്കുമെന്നോ നമുക്കവരെ തരംതിരിക്കാം. ഇതിൽ ആദ്യംപറഞ്ഞ വിഭാഗത്തിൻെറ ബഹുവിധമായ മൂല്യങ്ങൾ മനസ്സിലാക്കുവാൻ ശിക്ഷണംകൊണ്ടും സ്വഭാവംകൊണ്ടും ലണ്ടൻ അപ്രാപ്തനായിരുന്നു. നാം ലണ്ടനെ വിലയിരുത്തുന്നത് ക്ലാസ്സിക്കൽനിയമങ്ങൾകൊണ്ടാകരുത്. ജാക്ക് ലണ്ടൻ ആധുനിക അമേരിക്കൻ സാഹിത്യത്തിൽ ഒരു സുപ്രധാനസ്ഥാനം കരസ്ഥമാക്കിയതു് ചിന്തയുടേയും കഥയുടേയും റൊമാൻറിക്കും അനിയന്ത്രിതവുമായ പ്രവാഹംകൊണ്ടും സ്വതസ്സിദ്ധമായ ശക്തികൊണ്ടും നെഞ്ചുണ്ടാക്കുന്നതിലുള്ള ജന്മസിദ്ധമായ കഴിവുകൊണ്ടുമാണ്.

**ഫ്രാങ്ക് ലൂതർ മോട്ട്**

1

# പ്രാകൃതത്വത്തിലേക്ക്

പ്രാക്തനതരം ചപലമാശകൾ കുതിച്ച-
ങ്ങാചരണശൃംഖല തകക്കവതിനൊപ്പം
ശീതസുഖമേറുമൊരു നിദ്രയതിൽനിന്നും
വന്യമൃഗവാസനകളൊക്കെയുമുണർത്തും

★

ബക്ക് വർത്തമാനപ്പത്രങ്ങൾ വായിക്കാറുണ്ടായിരുന്നില്ല. അല്ലെങ്കിൽ, തനിക്കുമാത്രമല്ല ദൃഢമായ മാംസപേശികളും ചൂട്ടും നീളവുമുള്ള രോമപാളികളുമുള്ള എല്ലാ കടലോരനായകൾക്കും—പ്യൂജററ്സൗണ്ട്മുതൽ സാൻഡീഗോവരെ—ചില വിഷമതകൾ അത്യാസന്നമാണെന്ന് അവൻ അറിയുമായിരുന്നു. ഇരുണ്ട ആർട്ടിക്മേഖലയിൽ ചിലർ ഒരിനം മഞ്ഞലോഹം കണ്ടുപിടിക്കുകയും ആ വസ്തുത കപ്പൽക്കമ്പനികൾ കൊട്ടിഘോഷിക്കുകയും ചെയ്തുതുടങ്ങിയതോടുകൂടി ആയിരക്കണക്കിന് ആളുകൾ ഉത്തരദേശത്തേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നു. ഇവക്ക് കായബലമുള്ളതും മഞ്ഞിൽനിന്നും രക്ഷനേടുവാൻ രോമക്കുപ്പായമുള്ളതുമായ നായകളെയായിരുന്നു ആവശ്യം.

സൂര്യൻ ചുംബിക്കുന്ന സാൻറാക്ലാറാ താഴ്വരയിലെ ഒരു കൂറ്റൻകെട്ടിടമായിരുന്നു ബക്കിൻെറ ആവാസസ്ഥാനം. ജഡ്ജി മില്ലറുടെ സ്ഥലമെന്നാണ് അവിടം അറിയപ്പെട്ടിരുന്നത്. നിരത്തിൽനിന്നും അല്പം അകന്ന് വൃക്ഷങ്ങളാൽ മറയ്ക്കപ്പെട്ടിരുന്ന ആ ഗൃഹത്തിൻെറ നാലുചുററുമുള്ള വിശാലവും തണുപ്പുകലന്ന

തുമായ വരാന്ത ഇലപ്പടർപ്പുകൾക്കിടയിലൂടെ കാണാമായിരുന്നു. അന്യോന്യം പിണഞ്ഞുകിടക്കുന്ന ശാഖകളുള്ള പോപ്ലാർമരങ്ങളുടെ താഴെയായി, വിശാലമായ പുൽത്തകിടികളെ ചുറ്റിയുള്ള കല്ലുപാകിയ വാഹനമാർഗ്ഗം വീട്ടിനുമുമ്പുവരെ ചെന്നെത്തിയിരുന്നു. പിൻഭാഗത്തെ കഥ കുറേക്കൂടി ഉയർന്ന തോതിലാണ്. ഒരു ഡസനോളം കുതിരക്കാരും മററു കുട്ടികളും കഴിഞ്ഞുകൂടിയിരുന്ന വലിയ കുതിരലായങ്ങൾ, വേലക്കാർക്കായി വരിവരിയായി നിർമ്മിച്ചിട്ടുള്ള ഓലമേഞ്ഞ പുരകൾ, എണ്ണമററ വെളിഗൃഹങ്ങൾ, പൂന്തോട്ടങ്ങൾ, ബെറിപ്പഴത്തോട്ടങ്ങൾ എന്നിവയെല്ലാം പിൻഭാഗത്താണ്. കൂട്ടത്തിൽ കുഴൽക്കിണററിനുവേണ്ടിയുള്ള പമ്പിംഗ് ഉപകരണങ്ങളും സിമൻറിട്ട വലിയ നീന്തൽക്കുളവും. ആ കുളത്തിലാണ് ജഡ്ജി മില്ലറുടെ മക്കൾ രാവിലെയും വൈകുന്നേരവും സുഖകരമായ സ്നാനം നിർവ്വഹിച്ചിരുന്നത്.

ഈ വിശാലമായ പ്രദേശത്തിനു മുഴുവൻ അധിപതിയായിരുന്നു ബക്ക്. ജനനവും നാലുകൊല്ലത്തെ ജീവിതവും അവിടെത്തന്നെ. മററു നായ്ക്കളുണ്ടായിരുന്നു, ശരിതന്നെ. പക്ഷേ, ഇത്ര വിശാലമായ സ്ഥലത്ത് മററു നായ്ക്കളുണ്ടാവുക സ്വാഭാവികം മാത്രമാണ്. അവയെക്കുറിച്ചൊന്നും എടുത്തു പറയേണ്ടതില്ല. അവ വരികയും പോവുകയും ചെയ്തിരുന്നു. വലിപ്പമുള്ള നായക്കൂട്ടുകളിലോ വീട്ടിനുള്ളിലെ ഇരുളടഞ്ഞ മൂലകളിലോ കഴിഞ്ഞുകൂടിയിരുന്നു. ജാപ്പനീസ് നായയായ റൂട്ട്സും, രോമമില്ലാത്ത മെക്സിക്കൻ നായ ഇസബേലും രണ്ടാമതു പറഞ്ഞ തരക്കാരാണ്. വിചിത്രജീവികളായ അവർ വെളിയിലേയ്ക്ക് എത്തിനോക്കാറുപോലുമില്ല. അതിനു വിപരീതമായി, ഏതാണ്ട് ഇരുപതോളം വേട്ടനായ്ക്കൾ ജനാലയിലൂടെ സദാ റൂട്ട്സിന്റേയും ഇസബേലിന്റേയും നേക്ക് ഓലിയിടാറുണ്ടായിരുന്നു. അവയെ കാത്തു സൂക്ഷിക്കുവാൻ ചൂലുകൾ തുടങ്ങിയ ആയുധങ്ങളോട്ടുകൂടിയ ധാരാളം ദാസിമാരുമുണ്ടായിരുന്നു.

പക്ഷേ, ബക്ക് പ്രത്യേകിച്ച് രണ്ടിനത്തിലും പെട്ടിരുന്നില്ല. ആ പ്രദേശം മുഴുവൻ അവന്േറതായിരുന്നു. കുളത്തിൽ ചാടി നീന്തിത്തുടിച്ചും, ജഡ്ജിയുടെ പുത്രന്മാരോടൊത്തു് നായാട്ടിനു തിരിച്ചും അവൻ ഉല്ലസിച്ചു. നിലാവുള്ള രാത്രികളിലും, പ്രഭാതവേളകളിലും ജഡ്ജിയുടെ പുത്രിമാരായ മോളി, ആലീസ്



എന്നിവരുടെ സവാരികളിൽ അവരെ അനുധാവനംചെയ്യും. ശൈത്യംനിറഞ്ഞ രാത്രികളിൽ ജഡ്ജിയുടെ കാല്ക്കൽ എരിഞ്ഞു കൊണ്ടിരിക്കുന്ന നെരിപ്പോടിനരികെ ചുരുണ്ടുകൂടും. മില്ലറുടെ പൗത്രന്മാരെ പുറത്തേററി നടക്കുകയും കെട്ടിമറിയുകയും അവരോടൊത്ത് കുതിരലായത്തിനട്ടത്തുള്ള ഫൗണ്ടൻവരെയും അതിനപ്പുറത്തുംപോയി സാഹസപ്രവൃത്തികളിൽ പങ്കുചേരുകയും ചെയ്യുക അവനിഷ്ടപ്പെട്ട വിനോദമായിരുന്നു. വേട്ടനായ്ക്കളുടെ മദ്ധ്യേ തലയുയർത്തിപ്പിടിച്ച് അഹങ്കാരത്തോടെയാണ് അവൻ നടന്നിരുന്നത്. റൂട്ട്സിനേയും ഇസബേലിനേയും പാടേ അവഗണിച്ചു. എന്തെന്നാൽ, അവൻ അവിടത്തെ രാജാവായിരുന്നു. ജഡ്ജി മില്ലറുടെ സ്ഥലത്ത് ഇഴയുകയും, പതുങ്ങുകയും പറക്കുകയും ചെയ്തിരുന്ന എല്ലാററിന്റേയും രാജാവായിരുന്നു, അവൻ. മനുഷ്യരുൾപ്പെടെ എല്ലാററിന്റേയും.

അവന്റെ പിതാവ്—വലിപ്പമുള്ള ഒരു സെയിൻറ് ബർണാഡ്—ജഡ്ജി മില്ലറുടെ പിരിയാത്ത കൂട്ടുകാരനായിരുന്നതാണ്. ഇപ്പോൾ അവനും, അവന്റെ പിതാവിന്റെ കാലടിപ്പാടുകൾ പിന്തുടരുന്നു. അവന് അത്ര വലിപ്പമുണ്ടായിരുന്നില്ല. വെറും നൂററിനാല്പതു പൗണ്ടുമാത്രം. കാരണം, അവന്റെ തള്ളയായ ഷെപ്പ് ഒരു സ്കോച്ച് ഷെപ്പേർഡ് നായയായിരുന്നുവെന്നതാണ്. ഏതായാലും ആ നൂററിനാല്പതു പൗണ്ടിനോടൊത്ത് സുഖജീവിതത്തിൽനിന്നും, സർവ്വജനസമ്മതിയിൽനിന്നും ഉണ്ടാകുന്ന മാഹാത്മ്യംകൂടിയായപ്പോൾ തികച്ചും രാജകീയമായ വിധത്തിൽ മുന്നോട്ടുനീങ്ങുവാൻ അവനു സാധിച്ചു. ബാല്യത്തിനുശേഷമുള്ള നാലുവർഷം ഒരു അഭിജാതനെപ്പോലെയാണ് അവൻ ജീവിച്ചത്. അവന് സ്വയം ഒരഭിമാനബോധമുണ്ടായിരുന്നു. മാത്രമല്ല, ഒററയ്ക്ക് കഴിഞ്ഞുകൂടുന്ന ചില നാടോടിമാന്യന്മാരെപ്പോലെ അല്പം അഹന്തപോലും അവനു തോന്നിയിരുന്നു. പക്ഷേ, കുത്തിത്തീററുന്ന ആഹാരവുംഭുജിച്ചു കഴിയുന്ന വെറുമൊരു വീട്ടുനായ എന്ന നില കൈവരാതിരിക്കുവാൻ അവൻ സ്വയം സൂക്ഷിച്ചു. നായാട്ടുംമറ്റും അവന്റെ ശരീരത്തിലെ കൊഴുപ്പു കുറയ്ക്കുകയും മാംസപേശികളെ ദൃഢതരമാക്കുകയും ചെയ്തു. അവന് ജലം ഒരു ആരോഗ്യപരിരക്ഷകനും ഉത്സാഹപ്രദായിയും കൂടിയായിരുന്നു.

1897–ന്റെ അന്ത്യത്തിൽ ക്ലോൺഡൈക്ക് സംഭവം ലോകത്തെങ്ങുമുള്ള ആളുകളെ ഉത്തരദേശത്തേയ്ക്കു് ആകർഷിച്ചപ്പോൾ ബക്കിന്റെ സ്ഥിതി ഇങ്ങനെയൊക്കെയായിരുന്നു. പക്ഷേ, ബക്ക് വർത്തമാനപ്പത്രങ്ങൾ വായിക്കാറുണ്ടായിരുന്നില്ല. തോട്ടക്കാരന്റെ സഹായികളിലൊരുവനായ മനുവേലുമായുള്ള കൂട്ടുകെട്ട് അനഭിലഷണീയമാണെന്നു് മനസ്സിലാക്കിയതുമില്ല. മനുവേലിനു് ഒരു പ്രധാന ദോഷമുണ്ടായിരുന്നു, ചൈനീസ് ചൂതുകളിയോടുള്ള പ്രേമം. മാത്രമല്ല, കളിയിൽ മനുവേലിനു് ഒരു പ്രധാന ക്ഷീണവശവുമുണ്ടായിരുന്നു—ഒരു പ്രത്യേക പദ്ധതിയിലുള്ള ഉറച്ച വിശ്വാസം. ഈ വിശ്വാസം അയാളുടെ നാശത്തിനു് കൂടുതൽ സൗകര്യം കൊടുത്തു. പ്രത്യേക പദ്ധതി അനുസരിച്ചു് കളിക്കാൻ ധാരാളം പണം വേണ്ടിയിരുന്നു. തോട്ടക്കാരന്റെ സഹായിയെന്നനിലയിൽ കിട്ടുന്ന ശമ്പളം ഭാര്യയേയും, എണ്ണമററ മക്കളേയും പോററുന്നതിനുതന്നെ തികഞ്ഞിരുന്നതുമില്ല.

മനുവേലിന്റെ വഞ്ചനനടന്ന അവിസ്മരണീയമായ ആ രാത്രിയിൽ ജഡ്ജി മുന്തിരിക്കൃഷിക്കാരുടെ ഒരു സമ്മേളനത്തിൽ സംബന്ധിക്കുന്നതിനു പോയിരിക്കുകയായിരുന്നു. കുട്ടികളെല്ലാം ഒരു കായികവിനോദക്ലബ്ബു് രൂപീകരിക്കുന്നതിലേർപ്പെട്ടിരുന്നു. തോട്ടത്തിലൂടെ മനുവേലിനോടൊപ്പം അവൻ കടന്നുപോകുന്നതു് ആരും സൂക്ഷിച്ചില്ല. വെറുമൊരു നടത്തമായിരിക്കുമെന്നാണവൻ കരുതിയതു്. കോളേജ്പാർക്ക് എന്നു പേരുള്ള ഫ്ളാഗ്സ്റ്റേഷനിൽ അവരെത്തിച്ചേർന്നതു് ഒരാൾ മാത്രമേ കണ്ടുള്ളു. അയാൾ മനുവേലിനോടു് സംസാരിക്കുകയും അവർ തമ്മിൽ പണം കൈമാറുകയും ചെയ്തു.

"സാധനം അയയ്ക്കുന്നതിനുമുൻപു് നന്നായൊന്നു കെട്ടിമുറുക്കു്...," കർക്കശമായ സ്വരത്തിൽ ആ അപരിചിതൻ പറഞ്ഞു. മനുവേൽ, രണ്ടായിപ്പിരിച്ച ബലമുള്ള കയറു് ബക്കിന്റെ കഴുത്തിൽ കോളറിനല്പം താഴെയായി ബന്ധിച്ചു.

"ഒന്നു പിരിച്ചാൽ മതി. നന്നായി ശ്വാസംമുട്ടിക്കോളും," മനുവേൽ പറഞ്ഞു. അപരിചിതൻ സമ്മതഭാവത്തിൽ മുരുമുരുത്തു.

ബക്ക് നിശ്ശബ്ദമായ തലയുയർത്തലോടെ അതു സ്വീകരിച്ചു. അതു് അനുചിതമാണെന്നതു് ശരിതന്നെ. എന്നാൽ പരിചയ

മുള്ള മനുഷ്യരെ വിശ്വസിക്കുന്നതിനും, സ്വന്തം ബുദ്ധിയിൽ കവിഞ്ഞ ബുദ്ധിശക്തിയുള്ള അവരെ അതർഹിക്കുന്ന വിധത്തിൽ പരിഗണിക്കുന്നതിനും അവൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ, കയറിൻെറ അറ്റം അപരിചിതന്റെ കൈയിലേല്പിച്ചപ്പോൾ ഭീഷണിപ്പെടുത്തുന്നവിധം ഒന്നു മുരണ്ടു. അപ്രീതികാട്ടുക മാത്രമായിരുന്നു. അഭിമാനബോധംകൊണ്ടു്, അറിയിക്കുന്നതുതന്നെ ആജ്ഞാപിക്കുന്നതിനു തുല്യമാണെന്നവൻ വിശ്വസിച്ചു. പക്ഷേ, അവനെ അതിശയിപ്പിക്കുമാറു് ശ്വാസംമുട്ടിക്കത്തക്കവിധത്തിൽ കയറൊന്നു മുറുകി. ഉത്തരക്ഷണത്തിൽ സഹിക്കാനാവാത്ത കോപത്തോടെ അവൻ അയാളുടെനേക്കു കുതിച്ചു. പകുതി ചാടിയപ്പോൾത്തന്നെ പൊത്തിപ്പിടിച്ചുകൊണ്ടു് ചുരുട്ടിയ കരങ്ങളോടെ മലത്തിയെറിഞ്ഞു. കയറു് കരുണയെന്യേ മുറുകിക്കൊണ്ടിരുന്നു. അപ്പോഴും പുറത്തു ചാടിയ നാക്കുകളോടും കിതയ്ക്കുന്ന ഉന്നതമായ നെഞ്ചോടുംകൂടി അവൻ മല്ലിട്ടു. ജീവിതത്തിലിതുവരെ ഇത്ര നിന്ദ്യമായ ഒരനുഭവം അവനുണ്ടായിട്ടില്ല. ഇന്നേവരെ അവനിത്രത്തോളം കോപകലുഷിതനായിട്ടുമില്ല. പക്ഷേ, അവൻെറ ശക്തി ക്ഷയിച്ചുതുടങ്ങി. കണ്ണുകൾ പൂർവ്വാധികം തിളങ്ങി. ട്രെയിൻവന്നതും സാമാനവണ്ടിയിലേയ്ക്കു് അവനെ തൂക്കിയെറിഞ്ഞതും അവൻ അറിഞ്ഞതുപോലുമില്ല.

ബോധം വന്നുതുടങ്ങിയപ്പോൾ തൻെറ നാക്കു് വേദനിക്കുന്നുവെന്നും താൻ ഒരു വാഹനത്തിലാണെന്നുമുള്ള അസ്ഫുടമായ പ്രതീതി അവനുണ്ടായി. ഒരു ക്രോസ്സിംഗ് കടക്കുമ്പോൾ ട്രെയിനിൻെറ രൂക്ഷമായ ചൂളംവിളി താൻ എവിടെയാണെന്നു് അവനെ അറിയിച്ചു. ജഡ്ജിയോടൊത്തു് ധാരാളം യാത്ര ചെയ്തിരുന്നതുകൊണ്ടു് ഇതു് ഒരു പുതിയ അനുഭവമായി അവനു തോന്നിയില്ല. കണ്ണുകൾ മെല്ലെ മെല്ലെ തുറന്നപ്പോൾ, ബന്ധനസ്ഥനാക്കപ്പെട്ട ഒരു രാജാവിൻെറ അതിരില്ലാത്തകോപം അവനിൽ സ്ഫുരിച്ചിരുന്നു. ആ മനുഷ്യൻ പെട്ടെന്നു് ബക്കിൻെറ കഴുത്തിൽ പിടിക്കുവാനായി ചാടി. പക്ഷേ, ബക്ക് അതു് മുൻകൂട്ടി കണ്ടിരുന്നു. അവൻെറ അണപ്പല്ലുകൾ അയാളുടെ കൈയിൽ കോർത്തുപിടിച്ചു. വീണ്ടും ബോധം അവനെ വിട്ടുപിരിയുന്നതുവരെ ആ പിടി വിട്ടുമില്ല.

"അതെ, രോഗബാധയുണ്ടു്," ബഹളംകേട്ടു് ഓടിയെ

ത്തിയ സാമാനവണ്ടിക്കാരനോട്ട്, കൈകൾമറച്ചുവച്ചുകൊണ്ടു് അയാൾ പറഞ്ഞു. "എൻെറ യജമാനനുവേണ്ടി ഫ്രീസ്കോയിലേയ്ക്കു കൊണ്ടുപോവുന്നു. അവിടെ ഒരു മൃഗവൈദ്യൻ ചികിത്സിച്ചു സുഖപ്പെട്ടത്തുംപോൽ."

സാൻഫ്രാൻസിസ്കോ കടൽത്തീരത്തു് ഒരു സല്ലൂണിനു പുറകിലുള്ള ചെറിയപുരയിൽവച്ചു് തൻെറ അന്നത്തെ യാത്രയെപ്പററി വാചാലതയോടെ അയാൾ സംസാരിച്ചു.

"വെറും അമ്പതാണെനിക്കു കിട്ടുക," അയാൾ മുറുമുറുത്തു. "രൊക്കം ആയിരംകിട്ടിയാലും എനിക്കിതുവയ്യ."

അയാളുടെ കൈകൾ രക്തംപുരണ്ട ഒരു കൈലേസിൽ പൊതിഞ്ഞിരുന്നു. വലത്തുഭാഗത്തു് കാൽശരായി മുട്ടുമുതൽ തുടവരെ കീറിയുമിരുന്നു.

"മറേറതിനെന്തുകിട്ടി?" സല്ലൂൺ സൂക്ഷിപ്പുകാരൻ ചോദിച്ചു.

"നൂറു്. ഒരു സൂപോലും കുറഞ്ഞു് എനിക്കുവേണ്ട," അയാൾ ഉത്തരംനല്കി.

"അപ്പോൾ നൂററമ്പതായി," സല്ലൂൺസൂക്ഷിപ്പുകാരൻ തിട്ടപ്പെട്ടത്തി.

"ഉം, അവനാ വിലയില്ലെങ്കി, ഞാൻ തലതിരിഞ്ഞവനാണെന്നു പറഞ്ഞോ."

തട്ടിപ്പുകാരൻ കൈലേസഴിച്ചു് കൈകൾ പരിശോധിച്ചു. "എനിക്കു് ഹൈഡ്രോഫോബിയാ പിടിപെട്ടില്ലെങ്കി—"

"നീ കഴവേറാൻ ജനിച്ചതുകൊണ്ടാവണം," സല്ലൂൺ സൂക്ഷിപ്പുകാരൻ ചിരിച്ചുകൊണ്ടു മുഴമിപ്പിച്ചു. "കൂലിവാങ്ങുന്നതിനുമുൻപു് എന്നെയൊന്നു സഹായിക്കൂ!"

പരിക്ഷീണനായി, തൊണ്ടയിലും നാക്കിലും അസഹനീയമായ വേദനയോടെ, പാതിജീവൻ നഷ്ടപ്പെട്ടവനായ ബക്കു് ഒന്നുകൂടി തന്നെ പീഡിപ്പിക്കുന്നവരെ നേരിടുവാൻ ശ്രമിച്ചു. പക്ഷേ, കഴുത്തിൽ ചുററപ്പെട്ടിരുന്ന ചെമ്പുവളയം ഊരിയെടുക്കുന്നതുവരെ അവർ അവനെ വലിച്ചെറിയുകയും ശ്വാസംമുട്ടിക്കുകയും ചെയ്തു. പിന്നീട്ടു് കയറു് അഴിച്ചെടുത്തശേഷം ഒരു മരപ്പെട്ടിയിലേയ്ക്കു് അവനെ വലിച്ചെറിഞ്ഞു.

ആ കാളരാത്രിയുടെ ശേഷിച്ചനാഴികകൾ മുഴവൻ കഷ്ടപ്പാ

KOZHIKODE

ട്ടുകളും, വ്രണിതമായ അഭിമാനവും ചിന്തിച്ചുകൊണ്ടു് അവൻ കഴിഞ്ഞുകൂടി. അതിന്റെയൊന്നും അർത്ഥം അവനു് മനസ്സിലായില്ല. ഈ അപരിചിതക്കു് അവനെക്കൊണ്ടു് എന്താവശ്യമാണുള്ളതു്? ഇടുങ്ങിയ മരപ്പെട്ടിക്കകത്തു് അവനെ എന്തിനാണു് അടച്ചിട്ടിരിക്കുന്നതു്? അതു് പിടികിട്ടിയില്ലെങ്കിലും, അടുത്തെത്തിക്കഴിഞ്ഞ അപകടത്തെക്കുറിച്ചുള്ള അവ്യക്തമായ ബോധം അവനെ അസ്വസ്ഥനാക്കി. രാത്രിയിൽ പുരയുടെ കതകു് വലിച്ചുതുറക്കുന്ന ശബ്ദംകേട്ടു് ജഡ്ജിയെയോ പുത്രന്മാരെയെങ്കിലുമോ കാണാമെന്നാശിച്ചു് അവൻ പലവട്ടം കുതിച്ചുചാടി. പക്ഷേ, ഓരോ തവണയും, കൊഴുപ്പുകൊണ്ടുനിർമ്മിച്ച മെഴുകുതിരിയുടെ മങ്ങിയവെളിച്ചത്തിൽ അവൻ കണ്ടതു് സലൂൺസൂക്ഷിപ്പുകാരന്റെ വീർത്ത മുഖമാണു്. അപ്പോഴൊക്കെയും അവന്റെ തൊണ്ടയിൽ കാത്തിരുന്ന സന്തോഷംനിറഞ്ഞ കുരകൾ ഭയങ്കരമായ അലർച്ചയുടെ രൂപത്തിലാണു് പുറത്തുവന്നതു്.

പക്ഷേ, സലൂൺസൂക്ഷിപ്പുകാരൻ അവനെ ശ്രദ്ധിച്ചില്ല. രാവിലെ നാലുപേർവന്നു് കൂടു് താങ്ങിയെടുത്തു. പീഡിപ്പിക്കുന്നവർ, കൂടിവരുന്നുവെന്നു് ബക്കു് തീർച്ചയാക്കി. എന്തെന്നാൽ, മുഷിഞ്ഞ വേഷത്തോടെ ആഭാസന്മാരെപ്പോലെയുള്ള അവർ കാഴ്ചയ്ക്കു് നിന്ദ്യന്മാരായിരുന്നു. ബക്കു് ഇരുമ്പുകമ്പികൾക്കിടയിലൂടെ അവരുടെനേർക്കു് അലറിക്കൊണ്ടു് കുതിച്ചുചാടി. അവർ ചിരിച്ചുകൊണ്ടു് കമ്പുകൾനീട്ടുക മാത്രമാണു് ചെയ്തതു്. അവൻ പൂർവ്വാധികം കോപത്തോടെ കമ്പുകൾ കടിച്ചുചവച്ചു. പക്ഷേ, അപ്പോഴാണവനു മനസ്സിലായതു് അവരാവശ്യപ്പെടുന്നതും അതുതന്നെയാണെന്നു്! അതിനുശേഷം അവൻ നിശ്ചേഷ്ടനായിക്കിടന്നു. ആ മരപ്പെട്ടി ഒരു വാഗണിലേയ്ക്കു കൊണ്ടുപോയി. പിന്നീടു് അവനും അവനെ അടച്ചിരുന്ന കൂടും പല കൈമാറിത്തിരിഞ്ഞു. എക്സ്പ്രസ്സ് ഓഫീസിലെ ക്ലാർക്കന്മാർ അവനെ ഏറ്റുവാങ്ങി. അവൻ മറെറാരു വാഗണിൽ യാത്രതുടന്നു. പെട്ടികളും, പാർസലുകളും നിറച്ചിരുന്ന ഒരു ട്രക്കിൽ അവൻ എറിയപ്പെട്ടു. ആവിക്കപ്പലിൽ കടത്തുകടന്നശേഷം അവൻ ഒരു വലിയ റെയിൽവേഡിപ്പോയിലെത്തിക്കപ്പെട്ടു. അവസാനം ഒരു എക്സ്പ്രസ്സ് കാറിൽ അവനെ നിക്ഷേപിച്ചു.

രണ്ടു രാത്രിയും പകലും, നിലവിളിച്ചുകൊണ്ടോടുന്ന ഒരു

റെയിൽവണ്ടിയുടെ പുറകേ കൊളുത്തിയിരുന്ന ആ എക്സ്പ്രസ്സ് കാറിലാണവൻ യാത്രചെയ്തതു്. ആ രണ്ടുരാത്രിയും പകലും അവനു് തിന്നാനും കുടിക്കാനും യാതൊന്നും ലഭിച്ചില്ല. കോപാധികൃത്താൽ എക്സ്പ്രസ്സ്ദൂതന്മാരുടെ ആദ്യത്തെ സമീപനം അലർച്ചകൾകൊണ്ടാണവൻ സ്വാഗതംചെയ്തതു്. പക്ഷേ, അവർ അവനെ പരിഹസിക്കുക മാത്രമായിരുന്നു ഫലം. തുള്ളിക്കൊണ്ടു് നരചാടുന്ന മുഖത്തോടെ അവൻ അഴികളുടെമേൽ ചാടിയപ്പോൾ അവർ അവനെ പുച്ഛിച്ചു ചിരിച്ചു. അവർ തിമക്കുകയും, വൃത്തികെട്ട പട്ടികളെപ്പോലെ കുരയ്ക്കുകയും ചിണുങ്ങുകയും, കാക്കകളെപ്പോലെ കരയുകയും, കൈയടിക്കുകയും ചെയ്തു. അതെല്ലാം ശുദ്ധ അനാവശ്യമാണെന്നും, തൻെറ അന്തസ്സിൻെറ നേരേയുള്ള ഭീഷണിയാണെന്നും അവനു മനസ്സിലായി. അവൻെറ കോപം ജ്വലിച്ചുകൊണ്ടിരുന്നു. വിശപ്പു സാരമില്ലായിരുന്നു. ജലദൗർലഭ്യം അവനെ വല്ലാതെ കഷ്ടപ്പെടുത്തി. അവൻെറ വേദനയെ ജ്വരബാധയിൽ കൊണ്ടെത്തിച്ചു. ലോലഹൃദയനായ അവനു് ഇത്തരം നിന്ദ്യമായ പെരുമാററങ്ങൾ അശേഷം സഹിക്കാനായില്ല. വരണ്ടുണങ്ങിയ തൊണ്ടയും നാക്കും നീരുവന്നു തടിക്കുകയും കൂടിയായപ്പോൾ അവൻ വിവശനായി.

ഒരൊററ സന്തോഷമേ ഉണ്ടായിരുന്നുള്ളു—കഴുത്തിൽനിന്നും കയറു് അഴിച്ചെടുത്തിരുന്നു. കയറിട്ടിരുന്നതു് അവക്കു ഗുണപ്രദമായിരുന്നു. ഇപ്പോഴതു മാറിക്കിട്ടിയതുകൊണ്ടു് തന്റെ ശൗര്യം കാണിക്കണമെന്നു് അവനുറച്ചു. ഇനിയൊരു കയറു് തൻെറ കഴുത്തിൽ വീഴുകയില്ല എന്നതിൽ അവനു് ദൃഢമായ നിശ്ചയമുണ്ടായിരുന്നു. രണ്ടുരാത്രിയും, പകലും അവൻ ആഹാരം കഴിച്ചിട്ടില്ല. അതിനോടൊത്തു് വേദനയുടെ ആധിക്യവും. തന്നെ സമീപിക്കുന്നവരെ വെറുതെ വിടുകയില്ലെന്നമട്ടിലായി അവൻെറ അവസ്ഥ. കണ്ണുകൾ രക്തമയമായി. അവൻ ഒരു പിശാചിൻെറ രൂപംപ്രാപിച്ചു. ജഡ്ജിപോലും അപ്പോൾ അവനെ കണ്ടാൽ തിരിച്ചറിയുകയില്ലായിരുന്നു. സീററിലിൽവച്ചു് അവനെ ട്രെയിനിൽനിന്നും പുറത്തേയ്ക്കുതള്ളിയപ്പോൾ എക്സ്പ്രസ്സിലെ വാഹകന്മാക്കു് വലിയ ആശ്വാസമാണനുഭവപ്പെട്ടതു്.

നാലുപേർ സൂക്ഷ്മതയോടെവന്നു് ആ നായ്ക്കൂട്ടു് വാഗ

ണിൽനിന്നും എടുത്ത് ഉയൻ്റ ഭിത്തികളുള്ള ഒരു പുരയ്ക്കുള്ളിലാക്കി. കഴുത്തിൽ ഒട്ടിപ്പിടിച്ചുകിടക്കുന്ന ചുവന്ന ഉൾക്കുപ്പായം ധരിച്ച ഒരു തടിച്ചമനുഷ്യൻ പുറത്തുവന്ന് ഡ്രൈവർക്കുവേണ്ടി ഒരു ബുക്കിൽ ഒപ്പുവച്ചു. അയാളുടെ മർദ്ദനമാണിനിയെന്ന് ബക്ക് അനുമാനിച്ചു. മൃഗീയതയോടെ അഴികൾക്കുനേരെ കുരച്ചുകൊണ്ട് അവൻ ചാടി. ആ മനുഷ്യൻ ക്രൂരതയോടെ ചിരിച്ചുകൊണ്ട് ഒരു ചെറിയ മഴുവും ഒരു ഗദയും എടുത്തുകൊണ്ടു വന്നു.

"നിങ്ങൾ അവനെ പുറത്തെടുക്കാൻപോകുന്നോ?" ഡ്രൈവർ ചോദിച്ചു.

"തീർച്ചയായും," എന്നുപറഞ്ഞുകൊണ്ട്, അയാൾ ആ മഴു കൂട്ടിനുള്ളിലേയ്ക്കു നീട്ടി.

ആ കൂട് അകത്തേയ്ക്കുകൊണ്ടുവന്നവർ നാലുപേരും പെട്ടെന്ന് ഭിത്തിയിൽക്കയറി സുരക്ഷിതമായ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചശേഷം താഴേയ്ക്കുനോക്കി. ബക്ക് ആ മഴുവിൻെറ അററംനോക്കി കുതിച്ചുചാടിക്കൊണ്ടിരുന്നു. അതിൻെറ അററം പുറത്തു നീങ്ങുന്നതനുസരിച്ച് ബക്കും അകത്തു ചലിച്ചുകൊണ്ടിരുന്നു. അവൻ ഉച്ചത്തിൽ കുരയ്ക്കുകയും അമറുകയും ചെയ്തു. പുറത്തേയ്ക്കു വരുവാനുള്ള അവൻെറ ആകാംക്ഷയ്ക്കൊപ്പം, ചുവന്ന ഉൾക്കുപ്പായം ധരിച്ചയാൾ അവനെ പുറത്തുകൊണ്ടുവരാനും ശ്രമിച്ചു.

"ആങ്! ആങ്! ചോരക്കണ്ണുകളുള്ള ചെകുത്താനേ!" ബക്കിനു കടക്കാനാവുന്ന വിധത്തിൽ തുറന്നുകൊണ്ടയാൾ ആജ്ഞാപിച്ചു. മഴു മാററിവച്ചിട്ട് അയാൾ വലതുകൈയിൽ ഗദ എടുത്തു.

ബക്ക് പരമാർത്ഥത്തിൽ ചോരക്കണ്ണുകളുള്ള ചെകുത്താൻ തന്നെയായിരുന്നു. ഉലഞ്ഞ രോമങ്ങളോടും, പതചാടുന്ന മുഖത്തോടുംകൂടി വിവശനായി കാണപ്പെട്ട അവൻെറ ചോരക്കണ്ണുകളിൽ ഒരു ഭ്രാന്തൻമട്ട് കാണാനുണ്ടായിരുന്നു. വെളിയിലെത്തിയ ഉടനെ രണ്ടു രാവും പകലും അനുഭവിച്ച വേദനകൾ ജ്വലിപ്പിച്ച തൻെറ നൂററിനാല്പതുപൗണ്ടോളം കോപം മുഴുവനും അയാളിലേയ്ക്കു പതിപ്പിച്ചുകൊണ്ട് ചാടി, അണപ്പല്ലുകൾ അയാളുടെ കൈയിൽ കോർത്തുപിടിക്കുമെന്നായി. പെട്ടെന്ന്

അവനു് ഒരാഘാതം നേരിട്ടു. ശരീരം കുഴഞ്ഞു് നിലത്തുവീണരു ണ്ടു. ജീവിതത്തിലാദ്യമായാണു് ഗദകൊണ്ടുള്ള അടിയേല്ക്കുന്ന തു്. അതെന്താണെന്നവനു മനസ്സിലായില്ല. പകുതി കുരച്ചും, പകുതി നിലവിളിച്ചും അവൻ വീണ്ടും വായുവിലേയ്ക്കു കുതിച്ചു. വീണ്ടും ഗദ ഉയന്നു, അവൻ തകന്നു നിലംപതിച്ചു. ഇത്തവണ അവനു മനസ്സിലായി അതു് ഗദയാണെന്നു്. എന്നാൽ അവന്റെ ഭ്രാന്തു് അവനെ അടക്കിയില്ല. പത്തുപന്ത്രണ്ടുപ്രാവശ്യം അവൻ അയാളുടെനേക്കു ചാടി. അപ്പോഴൊക്കെ അടിയേററു നിലംപരിശാവുകയും ചെയ്തു.

ഒരു ഭയങ്കരമായ അടിക്കുശേഷം കുതിക്കാനശക്തനായി അവൻ ഇഴഞ്ഞു. മുടന്തിക്കൊണ്ടു് നിലത്തുകിടന്നുരുണ്ടു. വായിലും, മൂക്കിലും, ചെവികൾക്കുള്ളിലുംനിന്നു് രക്തം ഒഴുകി. മനോഹരമായ കുപ്പായം രക്തംകൊണ്ടു മലിനമായി. ആ മനുഷ്യൻ വീണ്ടും മുന്നോട്ടുവന്നു് മനപ്പൂവ്വം അവന്റെ മൂക്കിൽ ദാരുണമായി താഡനം ചെയ്തു. ഈ അടിയുടെ വേദന അതിനകം അനുഭവിച്ചതിനേക്കാളെല്ലാം ഭയങ്കരമായിരുന്നു. സിംഹത്തിനെപ്പോലെ ക്രൂരമായി അലറിക്കൊണ്ടു് അവൻ വീണ്ടും അയാളെ ആക്രമിച്ചു. പക്ഷേ, അയാൾ ഗദ ഇടത്തോട്ടും വലത്തോട്ടും പായിക്കുന്നതിനിടയിൽ അവന്റെ താടിയെല്ലിൽ മടിയില്ലാതെ പിടിച്ചശേഷം അവനെ മുന്നോട്ടും പിന്നോട്ടും ചുഴററി. ബക്കു് ഒന്നുരണ്ടുപ്രാവശ്യം കറങ്ങിയശേഷം തലയും നെഞ്ചും തല്ലി നിലത്തുവീണു.

അവസാനമായി ഒന്നുകൂടി അവൻ കുതിച്ചു. ആ മനുഷ്യൻ അതുവരെ കരുതിവച്ചിരുന്ന ഒരു കനത്ത അടി ഏല്പിച്ചു. അതോടെ ബക്കു് ഉഴറിക്കുലഞ്ഞു താഴെ വീണു. ബോധം പൂണ്ണമായി നഷ്ടപ്പെട്ടു.

"അയാൾ പട്ടിയെ മെരുക്കുന്നതിൽ അത്ര മോശക്കാരനൊന്നുമല്ലെന്നു് ഞാൻ പറയുന്നു," ഭിത്തിയുടെ മുകളിലിരുന്ന ഒരുവൻ അത്യാനന്ദത്തോടെ വിളിച്ചുപറഞ്ഞു.

"അയാൾ എന്നും കുതിരയെ മെരുക്കുന്നവനാണെന്നേ! ഞായറാഴ്ചതോറും രണ്ടുപ്രാവശ്യവും!" എന്നു പറഞ്ഞുകൊണ്ടു് ഡ്രൈവർ കുതിരപ്പുറത്തുകയറി യാത്രയാരംഭിച്ചു.

ബക്കിനു ബോധം വന്നെങ്കിലും ശക്തി വീണ്ടുകിട്ടിയില്ല.

വീണിടത്തു കിടന്നുകൊണ്ട് അവൻ ചുവന്ന ഉൾക്കുപ്പായം ധരിച്ച മനുഷ്യനെ സശ്രദ്ധം വീക്ഷിച്ചു.

"ബക്ക് എന്നാണു പേര്." നായയെക്കുറിച്ച് സലൂൺ സൂക്ഷിപ്പുകാരൻ വിശദമായി എഴുതിയിരുന്ന എഴുത്ത് വായിച്ചു കൊണ്ട് അയാൾ സ്വയം പറഞ്ഞു. "കൊള്ളാം, എൻെറ ബക്കേ!" അയാൾ മൃദുവായ സ്വരത്തിൽ പറഞ്ഞുതുടങ്ങി. "നമ്മളുടെ കലഹമൊക്കെ കഴിഞ്ഞു. ഇനി ഏതായാലും നല്ലതു് അതു പോട്ടെയെന്നു വയ്ക്കുന്നതാണ്. നിനക്ക് നിൻെറ സ്ഥലം മനസ്സിലായി. എനിക്ക് എൻേറതു് അറിയുകയും ചെയ്യാം. ഒരു നല്ല നായയായി കഴിയുക. എല്ലാം ശരിയായിട്ട മുന്നോട്ടുപോകും. ഒരു ചീത്ത നായയാവുന്നെങ്കിൽ ഞാൻ നിൻെറ കുടലു വെളിയിലെടുക്കും, മനസ്സിലായോ?"

പറയുന്നതിന്നിടയ്ക്ക്, അയാൾ ക്രൂരമായി മർദ്ദിച്ച ബക്കിൻെറ ശിരസ്സ്, ഭയാശങ്കകളെന്യേ, അയാൾ താലോലിച്ചുകൊണ്ടിരുന്നു. ബക്കിൻെറ തലയിലെ രോമങ്ങൾ ഉടനെ എഴുന്നുനിന്നെങ്കിലും അവൻ അതു കൂട്ടാക്കാതെ അടങ്ങിയിരുന്നു. അയാൾ ജലം കൊണ്ടുവന്നപ്പോൾ ആർത്തിയോടെ അതു നുകർന്നു. അതിനുശേഷം അയാൾ സമ്മാനിച്ച പച്ചയിറച്ചിയുടെ തുണ്ടം അയാളുടെ കൈയ്ക്കുള്ളിൽനിന്നും കഷണം കഷണമായി തിന്നുകയും ചെയ്തു.

അവൻ തോല്പിക്കപ്പെട്ടുവെന്നു് അവനു് ബോധമുണ്ടായി. പക്ഷേ, തകർന്നിരുന്നില്ല. ഗദയ്ക്കെതിരായി യാതൊരു രക്ഷയുമില്ലെന്നു് അവൻ ആദ്യവും അവസാനവുമായി മനസ്സിലാക്കി. ഒരു പുതിയ പാഠം അവൻ പഠിച്ചു. പിന്നീടുള്ള ജീവിതത്തിൽ ഒരിക്കലും അവൻ അതു് വിസ്മരിച്ചുമില്ല. ഗദ അവൻെറ കണ്ണുകൾ തുറപ്പിച്ചു. പ്രാകൃതനിയമമനുസരിച്ചുള്ള ഭരണത്തിലേയ്ക്കുള്ള ഒരു മുഖവുരയായിരുന്നു അതു്. പകുതിയ്ക്കുവച്ചുതന്നെ അവനതു മനസ്സിലാക്കുകയും ചെയ്തു. ജീവിതസത്യങ്ങൾ ഭീകരമായ ഒരു രീതിയിലേയ്ക്കു മാറി. അവയെ യാതൊരെതിർപ്പും പ്രകടിപ്പിക്കാതെ അവൻ സ്വീകരിച്ചുവെങ്കിലും അതിൽ അവനെപ്പോലുള്ള ഒരു ജീവിക്കു സാധാരണയായി അന്തർലീനമായ സൂത്രശാലിത്വവുമുണ്ടായിരുന്നു. ദിവസങ്ങൾ പൊയ്ക്കൊണ്ടിരുന്നു. നായകൾ കൂട്ടകളിലും കയറുകൊണ്ടു ബന്ധിച്ചും വന്നുകൊണ്ടി

രുന്നു. ചില നായകൾ അടങ്ങിയമട്ടിലാണ് വന്നിരുന്നതെങ്കിൽ മററുചിലവ തന്നേപ്പോലെ കോപത്തോടെ അലറിക്കൊണ്ടാണു വരുന്നതെന്നു് ബക്ക് കണ്ടു. ഇവയെല്ലാംതന്നെ ചുവന്ന ഉൾക്കുപ്പായംധരിച്ച മനുഷ്യൻെറ അധികാരത്തിനു് കീഴ്‌വഴങ്ങുന്നതായും അവൻ ദർശിച്ചു. വീണ്ടും പലപ്പോഴും പല മൃഗീയതാഡനങ്ങളും കാണേണ്ടിവന്നപ്പോൾ ആ ആശയം ഒന്നുകൂടി അവൻെറ മനസ്സിൽ ഉറച്ചു. ഗദയുമായി നില്ക്കുന്ന മനുഷ്യൻ നിയമാധികാരിയാണു്. അയാളുമായി ഒത്തുതീർപ്പിലെത്തണമെന്നില്ലെങ്കിലും അയാളെ അനുസരിക്കാതെ നിവൃത്തിയില്ല. ഒത്തുതീർപ്പാകുകയെന്നകുററം ബക്കിൽനിന്നുണ്ടായിട്ടില്ല. പക്ഷേ, തോൽവിയടഞ്ഞ പല നായകളും ആ മനുഷ്യനെ സന്തോഷത്തോടെ സമീപിക്കുകയും വാലാട്ടുകയും, കൈകൾ നക്കുകയും മററും ചെയ്യുന്നതവൻ കണ്ടിട്ടുണ്ടു്. മാത്രമല്ല, അനുസരിക്കുകയോ ഒത്തുതീർപ്പിലെത്തുകയോ ചെയ്യാതെ നേതൃത്വത്തിനുവേണ്ടി അവസാനംവരെ പോരാടിയ ഒരു നായ അവസാനം ചത്തുമലയ്ക്കുന്നതും അവൻ ഒരിക്കൽ കണ്ടു.

അപരിചിതർ വരികയും പോവുകയും ചെയ്തിരുന്നു. ആവേശത്തോടെയും, വൈവിദ്ധ്യമുള്ള രീതിയിലും അവരെല്ലാം ചുവന്ന കുപ്പായക്കാരനോടു സംസാരിച്ചു; അപ്പോഴൊക്കെ പണം കൈമാറുകയും അപരിചിതർ ഒന്നോ അതിലധികമോ നായകളെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. ആ നായകൾ എവിടെ ചെല്ലുന്നുവെന്നോർത്തു് ബക്ക് അത്ഭുതപ്പെട്ടു. അവ തിരികെ വരാറുണ്ടായിരുന്നില്ല. ഭാവിയെക്കുറിച്ചുള്ള ഭയം അവനെ അലട്ടാതിരുന്നില്ല. എങ്കിലും ഓരോ തവണയും താൻ തെരഞ്ഞെടുക്കപ്പെടാത്തതിൽ അവൻ അകമേ ആഹ്ലാദിച്ചു.

അവസാനം അവൻെറ തവണയും വന്നു. ഒരു മെലിഞ്ഞു കുറിയ മനുഷ്യൻെറ രൂപത്തിലാണതുണ്ടായതു്. ആ മനുഷ്യൻ മുറിഞ്ഞ ഇംഗ്ലീഷ് സംസാരിക്കുകയും, ബക്കിനു ഗ്രഹിക്കാനാവാത്ത രീതിയിലുള്ള ജുഗുപ്സാവഹമായ ആശ്ചര്യശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

"പൂഹോയ്!" അയാൾ, ബക്കിൻെറമേൽ കണ്ണുപതിഞ്ഞ മാത്രയിൽ വിളിച്ചുകൂവി.

"ദേ, ആ കഴവേറീടെ മോൻ! എ്ു? അവനെന്തുവേണം?"

"മുന്നൂറ്. മുന്നൂറിന് ഒരു സമ്മാനംപോലെ വിചാരിച്ചോ." ഉടനടി ചുവന്ന കുപ്പായക്കാരൻ ഉത്തരവും നല്കി. "ഇത് സർക്കാരിൻെറ കാശാണെന്നോർക്കുമ്പൊ നിങ്ങക്ക് ആക്ഷേപമില്ലല്ലൊ അല്ലേ, പെറാൾട്ട്?"

പെറാൾട്ട് ഇളിച്ചുകാട്ടി. ആവശ്യം വർദ്ധിച്ചതുകൊണ്ട് നായകളുടെ വില പെട്ടെന്നു കുതിച്ചുകയറിയതോർക്കുമ്പോൾ ഇത്ര സുന്ദരനായ നായയ്ക്കു് അതത്ര അധികമൊന്നുമല്ല. കാനഡായിലെ സർക്കാരിനു നഷ്ടമുണ്ടാകുകയോ സാധനം ചെലവാകാതിരിക്കുകയോ ചെയ്യുകയില്ല. പെറാൾട്ടിനു് നായകളെപ്പററി നല്ല ജ്ഞാനമുണ്ടായിരുന്നതുകൊണ്ടു് ബക്ക് വാസ്തവത്തിൽ ആയിരത്തിലൊന്നാണെന്നു് എളുപ്പത്തിൽ ഗ്രഹിച്ചു. "പത്തായിരത്തിലൊന്നു്," അയാൾ സ്വയം മന്ത്രിച്ചു.

അവർ പണം കൈമാറുന്നതു് ബക്ക് കണ്ടു. അവനോടൊത്തു് സൽസ്വഭാവമുള്ള കേളി എന്ന ന്യൂഫൗണ്ട്ലാൻറിനെയും ആ മെലിഞ്ഞു കുറിയ മനുഷ്യൻ കൂട്ടിക്കൊണ്ടു പുറപ്പെട്ടതിൽ അവൻ അതിശയിച്ചില്ല. ചുവന്ന കുപ്പായക്കാരനെ അവൻ അവസാനമായി കാണുകയായിരുന്നു. 'നാർവാളി'ൻെറ ഡെക്കിൽ നിന്നുകൊണ്ടു് അവനും കേളിയും, പിന്നിട്ടുകൊണ്ടിരിക്കുന്ന സീററിലിലേയ്ക്കു് കണ്ണുകളയച്ചു. ചൂടുള്ള ദക്ഷിണദിക്കിനോടു് അവർ യാത്രചൊല്ലി. പെറാൾട്ട് അവനെയും കേളിയേയും കറുത്തു ഭീമാകാരനായ ഫ്രാങ്കോയി എന്നയാളിൻെറ സമീപമെത്തിച്ചു. പെറാൾട്ട് ഫ്രഞ്ച്-കനേഡിയനും ഇരുണ്ട നിറമുള്ളവനുമായിരുന്നെങ്കിൽ, ഫ്രാങ്കോയി ഫ്രഞ്ച്-കനേഡിയനും, കൂടുതൽ ഇരുണ്ട നിറമുള്ളവനുമായിരുന്നു. അവർ ബക്കിനു് പുതിയ ആളുകളായിരുന്നു. (അത്തരക്കാരിൽ കൂടുതൽപേരെ ബക്ക് കാണുവാനിരുന്നതേയുള്ളു.) അവരോടു് അവനു് പ്രത്യേകസ്നേഹമൊന്നും തോന്നിയില്ലെങ്കിലും അവരെ ബഹുമാനിക്കുവാനുള്ള ആത്മാർത്ഥമായ പ്രേരണ അവനിലുണ്ടായി. പെറാൾട്ടും ഫ്രാങ്കോയിയും നല്ലവരാണെന്നു് അവൻ എളുപ്പത്തിൽ ഗ്രഹിച്ചു. ശാന്തരും, നീതിനടത്തുന്നതിൽ നിഷ്പക്ഷത പാലിച്ചിരുന്നവരുമായ അവർ നായകളാൽ മണ്ടന്മാരായിത്തീരാതിരിക്കത്തക്കവണ്ണം അവയെപ്പററി അറിവുള്ളവരായിരുന്നു.

'നാർവാളി'ൻെറ ഡെക്കിൽവച്ചു് ബക്കും കേളിയും മററു

രണ്ടു നായകളുമായി സന്ധിച്ചു. സ്പിററ്സ് ബർഗനിൽനിന്നും തിമിംഗലനായാട്ടുകാരനായ ഒരു കപ്പിത്താൻ കൊണ്ടുവന്നതും പിന്നീട് ഒരു ഭൂഗർഭശാസ്ത്രസംഘത്തെ അനുധാവനം ചെയ്തതുമായ ഹിമവർണ്ണമുള്ള ഒരു തടിയൻ നായയായിരുന്നു ഒന്ന്.

അവൻ സ്നേഹം പ്രദർശിപ്പിച്ചിരുന്നു. അതിൽ വഞ്ചന അന്തർഭവിച്ചിരുന്നെന്നുമാത്രം! പുഞ്ചിരിപൊഴിക്കുമ്പോൾ തന്നെ ചില സൂത്രങ്ങൾ ഒപ്പിക്കുവാനും അവനു് പ്രത്യേക വിരുതുണ്ടായിരുന്നു. ആദ്യത്തെ ദിവസം ബക്കിൻെറ തീററിസാധനങ്ങളിൽ കുറച്ചു തട്ടിയെടുത്തതു് അതിൻെറ ഒരു പ്രകടനമായിരുന്നു. ബക്ക് അവനെ ന്യായമായൊന്നു ശിക്ഷിക്കുവാനുറച്ചു് മുമ്പോട്ടു കുതിച്ചു. അപ്പോഴേയ്ക്കും ഫ്രാങ്കോയിയുടെ ചാട്ട മോഷ്ടാവിൻെറ മേൽ പതിച്ചു. അതിനാൽ ബക്കിനു് എല്ലിൻകഷണമെങ്കിലും തിരിയെ കിട്ടി. അതു് ബക്കിനു് ഇഷ്ടപ്പെട്ടു.

രണ്ടാമത്തെ നായ അത്തരം ശ്രമങ്ങളിലൊന്നും ഏർപ്പെട്ടില്ല. അങ്ങോട്ടു സ്വീകരിച്ചതുമില്ല. ആഹാരം തട്ടിയെടുക്കുവാൻ ഒരുങ്ങിയില്ലതാനും. അവൻ നിശ്ശബ്ദനും അകന്നുനില്ക്കാനിഷ്ടപ്പെട്ടവനുമായി കാണപ്പെട്ടു. താൻ ഏകാന്തത ഇഷ്ടപ്പെടുന്നുവെന്നു് കേളിയെ അവൻ അറിയിക്കാതിരുന്നില്ല. മാത്രമല്ല, ഏകാന്തത ലഭിച്ചില്ലെങ്കിൽ കുഴപ്പങ്ങളുണ്ടാകുമെന്നും സൂചിപ്പിച്ചു. 'ഡെയ്‌വ്' എന്നാണവനെ വിളിച്ചിരുന്നതു്. തിന്നും, ഉറങ്ങിയും ഇടയ്ക്കിടെ കോട്ടുവായിട്ടും യാതൊന്നിലും പ്രത്യേകിച്ചു് ഔത്സുക്യം പ്രദർശിപ്പിക്കാതെയും അവൻ കഴിഞ്ഞു. 'നാർവാൾ' ചാടിയും ഉലഞ്ഞും കുലുങ്ങിയും ക്വീൻഷാർലോട്ടി എന്ന തോടു് കടന്നപ്പോൾപ്പോലും അവൻ അശ്രദ്ധനായിരുന്നു. ബക്കും കേളിയും ഉശിരുകാട്ടി തുള്ളിച്ചാടുമ്പോൾ അപമാനിതനായ മട്ടിൽ അവനൊന്നു തലയുയർത്തും. വിരസതയോടെ അവരെ വീക്ഷിക്കും. കോട്ടുവായിട്ടശേഷം വീണ്ടും നിദ്രാധീനനാകും.

ഇരവും പകലും കപ്പലിൻെറ നാഡിയായ പ്രൊപ്പെല്ലർ അക്ഷീണം കറങ്ങിക്കൊണ്ടിരുന്നു. ദിവസങ്ങളെല്ലാം ഒന്നുപോലെയിരുന്നു. എങ്കിലും തണുപ്പു വർദ്ധിക്കുന്നുണ്ടെന്നു് ബക്കിനു വ്യക്തമായി. അവസാനം ഒരു ദിവസം പ്രൊപ്പെല്ലർ നിശ്ശബ്ദമായി. 'നാർവാളി'ൽ വലിയ കോലാഹലം വ്യാപിച്ചു. ബക്കിനും മററു നായകൾക്കും അതു ബോദ്ധ്യമായി. ഒരു മാററം അടു

ത്തുകഴിഞ്ഞെന്നവർ ഊഹിച്ചു. ഫ്രാങ്കോയി അവരെ സ്വതന്ത്രരാക്കി ഡെക്കിൽ കൊണ്ടുവന്നു. തണുത്ത ഉപരിതലത്തിൽ ചവിട്ടിയമാത്രയിൽ ബക്കിന്റെ പാദങ്ങൾ, വെളുത്ത് ചേറുപോലെ കുഴഞ്ഞ ഒരു സാധനത്തിൽ പൂന്തിപ്പോയി. തുമ്മിക്കൊണ്ട് അവൻ പുറകോട്ടു ചാടി. ആ വെളുത്ത സാധനം മുകളിൽനിന്ന് ധാരാളം പതിക്കുന്നുണ്ടായിരുന്നു. ബക്ക് ശരീരമൊന്നു കുടഞ്ഞു. പക്ഷേ, അത് വീണ്ടും വീണുകൊണ്ടിരുന്നു. അവൻ അത് മണത്തുനോക്കുകയും അല്പം നക്കുകയും ചെയ്തു. തീപോലെ തോന്നിയെങ്കിലും അടുത്തക്ഷണത്തിൽ അത് അപ്രത്യക്ഷമായി. അത് അവനെ അത്ഭുതപ്പെടുത്തി. വീണ്ടും അതാവർത്തിച്ചു. ഫലം തഥൈവ. കണ്ടുനിന്നവർ ആർത്തുചിരിച്ചു. എന്താണെന്നറിയാതെ അവൻ നാണിച്ചുപോയി. ആദ്യമായി മഞ്ഞ് എന്താണെന്ന് അനുഭവിച്ചറിയുകയായിരുന്നു.

2593
A

# 2

# ഗദയുടേയും ദംഷ്ട്രയുടേയും നിയമം

ഡൈയാ കടൽപ്പുറത്തെ ബക്കിന്റെ പ്രഥമദിനം ഒരു ദുഃസ്വപ്നംപോലെയായിരുന്നു. ഓരോ നിമിഷവും ഭയാവേശം നിറഞ്ഞതാണ്. സംസ്കാരത്തിന്റെ ഹൃദയസ്ഥാനത്തുനിന്നും തികച്ചും ബീജഭൂതമായ ഒരന്തരീക്ഷത്തിലേക്കു് അവൻ വലിച്ചെറിയപ്പെട്ടു. സുഖലാലസമായ ചുറ്റുപാടുകളല്ല ഇവിടെയുള്ളതു്. ജീവിതം തികച്ചും വിരസമായിത്തീർന്നു. ശാന്തിയോ വിശ്രമമോ നിമിഷനേരത്തേക്കെങ്കിലും സുരക്ഷിതത്വബോധമോ ഇല്ല. ചുററുമുള്ള ജീവിതം അപകടസാദ്ധ്യതകളുള്ളതായിരുന്നതുകൊണ്ടു് ശ്രദ്ധിച്ചിരിക്കേണ്ടതുണ്ടു്. കാരണം, ഈ നായകളും മനുഷ്യരും നാഗരികരിൽനിന്നും വ്യത്യസ്തരാണ്. ഇവരുടെ ഏകനിയമം ഗദയുടേതും ദംഷ്ട്രയുടേതുമാണ്.

ചെന്നായകളെപ്പോലെയാണ് നായകൾ തമ്മിലേറ്റുമുട്ടുക. ബക്കിനതൊരു പുതുമയായിരുന്നു. ആദ്യാനുഭവംതന്നെ വിസ്മരിക്കാനാവാത്ത ഒരു പാഠവും. അതു് മറ്റൊരാളുടെമേൽ ആയതു നന്നു്. അല്ലെങ്കിൽ പൊടിപോലും കാണുകയില്ലായിരുന്നു. 'കേളി'യാണ് ഇര. അവർ വിറകുപുരയുടെ സമീപം സമ്മേളിച്ചിരിക്കുകയായിരുന്നു. പൂർണ്ണവളർച്ചയെത്തിയ ഒരു ചെന്നായയോടു സമമാണെങ്കിലും അവളുടെ പകുതിപോലും വലിപ്പമില്ലാതിരുന്ന ഒരു ഹസ്കി (എസ്കിമോ നായ)യെ അവൾ സ്നേഹഭാവത്തോടെ സമീപിച്ചു. മുന്നറിയിപ്പൊന്നുമില്ലായിരുന്നു. മിന്നലെന്നപോലെ ഒരു ചാട്ടം. പല്ലുകളുടെ ലോഹസദൃശമായ കൂട്ടിമുട്ടൽ. അതുപോലെ പെട്ടെന്നു് തിരികെയുള്ള ചാട്ടം. കഴിഞ്ഞു. കേളിയുടെ മുഖം, കണ്ണുമുതൽ താടിയെല്ലുവരെ, കീറിപ്പൊളിഞ്ഞിട്ടുണ്ടു്.

ചെന്നായകളുടെ മാതൃകയിലുള്ള സമരമായിരുന്നു അതു്. ഒരൊറ്റച്ചാട്ടവും കീറിപ്പൊളിക്കലും. പിന്നെയെല്ലാം കഴിഞ്ഞു. മുപ്പതോ നാല്പതോ ഹസ്കികൾ പെട്ടെന്നു് ഓടിയെത്തി

ശ്രദ്ധാപൂർവ്വം നിശ്ശബ്ദതയോടെ ഇരുവരെയും വളഞ്ഞു. ബക്കിന് ഒന്നും മനസ്സിലായില്ല. അവരുടെ ആകാംക്ഷയും മററും അവനെ അത്ഭുതപ്പെടുത്തി. കേളി വീണ്ടും അവളുടെ ശത്രുവിനെ നേരിട്ടു. അവൻ അവളെ വീണ്ടും ആക്രമിച്ചശേഷം ഒരുവശത്തേയ്ക്കു് ചാടിയൊഴിഞ്ഞു. അവളുടെ അടുത്ത ചാട്ടം അവൻ നെഞ്ചുകൊണ്ടാണു നേരിട്ടതു്. അതൊരു പ്രത്യേകരീതിയിലായിരുന്നതുകൊണ്ടു് അവൾ നിലയുറയ്ക്കാതെ കുതറിവീണു. അതോടെ സർവ്വശക്തിയും നശിച്ചു. കൂട്ടംകൂടിയ ഹസ്കികൾ കാത്തിരുന്നതു് ഈ സന്ദർഭത്തിനുവേണ്ടിയാണു്. അവർ അവളുടെ അടുത്തു കുരച്ചുകൊണ്ടു് ഓടിയെത്തി. അവൾ നിരവധി ശരീരങ്ങളുടെ സമ്മർദ്ദമേററു് വേദനകൊണ്ടു പിടഞ്ഞു.

അതു് വളരെ അപ്രതീക്ഷിതവും പെട്ടെന്നുമായിരുന്നതുകൊണ്ടു് ബക്ക് അന്ധാളിച്ചുപോയി. സ്പിററ്സ് അവനു സഹജമായ രീതിയിൽ ചുവന്ന നാക്കു് ചുഴററി ചിരിക്കുന്നതും ഫ്രാങ്കോയി ഒരു കോടാലി ചുഴററിക്കൊണ്ടു് നായകളുടെ കൂട്ടത്തിലേയ്ക്കു് ഓടിയെത്തുന്നതും അവൻ കണ്ടു. ഗദാധാരികളായ മൂന്നുപേർ ഫ്രാങ്കോയിയുടെ സഹായത്തിനുണ്ടായിരുന്നു. വളരെയൊന്നും വൈകിയില്ല. കേളി അടിപെട്ടു് രണ്ടു നിമിഷങ്ങൾ കഴിയുന്നതിനകം അവളെ ആക്രമിച്ചവരെയെല്ലാം അവർ തുരത്തി. അവൾ അബോധാവസ്ഥയിൽ, ദേഹമാസകലം കീറിപ്പൊളിഞ്ഞു് രക്തസിക്തമായ മണ്ണിൽ കിടക്കുകയായിരുന്നു. ഇരുണ്ട നിറമുള്ള മനുഷ്യൻ അടുത്തുനിന്നു് അവളെ ഭയങ്കരമായി ശപിക്കുകയും. ആ രംഗം പലപ്പോഴും ബക്കിനെ നിദ്രയിൽ അലട്ടിയിട്ടുണ്ടു്. ശരി, അതാണു് പ്രധാനമായ ഒരു സത്യം. മര്യാദയ്ക്കൊരു സ്ഥാനവുമില്ല. ഒന്നു വീണുകഴിഞ്ഞാൽ അതവസാനമാണു്. ആ! അങ്ങനെ വീഴാതെ നോക്കിക്കൊള്ളാം. സ്പിററ്സ് വീണ്ടും നാക്കു വെളിയിലാക്കി ചിരിച്ചു. ആ നിമിഷംമുതൽ ബക്ക് സ്പിററ്സിനെ വളരെയധികം വെറുത്തു.

കേളിയുടെ ദുരന്തം വരുത്തിയ ആഘാതത്തിൽനിന്നു മോചിതനാവുന്നതിനുമുമ്പുതന്നെ ബക്കിനു് മറെറാരാഘാതം നേരിട്ടു. ചരടുകളും ബക്കിളുകളുമെല്ലാം ഫ്രാങ്കോയി അവന്റെമേൽ പിടിപ്പിച്ചു. വീട്ടിൽവച്ചു് കുതിരകളുടെമേൽ കടിഞ്ഞാണിട്ടു മുറുക്കുന്നതു് അവൻ കണ്ടിട്ടുണ്ടു്. അതുപോലെയാണിതും. കുതിര

കളെപ്പോലെ അവനും ഒരു ഹിമശകടത്തിൽ ഫ്രാങ്കോയിയെ താഴ്വരയുടെ അരികിലൂടെ വനത്തിലേയ്ക്കു വലിക്കേണ്ടിവന്നു. കുറേ വിറകുമായി തിരികേയും. അതു് അന്തസ്സിനു് ഒരു കളങ്കമാണെന്നവനു തോന്നാതിരുന്നില്ല. പക്ഷേ, എതിരിടാതിരിക്കാനുള്ള ബുദ്ധി ഉണ്ടായിരുന്നു. തികച്ചും നൂതനവും അസാധാരണവുമായ അനുഭവമായിരുന്നെങ്കിലും ഉറച്ച മനസ്സോടെ അവനാലാവതു ചെയ്തു ഫ്രാങ്കോയി കർക്കശഭാവത്തിൽ അനുനിമിഷം അനുസരണം ആവശ്യപ്പെട്ടു. ചാട്ടയുടെ സഹായത്തോടെയാണു് അയാളതു നേടിയതു്. ബക്കിനു് തെറ്റുപറ്റുമ്പോഴെല്ലാം പരിചയസമ്പന്നനായ ഡെയ്വ് അവന്റെ പിൻഭാഗത്തു് അടിയേല്പിച്ചിരുന്നു. സ്പിററ്സാണു നേതാവു്. അവനും പരിചയസമ്പന്നനായിരുന്നു. എപ്പോഴും ബക്കിനെ സമീപിക്കാൻ കഴിയാതിരുന്നതുകൊണ്ടു് അവൻ ഇടയ്ക്കിടെ ഉച്ചത്തിൽ മുരളുകയും സൂത്രത്തിൽ തന്റെ ഭാരംകൊണ്ടു് വണ്ടി വലിപ്പിച്ചു് ബക്കിനെ നേർവഴിക്കു നയിക്കുകയുംചെയ്തു. ബക്കു് വളരെയെളുപ്പം പഠിച്ചു. രണ്ടു കൂട്ടുകാരുടേയും ഫ്രാങ്കോയിയുടേയും ട്യൂഷൻകൊണ്ടു് അസാധാരണമായ പുരോഗതി അവനുണ്ടായി. താമസിയാതെ തന്നെ, 'ഹോ' എന്നുച്ചരിച്ചാലുടൻ നിശ്ചലനാകണമെന്നും 'മഷ്' എന്നു കേട്ടാലുടൻ വീണ്ടും മുന്നോട്ടുനീങ്ങണമെന്നും അവൻ മനസ്സിലാക്കി. കുന്നിന്റെ അടിവാരത്തേയ്ക്കു് ഇറങ്ങുമ്പോഴും വളവുകൾ തിരിയുമ്പോഴും അപകടങ്ങളുണ്ടാവാതിരിക്കാനുള്ള വിദ്യകളും ഗ്രഹിച്ചു.

"മൂന്നും പഷ്ടാ, ട്ടോ. ആ ശൈത്താൻബക്കിനെ ഞാനെന്തെളുപ്പം പഠിപ്പിച്ചെന്നോ," ഫ്രാങ്കോയി പെറാൾട്ടിനോടു പറഞ്ഞു.

യാത്രതിരിക്കുവാൻ ആകാംക്ഷയുണ്ടായിരുന്ന പെറാൾട്ടു് ഉച്ച തിരിഞ്ഞപ്പോഴേയ്ക്കും രണ്ടു നായകളെക്കൂടി കൊണ്ടുവന്നു. സഹോദരന്മാരായിരുന്ന ആ ഹസ്കികളുടെ പേരു് 'ബില്ലി' എന്നും 'ജോ' എന്നുമായിരുന്നു. ഒരമ്മയുടെ മക്കളായിരുന്നുവെങ്കിലും രാവും പകലുംപോലെയുള്ള വ്യത്യാസം അവർക്കുതമ്മിലുണ്ടായിരുന്നു. ബില്ലിയുടെ ഏക തകരാറു് അവൻ വളരെയധികം സൽസ്വഭാവിയായിരുന്നുവെന്നതാണു്. നേരേമറിച്ചു് ജോ വിരസനും അന്തർമുഖനുമായി കാണപ്പെട്ടു. അവൻ സദാ കുരയ്ക്കുകയും

ഭീഷണികലർന്ന രീതിയിൽ നാലുപാടും നോക്കുകയും ചെയ്തു. ബക്ക് തികച്ചും സൗഹൃദഭാവത്തോടെയാണവരെ സ്വീകരിച്ചതു്. ഡെയ്‌വ് അറിഞ്ഞഭാവംപോലും നടിച്ചില്ല. സ്പിറ്റ്സ് ഇരുവരുടേയും നേർക്കു് മാറിമാറി കുതിച്ചുചെന്നു. ബില്ലി സമാധാനം ആഗ്രഹിക്കുന്നമട്ടിൽ വാലാട്ടിയെങ്കിലും സമാധാനം സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ഓടാൻ ഭാവിച്ചു. സ്പിറ്റ്സിന്റെ കൂർത്ത പല്ലുകൾ അവന്റെ പിൻഭാഗത്തു് പ്രയോഗിക്കപ്പെട്ടപ്പോൾ വീണ്ടും സമാധാനാഭ്യർത്ഥനയോടെ നിലവിളിച്ചു. സ്പിറ്റ്സ് എങ്ങനെയെല്ലാം ചുററിക്കറങ്ങിയിട്ടും ജോവിനെ ഒന്നും ചെയ്യാനായില്ല. കുഞ്ചിരോമങ്ങൾ പാറിക്കളിക്കുന്നവിധത്തിലും, ചെവികീഴ്പോട്ടാക്കിയും അധരങ്ങൾ ചുഴററിയും അണപ്പല്ലുകൾ കൂട്ടിയടിച്ചും അവൻ ഒപ്പം കറങ്ങി. കണ്ണുകൾ പൈശാചികമായവിധം തിളങ്ങിയിരുന്നു. ആകെപ്പാടെ സമരസംബന്ധമായ ഭീതിയുടെ മൂർത്തീകരണം. അതുകൊണ്ടു് അവനെ മര്യാദപഠിപ്പിക്കുകയെന്ന സംരംഭത്തിൽനിന്നും സ്പിററ്സിനു പിൻവാങ്ങേണ്ടിവന്നു. എങ്കിലും തോൽവി എളുപ്പമൊന്നും സമ്മതിച്ചില്ല. വീണ്ടും കരയുകയും ബില്ലിയെ ക്യാമ്പിന്റെ അതിർത്തിയിലേയ്ക്കു പിൻതുടരുകയും ചെയ്തു.

സായാഹ്നമായപ്പോൾ പെറാൾട്ട് മറെറാരു നായയെക്കൂടി കൊണ്ടുവന്നു. മെലിഞ്ഞു നേർത്ത ഒരു ഹസ്കി. സംഘട്ടനം സമ്മാനിച്ച പാടുകൾ നിറഞ്ഞ മുഖവും ആദരവർഷിക്കുന്നവിധം ധീരതയുടെ പ്രതിബിംബമെന്നോണം തിളങ്ങുന്ന കണ്ണുകളും അവനുണ്ടായിരുന്നു. 'കോപമുള്ളവൻ' എന്നർത്ഥമുള്ള സോൾ-ലെക്സ് എന്നാണവനെ വിളിച്ചിരുന്നതു്. ഡെയ്‌വിനെപ്പോലെ അവനും ഒന്നും ആവശ്യപ്പെടുകയോ, നല്കുകയോ പ്രതീക്ഷിക്കുകയോ ചെയ്തില്ല. അങ്ങനെ മെല്ലെ മെല്ലെ അവൻ അവരുടെ മദ്ധ്യത്തിലേയ്ക്കു് നടന്നടുത്തപ്പോൾ സ്പിററ്സ്പോലും കണ്ടമട്ടുനടിച്ചില്ല. ദൗർഭാഗ്യംകൊണ്ടു് അവന്റെ ഒരു പ്രത്യേകത ബക്ക് അനുഭവിച്ചറിഞ്ഞു. അന്ധനേത്രമുള്ള വശത്തുകൂടി ആരെങ്കിലും സമീപിക്കുന്നതു് സോൾ-ലെക്സ് ഇഷ്ടപ്പെട്ടിരുന്നില്ല. ബക്ക് അതറിയാതെ അടുത്തുചെന്നു. സോൾലെക്സ് പെട്ടെന്നു് അവന്റെമേൽ ചാടിവീണു. തോളിൽ മൂന്നിഞ്ചോളം ആഴത്തിൽ ഒരു മുറിവുകിട്ടിയതിൽപ്പിന്നീടാണു് ബക്കിനു

സംഗതി മനസ്സിലായതു്. പിന്നീട്ട് കുറേക്കൂടി സൂക്ഷിച്ചപ്പെരുമാറി. സൗഹൃദം നിലനിന്ന കാലത്തോളം പിന്നെ ശല്യങ്ങളൊന്നും ഉണ്ടായതുമില്ല. ഡെയ്‌വിനെപ്പോലെ സോൾലെക്ക്സിനും പ്രകടമായുണ്ടായിരുന്ന അഭിലാഷം മററുള്ളവരിൽനിന്നും അകന്നുനില്ക്കുകയെന്നതാണു്. എങ്കിലും ഇരുവക്കും ശക്തിമത്തായ മറ്റൊരഭിലാഷംകൂടിയുണ്ടെന്നതു് ബക്ക് പിന്നീടാണറിഞ്ഞതു്.

ആ രാത്രിയിൽ നിദ്രയുടെ പ്രശ്നം ബക്കിനെ നേരിട്ടു. കൂടാരത്തിൽ ഒരു മെഴുകുതിരി പ്രകാശം പരത്തിയിരുന്നു. പക്ഷേ, ബക്ക് ഉള്ളിലേയ്ക്കു കടന്നുചെന്നപ്പോൾ പെറാൾട്ടും ഫ്രാങ്കോയിയും അവൻെറമേൽ ശാപവചനങ്ങൾ ചൊരിയുകയും ഗാർഹികോപകരണങ്ങൾകൊണ്ടാക്രമിക്കുകയും ചെയ്തു. പെട്ടെന്നു് അവനു് അത്ഭുതമാണുണ്ടായതു്. അതിൽനിന്നുണന്നു് ക്ഷീണചിത്തനായി വെളിയിലുള്ള തണുപ്പുകലന്ന അന്തരീക്ഷത്തിലേയ്ക്കു് അവൻ മടങ്ങുന്നതുവരെ അവർ അടങ്ങിയില്ല. കുളിർകാറേറ്റു് അവൻ മരവിക്കുകയും തോളിലെ മുറിവു് നീറുകയും ചെയ്തു. മഞ്ഞിൽ കിടന്നുറങ്ങുവാൻ തീരുമാനിച്ചു. പക്ഷേ, തണുപ്പു് അസഹ്യമായിരുന്നു.

ഹതചിത്തനായും ശോകാധിക്യത്തോടെയും അവൻ ചുററിനടന്നു. പക്ഷേ, ഓരോ സ്ഥലവും പൂർവ്വാധികം തണുപ്പുള്ളതായിത്തോന്നി. ഭീകരരായ നായകൾ അവൻ്റെമേൽ ചാടിവീണു. അവൻ കണ്ഠരോമങ്ങൾ വിറപ്പിക്കുകയും കുരയ്ക്കുകയും മററും ചെയ്തു. (അവനും സൂത്രങ്ങൾ പഠിച്ചുകഴിഞ്ഞിരുന്നു!) അവർ അവനെ എതിക്കാതെ പിന്തിരിഞ്ഞു.

അങ്ങനെയിരിക്കുമ്പോൾ അവൻെറ മനസ്സിൽ പുതിയ ഒരാശയം രൂപമെടുത്തു. കൂട്ടുകാരെന്താണു ചെയ്യുന്നതെന്നു് ഒന്നു കണ്ടുകളയാം! പക്ഷേ, അവരെയാരെയും കാണാനില്ലായിരുന്നു. അവൻ ചുററിനടന്നു് ഓരോ മുക്കും മൂലയും പരിശോധിച്ചു. കണ്ടില്ല. അവർ കൂടാരത്തിനകത്തുതന്നെയാവുമോ? ഛേ, ഇല്ല. അങ്ങനെയാണെങ്കിൽ അവനേമാത്രം അവിടെനിന്നോടിക്കുകയില്ലല്ലോ. പിന്നെ എവിടെയാവാം? വാലും താഴ്ത്തി കുളിനു വിറയ്ക്കുന്ന ശരീരത്തോടെ അവൻ അശരണനായി കൂടാരത്തിനു ചുററും നടന്നു. പെട്ടെന്നു് മുൻവശത്തു മഞ്ഞു് താഴുകയും അവൻെറ മുൻകാലുകൾ മഞ്ഞിൽ പൂന്തുകയും ചെയ്തു. എന്തോ

കാലിൽത്തടഞ്ഞു. അദൃശ്യവും അജ്ഞേയവുമായ ആ വസ്തു എന്താണെന്നറിയാതെ അവൻ ഭയംകൊണ്ടു വിറച്ചുകൊണ്ട് പിന്നോട്ടു ചാടി. സൗഹൃദഭാവത്തിലുള്ള ഒരു ശബ്ദം അവനെ ശാന്തനാക്കി. അതെന്താണെന്നു പരിശോധിക്കുവാൻ വീണ്ടും മുന്നോട്ടു ചെന്നു. ചൂടുള്ള വായുവിൻെറ പ്രസരം അവനനുഭവപ്പെട്ടു. അവിടെ മഞ്ഞിനടിയിലായി സുഖപ്രദമായ ശയ്യയിൽ ബില്ലി കിടപ്പുണ്ടായിരുന്നു. അവൻ സമാധാനം സൂചിപ്പിക്കുമാറ് ചിണുങ്ങുകയും സദുദ്ദേശം പ്രകടിപ്പിക്കുമാറ് ശരീരം കുടയുകയും ചെയ്തു. മാത്രവുമല്ല, സമാധാനത്തിനൊരു കൈക്കൂലിയെന്ന മട്ടിൽ ചൂടും ആർദ്രതയുമുള്ള നാവുകൊണ്ട് ബക്കിൻെറ മുഖം നക്കിത്തുടച്ചു.

മറെറാരു പാഠം! അപ്പോൾ, അതാണവരുടെ പദ്ധതി! ശരി!! ബക്ക് അതനുകരിച്ച് ആത്മവിശ്വാസത്തോടെ ഒരു കുഴി മാന്തിയുണ്ടാക്കി. അടുത്തനിമിഷത്തിൽ അവൻെറ ശരീരത്തിൻെറ ചൂട് ആ കുഴിക്കുള്ളിൽ നിറഞ്ഞു. അവൻ നിദ്രാധീനനായി. സംഭവബഹുലമായ ആ ദിനം അങ്ങനെ അവസാനിച്ചു. അവനെ ഇടയ്ക്കിടെ ചില ദുഃസ്വപ്നങ്ങൾ അലട്ടിയെങ്കിലും ഒരുവിധം സുഖമായി ഉറങ്ങി.

ഉണരുന്ന ക്യാമ്പിൻെറ ശബ്ദായമാനമായ അന്തരീക്ഷത്തിലാണ് പ്രഭാതത്തിൽ അവൻ ഉണർന്നത്. ആദ്യം താനെവിടെയാണെന്ന് അവനു മനസ്സിലായില്ല. രാത്രിമുഴുവൻ മഞ്ഞുപെയ്തതുകൊണ്ട് അവൻെറ ശരീരം ഹിമാവൃതമായിരുന്നു. ഒരു വല്ലാത്ത ഭീതി അവനെ ബാധിച്ചു—മൃഗങ്ങൾക്കു കെണികാണുമ്പോഴുള്ള ഭയം! അവൻ അവൻെറ യജമാനന്മാരുടെ ജീവിതരീതിയിലേയ്ക്ക് പിന്തിരിയുന്നതിൻെറ സൂചനയായിരുന്നു അത്. കാരണം, സ്വാനുഭവങ്ങളിൽനിന്നുമാത്രമാണെങ്കിൽ കെണിയെക്കുറിച്ച് ഭീതിയുണ്ടാകേണ്ട കാര്യമില്ല. അത്രമാത്രം സംസ്കൃതചിത്തനായിരുന്നു അവൻ. ശരീരത്തിലെ രോമപാളികൾ പെട്ടെന്നുണ്ടായ പ്രേരണകൊണ്ടെന്നപോലെ എഴുന്നുനിൽക്കുകയും മാംസപേശികൾ സങ്കോചിക്കുകയും ചെയ്തു. ഭയങ്കരമായ അലർച്ചയോടെ അവൻ ചാടിയെണീററു. ഹിമക്കട്ടകൾ നാലുപാടും ചിതറിവീണു. കാലുകൾ നിലത്തുറപ്പിക്കുന്നതിനുമുമ്പുതന്നെ അതു ക്യാമ്പാണെന്ന ബോധം വീണ്ടും അവനിലുണ്ടായി. മനു

ബലിനോട്ടുകൂടി വെറുമൊരു നടത്തയ്ക്കു പുറപ്പെട്ടതുമുതൽ തലേ രാത്രിയിൽ മഞ്ഞിൽ കുഴിമാന്തിയതുവരെയുള്ള സംഭവപരമ്പര ഒപ്പെട്ടെന്നു് സ്മൃതിപഥത്തിലെത്തുകയും ചെയ്തു.

ഫ്രാങ്കോയിയുടെ ആർപ്പുവിളി അവൻെറ വരവു വിളിച്ചറിയിച്ചു. "ഇതാ, കേട്ടോ," അയാൾ പെറാൾട്ടിനോടു് വിളിച്ചുകൂവി: "ആ ബക്കു് എന്തെളുപ്പം പഠിക്കു്ണ്ണ്ടെന്നോ!"

പെറാൾട്ടു് ഗൗരവപൂർവ്വം തലകുലുക്കി. കനേഡിയൻഗവണ്മെൻറിൻെറ വാർത്താഹരനെന്നനിലയ്ക്കു് പ്രധാനമായ ഇടപാടുകളിൽ അയാൾക്കു് ഏർപ്പെടേണ്ടതുണ്ടു്. അതുകൊണ്ടു് ഒന്നാന്തരം നായകളെ ലഭിക്കുക ഒരാവശ്യമായിരുന്നു. ബക്കു് അയാളെ സന്തോഷഭരിതനാക്കി.

ഒരുമണിക്കൂറിനുള്ളിൽ വീണ്ടും മൂന്നു ഹസ്കികളെക്കൂടി കൊണ്ടുവന്നു. അങ്ങനെ ആകെ ഒമ്പതെണ്ണമായി. പിന്നീടൊരു പതിനഞ്ചു മിനിഷങ്ങൾ കഴിയുന്നതിനുമുമ്പു് അവരെ കടിഞ്ഞാണിട്ടു മുറുക്കുകയും ദൈയകാനണിലേയ്ക്കുള്ള യാത്ര ആരംഭിക്കുകയും ചെയ്തു. ബക്കിനു് പോകുവാൻ അതിരററ സന്തോഷമുണ്ടായിരുന്നു. ജോലി വിഷമമുള്ളതായിരുന്നെങ്കിലും അവൻ അതു വെറുത്തില്ല. എല്ലാ നായകൾക്കുമുണ്ടായിരുന്നതും തന്നിലേയ്ക്കുകൂടി പകർന്നതുമായ ആവേശവും ഔത്സുക്യവും അവനെ അത്ഭുതപ്പെടുത്തി. പക്ഷേ, ഡെയ്വിനും സോൾലെക്സിനുമുണ്ടായ പരിവർത്തനമായിരുന്നു ഏററവും അത്ഭുതകരം. കടിഞ്ഞാൺ അവരെ ഉണർത്തിയിരുന്നു. പ്രവർത്തനരാഹിത്യവും നിർമ്മമതയും ഓടിയൊളിച്ചു. അവർ പൂർവ്വാധികം ഉന്മേഷഭരിതരായും കർത്തവ്യനിരതരായും കാണപ്പെട്ടു. ജോലി പ്രതിബന്ധങ്ങളൊന്നുമില്ലാതെ ശരിയായി മുന്നോട്ടു കൊണ്ടുപോകണമെന്ന വാശിയും നിഷ്കർഷയും അവർക്കുണ്ടായിരുന്നു. അവരുടെ അസ്തിത്വത്തിൻെറ ഉന്നതമായ പ്രകടനവും ആനന്ദംപകരുന്ന ഏകഘടകവുമെന്നു മാത്രമല്ല അവർ ജീവിക്കുന്നതുപോലും ഇതിനാണെന്നു തോന്നിപ്പോകും!

ഡെയ്വാണു് ഏററവും പിന്നിൽ വണ്ടിച്ചക്രങ്ങളോടു ചേർന്നുനിന്നു് 'ശകടനായ' ആയി പ്രവർത്തിച്ചതു്. തൊട്ടുമുന്നിൽ ബക്കും അതിൻെറ മുമ്പിൽ സോൾലെക്സും. മറ്റുംഗങ്ങളെല്ലാം

മുമ്പിലായിരുന്നു. അവർ നേതാവായി വർത്തിച്ച സ്പിററ്സിനോട്ട ചേർന്നുനിന്നിരുന്നു.

നിർദ്ദേശങ്ങൾ സന്ദർഭാനുസരണം കൊടുക്കുന്നതിനുവേണ്ടിയാണു് ബക്കിനെ ഡെയ്‌വിനും സോൾലെക്ക്സിനുമിടയ്ക്കു നിർത്തിയതു്. അവൻ നല്ലൊരു ബുദ്ധിമാനായിരുന്നതുപോലെ അവർ അവനു ചേർന്ന ഉപദേഷ്ടാക്കളുമായിരുന്നു. വളരെനേരം തെററുകൾ തുടർന്നു ചെയ്യുവാൻ അവർ സൗകര്യം കൊടുത്തില്ല. മൂർച്ചയുള്ള പല്ലുകൾകൊണ്ടു് പഠിപ്പിക്കേണ്ടതെല്ലാം പഠിപ്പിച്ചു. ഡെയ്‌വ് സുന്ദരനും ബുദ്ധിമാനുമായിരുന്നു. അകാരണമായി അവൻ ബക്കിൻെറ പുറത്തു് കിള്ളിയില്ലെങ്കിലും അതിന്റെ ആവശ്യമുള്ളപ്പോഴെല്ലാം ചെയ്തു. ഫ്രാങ്കോയിയുടെ ചാട്ട പുറത്തുകൊള്ളുമ്പോൾ പ്രതിഷേധിക്കുന്നതിനേക്കാൾ അനുസരിക്കുന്നതാണു നല്ലതെന്നു് അവനു ബോദ്ധ്യമായി. ഒരിക്കൽ ഒരു ചെറിയ വിശ്രമത്തിനുശേഷം വീണ്ടും പുറപ്പെടാനാരംഭിച്ചപ്പോൾ അവൻ മാർഗ്ഗപഥത്തിൽ ചുററിപ്പിണയുകയും അങ്ങനെ മുന്നോട്ടു നീങ്ങാൻ ഒരു പ്രതിബന്ധമാവുകയും ചെയ്തു. ഉടനെതന്നെ ഡെയ്‌വും സോൾലെക്ക്സും അവന്റെമേൽ ചാടിവീണു് അവനെ നന്നായൊന്നു ചതച്ചു. അതു് കൂടുതൽ കെട്ടുപിണയുവാനിടയാക്കി. അതിനുശേഷം അതാവർത്തിക്കാതിരിക്കാൻ അവൻ ശ്രദ്ധിച്ചു. ആ ദിവസം അവസാനിക്കുന്നതിനു മുമ്പുതന്നെ ബക്ക് വീണ്ടും തൃപ്തികരമായവിധം പ്രവർത്തിച്ചതുകൊണ്ടു് കൂട്ടുകാർ അവനെ ശല്യപ്പെടുത്തിയില്ല. ഫ്രാങ്കോയി വല്ലപ്പോഴുമേ ചാട്ട ഉപയോഗിച്ചുള്ളു. പെറാൾട്ട് ബക്കിൻെറ കാലുകൾ ഉയർത്തി പരിശോധിച്ച് അവനെ അല്പം ബഹുമാനിക്കുകപോലും ചെയ്തു.

അന്നു് പിടിപ്പതു ജോലിചെയ്തു. ശതക്കണക്കിനു് അടി ആഴമുള്ള ഹിമാവൃതമായ അരുവികളും മററു പ്രദേശങ്ങളും കടന്നു് അവർ വളരെയധികം സഞ്ചരിച്ചു. അഗ്നിപർവ്വതമുഖങ്ങളിൽ മാലപോലെ കിടക്കുന്ന അരുവികളും മറ്റും പിന്നിട്ടു് അന്നു രാത്രി വൈകിയപ്പോൾ ബെന്നററ് തടാകത്തിൻെറ തീരത്തുള്ള വിശാലമായ ക്യാമ്പിലെത്തിച്ചേർന്നു. അവിടെ ആയിരക്കണക്കിനു് ആളുകൾ സ്വർണ്ണം സമ്പാദിക്കാനായി വസന്തകാലത്തു് തകർന്നുപൊടിയുന്ന ഹിമപാളിയിലൂടെ സഞ്ചരിക്കാൻ പററിയ നൗകകൾ നിർമ്മിക്കുന്നുണ്ടായിരുന്നു. ബക്ക് മഞ്ഞിൽ കുഴിമാന്തി

ക്ഷീണിതനായി കിടന്നുറങ്ങി. അതിരാവിലെതന്നെ തണുപ്പു കലൻ അന്തരീക്ഷത്തിൽ അവരെ വണ്ടിയുടെ അരികിലേയ്ക്കു വലിച്ചുകൊണ്ടുപോയി കടിഞ്ഞാണുകളിട്ടു മുറുക്കി.

അന്നു് നാല്പതുമൈലോളം മുന്നോട്ടുപോയി. തുടന്ന് ഒന്നരണ്ടുദിവസം കഠിനാദ്ധ്വാനത്തിലേർപ്പെട്ടു. സാധാരണരീതിയനുസരിച്ചു പെറാൾട്ട് മുമ്പിൽ നടന്നു് ലാടം തറച്ച ചെരിപ്പുകൾകൊണ്ടു് യാത്രാപഥം സുഗമമാക്കും. ഫ്രാങ്കോയി അവരെ നയിച്ചുകൊണ്ടു് പിന്നിലും. ചിലപ്പോൾ അവർ സ്ഥാനങ്ങൾ അന്യോന്യം മാറും. വല്ലപ്പോഴുംമാത്രം. മഞ്ഞിനെക്കുറിച്ചു നല്ല ഗ്രാഹ്യമുണ്ടെന്നതിൽ പെറാൾട്ട് അഭിമാനംകൊണ്ടിരുന്നു. ആ അറിവു് പലപ്പോഴും വളരെയധികം ഉപകരിച്ചിട്ടുണ്ടു്. മഞ്ഞിന്റെ ഉപരിതലം ഘനം കുറഞ്ഞതായിരുന്നു; ജലമുള്ളിടത്തു് ഹിമം ഒട്ടുംതന്നെ ഉണ്ടായിരുന്നതുമില്ല.

ദിവസങ്ങൾ നീങ്ങി. അനുദിനം ബക്ക് അദ്ധ്വാനിച്ചു. എന്നും സന്ധ്യമയങ്ങുമ്പോൾ യാത്ര അവസാനിക്കും. പ്രഭാതവീചികൾ പ്രസരിച്ചുതുടങ്ങുമ്പോൾ യാത്ര തുടരും. അങ്ങനെയങ്ങനെ വളരെയധികം ദൂരം സഞ്ചരിച്ചു. രാത്രിയാകുമ്പോൾ ക്യാമ്പു നിർമ്മിച്ചു് അല്പം മത്സ്യവും ഭക്ഷിച്ചു് മഞ്ഞിൽ ചുരുണ്ടുകൂടി നിദ്രയിൽ ലയിക്കും. ബക്കിനു് ആഹാരം ലഭിക്കുവാൻ വല്ലാത്ത ആർത്തിയുണ്ടായിരുന്നു. ആകെ ഒന്നര പൗണ്ടു് സാൽമൺ മത്സ്യമാണു് ഒരുദിവസത്തെ റേഷൻ. അവനു് അതൊട്ടും മതിയായില്ല. ഒരിക്കലും ആവശ്യത്തിനനുസരിച്ചു ലഭിക്കാതിരുന്നതുകൊണ്ടു് എപ്പോഴും വിശപ്പാണു്. മററു നായകളാകട്ടെ, ഭാരക്കുറവുകൊണ്ടും ആ ജീവിതരീതിയോടു താദാത്മ്യം പ്രാപിച്ചതുകൊണ്ടും ഒരു പൗണ്ടു മത്സ്യംകൊണ്ടു തൃപ്തിപ്പെട്ടിരുന്നു.

അവനു് മുമ്പുണ്ടായിരുന്ന പ്രസന്നത നഷ്ടപ്പെട്ടു. അവൻ മെല്ലെ മെല്ലെ ഭക്ഷിച്ചുവരുമ്പോഴേയ്ക്കും കൂട്ടുകാർ എല്ലാം വെട്ടിവിഴുങ്ങിയശേഷം അവൻെറ വീതം അപഹരിക്കാനെത്തും. എതിരിടാൻ വിഷമമാണു്. രണ്ടുമൂന്നുപേരോടു് എതിർക്കുമ്പോൾ ആഹാരം മുഴുവൻ മററു ചിലരുടെ തൊണ്ടയിലൂടെ കീഴ്പ്പോട്ടിറങ്ങുകയാവും. എല്ലാം ഒന്നിച്ചു വാരിവിഴുങ്ങാൻ അവൻ ശ്രമിച്ചുനോക്കി. മാത്രമല്ല, വിശപ്പിൻെറ ആധിക്യംകൊണ്ടു് അപഹരിക്കാനുള്ള വാസന അവനിലും പ്രബലമായിത്തീന്നു.

അവൻ എല്ലാമെല്ലാം കാണുകയും അതോടൊപ്പം പഠിക്കുകയും ചെയ്തു. പുതിയ നായകളിലൊന്നായ പൈക്ക്, പെറാൾട്ട് പുറംതിരിഞ്ഞിരുന്ന തക്കംനോക്കി ഒരുകഷണം ഉണക്കമാംസം തട്ടിയെടുത്തു. (അവശത നടിക്കുവാനും മോഷ്ടിക്കുവാനും പൈക്ക് വിരുതനായിരുന്നു.) അടുത്തദിവസം അതിന് ബക്ക് പ്രതികാരം ചെയ്തു. ഒരു വലിയ കഷണം മുഴുവനോടെ വായ്ക്കുള്ളിലാക്കി. ഒരു വലിയ ബഹളം തുടർന്നുണ്ടായി. ബക്കിനെ ആരും സംശയിച്ചില്ല. എപ്പോഴും പിടിക്കപ്പെട്ടുന്ന മണ്ടനായ ഡബ്ബാണ് ബക്കിനു പകരം ശിക്ഷയനുഭവിച്ചതു്.

ഉത്തരദിക്കിലെ പ്രകോപനപരമായ അന്തരീക്ഷത്തിൽ ജീവിക്കുവാൻ താനും പ്രാപ്തനാണെന്ന് ആദ്യമോഷണം ബക്കിനെ പഠിപ്പിച്ചു. പരിവർത്തനോന്മുഖമായ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടുവാൻ അവനുള്ള കഴിവു് അങ്ങനെ വ്യക്തമായി. ആ കഴിവില്ലെങ്കിൽ മരണം തന്നെ സംഭവിക്കാം. വേറൊരുവിധത്തിലും അതു സഹായകമായിരുന്നു. നിലനില്പിനുവേണ്ടിയുള്ള അന്തമില്ലാത്ത സമരത്തിൽ വെറുമൊരനാവശ്യം മാത്രമായ സന്മാർഗ്ഗം തകർന്നു തരിപ്പണമായി. ദക്ഷിണദേശത്തു് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും നിയമത്തിൻകീഴിൽ വ്യക്തികളുടെ വികാരങ്ങളെയും അന്യന്റെ മുതലിനെയും മാനിക്കേണ്ടതുണ്ടായിരുന്നു. പക്ഷേ, ഇവിടെയും അതു പകർത്തുന്നതു് പരമാബദ്ധമാണ്. ഭാവിയെ സംബന്ധിച്ചിടത്തോളം അശുഭസൂചകവുമാണ്. കാരണം, ഉത്തരദിക്കിലെ നിയമം ഗദയുടേതും ദംഷ്ട്രയുടേതുമായിരുന്നു.

ഇതൊന്നും ബക്കിന്റെ ബുദ്ധിയിൽ മുളച്ചതല്ല. പുതിയ അന്തരീക്ഷവുമായി അവനറിയാതെതന്നെ അങ്ങു പൊരുത്തപ്പെട്ടുവെന്നുമാത്രം. മുമ്പാണെങ്കിൽ, സമരത്തിൽനിന്നു പിന്തിരിയുക അഭിമാനഭംഗമായി കരുതുമായിരുന്നു. ഇന്നോ? ചുവന്ന കുപ്പായക്കാരന്റെ ചാട്ട കുറേക്കൂടി പ്രാകൃതവും ബീജഭൂതവുമായ ജീവിതരീതിയുമായി അവനെ പരിചയപ്പെട്ടുത്തി. പരിഷ്കൃതനായിരുന്നെങ്കിൽ സന്മാർഗ്ഗത്തിന്റെപേരിൽ ജഡ്ജിമില്ലർക്കുവേണ്ടിയോ മറ്റോ മരണംപോലും വരിക്കുമായിരുന്നു. ഇന്ന് അമ്മാതിരി പരിഗണനകൾ കാറ്റിൽപ്പറത്തുവാനുള്ള പ്രവണതയുണ്ടായി. മോഷ്ടിച്ചതു് പ്രത്യേക രസംകൊണ്ടൊന്നുമല്ല. വിശപ്പിന്റെ

തള്ളലാണ് പ്രേരിപ്പിച്ചതു്. മററുള്ളവർ കാൺകെ തട്ടിയെടുക്കുകയായിരുന്നില്ല. ഗദയോടും ദംഷ്ട്രയോടുമുള്ള ആദരവുകൊണ്ടു് സൂത്രത്തിലും രഹസ്യമായിട്ടുമാണു്. ചുരുക്കത്തിൽ, അങ്ങനെയൊക്കെ ചെയ്യുന്നതു് ചെയ്യാതിരിക്കുന്നതിനേക്കാൾ നന്നാണെന്നതായിരുന്നു അവന്റെ പുതിയ പ്രവൃത്തികൾക്കെല്ലാം അടിസ്ഥാനം.

അവന്റെ പരിവർത്തനം (അഥവാ ........നം) അതിവേഗത്തിലായിരുന്നു. മാംസപേശികൾ ദൃഢങ്ങളായി. സാധാരണമായ വേദനകൾ വകവയ്ക്കാതിരിക്കാനുള്ള പ്രാപ്തിയുണ്ടായി. പരിവർത്തനം ആന്തരമായും ബാഹ്യമായും സംഭവിച്ചു. എത്ര വൃത്തികെട്ടതും ദഹിക്കാത്തതുമായ ആഹാരവും കഴിക്കാനുള്ള മനോഭാവമുണ്ടായി. അങ്ങനെ ഭക്ഷിക്കുന്ന സാധനങ്ങളിൽ ഓരോ അണുവും ദഹിച്ചുചേരുകയും രക്തപുഷ്ടിയുണ്ടാവുകയും ചെയ്തു. കാഴ്ചശക്തിയും ഘ്രാണശക്തിയും സൂക്ഷ്മതരമായി. ഉറങ്ങുമ്പോഴും അവ്യക്തമായ സ്വരംപോലും കേൾക്കുവാനും അതു് സമാധാനത്തെയാണോ ആപത്തിനെയാണോ സൂചിപ്പിക്കുന്നതെന്നു ഗ്രഹിക്കുവാനുതക്കവണ്ണം അവന്റെ ശ്രവണശക്തി വർദ്ധിച്ചു. കാലുകൾക്കിടയിൽ മഞ്ഞുകട്ടകൾ വന്നുപെട്ടുമ്പോൾ അവ കടിച്ചുപൊട്ടിക്കുവാനും ദാഹിച്ചുവലയുമ്പോൾ ജലനിരപ്പിനു മുകളിലുള്ള ഹിമാവരണം മുൻകാലുകൾകൊണ്ടു തല്ലിപ്പൊടിച്ചു് ജലം നുകരുവാനും അവൻ പഠിച്ചു. അവന്റെ ഏററവും മികച്ച കഴിവു് ഒരുരാത്രി മുമ്പുതന്നെ കാററിന്റെ ഗതി മണത്തറിയുവാനുള്ള ശക്തിയുണ്ടെന്നതായിരുന്നു. അതുകൊണ്ടു് കാററു് എത്ര ശക്തമായിരുന്നാലും ഉലച്ചിൽ തട്ടാത്തവിധം മരത്തിലുംമററും കിടപ്പുറയുണ്ടാക്കുവാൻസാധിച്ചു.

അനുഭവങ്ങൾ പലതും പഠിപ്പിച്ചുവെന്നു മാത്രമല്ല ജന്മവാസനകൾ ഉണർത്തുകയും ചെയ്തു. വീട്ടുനായകളുടെ പാരമ്പര്യം അവൻ വിസ്മരിച്ചു. അവ്യക്തമായരീതിയിൽ അവൻ അവന്റെ പൂർവ്വികന്മാരുടെ കാലഘട്ടത്തിലേയ്ക്കു്, പ്രാകൃതമായ കാനനവീഥികളിൽ കാട്ടുനായകൾ കൂട്ടംകൂട്ടുകയും ഇരതേടുകയും ചെയ്തിരുന്ന കാലഘട്ടത്തിലേയ്ക്കു്, മടങ്ങിച്ചെന്നു. അവനെ സംബന്ധിച്ചിടത്തോളം ചെന്നായകളെപ്പോലെ അള്ളിപ്പറിക്കുന്നമാതിരി യുദ്ധംചെയ്യുക എളുപ്പമായിരുന്നു. ആ രീതിയിലാണു് അവന്റെ

പൂർവ്വികന്മാർ യുദ്ധം ചെയ്തിരുന്നതു്. ആ പ്രാകൃതജീവിതത്തിന്റെ സവിശേഷതകൾ അവനിലും പ്രതിഫലിച്ചു. പൂർവ്വികന്മാരുടെ മാതൃക അവനെളുപ്പം പഠിച്ചു. ജീവിതം മുഴുവൻ നയിച്ചതു് അങ്ങനെയാണോ എന്നു തോന്നിപ്പോകും. അത്ര ശ്രമരഹിതമായ രീതിയിൽ അവൻ അതു പഠിച്ചു. അങ്ങനെ കുളിർന്നു വിറയ്ക്കുന്ന രാത്രികളിൽ നാസിക ഒരു നക്ഷത്രത്തിന്റെനേക്കു കാട്ടിക്കൊണ്ടു് അവൻ ചെന്നായയെപ്പോലെ ഓലിയിട്ടപ്പോൾ യഥാർത്ഥത്തിൽ ആ സ്വരം മരിച്ചുമണ്ണടിഞ്ഞ പൂർവ്വികന്മാരുടേതായിരുന്നു. അവന്റെ താളനിബദ്ധമായ വിളിയിലുണ്ടായ അപസ്വരങ്ങൾ പൂർവ്വികന്മാരുടെ ദുഃഖത്തിന്റെയും, തണുപ്പിനും നിശ്ചലതത്വത്തിനും അന്ധകാരത്തിനും അവർ കല്പിച്ച അർത്ഥത്തിന്റെയും പ്രകാശനമായിരുന്നു.

അങ്ങനെ ജീവിതം പാവക്കൂത്താണെന്നോർമ്മിപ്പിക്കുമാറു് ആ പഴയ ഗാനം അവനിലൂടെ വീണ്ടും ഉയർന്നുപൊങ്ങി. അവൻ തികച്ചും അവനായിക്കഴിഞ്ഞു. ഇതിനെല്ലാം കാരണം? ചിലർ ഉത്തരദേശത്തു് ഒരിനം മഞ്ഞലോഹം കണ്ടെത്തിയതും, ഒരു തോട്ടക്കാരന്റെ സഹായിയെന്ന നിലയ്ക്കു് കിട്ടുന്ന ശമ്പളം മനുവേലിനു് അവന്റെ ഭാര്യയെയും എണ്ണമററ കൊച്ചുപതിപ്പുകളേയും പോററുവാൻ തികയാതിരുന്നതുമാണു്!

3

# ബലിഷ്ഠവും ബീജഭൃതവുമായ മൃഗം

ബലിഷ്ഠവും ബീജഭൃതവുമായ മൃഗത്തിൻെറ സവിശേഷതകൾ ബക്കിൽ ഉണ്ടന്നു. ആ ഭീകരമായ അന്തരീക്ഷത്തിൽ അതു് അനുദിനം വളർച്ചപ്രാപിച്ചു. അതൊരു രഹസ്യമായ വളർച്ചയായിരുന്നു. അവൻെറ അഭിനവമായി ജനിച്ച സൂത്രശാലിത്വം അവനു് സമനിലയും സംയമവും കൈവരുത്തി. പുതിയ ജീവിതവുമായി പൊരുത്തപ്പെട്ടു് ശാന്തിലഭിക്കുവാനുള്ള ഒരു ശ്രമമായിരുന്നു അതു്. അതിനാൽ യുദ്ധങ്ങൾ സൃഷ്ടിച്ചില്ലെന്നു മാത്രമല്ല, ഒഴിവാക്കുകകൂടി ചെയ്തു. മുൻകരുതൽമനോഭാവം അവനിലുണ്ടായി. ധാർഷ്ട്യത്തിനോ പെട്ടെന്നുള്ള നടപടികൾക്കോ മുതിന്നില്ല. സ്പിററ്സിനോടു് അവനുണ്ടായിരുന്ന ശക്തിയായ വെറുപ്പിൻെറ കാര്യത്തിൽ അക്ഷമപ്രദർശിപ്പിച്ചില്ലെന്നു മാത്രമല്ല, പ്രകോപനപരമായ പ്രവൃത്തികളിൽനിന്നൊഴിഞ്ഞുമാറുകയും ചെയ്തു.

നേരെമറിച്ചു് സ്പിററ്സ് തൻെറ പല്ലുകളുപയോഗിക്കുവാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തിയില്ല. ബക്കിൽ അപകടപൂർണ്ണമായ ഒരു എതിരാളിയെ കണ്ടതുകൊണ്ടാവാം. അവൻ ബക്കിനെ ഉപദ്രവിക്കാൻ മുതിരുകയും രണ്ടിലൊരാൾ ചാകുന്നതുവരെ നീണ്ടുനില്ക്കുന്ന സമരം സൃഷ്ടിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

അസാധാരണമായ ഒരപകടം പിണഞ്ഞില്ലായിരുന്നുവെങ്കിൽ യാത്രയുടെ ആദ്യഘട്ടത്തിൽത്തന്നെ സമരം നടന്നേനെ. ആ ദിവസം അവസാനിച്ചപ്പോൾ അവർ ലെബാർജ് തടാകത്തിൻെറ തീരത്തു് തണുപ്പുള്ളതും സുരക്ഷിതമല്ലാത്തതുമായ ഒരു ക്യാമ്പുണ്ടാക്കി. ഹിമപാതവും, ചുട്ടുപഴുപ്പിച്ച കത്തിയാലെന്നപോലെ പൊള്ളിക്കുന്ന കാററും, കൂരിരുട്ടും അവരെ ഒരു ക്യാമ്പുണ്ടാക്കാൻ നിർബ്ബന്ധിതരാക്കി. കുഴപ്പംപിടിച്ച ഒരു പരിത

സ്ഥിതി സംജാതമായി. പിന്നിൽ ലംബാകൃതിയിലുള്ള പാറക്കെട്ടാണ്. അതുകൊണ്ടു് ആ മഞ്ഞിൽത്തന്നെ കിടക്ക വിരിക്കുവാനും തീകൂട്ടാനും അവർ നിർബ്ബന്ധിതരായി. യാത്രയുടെ ഭാരം കുറയ്ക്കാനായി കൂടാരം ഡൈയായിൽവച്ചുതന്നെ ഉപേക്ഷിച്ചിരുന്നു.

പാറയുടെ അടിവാരത്തിൽ ബക്ക് തൻെറ അഭയസ്ഥാനം നിർമ്മിച്ചു. ഫ്രാങ്കോയി ചുട്ട മത്സ്യം വിതരണം ചെയ്തപ്പോഴും ചൂടുനിറഞ്ഞതും സുഖകരവുമായ ശയ്യവിട്ടെഴുന്നേററുപോകുവാൻ അവനു മനസ്സുതോന്നിയില്ല. എന്തായാലും അവൻ പോയി തൻെറ വീതം വാങ്ങി തിരിച്ചെത്തിയപ്പോഴേയ്ക്കും ആ സ്ഥാനം മററാരോ അപഹരിച്ചിരുന്നു. മുന്നറിയിപ്പെന്നമാതിരിയുള്ള കുര അതു് സ്പിററ്സാണെന്നതു വ്യക്തമാക്കി. ഇതുവരെ തൻെറ ശത്രുവുമായുള്ള സംഘട്ടനം ഒഴിവാക്കിയിരുന്നു. ഇത്തവണ ക്ഷമ നശിച്ചു. അവനിലുള്ള മൃഗം ഉച്ചത്തിൽ അലറി. ഉത്തരക്ഷണത്തിൽ അവൻ സ്പിററ്സിൻെറമേൽ ചാടിവീണു. അവൻെറ ശൗര്യം ഇരുകക്ഷികളെയും അത്ഭുതപ്പെടുത്തി. പ്രത്യേകിച്ചു് സ്പിററ്സ് അതുവരെ ധരിച്ചിരുന്നതു് ബക്ക് വെറുമൊരു നാണംകുണുങ്ങിയാണെന്നാണ്. ഇപ്പോൾ സ്വന്തം നിലയുറപ്പിക്കാൻപോലും സ്പിറ്റ്സിനു പാടുപെടേണ്ടിവന്നിരിക്കുകയാണ്.

ഫ്രാങ്കോയിയും അത്ഭുതപ്പെട്ടു. അയാൾക്കു് സംഗതികൾ വ്യക്തമായി. ''ഹാാാ...യ്...'' അയാൾ ബക്കിനെ ആഹ്വാനം ചെയ്തു. ''പടച്ചോനാണെ, തകക്കിനെടാ അവനെ! തകക്കിനെടാ ആ കള്ളക്കഴവേറിയെ!''

സ്പിറ്റ്സും തയ്യാറെടുത്തിരുന്നു. കോപാന്ധതയാലും ആകാംക്ഷകൊണ്ടും കുതിച്ചുചാടാൻ അവസരംപാർത്തു് അവൻ ചുററിക്കറങ്ങി. തുല്യമായ ആകാംക്ഷയോടും മുൻകരുതലോടുംകൂടി ബക്കും കറങ്ങിത്തിരിഞ്ഞു. അപ്പോഴാണ് അവിചാരിതമായി മറെറാരു സംഭവമുണ്ടായതു്. ആ സംഭവം ആധിപത്യത്തിനുവേണ്ടിയുള്ള അവരുടെ സമരം ഭാവിയിലേയ്ക്കു വ്യാപിപ്പിച്ചു.

പെറാൾട്ടിൻെറ ഒരു ശപഥവും എല്ലുന്തിയ ഒരു ശരീരത്തിൽ വന്നുവീണ ഗദയുടെ മുഴക്കവും വേദനകൊണ്ടുള്ള ഞരക്കവുമെല്ലാം ഒരു നരകം അത്യാസന്നമാണെന്നു് സൂചിപ്പിച്ചു. പെട്ടെന്നു ക്യാമ്പു് പട്ടിണികിടന്നു് എല്ലുന്തിയ പത്തുനൂറു ഹസ്കികളെക്കൊണ്ടു നിറഞ്ഞു. സമീപത്തുള്ള ഒരിൻഡ്യൻ

ഗ്രാമത്തിൽനിന്നും മണംപിടിച്ചെത്തിയവരാണവർ. ബക്കും സ്പിററ്സും തമ്മിലുള്ള സമരം കൊടുമ്പിരിക്കൊണ്ടപ്പോഴാണ് അവർ ആ ഭാഗം വളഞ്ഞതു്. പെറാൾട്ടും ഫ്രാങ്കോയിയും ഉടൻ തന്നെ ബലമുള്ള ഗദകളുമായി അവരുടെ ഇടയിലേയ്ക്കു ചാടി. പക്ഷേ, അവർ പല്ലിളിച്ചു കാട്ടിക്കൊണ്ടു് സമരംതുടന്നു. ആഹാരസാധനങ്ങളുടെ ഗന്ധം അവരെ ഭ്രാന്തുപിടിപ്പിച്ചിരുന്നു. ഒരു നായയുടെ തല ആഹാരസാധനങ്ങൾ സൂക്ഷിക്കുന്ന പെട്ടിക്കുള്ളിൽ താഴുന്നതു് പെറാൾട്ട കണ്ടു. അയാളുടെ ഗദ അവൻെറ മേൽ ശക്തിയായി പതിച്ചു. പെട്ടി ചിന്നിച്ചിതറി. ഉടനെ വിശന്നുവലഞ്ഞ നായകൾ ആഹാരത്തിനുവേണ്ടി കടിപിടി കൂടി. ഗദകൾ അവരുടെമേൽ നിരന്തരം പതിച്ചുകൊണ്ടിരുന്നു. ആ ശരവർഷമേററു് അവർ നിലവിളിക്കുകയും ഓലിയിടുകയും ചെയ്തു. എങ്കിലും ഭക്ഷണസാധനങ്ങളുടെ അവസാനത്തെ കഷണവും തീരുന്നതുവരെ പേപിടിച്ച മട്ടിൽ പൊരുതി.

അപ്പോഴാണു് ബക്കും കൂട്ടരും അത്ഭുതത്തോടെ അങ്ങോട്ടോടിയെത്തിയതു്. ഉടൻതന്നെ ആക്രമണകാരികൾ അവരെ നേരിട്ടു. ബക്ക് അമ്മാതിരി നായകളെ മുമ്പു കണ്ടിട്ടുണ്ടായിരുന്നില്ല. അവരുടെ കൂർത്ത എല്ലുകൾ തൊലിതുളച്ചു പുറത്തുചാടുമോ എന്നു സംശയം തോന്നും. തിളങ്ങുന്ന കണ്ണുകളും നുരചിന്നുന്ന ദംഷ്ട്രകളുമുള്ള അവർ തൊലികൊണ്ടു പൊതിയപ്പെട്ട അസ്ഥിപഞ്ജരങ്ങൾ മാത്രമായിരുന്നു. പക്ഷേ, വിശപ്പിൻെറ ഭ്രാന്തു് അവരെ ഭീകരരൂപികളും അപ്രതിരോദ്ധ്യരുമാക്കിത്തീർത്തു. എതിരിടുക വിഷമമായി. ആദ്യംതന്നെ ബക്കും കൂട്ടരും മലഞ്ചെരുവിലേയ്ക്കു് തുരത്തെറിയപ്പെട്ടു. മൂന്നു ഹസ്കികൾ ബക്കിനെ പൊതിഞ്ഞു. അടുത്ത നിമിഷത്തിൽ ബക്കിൻെറ ശിരസ്സും തോളും കീറിമുറിഞ്ഞു. ഭയജനകമായിരുന്നു ആ പോരാട്ടം. ബില്ലി പതിവുപോലെ നിലവിളിച്ചു. രക്തമൊഴുകുന്ന പത്തിരുപതു മുറിവുകളോടെ ഡെയ്‌വും സോൾലെക്ക്സും ഒന്നിച്ചുനിന്നു് ധീരധീരം പൊരുതി. ജോ ഒരു പിശാചിനെപ്പോലെ കുതിച്ചുചാടിക്കൊണ്ടിരുന്നു. ഒരുപ്രാവശ്യം അവൻെറ പല്ലുകൾ ഒരു ഹസ്കിയുടെ മുൻകാലിൽ കോർക്കുകയും എല്ലിൽ മുട്ടുന്നതുവരെ കടിച്ചുകീറുകയും ചെയ്തു. കാപട്യം നിറഞ്ഞവനായ പൈക്ക് ആ നായയുടെമേൽ ചാടിവീണു് പല്ലുകളുടെ പെട്ടെന്നുള്ള സമർത്ഥ

മായ പ്രയോഗംകൊണ്ടു് കഴുത്തു് ഒടിച്ചു. ബക്കു് നുരയും പതയും വമിക്കുന്ന ഒരു നായയുടെ കഴുത്തിൽ കോർത്തുപിടിച്ചശേഷം രക്തം കുടുകുടാ ഒഴുകുമാറു് പല്ലുകൾ താഴ്ത്തി. രക്തത്തിന്റെ ചുവ നാവിലൂറിയപ്പോൾ അവൻ ഒരു പിശാചായി മാറി. അടുത്ത നിമിഷത്തിൽ മറ്റൊരുവന്റെമേൽ ചാടിവീണു. അപ്പോൾ തന്നെ സ്വന്തം കഴുത്തിലും പല്ലുകൾ ആഴ്ന്നിറങ്ങുന്നതായി അവനു് അനുഭവപ്പെട്ടു. അതു മറ്റാരുമായിരുന്നില്ല. സ്പിറ്റ്സ് തക്കംനോക്കി അവനെ ആക്രമിക്കുകയായിരുന്നു!

പെറാൾട്ടും ഫ്രാങ്കോയിയും ആക്രമിച്ചവരെ തുരത്തുന്നതിനൊപ്പം സ്വന്തം നായകളെ രക്ഷിക്കുവാൻ ധൃതിപൂണ്ടു. എല്ലുന്തിയ നായകൾ അവരുടെമുമ്പിൽ മൃഗീയമായി പോരാടുകയാണു്. ബക്കു് ഒരുനിമിഷത്തേയ്ക്കു് ആ വലയത്തിൽനിന്നും സ്വതന്ത്രനായി. ഹസ്കികൾ വീണ്ടും ആഹാരംനിറച്ച പെട്ടിയെ സമീപിച്ചപ്പോൾ പെറാൾട്ടും ഫ്രാങ്കോയിയും ഇടപെട്ടു. ആ സന്ദർഭംനോക്കി ഹസ്കികൾ ബക്കിനേയും കൂട്ടരേയും വീണ്ടും ആക്രമിച്ചു. ബില്ലി ഭയാധിക്യംകൊണ്ടു വീണ്ടെടുക്കപ്പെട്ട ശൗര്യത്തോടെ മഞ്ഞിന്റെ മുകളിലൂടെ ഓടി രക്ഷപ്പെട്ടു. പൈക്കും ഡബ്ബും അവനെ അനുഗമിച്ചു. ശേഷമുള്ളവർ പിൻപേയും. ബക്കും അവരുടെകൂടെ കുതിക്കാനാരംഭിച്ചപ്പോൾ സ്പിററ്സ് തന്റെ നേരെ ഓടിയടുക്കുന്നതു് കൺകോണുകളിൽപ്പെട്ടു. അവനെ തട്ടിമറിക്കുവാനാണു് സ്പിററ്സിന്റെ വരവു്. മറിഞ്ഞുവീണു് ഹസ്കികളുടെ അടിയിൽ പെട്ടുപോയാൽ കഥ കഴിയും. അതുകൊണ്ടു് ധൈര്യത്തോടെ അവൻ തെന്നിമാറുകയും പിന്നീടു് തടാകത്തിൽ കൂട്ടുകാരോടൊത്തുചേരുകയും ചെയ്തു.

കുറേ വൈകിയപ്പോൾ ഒമ്പതുകൂട്ടുകാരുമൊന്നിച്ചു് വനത്തിൽ അഭയംതേടി. ആരും അനുധാവനം ചെയ്തിരുന്നില്ലെങ്കിലും അവർ ക്ഷീണിച്ചു തളർന്നിരുന്നു. നാലോ അഞ്ചോ മുറിവുകളെങ്കിലുമില്ലാത്തവർ ചുരുക്കം. ചിലർക്കു് കൂടുതൽ ഭയങ്കരമായ മുറിവുകളുമുണ്ടു്. ഡബ്ബിന്റെ പിൻകാലിൽ ആഴമുള്ള ഒരു മുറിവുണ്ടായിരുന്നു. ഡൈയായിൽവച്ചു് അവസാനം അവരോടൊത്തുചേർന്ന ഡോളിയുടെ കഴുത്തു് കീറിപ്പൊളിഞ്ഞിരുന്നു. ജോവിനു് ഒരു കണ്ണു നഷ്ടപ്പെട്ടു. നല്ലവനായ ബില്ലി ഒരു ചെവി മുഴുവൻ ചതഞ്ഞരഞ്ഞുപോയതുകൊണ്ടു് രാത്രി മുഴുവൻ നില

വിളിക്കുകയും ഞരങ്ങുകയും ചെയ്തു. നേരം വെളുത്തപ്പോൾ അവർ ക്ഷീണിതരായി മുടന്തിമുടന്തി ക്യാമ്പിലെത്തി. ഹസ്കികളെല്ലാം അവിടം വിട്ടുകഴിഞ്ഞിരുന്നു. എങ്കിലും പെറാൾട്ടും ഫ്രാങ്കോയിയും അത്ര നല്ല മാനസികാവസ്ഥയിലായിരുന്നില്ല. ആഹാരസാധനങ്ങൾ പകുതിയോളം നഷ്ടപ്പെട്ടിരുന്നു. ഹസ്കികൾ വണ്ടിയുടെ കയറുകളും ക്യാൻവാസുമെല്ലാം കീറിപ്പൊളിച്ചിരുന്നു. വാസ്തവത്തിൽ അവർ പല്ലുകൾ പ്രയോഗിക്കാത്തതൊന്നുമുണ്ടായിരുന്നില്ല. പെറാൾട്ടിന്റെ കടമാന്തോലുകൊണ്ടുണ്ടാക്കിയ ചെരിപ്പിന്റെ തോൽവാറും ഫ്രാങ്കോയിയുടെ ചാട്ടയുടെ ഏതാനും അംശവും അവർ ചവച്ചുതിന്നിരുന്നു. ആ നഷ്ടമോർത്ത് ഫ്രാങ്കോയി പരിതപിച്ചിരിക്കുമ്പോഴാണ് നായകൾ എത്തിയത്. അതുകൊണ്ട് അവരുടെ മുറിവുകൾ നോക്കിക്കളയാമെന്നുറച്ചു.

"ആഹ്! കൂട്ടരേ," അയാൾ മൃദുവായ സ്വരത്തിൽ പറഞ്ഞുതുടങ്ങി. "ആ കടികള് നിങ്ങക്ക് പേ പിടിപ്പിച്ചിട്ട്ണ്ടാവും. എല്ലാത്തിനും പേ പിടിച്ചിട്ട്ണ്ടാവും. മുടിഞ്ഞ കളി. എ! പെറാൾട്ട്! എന്താ പറയ്ണ്?"

വാർത്താഹരൻ സന്ദേഹപൂർവ്വം തലകുലുക്കി. ഡോസൺ വരെ ഇനിയും നാന്നൂറുമൈലോളം അവശേഷിക്കുമ്പോഴാണ് പട്ടിക്കു പേ പിടിച്ചെന്നു കരുതുക! രണ്ടുമണിക്കൂറോളം ശപിച്ചും ശ്രമിച്ചും അവർ വണ്ടിയും മററും വീണ്ടും ശരിപ്പെടുത്തി. മുറിവേററുതളർന്ന നായകൾ വീണ്ടും യാത്രയ്ക്കു തയ്യാറായി. അവരനുഭവിച്ചതിനേക്കാൾ വിഷമകരമായ യാത്രയാണ് ഇനിയുമുള്ളത്. വേദന തിന്നുകൊണ്ട് അവർ മുന്നോട്ടുനീങ്ങി.

മുപ്പതുമൈലോളം വിശാലമായ നദിയാണ്. ആ നദിയിലെ ജലം കുതിച്ചൊഴുകിയിരുന്നതുകൊണ്ട് മഞ്ഞു് കട്ടപിടിച്ചിരുന്നില്ല. ചില ചുഴികളിലും പ്രശാന്തമായ ഭാഗങ്ങളിലും മാത്രമേ മഞ്ഞു് ഉറഞ്ഞുകൂടിയിരുന്നുള്ളു. ആ കുഴപ്പംപിടിച്ച മുപ്പതുമൈൽ കടക്കുന്നതിന് ആറുദിവസത്തെ കഠിനാദ്ധ്വാനം വേണ്ടിവന്നു. പട്ടികളുടെയും മനുഷ്യരുടെയും ജീവൻകൊണ്ടുള്ള പന്താട്ടമായിരുന്നു അത്. പെറാൾട്ട് പലപ്പോഴും മുമ്പിൽ ഹിമപാളികൾ പൊട്ടിച്ചുകൊണ്ട് നടന്നു. വീഴാതിരിക്കുവാൻ ഒരു കഴക്കോലിന്റെ സഹായം തേടിയിരുന്നു. തണുപ്പു കലശ

ലായി. അതുകൊണ്ടു് മഞ്ഞുനിറഞ്ഞ ഭാഗങ്ങൾ കടന്നപ്പോഴെല്ലാം പെട്ടെന്നു് തീ കൂട്ടുകയും വസ്തുങ്ങൾ ഉണക്കുകയും മററും ചെയ്യേണ്ടിവന്നു. അല്ലെങ്കിൽ ജീവൻ അപകടത്തിലായിത്തീരും.

പെറാൾട്ട് ഒന്നുകൊണ്ടും ചഞ്ചലനായില്ല. അങ്ങനെ ധൈര്യശാലിയാണെന്നതുകൊണ്ടാണു് സക്കാരിൻെറ വാത്താഹരനെന്നസ്ഥാനം ലഭിച്ചതുതന്നെ. ആപത്തുകൾ കൈനീട്ടി വാങ്ങുന്ന സ്വഭാവമാണയാൾക്കുള്ളതു്. മെലിഞ്ഞ ശരീരം മുന്നോട്ടുതള്ളിക്കൊണ്ടു് പ്രഭാതം മുതൽ പ്രദോഷംവരെ അയാൾ പണിയെടുത്തു. പാദങ്ങൾ പതിയുമ്പോൾ ചിന്നിപ്പൊടിയുന്ന ഹിമപാളികളിലൂടെയാണു് തെന്നിവീഴാനിടയുള്ള ഭാഗങ്ങൾ തരണം ചെയ്യുക. തെല്ലൊന്നു നിന്നുപോയാൽ കഥ കഴിയും. ഒരിക്കൽ വണ്ടി മഞ്ഞിൽ പൂന്തിപ്പോയി. ഡെയ്‌വും സോൾലെക്ക്സും മഞ്ഞിൽമുങ്ങി തണുത്തുമരവിച്ചു. വളരെ പ്രയാസപ്പെട്ടാണു് അവരെ വലിച്ചെടുത്തു രക്ഷപ്പെടുത്തിയതു്. പിന്നീടു് തീ കൂട്ടി ജ്വാലകളോടുരുമ്മുമാറു് അവരെ അഗ്നികുണ്ഡത്തിനു ചുററും നടത്തി.

മറെറാരിക്കൽ സ്പിററ്സ് വണ്ടി വലിച്ചുകൊണ്ടു മുമ്പിൽ നടക്കുകയായിരുന്നു. വണ്ടിയുടെ പിന്നിലായി തെന്നുന്ന ചെരിവിലൂടെ മുൻകാലുകൾ ചിന്നിപ്പൊടിയുന്ന മഞ്ഞിലുറപ്പിച്ചും ശക്തിമുഴവനുപയോഗിച്ചു് വണ്ടിയുടെ ആയം പിന്നോട്ടാക്കിയും ബക്ക് നടന്നു. പിന്നിൽ, അതേമാതിരി പിന്നോട്ടാഞ്ഞുകൊണ്ടു് ഡെയ്‌വും ഏററവും പിന്നിൽ മാംസപേശികൾ ഉലയുമാറു് പ്രവത്തിച്ചുകൊണ്ടു് ഫ്രാങ്കോയിയും അനുഗമിച്ചു.

പെട്ടെന്നു് മഞ്ഞുറഞ്ഞ വരമ്പു് മുന്നിലും പിന്നിലും ഒന്നിച്ചു പൊട്ടിത്തകന്നുപോയി. ഒരുവശത്തുള്ള മലഞ്ചെരിവുമാത്രമാണു് ഏകരക്ഷാമാഗ്ഗം. പെറാൾട്ട് അത്യത്ഭുതകരമായ വിധത്തിൽ ഒരു വഴി കണ്ടുപിടിച്ചു. ശകടത്തിലും മററും ഉണ്ടായിരുന്ന കയറുകളെല്ലാം അഴിച്ചെടുത്തു കൂട്ടിക്കെട്ടി. നായകളെ അതിലൂടെ ഒന്നൊന്നായി കുന്നിൻെറ മുകളിലേയ്ക്കു കയററിവിട്ടു. വണ്ടിയും ഭാരവും കയററിയശേഷം പുറകെ ഫ്രാങ്കോയിയും മുകളിലെത്തി. ഇനി താഴോട്ടിറങ്ങുവാൻ ഒരു മാഗ്ഗം കണ്ടെത്തണം. അവസാനം കയറിന്റെ സഹായത്തോടെതന്നെ അതും സാധിച്ചു.

രാത്രിയായപ്പോൾ അവർ വീണ്ടും നദിയിലെത്തിച്ചേന്നു. ആ ദിവസം അവർ ആകെ യാത്രചെയ്ത ദൂരം കാൽ മൈൽ മാത്രമാണ്.

ഹൂട്ടലിങ്കപായിലെത്തിയപ്പോഴേയ്ക്കും ബക്ക് വല്ലാതെ തളന്നു. എല്ലാ നായകളുടെയും സ്ഥിതി അതുതന്നെ. പക്ഷേ, സമയം നഷ്ടപ്പെടുത്തുവാൻ പെറാൾട്ട് അനുവദിച്ചില്ല. ആദ്യത്തെ ദിവസം അവർ മുപ്പത്തഞ്ചുമൈൽകൂടി യാത്രചെയ്ത് ബിഗ്സാൽമണിലെത്തി. അടുത്തദിവസം ലിററിൽ സാൽമൺവരെയുള്ള മറെറാരു മുപ്പത്തഞ്ച് മൈൽ പിന്നിട്ടു. മൂന്നാംദിവസം നാല്പതു മൈലോളം സഞ്ചരിച്ചതുകൊണ്ട് ഫൈവ്ഫിംഗേഴ്സിനു് ഏതാണ്ടടുത്തായി.

ഹസ്കികളുടേതുപോലെ പരുപരുത്തതും ദൃഢവുമായിരുന്നില്ല ബക്കിൻെറ പാദങ്ങൾ. അവൻെറ പൂർവ്വികരിൽ അവസാനത്തേതായിരുന്നിരിക്കാനിടയുള്ള കാട്ടുനായയെ ഏതോ ഗുഹാവാസിയോ മറേറാ മെരുക്കിയശേഷം തലമുറകൾ പലതു കഴിഞ്ഞിരുന്നു. അതുകൊണ്ട് അവൻെറ പാദങ്ങൾക്ക് മൃദുത്വം കൈവന്നിരുന്നു. അന്നുമുഴുവൻ അവൻ നൊമ്പരംകൊണ്ടു മുടന്തിയാണ് നടന്നതു്. ക്യാമ്പു നിർമ്മിച്ചശേഷം ഒരു ചത്ത പട്ടിയേപ്പോലെ അവൻ ഒരിടത്തു കിടന്നു. വിശപ്പുണ്ടായിരുന്നെങ്കിലും മത്സ്യം വിതരണംചെയ്തപ്പോഴും എഴുന്നേററുപോയില്ല. ഫ്രാങ്കോയി അവൻെറ വീതം കൊണ്ടുകൊടുത്തു. എല്ലാ ദിവസവും അത്താഴത്തിനുശേഷം ഡ്രൈവറായ ഫ്രാങ്കോയി ബക്കിൻ്റെ പാദങ്ങൾ തടവും. മാത്രമല്ല, അയാൾ സ്വന്തം ചെരുപ്പിൻെറ ഏതാനും അംശങ്ങൾകൊണ്ടു് ബക്കിനു നാലു കുഞ്ഞിച്ചെരുപ്പുകൾ ഉണ്ടാക്കുകയുംചെയ്തു. അതൊരു വലിയ ആശ്വാസമായിത്തീർന്നു. ഒരുദിവസം രാവിലെ ഫ്രാങ്കോയി കുഞ്ഞിച്ചെരുപ്പുകളുടെ കാര്യം വിസ്മരിച്ചുപോയപ്പോൾ ബക്ക് മലർന്നുകിടന്നുകൊണ്ടു് കാലുകൾ മുകളിലോട്ട് അപേക്ഷാപൂർവ്വം വീശിക്കൊണ്ടു് എഴുന്നേല്ക്കാൻ വിസമ്മതിച്ചു. അതു കണ്ടപ്പോൾ പെറാൾട്ടിൻെറ മെലിഞ്ഞ മോന്തയിൽപ്പോലും ഒരു പുഞ്ചിരി പൊട്ടിവിടർന്നു. പിന്നീട് ബക്കിൻെറ പാദങ്ങൾ ദൃഢതരമാവുകയും ചെരിപ്പുകൾ ഉപേക്ഷിക്കുകയുംചെയ്തു.

പെല്ലിയിൽവച്ച് ഒരുദിവസം രാവിലെ യാത്രയ്ക്കുള്ള ഒരു

ക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു അസാധാരണസംഭവമുണ്ടായി. അതുവരെ മുൻപന്തിയിലേയ്ക്കു വരാതിരുന്ന ഡോളിക്കു് പേപിടിച്ചു. ചെന്നായയെപ്പോലെ ഓലിയിട്ടുകൊണ്ടു് അവൾ തൻെറ സ്ഥിതി പ്രഖ്യാപനംചെയ്തു. മററു നായകൾ ഭയചകിതരായി. 'അടുത്ത നിമിഷത്തിൽ ഡോളി ബക്കിൻെറ നേരെ ചാടി. പട്ടിക്കു പേ പിടിക്കുന്നതു് ബക്ക് ആദ്യമായി കാണുകയാണു്.' അതിൽ ഭയപ്പെടേണ്ടതുണ്ടെന്നു് അവനു തോന്നിയിട്ടില്ല. പക്ഷേ, ഭയപ്പെടുക സ്വാഭാവികമാണെന്നു് അപ്പോഴാണവനു മനസ്സിലാകുന്നതു്. ഭീതിയോടെ അവൻ കുതിച്ചുപാഞ്ഞു. തൊട്ടു പിന്നിൽ കിതച്ചും നുരചിന്നിയും ഡോളിയും. ഭയാധിക്യത്താൽ അവൻ പരക്കംപായുകയായിരുന്നു. ഡോളിക്കു് അവനെ പ്രാപിക്കാൻകഴിഞ്ഞില്ല, അവളുടെ പേയുടെ ആധിക്യമോർത്തു് ഓടാതിരിക്കുവാനും കഴിഞ്ഞില്ല. വനനിബിഡമായ ദ്വീപിലൂടെ അവൻ പാഞ്ഞു. മഞ്ഞുകട്ടകൾ നിറഞ്ഞ ഒരു തോടു കടന്നു് മറെറാരു ദ്വീപിലെത്തി. മൂന്നാമതൊരു ദ്വീപു കടന്നശേഷം വളഞ്ഞുതിരിഞ്ഞു് പ്രധാനനദിയിലെത്തി അതു തരണംചെയ്യാനുദ്യമിച്ചു. അപ്പോഴൊക്കെ അവൻ പിന്തിരിഞ്ഞുനോക്കിയിരുന്നില്ലെങ്കിലും ഡോളിയുടെ കുര തൊട്ടുപിന്നിൽ കേട്ടുകൊണ്ടിരുന്നു. കാൽമൈലകലെ നിന്നുകൊണ്ടു് ഫ്രാങ്കോയി അവനെ വിളിച്ചു. ശ്വാസംമുട്ടുമാറു്, ഫ്രാങ്കോയിയിൽ സർവ്വവിശ്വാസവും അർപ്പിച്ചുകൊണ്ടു് അവൻ പാഞ്ഞുചെന്നു. ഫ്രാങ്കോയി മഴു ഉയർത്തിപ്പിടിച്ചു. ബക്ക് അയാളെ പിന്നിട്ടതും മഴു തൊട്ടുപിന്നിലുണ്ടായിരുന്ന ഡോളിയുടെ തലയിൽ പതിച്ചതും ഒപ്പംകഴിഞ്ഞു.

ബക്ക് തളർന്നു ശ്വാസംമുട്ടി വണ്ടിയിലേയ്ക്കു ചാഞ്ഞു. സ്പിറ്റ്സ് അവസരംപാർത്തിരിക്കുകയായിരുന്നു. പെട്ടെന്നു് അവൻ ബക്കിൻെറമേൽ ചാടിവീണു് എതിരിടാത്ത ശത്രുവിൻെറമേൽ പല്ലുകൾ കടിച്ചിറക്കി. എല്ലുവരെ കീറിപ്പൊളിച്ചു. ഫ്രാങ്കോയി ഗദയെടുത്തു വീശി. അങ്ങനെ ആ സംഘത്തിലാരും ഏററിട്ടില്ലാത്തവിധത്തിലുള്ള ഒരു കനത്ത അടി സ്പിററ്സിനു ലഭിക്കുന്നതുകണ്ടു് ബക്ക് സംതൃപ്തനായി.

“ആ സ്പിറ്റ്സ് ഒരു ഷൈത്താനാണു്,” പെറാൾട്ടു് അഭിപ്രായപ്പെട്ടു. “അവനൊരിക്കെ ആ ബക്കിനെ കാച്ചും.”

“ആ ബക്ക് രണ്ടുവട്ടം ഷൈത്താനാണെന്നേ,” ഫ്രാങ്കോയി

കൂട്ടിച്ചേർത്തു. "അവനെ നോക്ക്മ്പൊഴൊക്കെ ഞാനതു് നിരീക്ക്ണ്ണ്ണ്ട്. കേക്കിൻ. ഒരീസം ഓനു് പിശാചുകൂടി പേപിടിച്ചു് ആ സ്പിററ്സിനെ ചവച്ചുതുപ്പും, നോക്കോ!"

അന്നുമുതൽ ആ സമരം മൂത്തു. തൻെറ നേതൃസ്ഥാനത്തിന്റെനേക്ക് ഒരു ഭീഷണിയാണു് ദക്ഷിണദിക്കിൽനിന്നും വന്ന ഈ വിചിത്രസ്വഭാവമുള്ള നായയെന്നു് സ്പിററ്സിനു തോന്നി. ബക്ക് അവനെ അത്ഭുതപ്പെടുത്തി. കാരണം, വണ്ടിവലിക്കുന്ന ജോലിക്കു് ദക്ഷിണദേശത്തെ നായകൾ അപര്യാപ്തരാണെന്നു് മുമ്പു തെളിഞ്ഞിട്ടുണ്ടു്. അവർ പൊതുവേ മൃദുലമായ പ്രകൃതിയുള്ളവരാണു്. കഠിനാദ്ധ്വാനവും മഞ്ഞും പട്ടിണിയും അവരുടെ അന്ത്യം കുറിക്കും. പക്ഷേ, ബക്ക് തികച്ചും വ്യത്യസ്തനായിരുന്നു. അവൻമാത്രം അതെല്ലാം സഹിച്ചു്, അതിജീവിച്ചു. ശക്തിയിലും മൃഗീയതയിലും സൂത്രശാലിത്വത്തിലുമെല്ലാം അവൻ ഹസ്കികളോടു തുല്യനായിരുന്നു. നേതാവാകണമെന്നു് അവനാഗ്രഹിച്ചു. പക്ഷേ, അതിനു് ധിറുതി പാടില്ലെന്നു് ചുവന്ന കുപ്പായക്കാരൻെറ ഗദ അവനെ ഉൽബോധിപ്പിച്ചിരുന്നു. വളരെയധികം സൂത്രശാലിത്വം കൂടിയേ തീരൂ. അവനു് പ്രാകൃതസ്വഭാവത്തിനും അപ്പുറത്തു ക്ഷമയുണ്ടായിരുന്നുവെന്നതാണു് വാസ്തവം.

നേതൃത്വത്തിനുവേണ്ടിയുള്ള സമരം ഒഴിവാക്കപ്പെടാൻ നിവൃത്തിയില്ലായിരുന്നു. അതു് ബക്കിൻെറ ഒരാവശ്യമാണു്. മാത്രമല്ല, അതു് അഭിമാനത്തിൻെറ പ്രശ്നവുംകൂടിയാണു്. നിർവ്വചിക്കാനാവാത്ത ഒരഭിമാനബോധം. ആ ബോധമാണു് കഠിനാദ്ധ്വാനം ചെയ്യുവാനും അവസാനം അവിടെത്തന്നെ ജീവിതമവസാനിപ്പിക്കുവാനും നായകൾക്കു പ്രചോദനമേകിയതു്. അവിടെനിന്നും അകററുന്നതു് ഹൃദയഭേദകമാണെന്നു തോന്നുന്നതിനും കാരണം മററൊന്നുമല്ല. വണ്ടിച്ചക്രങ്ങളോടു് ഉരുമ്മിനില്ക്കാറുള്ള ഡെയ്വിന്റെയും ശക്തിയോടെ പണിയെടുക്കാറുള്ള സോൾലെക്ക്സിൻെറയും പ്രചോദനവും അതുതന്നെ. ആ അഭിമാനബോധം അവരെ കക്കശവും ഇരുണ്ടതുമായ മൃഗജീവിതത്തിൽനിന്നും അദ്ധ്വാനവും ജീവിതേച്ഛകളുമുള്ള ഒരു മണ്ഡലത്തിലേക്കുയർത്തി. അതിൻെറ തിരത്തള്ളലാൽ പകൽമുഴവൻ അത്യുത്സാഹത്തോടെ അദ്ധ്വാനിക്കുകയും രാത്രിയാകുമ്പോൾ ശോകാത്മകമായ അവിശ്രാന്തിയിലേയ്ക്കും അസംതൃപ്തിയിലേയ്ക്കും നിപതിക്കു

KOZHIKODE

കയും ചെയ്തു. ജോലി ശരിയായി നിവ്വഹിക്കാത്തവരെയും രാവിലെ യാത്രപുറപ്പെടാറാവുമ്പോൾ ഒളിഞ്ഞിരിക്കുന്നവരെയും ശിക്ഷിക്കാൻ സ്പിറ്റ്സിനുണ്ടായിരുന്ന ആകാംക്ഷയിലും ആ അഭിമാനബോധം സ്ഫുരിച്ചിരുന്നു. ആ ബോധം ബക്ക് നേതൃസ്ഥാനത്തേയ്ക്കുയരുമെന്ന ഭയം സ്പിററ്സിൽ വളത്തി. അതുതന്നെ ബക്കിലും നിലീനമായിരുന്നു.

അതുകൊണ്ടാണ് ബക്ക് സ്പിററ്സിൻെറ നേതൃത്വത്തെ പരസ്യമായി ചോദ്യംചെയ്തതു്. അവൻ സ്പിറ്റ്സിനും സ്പിറ്റ്സിൻെറ ശിക്ഷാവിധികൾക്കുമിടയ്ക്കു് ചാടിവീഴും. മനഃപ്പൂവ്വമാണതു്. ഒരു രാത്രിയിൽ നല്ലവണ്ണം മഞ്ഞുപെയ്തു. പിറേറദിവസം രാവിലെ കാപട്യംനിറഞ്ഞവനായ പൈക്ക് ജോലിക്കു ഹാജരായില്ല. മഞ്ഞിൽ പൊതിഞ്ഞു് അവൻ സ്വസ്ഥാനത്തു് ശയിക്കുകയായിരുന്നു. ഫ്രാങ്കോയി വിളിച്ചുകൂവി. ഫലമുണ്ടായില്ല. സ്പിററ്സ് കോപംകൊണ്ടു ജ്വലിച്ചമാതിരി ക്യാമ്പുമുഴുവൻ മണത്തും മാന്തിയും പൈക്കിനെ തിരഞ്ഞു. അവൻെറ ഭയങ്കരമായ കുരകേട്ടു് ഒളിവിലിരുന്ന പൈക്കുപോലും വിറച്ചുപോയി.

അവസാനം പൈക്ക് കണ്ടുപിടിക്കപ്പെട്ടു. ഉടനെ ശിക്ഷിക്കാനായി സ്പിററ്സ് അവൻെറനേരെ കുതിച്ചു. തുല്യമായ കോപത്തോടെ ബക്കും അവക്കിടയിൽ ചാടിവീണു. വളരെ അപ്രതീക്ഷിതവും വിദഗ്ദ്ധവുമായിരുന്നു ബക്കിൻെറ ചാട്ടം. സ്പിററ്സ് കാലു നിലത്തുറയ്ക്കാതെ മറിഞ്ഞുവീണു. ഭീരുവിനെപ്പോലെ വിറച്ചുകൊണ്ടിരുന്ന പൈക്കിനു് അതു രസിച്ചു. ആ സന്ദർഭം നോക്കി പൈക്ക് മറിഞ്ഞുവീണ നേതാവിൻ്റെമേൽ ചാടി. നീതിയെക്കുറിച്ചെല്ലാം വിസ്മരിച്ചുകഴിഞ്ഞിരുന്നതുകൊണ്ടു് ബക്കും ഒപ്പം സ്പിററ്സിൻെറ പുറത്തേയ്ക്കു ചാടിവീണു. ഫ്രാങ്കോയി ആ രംഗംകണ്ടു രസിച്ചു. പക്ഷേ, നീതിനടത്തുന്നതിൽ നീക്കുപോക്കില്ലാതിരുന്നതുകൊണ്ടു് ചാട്ട സവ്വശക്തിയുമുപയോഗിച്ചു് ബക്കിൻെറമേൽ പതിപ്പിച്ചു. എന്നിട്ടും ബക്ക് എതിരാളിയെ വിട്ടുമാറിയില്ല. അതുകൊണ്ടു് ചാട്ടയുടെ കടകൊണ്ടുതന്നെ ചുട്ട അടി കൊടുക്കേണ്ടിവന്നു. ആ അടി നന്നായേററതുകൊണ്ടു് ബക്ക് പിന്നോട്ടു മറിഞ്ഞു. ചാട്ട വീണ്ടും വീണ്ടും അവൻെറ പുറത്തു കൊണ്ടു. ആ തക്കംനോക്കി സ്പിററ്സ് ആവത്തിച്ചാവത്തിച്ചു് ഏററുമുട്ടിയ പൈക്കിനെ നന്നായൊന്നു ചതച്ചുവിട്ടു.

ദിവസങ്ങൾ നീങ്ങി. ഡോസൺ കൂട്ടതൽ സമീപസ്ഥമായി. അപ്പോഴും സ്സീററ്സിനും കുററവാളികൾക്കുമിടയിൽ ബക്ക് ചാടിവീഴാറുണ്ട്. പക്ഷേ, ഫ്രാങ്കോയി അട്ടത്തില്ലാത്ത അവസരം നോക്കി വളരെ വൈദഗ്ദ്ധ്യത്തോടെയാണതു ചെയ്തിരുന്നതു്. ബക്കിൻെറ രഹസ്യമായ ലഹളയോടൊത്തു് പരസ്യമായി ഒരുതരം അനുസരണമില്ലായ്മ അവക്കിടയിലുണ്ടാവുകയും വളന്നുവരികയും ചെയ്തു. ഡെയ്‌വിനെയും സോൾലെക്ക്സിനെയും അതു ബാധിച്ചില്ല. പക്ഷേ, മററംഗങ്ങൾ അനുദിനം അധഃപതിച്ചു കൊണ്ടിരുന്നു. എല്ലാം തലതിരിഞ്ഞ മട്ടിലായിത്തുടങ്ങി. നിരന്തരം ലഹളയും സംഘട്ടനങ്ങളും. ആകെ ഒരു പന്തിയില്ലായ്മ. അതിനെല്ലാം കാരണം ബക്കുതന്നെ. അവൻ ഫ്രാങ്കോയിക്കു് പിടിപ്പതു ജോലിയുണ്ടാക്കി. അയാൾ അവർതമ്മിലുള്ള ജീവന്മരണസമരം കാത്തിരുന്നു. അതു് ഇന്നോ നാളെയോ സംഭവിക്കുമെന്നയാൾക്കു നിശ്ചയമുണ്ടായിരുന്നു. പല രാത്രികളിലും മററു നായകൾ ലഹളകൂട്ടുമ്പോൾ അതിനുത്തരവാദികൾ ബക്കും സ്സീററ്സുമാണെന്നോർത്തു് ഫ്രാങ്കോയി കിടക്കയിൽനിന്നു ചാടിയെണീററിട്ടുണ്ടു്.

പക്ഷേ, അതിനൊരവസരം അവക്കു ലഭിച്ചില്ല. അവർ വിരസമായ ഒരു സായാഹ്നത്തിൽ ഡോസണിലെത്തിയപ്പോഴും ഉഗ്രമായ സമരം ശേഷിക്കുകയായിരുന്നു. അവിടെ ധാരാളം മനുഷ്യരും നായകളും ജോലികളിൽ വ്യാപൃതരാണെന്നു ബക്ക് കണ്ടു. ജോലി ചെയ്യുകയെന്നതു് ഇവരുടെ ജീവിതവ്രതമാണോ എന്നു തോന്നിപ്പോകും. പകൽ മുഴവനും അവർ പ്രധാന തെരുവിലൂടെ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നതു കാണാമായിരുന്നു. ഇരുൾ വ്യാപിച്ചശേഷവും അവരുടെ മണികൾ മുഴങ്ങിക്കൊണ്ടിരുന്നു. തടിക്കഷണങ്ങളും വിറകും വലിച്ചു് ഖനികളിലേയ്ക്കു കൊണ്ടുപോവുക എന്നുതുടങ്ങി സാൻറാക്ലാറാ താഴ്‌വരയിലെ കുതിരകൾ നിർവ്വഹിച്ചിരുന്ന പല പണികളും ഇവർ ചെയ്തിരുന്നു. അങ്ങുമിങ്ങും ചില സൗത്ത്‌ലാൻഡ് നായകളെ ബക്ക് കണ്ടു. പ്രധാനമായി ഉണ്ടായിരുന്നതു് കാടത്തംതികഞ്ഞ ഹസ്കികൾതന്നെ. എല്ലാ രാത്രികളിലും ക്രമാനുഗതമായി ഒമ്പതുമണിക്കും പന്ത്രണ്ടിനും മൂന്നിനും അവരിൽനിന്നും അഭൗമവും അസാധാരണവു

മായ നിശാഗാനങ്ങളുയരും. ബക്കും ആഹ്ലാദത്തിമർപ്പോടെ അതിൽ പങ്കുകൊണ്ടു.

മുകളിൽ പാതിരാസൂര്യനും ധ്രുവദീപ്തിയും പ്രോജ്ജ്വലിക്കുകയോ ഹിമന്ദത്തത്തിൽ നക്ഷത്രങ്ങൾ പങ്കുചേരുകയോ ചെയ്യുമ്പോഴും ഭൂമിയാകെ മഞ്ഞിൽക്കുളിച്ച് മരവിച്ചിരിക്കുമ്പോഴുമുള്ള ഹസ്കികളുടെ ഈ നിശാഗാനം ജീവിതത്തോടുള്ള വെല്ലുവിളിയായിരുന്നിരിക്കാം. നീണ്ടുനീണ്ടുപോകുന്ന നിലവിളികളും ഏങ്ങിയേങ്ങിയുള്ള കരച്ചിലുകളും നിറഞ്ഞ് പതിഞ്ഞ സ്വരത്തിലായിരുന്നുവെന്നുമാത്രം. നിലനില്പിന്നുവേണ്ടി സഹിക്കുന്ന വേദനകളുടെ ബഹിഃപ്രകാശനമാവാം. വളരെ പഴയ ഗാനമാണതു്. ഗാനങ്ങൾ ശോകാർദ്രമായിരുന്നിരിക്കാനിടയുള്ള ലോകാരംഭകാലത്തെ പ്രഥമഗാനങ്ങളിലൊന്നാവാം. അനേകമനേകം തലമുറകളുടെ ഹൃദയത്തുടിപ്പുകൾ അതിൽ അലിഞ്ഞുചേർന്നിട്ടുള്ളതുകൊണ്ടാവാം ബക്കിനെ അതു് ഇളക്കിമറിച്ചതു്. പൂർവ്വികന്മാരനുഭവിച്ച വേദനയോർത്തും, അവരെ ഭയപ്പെടുത്തിയ കുളിരും ഇരുളുമെല്ലാം അവനെയും ഭയപ്പെടുത്തിയതുകൊണ്ടുമാണു് ബക്ക് നിലവിളിച്ചതു്. അവനിലുണ്ടായ ഹൃദയവൈവശ്യം തലമുറകളിലൂടെ സംഭവപരമ്പരകൾ പിന്നിട്ട് അവൻ പ്രാകൃതകാലഘട്ടത്തിലേയ്ക്കു് മടങ്ങിച്ചെന്നുവെന്നതിൻെറ സൂചനയായിരുന്നു.

ഡോസണിലെത്തി ഏഴുദിവസം കഴിഞ്ഞപ്പോൾ അവർ യൂക്കണിലേയ്ക്കുള്ള യാത്രാമാർഗ്ഗമവലംബിച്ചു. പിന്നീട് ഡൈയായിലേയ്ക്കും സോൾട്ട്വാട്ടറിലേയ്ക്കും. പെറാൾട്ട് കൂടുതൽ ഉത്സാഹത്തോടെ പല ഇടപാടുകളും ചെയ്തുതീർത്തു. യാത്രചെയ്യുന്നതിലുള്ള അഭിമാനം അയാളിൽ പ്രസരിപ്പുണ്ടാക്കി. ഒരു പുതിയ റിക്കാർഡുതന്നെ സൃഷ്ടിക്കണമെന്നുറച്ചു. പല ഘടകങ്ങളും അതിനു സഹായകമായിരുന്നു. ഒരാഴ്ചത്തെ വിശ്രമംകൊണ്ടു് നായകൾക്കു് ആരോഗ്യം വീണ്ടെടുക്കുവാനും ഉന്മേഷം കൈവരിക്കുവാനും കഴിഞ്ഞു. മററു പലരും യാത്രചെയ്തതുകൊണ്ടു് വഴി ഉറപ്പുള്ളതായിത്തീർന്നിരുന്നു. മാത്രവുമല്ല, രണ്ടുമൂന്നു സ്ഥലങ്ങളിൽ വച്ച് നായകൾക്കും മനുഷ്യർക്കും ആഹാരം വിതരണംചെയ്യാമെന്നു് പോലീസ് ഏററതുകൊണ്ടു് ഭാരം വളരെയധികം കുറയുകയുംചെയ്തു.

ആദ്യത്തെ ദിവസം അറുപതുമൈലാണു് അവർ യാത്രചെയ്തതു്. രണ്ടാംദിവസം പെല്ലിയിലേയ്ക്കുള്ള മാൎഗ്ഗത്തിൽ യൂക്കൺ പിന്നിട്ടു. പക്ഷേ, ഫ്രാങ്കോയിയെ അലോസരപ്പെടുത്താതെയൊന്നുമായിരുന്നില്ല ആ നേട്ടം. ബക്കു് നേതൃത്വം കൊടുത്ത കലാപം ആ സംഘത്തിൻെറ ഐക്യം നശിപ്പിച്ചിരുന്നു. ഒററക്കെട്ടായിട്ടല്ല അവർ പ്രവൎത്തിച്ചതു്. ബക്കു് കലാപകാരികളെ പ്രോത്സാഹിപ്പിച്ചതുകൊണ്ടു് തുച്ഛമായ കാര്യങ്ങൾക്കുവേണ്ടിയും അവർ ശല്യമുണ്ടാക്കി. ഒരു നേതാവെന്ന നിലയ്ക്കു് സ്പിററ്സിനെ ആരും ഭയപ്പെടാതെയായി. അവർ അവൻെറ അധികാരത്തെ വെല്ലുവിളിക്കാൻപോലും തയ്യാറായി. ഒരു രാത്രിയിൽ പൈക്കു് സ്പിററ്സിൻെറ മത്സ്യം പകുതി തട്ടിയെടുക്കുകയും ബക്കിൻെറ മറവിൽ നിന്നുകൊണ്ടു വിഴുങ്ങുകയും ചെയ്തു. മറ്റൊരിക്കൽ ഡബ്ബും ജോയും സ്പിററ്സിനോടു യുദ്ധംചെയ്തു് അവൎക്കു ലഭിക്കേണ്ടിയിരുന്ന ശിക്ഷ തിരിച്ചടിച്ചു. നല്ലവനായിരുന്ന ബില്ലിപോലും അല്പം ചീത്തയായിത്തുടങ്ങി. ചിണുങ്ങുന്നതു് സമാധാനസൂചകമല്ലാത്ത വിധമായി. ഭീഷണികലൎന്നവിധം കുരച്ചും ശരീരം ഉലച്ചുമല്ലാതെ ബക്കു് സ്പിററ്സിനെ സമീപിച്ചില്ല. വാസ്തവത്തിൽ അവൻ ഒരു ഉപദ്രവകാരിയാവുകയും സ്പിററ്സിൻെറ തൊട്ടു മുൻപിലൂടെ എപ്പോഴും ധിക്കാരംകാട്ടി നടക്കുകയും ചെയ്തു.

ശിക്ഷണബോധമില്ലായ്മ നായകൾക്കന്യോന്യമുള്ള ബന്ധത്തെയും സാരമായി ഉലച്ചു. ക്യാമ്പു് ഒരു നരകമായി. ഡെയ്വും സോൾലെക്സും അകന്നുമാറിക്കഴിഞ്ഞതേയുള്ളു. എങ്കിലും ബഹളം വൎദ്ധിച്ചപ്പോൾ അവരും അതിലകപ്പെട്ടു. ഫ്രാങ്കോയി വൃത്തികെട്ട ഭാഷയിൽ ശപിക്കുകയും കോപകാലുഷ്യംകൊണ്ടു് മഞ്ഞിൽ ഉറക്കെ ചവിട്ടുകയും തലമുടി പിടിച്ചുവലിക്കുകയും ചെയ്തു. ചാട്ട വീശിയടിക്കാറുണ്ടെങ്കിലും അതു നിഷ്ഫലമായിരുന്നു. അയാളൊന്നു പുറംതിരിഞ്ഞാൽ വീണ്ടും തുടങ്ങും. അയാൾ സ്പിററ്സിനെ ചാട്ടകൊണ്ടു സഹായിച്ചാൽ മറുവശത്തു് ബക്കു് മററു നായകളോടു ചേരും. ബക്കാണു് ഇതിനെല്ലാം ഉത്തരവാദിയെന്നു് ഫ്രാങ്കോയിക്കറിയാം. ആ പരമാൎത്ഥം ഫ്രാങ്കോയിക്കറിയാമെന്നു ബക്കിനുമറിയാം. എങ്കിലും ഒരിക്കലും പിടികൊടുത്തില്ല. അവനു ബുദ്ധിയുണ്ടു്. ജോലി അവനു്

ഇഷ്ടപ്പെട്ടിരുന്നതുകൊണ്ടു് കഠിനമായി അദ്ധ്വാനിച്ചു. പക്ഷേ, അതിനോടൊത്തു് ഒരു സമരത്തിനു പശ്ചാത്തലമൊരുക്കുന്നതും അവനിഷ്ടപ്പെട്ടിരുന്നുവെന്നു മാത്രം.

ടാക്കീനായിൽവച്ചു് ഒരിക്കൽ അത്താഴത്തിനുശേഷം ഡബ്ബ് ഒരു സ്നോഷൂമുയലിനെ കണ്ടെത്തി. പിടികൂടുവാൻ ശ്രമിച്ചു. കിട്ടിയില്ല. അടുത്ത നിമിഷത്തിൽ എല്ലാ നായകളും ഒന്നിച്ചുകൂടി. നൂറുഗജത്തോളം അകലെ നോർത്ത്‌വെസ്റ്റ്‌പോലീസിൻെറ ഒരു ക്യാമ്പുണ്ടായിരുന്നു. അവിടെനിന്നും എത്തിയ അമ്പതോളം ഹസ്കികളും മുയൽവേട്ടയിൽ ഒത്തുചേർന്നു. മുയൽ നദിയിലൂടെ പാഞ്ഞു് ഒരു തോട്ടിലേയ്ക്കു ചാടി. അവിടെനിന്നും മഞ്ഞിലേയ്ക്കു വീണു. ഹിമത്തിൻെറ ഉപരിതലത്തിലൂടെ തെന്നിത്തെന്നിയോടി. നായകൾ അനുഗമിച്ചു. ബക്കായിരുന്നു നേതാവു്. ആകെ അറുപതെണ്ണം. വളവുകളെല്ലാം ചുററിത്തിരിഞ്ഞു കുതിച്ചു പാഞ്ഞെങ്കിലും ബക്കിനു് മുയലിനെ പിടികൂടാനായില്ല. ആ വെള്ളിനിലാവിൽ വെണ്മയോലുന്ന ഹിമപ്പരപ്പിലൂടെ ബക്കിൻെറ സുന്ദരമായ ശരീരം അതിശീഘ്രം പാഞ്ഞുകൊണ്ടിരുന്നു. മുമ്പിലായി രക്തവർണ്ണമില്ലാത്ത ഒരു ഹിമപ്പിശാചിൻെറമാതിരി സ്നോഷൂമുയലും.

ചില പ്രത്യേക നിമിഷങ്ങളിൽ ജന്മവാസനകളുടെ പ്രേരണമൂലം വനഭൂവിലേയ്ക്കു പിന്തിരിഞ്ഞു് ജീവികളെ നിർദ്ദയം കൊന്നൊടുക്കുവാൻ മനുഷ്യനുള്ള രക്തദാഹം, കൊല്ലുന്നതിലുള്ള രസം ഇവയെല്ലാം ബക്കിൽ അപ്പോൾ അന്തർഭവിച്ചിരുന്നു. പക്ഷേ, അവനെ സംബന്ധിച്ചിടത്തോളം അതു കുറേക്കൂടി സ്വാഭാവികമാണെന്നു മാത്രം. ജീവനുള്ള ആഹാരത്തിൻെറ പിന്നിലാണു് ആർത്തിയോടെ കുതിച്ചുപാഞ്ഞതു്. അതു് പല്ലുകൾക്കിടയിലാക്കി കടിച്ചു ഞെരിച്ചു കൊന്നു് ചൂടുള്ള രക്തത്തിൽ കുളിക്കുവാനുള്ള അത്യാർത്തി അവനിലുണ്ടായിരുന്നു.

ജീവിതത്തിൻെറ പരകോടിയോളമെത്തുന്നതാണു് പരമാനന്ദം. അതിനപ്പുറമൊന്നുമില്ല. ഏററവും ജീവത്തായ ആ നിമിഷങ്ങളിലാണു് ജീവിക്കുന്നുവെന്ന വസ്തുതപോലും വിസ്മരിക്കുക. അതൊരു വിരോധാഭാസമാണെന്നു തോന്നാം. തീപിടിപ്പിക്കുന്നമാതിരിയുള്ള ചില വരികൾ ഒരു കലാകാരനിൽ ഈ പരമാനന്ദം, ഈ ജീവിതവിസ്മൃതി സൃഷ്ടിക്കാറുണ്ടു്. യുദ്ധ

ഭ്രാന്തുപിടിച്ചു പൊരുതുമ്പോൾ ഒരു പട്ടാളക്കാരൻ ഇതനുഭവിച്ചേക്കാം. ആ പടയെ നയിച്ചുകൊണ്ടു്, ചെന്നായയെപ്പോലെ നിലവിളിച്ചുകൊണ്ടു്, വെണ്ണിലാവിലൂടെ നീങ്ങുന്ന ജീവനുള്ള ആഹാരത്തിനുപിമ്പേ പായുമ്പോൾ ബക്കിനും ഈ പരമാനന്ദം അനുഭവവേദ്യമായി. അവൻെറ അന്തർഭാവത്തിൻെറ പ്രകാശനമായിരുന്നു അതു്. ആഴമേറിയ ചില പ്രകൃതിപ്രതിഭാസങ്ങൾ അവനിൽ രൂപംകൊള്ളുകയായിരുന്നു. കാലത്തിൻെറ ഗർഭപാത്രത്തിനുള്ളിലേയ്ക്കു് അവൻ മടങ്ങിച്ചെന്നു. ജീവിതത്തിൻെറ തരംഗപരമ്പര നിലനില്പിൻെറ മേന്മ പ്രഖ്യാപിച്ചുകൊണ്ടു് അവനെ ഉണർത്തി. ഓരോ മാംസപേശിയും സന്ധിയും മജ്ജയും ജീവചൈതന്യംകൊണ്ടു തുടിച്ചു. നക്ഷത്രങ്ങൾക്കു താഴെ ഹിമപ്പരപ്പിലൂടെ പാഞ്ഞുകൊണ്ടിരുന്നപ്പോൾ ഈ ആത്മനിർവൃതി ബക്കിനെ ഉന്മത്തനാക്കി.

പക്ഷേ, സ്പിറ്റ്സിനു് അങ്ങനെയുള്ള നിമിഷങ്ങളിലും വളരെയധികം സൂക്ഷ്മതയും സൂത്രശാലിത്വവുമുണ്ടായിരുന്നു. തോട്ട് ഒരു വളവിലെത്തിയപ്പോൾ അവൻ ഒററതിരിഞ്ഞു് ഒരു കുറുക്കുവഴിയിലൂടെ ച്ചാടി. ബക്ക് ഇതൊന്നുമറിഞ്ഞില്ല. വളവുതിരിഞ്ഞു ചെന്നപ്പോഴുണ്ടു്, മുമ്പിൽപ്പായുന്ന ഹിമപ്പിശാചിനേക്കാളും വലിയ മറെറാരു പിശാചു് മുമ്പിലേയ്ക്കു ചാടിവീഴുന്നു! മുയലിൻെറ മേൽത്തന്നെ. അതു സ്പിറ്റ്സായിരുന്നു. മുയലിനു് രക്ഷപ്പെട്ടവാൻ കഴിഞ്ഞില്ല. പല്ലുകൾ ആഴ്ന്നിറങ്ങിയപ്പോൾ ഒരു മനുഷ്യൻ വേദനകൊണ്ടു ഞരങ്ങുന്നതുപോലെ അതു കരഞ്ഞു. ജീവിതത്തിൻെറ മണിപീഠത്തിൽനിന്നും മരണത്തിൻെറ പാതാളത്തിലേയ്ക്കുള്ള വീഴ്ചയുടെ ശബ്ദം അന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടപ്പോൾ ബക്കിൻെറ അനുയായികളെല്ലാം ഒന്നിച്ചു് ആഹ്ലാദത്തോടെ ആർത്തുവിളിച്ചു.

പക്ഷേ, ബക്ക് ആർത്തുവിളിച്ചില്ല. നിയന്ത്രിക്കുക സാദ്ധ്യമല്ലാതായി. നേരേ സ്പിറ്റ്സിൻെറ ഒരുവശത്തു ചെന്നിടിച്ചുനിന്നു. കഴുത്തിൽ പിടികിട്ടിയില്ല; ഇരുവരും പൊടിഞ്ഞ മഞ്ഞിൽ ക്കിടന്നുരുണ്ടു. മറിഞ്ഞുവീഴാത്ത മട്ടിൽ സ്പിറ്റ്സ് നിലയുറപ്പിച്ചുകൊണ്ടു് ബക്കിൻെറ തോളിൽ കടിച്ചു. ഉരുക്കുകൊണ്ടുണ്ടാക്കിയതുപോലുള്ള അണപ്പല്ലുകൾ കൂട്ടിയടിച്ചു ശബ്ദമുണ്ടാക്കി. ഒപ്പം നരചിന്നുകയും കുരയ്ക്കുകയും ചെയ്തു.

ബക്കിനെല്ലാം മനസ്സിലായി. സമയം ആഗതമായി. ഇത്ത വണ മരണംവരെയാണു് പോരാട്ടം. ശ്രദ്ധാപൂർവ്വം ചെവികൾ താഴ്ത്തി അവസരംപാർത്തു് ഇരുവരും ചുററിക്കറങ്ങുമ്പോൾ ആ രംഗം തനിക്കു് വളരെ പരിചിതമാണെന്നു് ബക്കിനു തോന്നി പ്പോയി. അവൻ എല്ലാം ഓർത്തു. കാനനപ്രദേശവും, ഭൂമിയും, വെണ്ണിലാവും, സമരത്തിൻെറ രസവുമെല്ലാം. നിലാവെളിച്ച ത്തിനും നിശ്ശബ്ദതയ്ക്കുമുപരിയായി അമ്പരപ്പിക്കുന്ന പ്രശാന്തത പരന്നിരുന്നു. അന്തരീക്ഷം നിശ്ചലമാണു്. യാതൊന്നും ചലി ച്ചില്ല. ഒരിലപോലും അനങ്ങിയില്ല. നായകളുടെ അടക്കിപ്പി ടിച്ച നിശ്വാസംമാത്രം തണുത്ത വായുവിൽ തരംഗിതമാവുന്നു ണ്ടു്. ചെന്നായയുടെ സ്വഭാവമുള്ള ആ നായകൾ സ്നോഷൂമുയലി ൻെറ കഥ കഴിച്ചിരുന്നു. അതിനുശേഷം ആകാംക്ഷാപൂർവ്വം ഒരു വലയം സൃഷ്ടിച്ചു നില്ക്കുകയാണു്. അവരും നിശ്ശബ്ദരാണു്. അവ രുടെ കണ്ണുകൾ തിളങ്ങി. ബക്കിനു് ആ രംഗം പുതിയതോ അസാധാരണമോ ആയിത്തോന്നിയില്ല. എന്നെന്നും അതു് അ ങ്ങനെതന്നെയായിരുന്നുവെന്ന മട്ടാണു്.

സ്പിറ്റ്സ് പരിചയസമ്പന്നനായ ഒരു പോരാളിയായിരു ന്നു. സ്പിറ്റ്സ് ബർഗൻ മുതൽ ആർട്ടിക്മേഖലയിലും കാനഡാ യിലുമെല്ലാംതന്നെ പലയിനം നായകളുമായി പോരാടി തൻെറ അഭിമാനം കാത്തുസൂക്ഷിക്കുകയും നായകനായി വിരാജിക്കുകയും ചെയ്തിട്ടുണ്ടു്. കോപം വർദ്ധിച്ചിട്ടുള്ള സന്ദർഭങ്ങളുണ്ടായിട്ടു ണ്ടെങ്കിലും ഒരിക്കലും കോപാന്ധനായിട്ടില്ല. കീറിപ്പൊളിക്കാ നും നശിപ്പിക്കാനും തനിക്കുള്ളതുപോലെയുള്ള ആവേശം ശത്രു വിനുമുണ്ടാവുമെന്നതു് അവൻ വിസ്മരിച്ചിട്ടില്ല. ആത്മവിശ്വാ സത്തോടെ അവൻ ആരുടെനേർക്കും കുതിച്ചുപാഞ്ഞിട്ടില്ല.

ആ വലിയ വെണ്മയുള്ള നായയുടെ കഴുത്തിൽ പല്ലുകളിറ ക്കാൻ ബക്ക് ശ്രമിച്ചുനോക്കി. അതു നിഷ്ഫലമായിരുന്നു. മൃദുവായ മാംസമുള്ള ഭാഗംനോക്കി അവൻ ദംഷ്ട്രകൾ താഴ്ത്തു വാൻ നോക്കുമ്പോഴൊക്കെ സ്പിറ്റ്സിൻെറ ദംഷ്ട്രകളുമായി കൂട്ടി മുട്ടും. അങ്ങനെ ദംഷ്ട്രകൾ അന്യോന്യം വളരെ പ്രാവശ്യം കൂട്ടി യടിച്ചു. ചുണ്ടുകൾ കീറിമുറിഞ്ഞു. രക്തം വാർന്നൊഴുകി. ബ ക്കിനു് സ്പിറ്റ്സിനെ കീഴടക്കാനായില്ല. അല്പം കരുതിക്കൂട്ടി അ വൻ സ്പിറ്റ്സിൻെറ ചുററും കുറേപ്രാവശ്യം ചുററിക്കറങ്ങി.

വീണ്ടും വീണ്ടും ജീവിതം പതഞ്ഞുപൊങ്ങിയ കഴുത്തിലേക്കായിരുന്ന ബക്കിൻെറ നോട്ടം. പക്ഷേ, ഓരോ തവണയും സ്പിറ്റ്സ് അവനെ തട്ടിമാററി. പെട്ടെന്ന് കഴുത്തിൽ പിടികൂടാനെന്നമട്ടിൽ ബക്ക് ചാടിവീണശേഷം പാശ്വംകൊണ്ട് സ്പിറ്റ്സിൻെറ പാശ്വത്തിലിടിച്ചു മറിച്ചിടുവാൻ നോക്കി. സ്പിറ്റ്സ് ബക്കിനെ ഇടിച്ചെടുത്തു ദൂരെത്തള്ളി.

സ്പിറ്റ്സിനു് ഒന്നും പററിയില്ല. ബക്കിൻെറ ശരീരത്തിൽ നിന്നു് രക്തം വാർന്നൊഴുകി. നല്ലവണ്ണം കിതയ്ക്കുന്നുമുണ്ടായിരുന്നു. സമരം അന്തമില്ലാത്തമട്ടിൽ തുടന്നു. ചെന്നായകൾക്കു തുല്യരായ മററുനായകൾ ഇരുവരിലൊരാൾ തോററടിയുന്നതു കാണുവാനുള്ള ആകാംക്ഷയോടെ നിശ്ശബ്ദരായി ചുററും നില്ക്കുകയായിരുന്നു. ബക്ക് ശ്വാസംമുട്ടി വിഷമിച്ചു തക്കംനോക്കി സ്പിറ്റ്സ് കുതിച്ചുചെന്നു. കാലുകൾ നിലത്തുറപ്പിക്കാൻതന്നെ ബക്കിനു് ആയാസപ്പെടേണ്ടിവന്നു. ഒരുതവണ നിലത്തു വീണുപോയി. മററു നായകൾ അമ്പരന്നു. പക്ഷേ, പെട്ടെന്നു് ബക്ക് ധൈര്യം വീണ്ടെടുത്തു മുന്നോട്ടുചാടി. മററു നായകൾ പഴയപടി നിശ്ശബ്ദരായി.

പക്ഷേ, ബക്കിനു് ജന്മസിദ്ധമായ ഒരു ഗുണവിശേഷമുണ്ടായിരുന്നു—ഭാവന. തലച്ചോറുപയോഗിച്ച് യുദ്ധതന്ത്രങ്ങൾക്കു രൂപംകൊടുക്കുവാനും അവനു കഴിയും. പാശ്വംകൊണ്ടു തട്ടിയിടാനെന്നമട്ടിൽ അവൻ ഒരുതവണ സ്പിറ്റ്സിനോടടുത്തു. പെട്ടെന്നു് കുനിഞ്ഞുചെന്നു് സൂത്രത്തിൽ സ്പിറ്റ്സിൻെറ ഇടത്തേ മുൻകാലിൽ പല്ലുകൾ കോത്തുപിടിച്ചു. എല്ലുകൾ ഞെരിഞ്ഞമന്നു തകന്നു. സ്പിറ്റ്സ് ബക്കിനെ മൂന്നുകാലിൽ നിന്നുകൊണ്ടാണു് പിന്നീടെതിത്തതു്. മൂന്നുതവണ ബക്ക് എതിരാളിയെ കീഴ്പ്പെടുത്താൻ ശ്രമിച്ചു. പററിയില്ല. പഴയവിദ്യ ഒന്നുകൂടി ആവത്തിച്ച് സ്പിറ്റ്സിന്റെ വലത്തേ മുൻകാലും കടിച്ചൊടിച്ചു. വേദനയും നിസ്സഹായതയും വിഷമിപ്പിച്ചെങ്കിലും ഉന്മത്തനായി സ്പിറ്റ്സ് വീണ്ടും പൊരുതി. നിശ്ശബ്ദവലയം തിളങ്ങുന്ന കണ്ണുകളോടും ചുഴലുന്ന നാക്കുകളോടുംകൂടി ഉച്ചത്തിൽ ശ്വസിച്ചുകൊണ്ട് അടുത്തടുത്തുവരുന്നതു് സ്പിറ്റ്സ് കണ്ടു. മുമ്പു പലപ്പോഴും അതവൻ കണ്ടിട്ടുണ്ട്. തോററവരെനോക്കി നിശ്ശബ്ദ

വലയം അടുക്കുന്നതു് സാധാരണയായാണു്. ഇത്തവണ തോററതു് താനാണെന്നുമാത്രം.

അവൻെറ ആശകൾ അസ്തമിച്ചിരുന്നു. ബക്കു് സന്ധിയില്ലാത്തമട്ടിൽ പൊരുതി. കരുണ ദുർബ്ബലരുടെ ആയുധമാണു്. അവനാകട്ടെ അവസാനത്തെ കുതിക്കലിനുവേണ്ടി തയ്യാറെടുത്തു. വലയം ചുരുങ്ങിക്കൊണ്ടിരുന്നു. ഹസ്കികളുടെ നിശ്വാസങ്ങൾ അവൻെറ ശരീരത്തിൻെറ പിൻഭാഗത്തു് അവനനുഭവപ്പെട്ടു. അവർ തിക്കിത്തിരക്കി നിന്നുകൊണ്ടു് അവനെത്തന്നെ നോക്കുന്നതു് അവൻ കണ്ടു. നിശ്ശബ്ദത വ്യാപിച്ചു. നായകൾ പ്രതിമകളെപ്പോലെയായി. സ്പിററ്സ് മാത്രം വേദനകൊണ്ടു് കുതറുകയും ഉലയുകയും ചെയ്തിരുന്നു. അടുത്തുകഴിഞ്ഞ മരണത്തെ ഭയപ്പെടുത്തി ഓടിക്കുവാനെന്നപോലെ ഉച്ചത്തിൽ കുരച്ചു. ബക്കു് മുന്നോട്ടും പിന്നോട്ടും ചാടി. മുന്നോട്ടു ചാടിയപ്പോൾ ഇരുവരുടെയും പാർശ്വങ്ങൾ കൂട്ടിമുട്ടി. വലയം നിലാവെളിച്ചം പരന്ന മഞ്ഞിൽ ഒരു കറുത്ത പൊട്ടുപോലെയായിത്തീന്നപ്പോൾ സ്പിററ്സ് മറഞ്ഞു. കൊലനടത്തുകയും അതിൽ സന്തോഷിക്കുകയും ചെയ്ത ബലിഷ്ഠവും ബീജഭൃതവുമായ മൃഗത്തിൻെറ തലയെടുപ്പോടെ ബക്കു് നാലുചുററും വീക്ഷിച്ചു.

# നേതൃസ്ഥാനത്തേക്ക്

"ഏു! എന്താ പറേണെന്നോ? ആ ബക്ക് രണ്ടുവട്ടം ചൈഷത്താനാണെന്നേ." സ്പിറ്റ്സിനെ കാണാനില്ലെന്നും ബക്കിൻെറ ശരീരമാസകലം മുറിവുകളുണ്ടെന്നും കണ്ടപ്പോൾ അടുത്തദിവസം രാവിലെ ഫ്രാങ്കോയി അഭിപ്രായപ്പെട്ടു. ബക്കിനെ തീജ്വാലയുടെ സമീപത്തിലേയ്ക്കാനയിച്ച് അയാൾ മുറിവുകൾ ചൂണ്ടിക്കാട്ടി.

"ആ സ്പിറ്റ്സ് പിശാചിന്റെ മാതിരി പൊരുതീട്ട്ണ്ട്," പെറാൾട്ട് മുറിവുകളിൽ കണ്ണോടിച്ചുകൊണ്ടു പറഞ്ഞു.

"ബക്ക് രണ്ടുവട്ടം പിശാചിൻെറ മാതിരി പൊരുതീട്ട്ണ്ട്ന്നേ." ഫ്രാങ്കോയി കൂട്ടിച്ചേർത്തു. "ഏതായാലും ഇദ് നന്നായി. സ്പിറ്റ്സ് തീന്നു. അത്രയ്ക്ക് സൈ്വരോണ്ടല്ലോ."

പെറാൾട്ട് സാധനങ്ങൾ കെട്ടി ശകടത്തിലേയ്ക്കു തള്ളി. ഫ്രാങ്കോയി നായകളെ കടിഞ്ഞാണിട്ടു മുറുക്കാനാരംഭിച്ചു. നേതാവായി സ്പിറ്റ്സ് നിന്നിരുന്ന സ്ഥാനത്തേയ്ക്ക് ബക്ക് ഓടിച്ചെന്നുനിന്നു. ഫ്രാങ്കോയി അതു ശ്രദ്ധിക്കാതെ സോൾലെക്ക്സിനെയാണ് ആ സ്ഥാനത്തേയ്ക്കു നിയോഗിച്ചതു്. അയാളുടെ അഭിപ്രായത്തിൽ ശേഷിച്ചവരിൽ നയിക്കാനുള്ള കഴിവുള്ളതു് സോൾലെക്ക്സിനാണ്. ബക്ക് കോപത്തോടെ അവൻെറ നേരേ ചാടി അവനെ ദൂരെമാററി അവിടെത്തന്നെ നിലയുറപ്പിച്ചു.

"ഏു? ഏു?" ഇളിച്ചുകൊണ്ട് ഫ്രാങ്കോയി വിളിച്ചുകൂവി. "നോക്ക്, നോക്ക്! സ്പിറ്റ്സിനെ സൂപ്പാക്കീട്ട് ഇപ്പോ ഓന്റെ സ്ഥാനംബേണംന്നാ വിജാരം."

"ഫ! അസത്തേ!" അയാൾ ബക്കിൻെറ നേരേ അലറി. ബക്ക് അതു കൂട്ടാക്കിയില്ല. അയാൾ ബക്കിനെ കഴുത്തിനു പിടിച്ച് എടുത്തുമാററി. അവൻ ഭീഷണികാട്ടുന്നവിധം മുരണ്ടു

വെങ്കിലും അതു വകവയ്ക്കാതെ സോൾലെക്ക്സിനെ വീണ്ടും നിയോഗിച്ചു. ആ വയസ്സൻനായയ്ക്ക് ആ സ്ഥാനം വേണമെന്നു നിർബ്ബന്ധമൊന്നുമുണ്ടായിരുന്നില്ല. മാത്രമല്ല ബക്കിനെ ഭയമുണ്ടായിരുന്നുതാനും. ഫ്രാങ്കോയി അതൊന്നുമറിഞ്ഞില്ല. പക്ഷേ, അയാൾ പുറംതിരിഞ്ഞ തക്കംനോക്കി മാറുവാൻ വിസമ്മതമില്ലാതിരുന്ന സോൾലെക്ക്സിനുപകരം ബക്ക് വീണ്ടും ആ സ്ഥാനം പിടിച്ചു.

ഫ്രാങ്കോയിക്കു ദേഷ്യം വന്നു. ''ന്റെ ദൈവമേ, ഇവനേ ഞാൻ തട്ടും,'' എന്നുപറഞ്ഞ് അയാൾ ഒരു ഗദയുമായി തിരികെയെത്തി.

ബക്ക് ചുവന്നകുപ്പായക്കാരനെക്കുറിച്ചോർത്ത് സാവധാനം പുറകോട്ടുമാറി. സോൾലെക്ക്സിനെ വീണ്ടും അവൻെറ സ്ഥാനത്തു പ്രതിഷ്ഠിച്ചപ്പോൾ അവൻ പ്രതിഷേധിച്ചുമില്ല. കോപാധിക്യം പ്രകടമാക്കുമാറു കുരച്ചുകൊണ്ട് ഗദയുടെ മേഖലയ്ക്കപ്പുറം അവൻ ചുറ്റിക്കറങ്ങി. കറങ്ങുമ്പോഴൊക്കെ ഫ്രാങ്കോയി ഗദ ദൂരെയെറിയുന്നുണ്ടോ എന്നായിരുന്നു നോട്ടം. അവൻ ആ സംഗതികളിൽ തികഞ്ഞ ബുദ്ധിമാനായിക്കഴിഞ്ഞിരുന്നു.

പതിവായി നില്ക്കാറുള്ള സ്ഥാനത്തു നിത്താനായി ഫ്രാങ്കോയി ബക്കിനെ വിളിച്ചു. ബക്ക് രണ്ടുമൂന്നടി പുറകോട്ടുമാറി. ഫ്രാങ്കോയി അങ്ങോട്ടു ചെന്നു. വീണ്ടും ബക്ക് പിന്നോട്ടുപോയി. അടികൊള്ളുമെന്നു ഭയന്നാകാമെന്നുകരുതി ഫ്രാങ്കോയി ഗദ ദൂരെയെറിഞ്ഞു. പക്ഷേ, ബക്ക് തുറന്നസമരം പ്രഖ്യാപിച്ചിരുന്നു. ഗദയിൽനിന്നു രക്ഷപ്പെടണമെന്നതല്ല നേതൃസ്ഥാനം ലഭിക്കണമെന്നതാണ് അവൻെറ ആവശ്യം. അതവൻെറ മൗലികാവകാശമാണ്. അവൻ നേടിയെടുത്തതുമാണ്. മറ്റൊന്നും അവന് ആവശ്യമില്ല.

പെറാൾട്ട് അതിലിടപെട്ടു. അവരിരുവരും ഗദകൾ ദൂരെയെറിഞ്ഞശേഷം ഒരുമണിക്കൂറോളം ബക്കിനെ ഭയപ്പെടുത്തി ചുറ്റും ഓടിച്ചു. ബക്ക് കീഴടങ്ങിയില്ല. അവർ അവനെയും അവൻെറ തന്തയേയും തള്ളയേയും വളരെയേറെ തലമുറകളിലേയ്ക്ക് ഇനിയും പകരേണ്ടതായ അവൻെറ ബീജത്തേയും ശരീരത്തിലെ ഓരോ രോമങ്ങളേയും ഞരമ്പുകളിലൊഴുകുന്ന രക്തത്തേയുമൊക്കെ നിരന്തരം ശപിച്ചു. അവൻ കുരകൊണ്ട്

അതിനു മറുപടി നല്കിയശേഷം ഒഴിഞ്ഞുമാറി. ഓടിപ്പോകുവാൻ തുനിഞ്ഞില്ല. ക്യാമ്പിൽത്തന്നെ ചുററിപ്പററി നടന്നു. തന്റെ അവകാശം അനുവദിച്ചുകിട്ടിയാൽ പഴയപടി നല്ലവനാകാമെന്നു് സൂചിപ്പിക്കുകയും ചെയ്തു.

ഫ്രാങ്കോയി കുനിഞ്ഞിരുന്നു് തലചൊറിഞ്ഞു. പെറാൾട്ട് വാച്ചിൽ നോക്കുകയും ശപിക്കുകയും ചെയ്തു. സമയം നഷ്ടപ്പെട്ടുകയാണു്. വളരെ ദൂരം യാത്രചെയ്യാമായിരുന്നു. ഫ്രാങ്കോയി പിന്നെയും കുത്തിയിരുന്നു തലചൊറിയുകയാണു്. അവർ അന്യോന്യം നോക്കി. ഫ്രാങ്കോയി ഇളിച്ചുകാട്ടി. പെറാൾട്ട് അതിനു മറുപടിയായിട്ടെന്നോണം തോളുകൾ ചലിപ്പിച്ചു. ഇരുവരും തോൽവി സമ്മതിക്കുകയായിരുന്നു. ഫ്രാങ്കോയി സോൾലെക്ക്സിനടുത്തുചെന്നു നിന്നുകൊണ്ടു് ബക്കിനെ വിളിച്ചു. ബക്ക്, നായകൾ ചിരിക്കുന്നമാതിരി, ചിരിച്ചു. എങ്കിലും അടുത്തുചെന്നില്ല. ഫ്രാങ്കോയി സോൾലെക്ക്സിനെ അഴിച്ചു് പഴയ സ്ഥാനത്തു കൊണ്ടുപോയി ബന്ധിച്ചു. എല്ലാവരും യാത്രക്കൊരുങ്ങി. ബക്കിനു് ഇനി മുമ്പിലല്ലാതെ വേറെ സ്ഥാനമില്ല. ഒന്നുകൂടി ഫ്രാങ്കോയി ബക്കിനെ വിളിച്ചു. അവൻ അപ്പോഴും ചിരിച്ചുകൊണ്ടു് ദൂരെമാറി നിന്നതേയുള്ളു.

"ഗദ ദൂരെ എറിഞ്ഞേക്കു," പെറാൾട്ട് ആജ്ഞാപിച്ചു.

ഫ്രാങ്കോയി അതനുസരിച്ചപ്പോൾ വിജയഭാവത്തിൽ ചിരിച്ചുകൊണ്ടു് നേതാവിനു നില്ക്കാനുള്ള സ്ഥാനത്തേയ്ക്കു് നടന്നടുത്തു. അവന്റെ കടിഞ്ഞാണുകളെല്ലാം ബന്ധിക്കപ്പെട്ടു. ശകടം യാത്രയാരംഭിച്ചു. വീണ്ടും നദിയിലൂടെ അവർ മുന്നോട്ടുപോയി.

രണ്ടുപിശാചുക്കളിൽ ഒന്നാണു് ബക്കെന്നു് ഫ്രാങ്കോയി അഭിപ്രായപ്പെട്ടുവെങ്കിലും താൻ യഥാർത്ഥത്തിൽ ബക്കിന്റെ മാഹാത്മ്യം കുറച്ചുകളയുകയാണു ചെയ്തതെന്നു് അയാൾക്കു തോന്നി. നേതാവിന്റെ കർത്തവ്യങ്ങൾ ബക്ക് ഭംഗിയായി നിറവേററി. ഒരു നിശ്ചിതതീരുമാനമാവശ്യമുള്ള സന്ദർഭങ്ങളിൽ പെട്ടെന്നുള്ള ഉചിതമായ ചിന്തയും പ്രവൃത്തിയും അവൻ പ്രദർശിപ്പിച്ചു. അങ്ങനെ അതുല്യനാണെന്നു് ഫ്രാങ്കോയി ധരിച്ചിരുന്ന സ്പിററ്സിനേയും അവൻ അതിശയിച്ചു.

നിയമസമാധാനപരിപാലനത്തിലാണു് ബക്ക് കൂടുതൽ വിജയിച്ചതു്. ഡെയ്‌വും സോൾലെക്ക്സും നേതൃസ്ഥാനത്തു

ണ്ടായ മാററം അറിഞ്ഞതായിപ്പോലും നടിച്ചില്ല. അവർക്കതിലൊന്നും കാര്യമില്ലെന്ന മട്ടാണ്. നിരന്തരം കഠിനാദ്ധ്വാനത്തിലേർപ്പെട്ടുകയാണ് അവരുടെ ജോലി. അതു നിർബാധം തുടന്നുപോവുന്നെങ്കിൽ മറെറാന്നിലും തലയിടേണ്ട ആവശ്യമില്ല. അവരുടെ അഭിപ്രായത്തിൽ നിയമസമാധാനം പരിപാലിച്ചാൽ നല്ലവനായ ബില്ലിക്കുപോലും നേതാവാകാം. പക്ഷേ, സ്പിററ്സിൻെറ അവസാനകാലത്തോടുകൂടി സംഘത്തിലെ മററംഗങ്ങൾ അശിക്ഷിതരായിത്തീന്നിരുന്നു. ബക്ക് അവരെ വീണ്ടും മര്യാദപഠിപ്പിക്കുവാൻ തുനിഞ്ഞപ്പോൾ അവക്കുണ്ടായ അത്ഭുതം സീമാതീതമായിരുന്നു.

ഉള്ള ജോലിയിൽ ഒരംശംപോലും കൂടുതൽ ചെയ്യുവാൻ ശരീരം ഉപയോഗിക്കാതിരുന്ന പൈക്ക് ബക്കിൻെറ തൊട്ടു പിന്നിലാണ് പണിയെടുത്തതു്. അവൻ പലപ്പോഴും അലഞ്ഞുതിരിയാറുള്ളതുകൊണ്ട് ബക്ക് അവനെ നന്നായൊന്നു പിടിച്ചു കുടഞ്ഞു. അതിനുശേഷം ഒരുദിവസംപോലും പിന്നിടുന്നതിനു മുമ്പുതന്നെ അന്നുവരെ വഹിച്ചിട്ടുള്ളതിലേറെ ഭാരം വഹിക്കുവാൻ പൈക്ക് നിർബന്ധിതനായി. ആദ്യരാത്രിയിൽത്തന്നെ ബക്ക് വിരസനായ ജോവിനെ കണക്കിനു ശിക്ഷിച്ചു. അക്കാര്യത്തിലൊരിക്കലും സ്പിററ്സ് ജയിച്ചിട്ടില്ല. താരതമ്യേന ബക്കിനു് ഭാരക്കൂടുതലുണ്ടായിരുന്നതുകൊണ്ട് ജോവിനെ ശ്വാസം മുട്ടിക്കുകയും അടങ്ങിക്കിടന്നു കരുണയാചിക്കുന്നതുവരെ പീഡിപ്പിക്കുകയുംചെയ്തു.

അതു ശരിയായി ഫലിച്ചു. പെട്ടെന്നു് സംഘത്തിനു മുമ്പുണ്ടായിരുന്ന ഐക്യവും ഉണർവ്വും കൈവന്നു. വീണ്ടും ഒററക്കെട്ടായി മുമ്പോട്ടുകുതിച്ചു. റിങ്ക്റാപ്പിഡ്സിൽവച്ച് ടീക്കെന്നും കൂണായെന്നും പേരുള്ള രണ്ടു നാടൻഹസ്കികളെക്കൂടി സംഘത്തിലുൾപ്പെടുത്തി. അവക്ക് അതിവേഗം ബക്ക് സ്വീകരണം കൊടുക്കുന്നതുകണ്ടു് ഫ്രാങ്കോയി അമ്പരന്നുപോയി.

"ഓനെപ്പോലെ ഒരെണ്ണത്തിനെ ഞാൻ കണ്ടിട്ടേയില്ല," അയാൾ വിളിച്ചുകൂവി. "ഹോ! അവനൊരായിരം ഡോളർ വിലയുണ്ടെന്നേ. എന്തേ പെറാൾട്ട്?"

പെറാൾട്ട് തലകുലുക്കി. റിക്കാർഡു സൃഷ്ടിച്ചിരുന്നു. യാത്ര കുഴപ്പമില്ലാത്തവിധം നീങ്ങുന്നുണ്ട്. പുതുമഞ്ഞു വീണിരുന്ന

വെങ്കിലും ശൈത്യം ഉഗ്രമായിരുന്നില്ല. പെറാൾട്ടും ഫ്രാങ്കോയി യും നിരന്തരം അദ്ധ്വാനിച്ചു. ഒപ്പം സംഘാംഗങ്ങളും.

മുപ്പതുമൈലോളം ദൂരം നദി താരതമ്യേന ഹിമാവൃതമായിരുന്നു. വരുമ്പോൾ പത്തുദിവസംകൊണ്ടു പിന്നിട്ട ദൂരംതന്നെ തിരികെ മടങ്ങുമ്പോൾ ഒരൊററദിവസംകൊണ്ട് അവർ സഞ്ചരിച്ചു. ഒററമൂച്ചിൽ ലെബാർജ്‌തടാകംമുതൽ വൈററ്ഹോഴ്‌സ്‌റാപ്പിഡ്‌സ്‌വരെയുള്ള അറുപതുമൈൽ ദൂരം അവർ യാത്ര ചെയ്തു. മാർഷിനും ടാഗിഷിനും ബെന്നററിനും മദ്ധ്യേ (എഴുപതുമൈലോളം തടാകമാണ്) അവർ യഥാർത്ഥത്തിൽ പറക്കുകയായിരുന്നു. വേഗതയുടെ ആധിക്യംകൊണ്ട് ഹിമശകടത്തിൻെറ ഓടികൾ കയറുകൊണ്ടു കൊളുത്തി വലിക്കേണ്ടിവന്നു. രണ്ടാമത്തെ ആഴ്ചയുടെ അവസാനരാത്രിയിൽ അവർ വൈററ് പാഡ് കടന്ന് കടൽത്തീരത്തിലുള്ള ചെരിവിലൂടെ കപ്പലുകൾ നിറഞ്ഞതും പ്രകാശമാനമായതുമായ സ്‌കാഗ്‌വേയിലെത്തി.

റിക്കാർഡുസൃഷ്ടിച്ച ഓട്ടമായിരുന്നു അത്. ഓരോ ദിവസവും ശരാശരി നാല്പതുമൈൽവീതം പതിന്നാലു ദിവസം തുടച്ചയായുള്ള യാത്ര. സ്‌കാഗ്‌വേയിലെ പ്രധാന തെരുവിൽ പെറാൾട്ടും ഫ്രാങ്കോയിയും മൂന്നുദിവസത്തോളം കഴിച്ചു. അതിനിടയിൽ മദ്യപാനത്തിനായി പലരും അവരെ ക്ഷണിച്ചു. നായകളുടെ കാര്യത്തിൽ താല്പര്യമുള്ളവരും മററു യാത്രക്കാരുമെല്ലാം അവരുടെ ചുററും കൂടി. കൊള്ളരുതാത്ത മൂന്നുനാലു പാശ്ചാത്യർ നഗരത്തിലെത്തിയതോടെ ജനങ്ങളുടെ ശ്രദ്ധ മററുള്ളവരിലേയ്ക്കു തിരിഞ്ഞു. അപ്പോഴേക്കും ഔദ്യോഗികമായ അനുജ്ഞകൾവന്നു. ഫ്രാങ്കോയി ബക്കിനെ അരികിൽ വിളിച്ച് അവനെ കരവലയത്തിനുള്ളിലാക്കി വികാരാധീനനായി കണ്ണീർപൊഴിച്ചു. മററു പലരേയുംപോലെ ഫ്രാങ്കോയിയും പെറാൾട്ടും അവനെ വേർപിരിയുകയായിരുന്നു. ഒരുപക്ഷേ, ബക്കിൻെറ നന്മയ്ക്കുവേണ്ടിത്തന്നെ.

അവനെയും അവന്റെ കൂട്ടുകാരെയും ഭാഗികമായി സ്‌കോച്ചു രക്തമുള്ള ഒരാളാണ് ഏററുവാങ്ങിയതു്. ഒരു ഡസനോളം മററു നായകളുമൊന്നിച്ച് അവർ ഡോസണിലേയ്ക്കുള്ള വിരസമായ യാത്ര തുടന്നു. യാത്ര വിഷമകരമായി. പുതിയ റിക്കാർഡൊന്നും സൃഷ്ടിച്ചില്ല. അനുദിനം അത്യദ്ധ്വാനംചെയ്ത് വലിയ

ഭാരവും വലിച്ചുകൊണ്ടു് അവർ സഞ്ചരിച്ചു. കാരണം, ഭൂമുഖത്തുനിന്നും ധ്രുവപ്രദേശത്തു് സ്വൎണ്ണംതേടുന്നവൎക്കു് സന്ദേശങ്ങൾ ലഭിക്കുവാനുള്ള ഏകമാൎഗ്ഗമായിരുന്നു അതു്. മെയിൽ കൊണ്ടുപോവുകയായിരുന്നു അവർ.

ബക്കിനു് ഒന്നും രുചിച്ചില്ലെങ്കിലും ജോലി ഭംഗിയായി നിൎവ്വഹിക്കുന്നതിൽ ശുഷ്കാന്തി പ്രദർശിപ്പിച്ചു. ഡെയ്‌വിനെയും സോൾലെക്ക്സിനെയുംപോലെ തികച്ചും അഭിമാനബോധത്തോടെതന്നെ അവനും സ്വന്തം കൎത്തവ്യം നിറവേററി. യാത്ര വിരസവും യാന്ത്രികവുമായിരുന്നു. എല്ലാ ദിവസവും ഒരേമാതിരിതന്നെ. പ്രഭാതങ്ങളിൽ കോഴികൂവും. അവരെണീക്കും. തീകൂട്ടും. പ്രാതൽ ഭക്ഷിക്കും. വീണ്ടും കടിഞ്ഞാണുകൾ മുറുക്കി യാത്രയാരംഭിക്കും. രാത്രിയാകുമ്പോൾ ക്യാമ്പു നിൎമ്മിക്കും. വെള്ളവും വിറകുംതേടി നടക്കും. നായകൾക്കു് ആഹാരം കൊടുക്കും. നായകളെസംബന്ധിച്ചിടത്തോളം രസമുള്ള കാൎയ്യം അതൊന്നു മാത്രമാണു്. മീൻ തിന്നിട്ടു് നൂറിലധികംവരുന്ന മററു നായകളോടൊത്തു് ചുററിത്തിരിയുക. ഭയങ്കരമായ യുദ്ധങ്ങൾ അവർക്കിടയിലുണ്ടാവാറുണ്ടു്. പക്ഷേ, മൂന്നു കഠിനയുദ്ധങ്ങൾ ബക്കിനു് ആത്മവിശ്വാസം നേടിക്കൊടുത്തതുകൊണ്ടു് അവൻ ശരീരമൊന്നു കുടയുകയും പല്ലിളിച്ചുകാട്ടുകയും ചെയ്താലുടൻ മററുനായകൾ ഓടിയകന്നുകൊള്ളും.

ബക്കു് കൂടുതലിഷ്ടപ്പെട്ടതു് പിൻകാലുകൾ മടക്കിയും മുൻകാലുകൾ മുന്നോട്ടുനീട്ടിയും തലയുയൎത്തിയും തീജ്ജ്വാലകൾക്കരികെ കിടന്നുകൊണ്ടു് ജ്വാലകളുടെനേരെ കണ്ണുചിമ്മുവാനാണു്. ചിലപ്പോഴൊക്കെ അവൻ ജഡ്ജി മില്ലറുടെ കൂററൻകെട്ടിടത്തെക്കുറിച്ചും സൂൎയ്യൻ ചുംബിക്കുന്ന സാന്റാക്ലാറാതാഴ്വരയെക്കുറിച്ചും സിമൻറുകൊണ്ടു നിൎമ്മിച്ച നീന്തൽക്കുളത്തെക്കുറിച്ചുമൊക്കെ സ്മരിക്കാറുണ്ടു്. ഇസബേലും ററൂട്ട്സും മററും അവൻെറ സ്മരണപഥത്തിൽ ഓടിയെത്താറുണ്ടു്. പക്ഷേ, അവൻ കൂടുതലോൎമ്മിച്ചതു് ചുവന്ന ഉൾക്കുപ്പായം ധരിച്ച മനുഷ്യനെയും കേളിയുടെ മരണവും സ്പിററ്സുമായുണ്ടായ മഹായുദ്ധവും മററുമാണു്. തിന്നതും തിന്നാനാഗ്രഹിക്കുന്നതുമായ നല്ല ആഹാരവസ്തുക്കളെക്കുറിച്ചും അവൻ ചിന്തിക്കാറുണ്ടു്. അവൻ വിരഹതാപം അനുഭ

വിക്കുകയായിരുന്നു. സൂര്യൻ ചുംബിക്കുന്ന നാട്ട് അങ്ങു വിദൂരതയിലാണ്. ആ സ്മരണകൾ തെളിവററുകഴിഞ്ഞിരുന്നു.

വംശപാരമ്പര്യത്തെക്കുറിച്ചുള്ള ചിന്തകളിൽ അവൻ നിമഗ്നനാകാറുണ്ട്. സമീപകാലത്ത് അവനിൽ കൂടുതൽ സ്വാധീനംചെലുത്തിയ ജന്മവാസനകൾ പൂർവ്വാധികം ശക്തിപ്രാപിക്കുകയും അവനെ ഉണർത്തുകയും ചെയ്തു.

ചിലപ്പോൾ ജ്വാലകളുടെനേരെ കണ്ണുചിമ്മിക്കൊണ്ട് ചുരുണ്ടുകൂടി കിടക്കുമ്പോൾ താൻ കാണുന്നത് മറെറാരു തീയുടെ ജ്വാലയാണെന്നവനു തോന്നാറുണ്ട്. ജ്വാലകളുടെ സമീപം സങ്കരജാതിക്കാരനു പകരം മറെറാരാൾ ഇരിക്കുന്നതായും. ആ പുതിയ മനുഷ്യൻ കുറിയകാലുകളും നീണ്ടബാഹുക്കളുമുള്ളവനാണ്. അയാളുടെ മാംസപേശികൾ ഉരുണ്ടുയർന്നതല്ല; കൃശവും തന്തുപ്രായവുമാണ്. തലമുടി ചകിരിനാരുകൾപോലെയുള്ളതും നീണ്ടതുമാണ്. തലയുടെ ആകൃതി കണ്ണുകൾക്കുതാഴെ അല്പം ചരിഞ്ഞിട്ടാണ്. അയാൾ വിചിത്രമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇരുട്ടിലേയ്ക്കു തുറിച്ചുനോക്കിയിരുന്നു. ആ ഇരുട്ട് അയാളെ പേടിപ്പെടുത്തുന്നുണ്ട്. അററത്തു ഭാരമുള്ള കല്ലു ഘടിപ്പിച്ച ഒരു ഊക്കൻവടി അയാൾ പിടിച്ചിട്ടുണ്ട്. ഏതാണ്ട് നഗ്നമായിരുന്ന ശരീരം രോമാവൃതമാണ്. നെഞ്ചിലും, തോളിലും, കൈകളുടെയും തുടകളുടെയും അകവശങ്ങളിലും രോമം നിബിഡമായിരുന്നു. നിവർന്നല്ല നിന്നിരുന്നത്. അരയ്ക്കുമേൽ ശരീരം മുന്നോട്ടാഞ്ഞുനിന്നു. കാൽമുട്ടുകൾ അല്പം മടങ്ങിയും. ആകപ്പാടെ ശരീരത്തിനു് പൂച്ചകളുടേതുപോലെ മാർദ്ദവമുണ്ട്. കണ്ടതും കാണാത്തതുമായ സംഗതികളെക്കുറിച്ചുള്ള ഭയംകൊണ്ടെന്നപോലെ അയാൾ ആകാംക്ഷാകുലനായി കാണപ്പെട്ടു.

മററവസരങ്ങളിൽ ഈ രോമാവൃതനായ മനുഷ്യൻ ജ്വാലകൾക്കരികെ ചുരുണ്ടുകൂടി കിടന്നുറങ്ങും. അപ്പോൾ അയാളുടെ കൈമുട്ടുകൾ കാൽമുട്ടുകളിൽ വിശ്രമിക്കും. രോമാവൃതമായ കൈകൾ മഴചൊരിയുവാനെന്നപോലെ തലയ്ക്കുമീതെ ഉയർത്തിപ്പിടിച്ചിരിക്കും. ആ ജ്വാലകളുടെ പരിധിക്കപ്പുറം ചുററുമുള്ള ഇരുട്ടിൽ എന്തോ തിളങ്ങുന്നത് ബക്കിനു ദൃശ്യമാവും. ഇരതേടുന്ന മൃഗങ്ങളുടെ ജ്വലിക്കുന്ന കണ്ണുകളാണവയെന്നു് ബക്കിനറിയാം. ആ മൃഗങ്ങൾ രാത്രിമുഴുവൻ ബഹളമുണ്ടാക്കുന്നതും അന്യോന്യം

മർദ്ദനമേററു പിടയുന്നതും ബക്കിനു വ്യക്തമായി കേൾക്കാം. ഇങ്ങനെ യൂക്കൺതീരത്ത് ജ്വാലകളുടെനേരെ കണ്ണുചിമ്മിക്കിടന്നു കിനാവു കാണുമ്പോൾ മറെറാരു ലോകത്തിലെ കാഴ്ചകളും ശബ്ദങ്ങളുംമൂലം ബക്ക് രോമാഞ്ചംകൊള്ളാറുണ്ട്. അവസാനം അവൻ മെല്ലെ ചിണുങ്ങുകയും അമർത്തിയ സ്വരത്തിൽ കരയുകയുംചെയ്യും. സങ്കരജാതിയായ പാചകക്കാരൻ ഉടനെ ഉച്ചത്തിൽ അലറും, "ഹേ! ബക്ക്, എഴുന്നേൽക്കു്! എഴുന്നേൽക്കു്!" അങ്ങനെ ആ പുതിയ ലോകം പെട്ടെന്നു് അപ്രത്യക്ഷമാവും. വീണ്ടും യഥാർത്ഥലോകത്തെത്തും. ഉറങ്ങിയശേഷം ഉണർന്നമട്ടിൽ കോട്ടുവായിട്ടുകൊണ്ടു് അവനെണീക്കും.

യാത്ര വിഷമകരമായിരുന്നു. കത്തുകളുംകൊണ്ടുള്ള യാത്രയാണു്. കഠിനാദ്ധ്വാനംകൊണ്ടു് അവർ തളർന്നു. ഡോസണിലെത്തിയപ്പോഴേയ്ക്കും ഒരാഴ്ചത്തെ വിശ്രമമെങ്കിലും കൂടിയേതീരൂ എന്ന മട്ടായി. പക്ഷേ, രണ്ടുദിവസത്തിനുള്ളിൽ വീണ്ടും കത്തുകളുമായി യൂക്കൺ വിട്ടു. നായകൾ തളർന്നുകുഴഞ്ഞു. ഡ്രൈവർമാർ മുറുമുറുത്തു. മഞ്ഞു ശക്തിയായി പെയ്യുകൊണ്ടിരുന്നതു് കൂടുതൽ പ്രയാസങ്ങളുണ്ടാക്കി. എല്ലാവരും ഒന്നുപോലെ അത്യദ്ധ്വാനത്തിലേർപ്പെടേണ്ടിവന്നു. എങ്കിലും ഡ്രൈവർമാർ നായകളെ വേണ്ടവിധം പരിചരിക്കാൻ മറന്നില്ല.

എല്ലാ രാത്രികളിലും നായകളുടെ ആവശ്യങ്ങൾക്കു് മുൻഗണനകൊടുത്തു. ഡ്രൈവർമാർ ആഹാരം കഴിക്കുന്നതിനുമുമ്പു് നായകളെ തീററും. അവർ ഉറങ്ങുന്നതിനുമുമ്പു് നായകൾ നിദ്രയിൽ ലയിക്കും. എന്നിട്ടും ക്ഷീണം കുറഞ്ഞില്ല. ശൈത്യകാലാരംഭത്തിനുശേഷം അവർ ആയിരത്തെണ്ണൂറുമൈൽ സഞ്ചരിച്ചുകഴിഞ്ഞിരുന്നു. അതോ, വളരെ ഭാരമുള്ള വണ്ടി വലിച്ചുകൊണ്ടും. എത്ര ബലിഷ്ഠനും അതു് അധികമാണു്. എന്നിട്ടും ബക്ക് ഉറച്ചുനിന്നു. കൂട്ടുകാരെക്കൊണ്ടു് ജോലി ശരിയായി നിർവ്വഹിപ്പിക്കുകയും ശിക്ഷണം പാലിക്കുകയും ചെയ്തു. പക്ഷേ, അവനും തളർന്നിരുന്നു. ബില്ലി രാത്രികളിൽ ഉച്ചത്തിൽ ചിണുങ്ങുകയും കരയുകയും ചെയ്തു. ജോ കൂടുതൽ വിരസനായി. അന്ധനേത്രമുള്ള വശത്തുകൂടിയായാലും അല്ലെങ്കിലും സോൾലെക്സിനെ സമീപിക്കുക വിഷമമായി.

ഡെയ്‌വാണു് ഏററവുമധികം വിഷമതയനുഭവിച്ചതു്.

അവന് എന്തോ തകരാറുകൾ പററിയിരുന്നു. കൂടുതൽ വിരസനും മന്ദനുമായി. ക്യാമ്പുണ്ടാക്കിക്കഴിഞ്ഞാലുടൻ ഒരു മൂലയിൽ ഉറങ്ങാനുള്ള സ്ഥലം ശരിപ്പെടുത്തും. അവിടെവച്ച് ഡ്രൈവർ കൊടുക്കുന്നതു വാങ്ങിത്തിന്നും. കോപ്പുകൾ മാററിക്കഴിഞ്ഞാൽ പിറ്റേദിവസം അതെല്ലാം അണിയിക്കുന്നതുവരെ ഒരൊററ കിടപ്പാണ്. ചിലപ്പോൾ പെട്ടെന്ന് വണ്ടിവലിക്കുന്നതുകൊണ്ടുള്ള ആഘാതത്താലോ ഭാരംവലിക്കുമ്പോഴുള്ള ആയാസംകൊണ്ടോ അവൻ ഉറക്കെ നിലവിളിക്കും. ഡ്രൈവർ അവനെ പരിശോധിക്കും. പ്രത്യേകിച്ചൊരു കുഴപ്പവുമില്ല. എല്ലാ ഡ്രൈവർമാരും അവൻെറ കാര്യത്തിൽ ഔത്സുക്യമുള്ളവരായി. ആഹാരവേളയിൽ അവനൊരു സംഭാഷണവിഷയമായി. ഒരുദിവസം രാത്രി സുദീർഘമായ ചർച്ചകൾ നടന്നു. അവനെ കൊണ്ടുവന്നു ജ്വാലകൾക്കരികെ നിർത്തി ശരീരമാസകലം പിടിച്ചും ഞെക്കിയും പരിശോധിച്ചു. അവൻ നിലവിളിക്കുന്നതുവരെ അവരതു തുടന്നു. ഉള്ളിലെന്തോ കുഴപ്പമുണ്ട്. അതു് എല്ലൊടിഞ്ഞതോ മറേറാ ആണോ എന്നു തീർച്ചപ്പെടുത്താനവർക്കു കഴിഞ്ഞില്ല.

കാസ്സ്യാർബാറിലെത്തിയപ്പോഴേയ്ക്കും വഴിയിൽ കുഴഞ്ഞുവീഴുമെന്ന മട്ടായി ഡെയ്‌വിൻെറ സ്ഥിതി. സങ്കരജാതിക്കാരൻ വണ്ടിനിർത്തി അവനെ അഴിച്ചുമാററി. പകരം സോൾലെക്ക്സിനെ ആ സ്ഥാനത്താക്കി. ഡെയ്‌വിന് അല്പം വിശ്രമം കൊടുക്കാനാണ് ഉദ്ദേശിച്ചതു്. സ്വതന്ത്രമായി അവൻ പുറകെ ഓടിയെത്തട്ടെയെന്ന് അവർ നിശ്ചയിച്ചു. രോഗബാധിതനായിട്ടുപോലും സ്വസ്ഥാനം വിട്ടുമാറാൻ അവനു മടിയുണ്ടായിരുന്നു. വളരെക്കാലമായി താൻ വഹിച്ച സ്ഥാനത്തേയ്ക്കു മറെറാരുവൻ നടന്നടുക്കുന്നതുകണ്ടു് അവൻ ചിണുങ്ങുകയും മുരളുകയും ചെയ്തു. കാരണം, അവൻെറ ജോലിയിൽ അവൻ അഭിമാനംകൊണ്ടിരുന്നു.

ശകടം വീണ്ടും യാത്രയാരംഭിച്ചു. യാത്രാപഥത്തിലുള്ള ചിന്നിപ്പൊടിഞ്ഞ മൃദുവായ മഞ്ഞിലൂടെ ഡെയ്‌വ് ശകടത്തിനടുത്തുചെന്ന് സോൾലെക്ക്സിനെ പല്ലുകൾകൊണ്ടാക്രമിച്ചു. സോൾലെക്ക്സിനെ മഞ്ഞിലേയ്ക്കു തട്ടിയിടാനായിരുന്നു ശ്രമം. അതിയായ മാനസികവേദന അനുഭവിച്ചതുകൊണ്ടു് അവൻ ചിണുങ്ങുകയും കുരയ്ക്കുകയും ചെയ്തു. സങ്കരജാതിക്കാരൻ ചാട്ടയു

പയോഗിച്ച് അവനെ ദൂരെ മാററാൻ ശ്രമിച്ചു. അവൻ അനു ഗൗനിച്ചില്ല. കുറേക്കൂടി ശക്തിയായി അടിക്കാൻ അയാൾക്കു മനസ്സുണ്ടായില്ല. ഡെയ്‌വിനു് വണ്ടിയുടെ പുറകിൽ സുഖമായി നടക്കാമായിരുന്നു. അതിനുപകരം ശരീരം വെറുതെ ആയാസപ്പെടുത്തുകയാണു്. അല്പം കഴിഞ്ഞപ്പോൾ അവൻ മഞ്ഞിൽ കുതറിവീണു. ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിച്ചു. വണ്ടി നീങ്ങി.

വീണ്ടും ശക്തിമുഴവൻ സംഭരിച്ച് അവൻ മുന്നോട്ടാഞ്ഞു; ശകടം വീണ്ടുമൊന്നു നിറുത്തുന്നതുവരെ വലിഞ്ഞുനീങ്ങി. പെട്ടെന്നു പഴയ സ്ഥാനത്തെത്തി സോൾലെക്ക്സിനു സമീപം നിലയുറപ്പിച്ചു. ഡ്രൈവർ പൈപ്പു കത്തിക്കുവാനായി ഒന്നു തിരിഞ്ഞ സമയമായിരുന്നു അതു്. അയാൾ തിരിച്ചെത്തി വണ്ടി തെളിക്കാനാരംഭിച്ചു. പക്ഷേ, നായകൾ മുന്നോട്ടു നീങ്ങിയില്ല. അവർ അസ്വാസ്ഥ്യം പ്രദർശിപ്പിക്കുകയും ഇടയ്ക്കിടെ അത്ഭുതത്തോടെ തിരിഞ്ഞുനോക്കുകയും ചെയ്തു. ഡ്രൈവറും അത്ഭുതസ്തബ്ധനായി. വണ്ടി നീങ്ങിയില്ല. ഡ്രൈവർ കൂട്ടുകാരെവിളിച്ച് ആ രംഗം കാണിച്ചു. ഡെയ്‌വ് സോൾലെക്ക്സിനെ ബന്ധിച്ചിരുന്ന വാറുകൾ കടിച്ചുചവച്ചശേഷം ശകടത്തിനുമുന്നിൽ സ്വസ്ഥാനത്തു നില്ക്കുകയായിരുന്നു.

അവിടെത്തന്നെ നിർത്തണമെന്നു് അവൻ കണ്ണുകളാൽ അപേക്ഷിച്ചു. ഡ്രൈവർ വിസ്മയഭരിതനായി. അതിനോടു സാദൃശ്യമുള്ള മററുചില സംഭവങ്ങൾ ഡ്രൈവർ വിസ്തരിച്ചു. ജോലിയിൽനിന്നും മാറ്റുകയെന്നതു് ഒരു നായയ്ക്കു മർമ്മഭേദകമായ അനുഭവമാണു്. മുത്തനരച്ചതും മുറിവേററു തളർന്നതുമായ നായകൾ ജോലിയിൽനിന്നു മാററപ്പെട്ടതുകൊണ്ടുമാത്രം പെട്ടെന്നു ചത്തുപോയിട്ടുണ്ട്. അവക്കു കരുണതോന്നി. ഏതായാലും ഡെയ്‌വ് മരിച്ചേ തീരൂ എങ്കിൽ സംതൃപ്തിയോടെ മരിക്കട്ടെ! അവർ വീണ്ടും അവനെ കോപ്പുകളണിയിച്ചു. അവൻ വീണ്ടെടുത്ത അഭിമാനത്തോടെ വീണ്ടും വണ്ടിവലിച്ചു. ഒന്നിലധികംതവണ ഹൃദയവേദനകൊണ്ടു് ഉറക്കെ നിലവിളിച്ചു. പലപ്രാവശ്യം കുതറിവീഴുകയും വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തു. ഒരുതവണ വണ്ടി അവൻെറമേൽ കയറിയിറങ്ങിയതുകൊണ്ടു് പിൻകാലിനു മുടന്തുണ്ടായി.

ക്യാമ്പിലെത്തുന്നതുവരെ അവൻ വല്ലതരത്തിലും പിടിച്ചു

നിന്നു. അവിടെ ഡ്രൈവർ അവനു് തീജ്വാലകൾക്കരികെ വിശ്രമസ്ഥലം തയ്യാറാക്കി. പ്രഭാതമായപ്പോഴേയ്ക്കും അവൻ പൂർവ്വാധികം ദുർബലനായി. കോപ്പുകളണിയിക്കുന്ന സമയമടുത്തു. അവൻ ഡ്രൈവറുടെ സമീപത്തേയ്ക്കു് ഇഴഞ്ഞുനീങ്ങുവാൻ യത്നിച്ചു. വളരെ പ്രയാസപ്പെട്ടു് കാലുകളിൽ ഉറച്ചുനില്ക്കാൻ ശ്രമിച്ചെങ്കിലും പെട്ടെന്നു് ഉഴറിക്കലഞ്ഞു നിലംപതിച്ചു. വീണ്ടും ഇഴഞ്ഞും നിരങ്ങിയും കൂട്ടുകാരുടെ സമീപത്തേയ്ക്കു നീങ്ങി. മുൻകാലുകൾ മുന്നോട്ടു നീട്ടിവച്ചുകൊണ്ടു് ശരീരം മുഴുവനും മുന്നോട്ടാഞ്ഞുവലിക്കുകയാണവൻ ചെയ്തതു്. ശക്തിമുഴുവൻ അസ്തമിച്ചു. അവസാനമായി കൂട്ടുകാർ കണ്ടതു് അവൻ മഞ്ഞിൽക്കിടന്നു നിരങ്ങുന്നതാണു്. കാഴ്ചയിൽനിന്നു മറഞ്ഞപ്പോഴും അവൻെറ ഉച്ചത്തിലുള്ള ദീനസ്വരം അവരുടെ കാതുകളിൽ വന്നലച്ചു.

വീണ്ടും വണ്ടി നിർത്തി. സങ്കരജാതിക്കാരൻ തിരികെ നടന്നു. അവരെല്ലാം നിശ്ശബ്ദരായി. ഒരു വെടിയുണ്ട ഊളിയിട്ടു പാഞ്ഞു. അയാൾ തിരിച്ചുനടന്നു. ചാട്ടകൾ വീണ്ടും കാററിൽ ഊളിയിട്ടു. മണികൾ കിലുങ്ങിത്തുടങ്ങി. വണ്ടി യാത്രാമാർഗ്ഗത്തിലൂടെ മുന്നോട്ടു നീങ്ങുകയായിരുന്നു. ബക്കിനുമാത്രമല്ല എല്ലാ നായകൾക്കും അവർക്കുപിന്നിൽ അവിടെ നടന്നതെന്താണെന്നു് മനസ്സിലാകാതിരുന്നില്ല.

KA PUBLIC LIBRARY • KOZHIKODE-4 • SENG

5

# നിരന്തരമായ അദ്ധ്വാനം

ഡോസണിൽനിന്നും തിരിച്ചു് മുപ്പതുദിവസം കഴിഞ്ഞപ്പോൾ 'സാൾട്ട്‌വാട്ടർ മെയിൽ' ബക്കിന്റെ നേതൃത്വത്തിൽ സ്‌കാഗ്‌വേയിലെത്തി. എല്ലാവരും ക്ഷീണിച്ചു തളർന്നിരുന്നു. ബക്കിന്റെ ഭാരം നൂററിനാല്പതിൽനിന്നും നൂററിപ്പതിനഞ്ചിലേയ്ക്കു താണിരുന്നു. ഭാരക്കുറവുള്ള മററു നായകൾക്കും താരതമ്യേന കൂടുതൽ ഭാരം നഷ്ടപ്പെട്ടു. മുറിവുപററിയതായി സദാ അഭിനയിക്കാറുള്ള പൈക്കിനു് യഥാർത്ഥത്തിൽ മുടന്തുണ്ടായി. സോൾലെക്ക്സും മുടന്തിയാണു നടന്നതു്. ഡബ്ബ് തോളെല്ലിനു ക്ഷതം പററിയതുകൊണ്ടു് വിഷമിക്കുന്നുണ്ടായിരുന്നു.

കാലടികൾ കീറിപ്പൊളിഞ്ഞിരുന്നു. കുതിച്ചുചാടിയുയരാനോ താഴാനോ സാദ്ധ്യമല്ലെന്നായി. പാദങ്ങൾ വിഷമിച്ചു മുന്നോട്ടു വയ്ക്കേണ്ടിവന്നപ്പോൾ ശരീരം കൂടുതൽ ഉലയുകയും ക്ഷീണം ഇരട്ടിയാവുകയുംചെയ്തു. പെട്ടെന്നു് കഠിനാദ്ധ്വാനംനിമിത്തം തോന്നുന്നമാതിരിയുള്ള ക്ഷീണമല്ല. അതിനു് അല്പനേരത്തെ വിശ്രമം മതിയാകും. ഇതു് നിരവധി മാസങ്ങളായി നിത്യവും ചെയ്യുന്ന കഠിനാദ്ധ്വാനത്തിന്റെ അനന്തരഫലമാണു്. ശക്തിയുടെ ഓരോ അണുവും ഉപയോഗിച്ചുകഴിഞ്ഞിരുന്നു. ഓരോ മാംസപേശിയും ഞരമ്പുമെല്ലാം തളർന്നിരുന്നു. അതിനു കാരണമുണ്ടു്. അഞ്ചുമാസങ്ങൾക്കുള്ളിൽ രണ്ടായിരത്തി അഞ്ഞൂറു മൈലോളം അവർ പിന്നിട്ടുകഴിഞ്ഞു. അവസാനത്തെ ആയിരത്തെണ്ണൂറു മൈലുകൾക്കിടയിൽ വെറും അഞ്ചുദിവസം മാത്രമാണു് വിശ്രമം ലഭിച്ചതു്. അതുകൊണ്ടു് സ്‌കാഗ്‌വേയിലെത്തിയപ്പോഴേയ്ക്കും പാദങ്ങൾ ഉപയോഗശൂന്യമായി. കാലുകൾ നിലത്തുറച്ചില്ല. ഇറക്കത്തിലെത്തുമ്പോൾ കഷ്ടിച്ചു് വണ്ടിക്കടിയിൽപ്പെടാതെ കഴിച്ചുകൂട്ടിയെന്നുമാത്രം.

"ഒത്തുപുടിച്ചോ,ട്ടോ," സ്‌കാഗ്‌വേയിലെ പ്രധാന തെരു

വില്ലൂടെ കടക്കുമ്പോൾ ഡ്രൈവർ ഉത്സാഹിപ്പിച്ചു. "ഇദ് ഒട്ട ക്കത്തേതാ. പിന്നെ നീണ്ട വിശ്രമം. ട്ടോ."

വിശ്രമിക്കാമെന്നാണ് ഡ്രൈവർമാരും പ്രതീക്ഷിച്ചത്. വെറും രണ്ടുദിവസത്തെ വിശ്രമവും ആയിരത്തിയിരുനൂറുമൈൽ യാത്രയും. വിശ്രമം കിട്ടിയേ തീരൂ. വെറും നീതിമാത്രമാണതു്. പക്ഷേ, വളരെയധികം ആളുകൾ ക്ലോൺഡൈക്കിലേയ്ക്കു തിക്കിത്തിരക്കിയിരുന്നു. അവരെ പിരിഞ്ഞു് വിരഹതാപമനുഭവിക്കുന്ന കാമുകിമാരും ഭാര്യമാരും മററു ബന്ധുക്കളും വളരെയുള്ളതുകൊണ്ടു് കത്തുകൾ കുന്നുകൂടിയിരുന്നു. കൂടാതെ, ഔദ്യോഗികമായ അനുജ്ഞകൾ നിരന്തരം കിട്ടുന്നുണ്ടു്. ക്ഷീണിച്ചു തളന്ന നായകളുടെ സ്ഥാനത്തു് പുതിയൊരു സംഘത്തെ കൊണ്ടുവരേണ്ടതുണ്ടു്. കഴിവുകൾ വററിയ നായകളെ ദൂരെത്തള്ളിയേ പററൂ. ഡോളറുമായി താരതമ്യപ്പെട്ടത്തിയാൽ നായകളെന്തുണ്ടു്? വിററു കാശുമാറണം, അത്രതന്നെ.

മൂന്നുദിവസങ്ങൾകൂടി കഴിഞ്ഞു. തങ്ങൾ ക്ഷീണിതരാണെന്ന ബോധം ബക്കിലും കൂട്ടുകാരിലും വളന്നുവന്നു. നാലാംദിവസം രാവിലെ രണ്ടുദ്യോഗസ്ഥന്മാർവന്നു് കോപ്പുകളുൾപ്പെടെ സകലതും ഏററുവാങ്ങി. 'ഹാൽ' എന്നും 'ചാൾസ്' എന്നുമായിരുന്നു അവരുടെ പേരുകൾ. മദ്ധ്യവയസ്കനായ ചാൾസ് ഉജ്ജ്വലവർണ്ണമുള്ളയാളായിരുന്നു. ശക്തിഹീനവും ജലാർദ്രവുമായ കണ്ണുകളും മുകളിലോട്ടു പിരിച്ച ഭയങ്കരമായ മീശയും അയാൾക്കുണ്ടു്. ആ മീശ തടിച്ചു വിരൂപമായ ചുണ്ടുകൾ സമർത്ഥമായി മറയ്ക്കുന്നുണ്ടായിരുന്നു. ഹാൽ ഒരു ഇരുപതുകാരനാണ്. ഒരു വലിയ കോൾട്ടു് റിവോൾവർ അയാൾ സൂക്ഷിച്ചിരുന്നു. കൂടാതെ ഉണ്ടകൾ സൂക്ഷിച്ചിരുന്ന ബെൽററിനിടയിൽ ഒരു വേട്ടക്കത്തിയും. ആ ബെൽററ് അവന്റെ പ്രത്യേകതകളുടെ ഒരു ഘടകമായിരുന്നു. അപരിചിതത്വം അതെടുത്തുകാട്ടി—കേവലവും വർണ്ണനാതീതവുമായ അപരിചിതത്വം. അവർ രണ്ടുപേരും അതിനു പററിയവരായിരുന്നില്ല. അത്തരക്കാർ ഇങ്ങനെയുള്ള സാഹസികമായ യാത്രകളിൽച്ചെന്നുപെടുന്നതെങ്ങനെയാണെന്നതു് വിചിത്രമായ ഒരു സംഗതിയാണ്.

അവർ തമ്മിൽത്തമ്മിൽ വിലപേശുന്നതും അയാൾ സക്കാരിൻെറ പ്രതിനിധിയുമായി പണം കൈമാറുന്നതും ബക്ക്



ശ്രദ്ധിച്ചു. പെറാൾട്ടിനെയും ഫ്രാങ്കോയിയെയുംപോലെ സങ്കരജാതിക്കാരനും കൂട്ടരും തന്നെ വിട്ടുപിരിയുകയാണെന്നവനു മനസ്സിലായി. പുതിയ യജമാനന്റെ ക്യാമ്പിലേയ്ക്കു് അവനും കൂട്ടുകാരും നയിക്കപ്പെട്ടു. അവിടെ കുഴഞ്ഞുമറിഞ്ഞ അന്തരീക്ഷമായിരുന്നു. കൂടാരം തികച്ചും തുമ്പുകെട്ടമാതിരിയാണു്. പാത്രങ്ങളൊന്നും കഴുകിയിട്ടില്ല. ഒരു സ്ത്രീ അവിടെ ഇരിപ്പുണ്ടായിരുന്നു. മേഴ്സിഡെസ് എന്നാണവളെ വിളിച്ചിരുന്നതു്. ചാൾസിന്റെ ഭാര്യയും ഹാലിന്റെ പെങ്ങളുമായിരുന്നു അവൾ—സൗഹാർദ്ദസുന്ദരമായ ഒരു കുടുംബവലയം.

അവർ കൂടാരം അഴിച്ചെടുക്കുന്നതും വണ്ടിയിൽ സാമാനങ്ങൾ നിറയ്ക്കുന്നതും ബക്കു് സംശയദൃഷ്ടിയോടെ വീക്ഷിച്ചു. അവരിൽ പ്രയത്നശീലം കാണ്മാനുണ്ടായിരുന്നുവെങ്കിലും വ്യവസായബുദ്ധി പൂജ്യമായിരുന്നു. കൂടാരം അഴിച്ചെടുത്തു് ചുരുട്ടിക്കെട്ടിയപ്പോൾ ഉള്ളതിലേറെ വലിപ്പമുള്ള വിധത്തിലായി. തകരപ്പാത്രങ്ങൾ കഴുകാതെതന്നെ അടുക്കി. മേഴ്സിഡെസ് നിരന്തരം പുരുഷന്മാരുടെകൂടെ നടന്നു് ബഹളമുണ്ടാക്കുകയും അവരെ ഉപദേശങ്ങളും നിർദ്ദേശങ്ങളുംകൊണ്ടു് മൂടുകയുംചെയ്തു. തുണി നിറച്ച ചാക്കു് അവർ വണ്ടിയുടെ മുൻവശത്തിട്ടപ്പോൾ അതു പുറകിലാണു വേണ്ടതെന്നവർ ശാഠ്യംപിടിച്ചു. അതനുസരിച്ചു് പുറകിൽ കൊണ്ടുവച്ചിട്ടു് അതിനു മുകളിൽ രണ്ടു കെട്ടുകളുംകൂടി ഇട്ടുകഴിഞ്ഞശേഷമാണു് ആ ചാക്കിനകത്തുതന്നെ സൂക്ഷിക്കേണ്ട ചില സാധനങ്ങൾ അവർ തേടിപ്പിടിച്ചുകൊണ്ടുവന്നതു്. അവർ പിന്നെയും സാമാനങ്ങൾ ഇറക്കി.

സമീപത്തുള്ള ഒരു കൂടാരത്തിൽനിന്നും രണ്ടുമൂന്നുപേർ അതു കാണുവാനെത്തി. അവർ അന്യോന്യം ചിരിക്കുകയും കണ്ണിറുക്കുകയുംചെയ്തു.

“ഇപ്പോഴത്തന്നെ കുറേയേറെയുണ്ടു് സാമാനം,” അതിലൊരുവൻ പറഞ്ഞു. “നിങ്ങടെ സ്ഥാനത്തു് ഞാനായിരുന്നെങ്കിൽ ആ കൂടാരക്കെട്ടു് എടുത്തു ദൂരെയെറിഞ്ഞേനെ. എനിക്കിതിലിടപെട്ടിട്ടു കാര്യമില്ല. എങ്കിലും പറയുകയാണു്...”

“ഹ! നന്നായിപ്പോയി,” മെഴ്സിഡെസാണു് പറഞ്ഞതു്. “കൂടാരംകൂടാതെങ്ങനെയാ ജീവിക്കുക?”

“വസന്തകാലമല്ലേ. തണുപ്പൊന്നും തട്ടൂല്ല,” അയാൾ മറുപടി പറഞ്ഞു.

അവൾ ദൃഢഭാവത്തിൽ തലകുലുക്കി. ഹാലും ചാൾസും സാമാനങ്ങളെല്ലാം അകത്താക്കിക്കഴിഞ്ഞു. അതൊരു കുന്നുപോലെയായി.

“ഇനി വണ്ടിയങ്ങു നീങ്ങുമെന്നായിരിക്കും വിചാരം,” ഒരാൾ വിട്ടില്ല.

“എന്താ നീങ്ങിയാൽ?” ചാൾസിനു് അതത്ര ഇഷ്ടപ്പെട്ടില്ല.

“ങാ! ശരി ശരി! അല്ല, ഒന്നു ശങ്കിച്ചുവെന്നുമാത്രം. ഉം; അല്പം ഘനക്കൂട്ടതലല്ലേ എന്നോർത്തുപോയി.”

ചാൾസ് തിരിഞ്ഞു് ചമ്മട്ടിയുംമററുമെടുത്തു് യാത്രക്കൊരുങ്ങി.

“ആ! അതു മാത്രമല്ല, ആ പട്ടികളു് അതെല്ലാം വലിച്ചുകൊണ്ടു് പകൽമുഴുവനങ്ങു നടക്കുകയുംചെയ്യും!” ഒരാൾ വീണ്ടും കളിയാക്കി.

“തീർച്ചയായും,” ഹാൽ മര്യാദ നടിച്ചുകൊണ്ടു പറഞ്ഞു. കടിഞ്ഞാൺ ഒരു കൈയിലും ചമ്മട്ടി മറുകൈയിലുമായി അയാൾ നായകളെ തെളിക്കാനാരംഭിച്ചു. “ഷ് ഷ്......ഹായ് ഷ്...”

നായകൾ ശക്തിമുഴുവൻ പ്രയോഗിച്ചു് മുന്നോട്ടാഞ്ഞു. നിമിഷനേരത്തേക്കുമാത്രം. പെട്ടെന്നു് അവർ നിശ്ചലരായി. വണ്ടി നീങ്ങുന്നില്ല.

“മണ്ടക്കഴുതകൾ! നീങ്ങുമോന്നു ഞാനൊന്നു നോക്കട്ടെ,” അലറിക്കൊണ്ടു് അയാൾ ചമ്മട്ടി ഉയർത്തി.

മേഴ്സിഡെസ് ഇടപെട്ടു. “ഓ ഹാൽ! അടിക്കരുതു്!!” എന്നു പറഞ്ഞുകൊണ്ടു് അവർ കയറിപ്പിടിച്ചു് ചമ്മട്ടി പിടിച്ചു വാങ്ങി. “ഓമനക്കുട്ടികൾ! ഈ യാത്ര അവസാനിക്കുന്നതുവരെ അവരെ തൊട്ടുല്ലെന്നു വാക്കു തരണം. അല്ലെങ്കിൽ ഞാനൊരടി നീങ്ങൂല്ല.”

“നിനക്കു് പട്ടികളെ നന്നായിട്ടറിയാം!” സഹോദരൻ കളിയാക്കി. “നീ ദയവുചെയ്തു് ശല്യപ്പെട്ടുത്താതിരിക്കാമോ? അവർ മടിപിടിച്ച കഴുതകളാണു്. വല്ലതും ചെയ്യിക്കണമെങ്കിൽ ചുട്ട അടി കൊടുക്കണം. അതാണു വാസ്തവം. അല്ലെങ്കി,

നീയൊന്നു തിരക്കിനോക്കു് ആരോടെങ്കിലും. ആ മൂന്നുപേരിലൊരുത്തനോടു ചോദിക്കു്..."

മേഴ്സിഡെസ് അപേക്ഷാഭാവത്തോടെ അവരുടെനേരേ നോക്കി. അവളുടെ കോമളവദനത്തിൽ വേദന കണ്ടതുകൊണ്ടുണ്ടായ വെറുപ്പു് നിഴലിച്ചിരുന്നു.

"അവർ തളൎന്നു കുഴഞ്ഞിട്ടുണ്ടു്," ഒരാൾ പറഞ്ഞു. "വിശ്രമമാണവൎക്കു വേണ്ടതു്."

"വിശ്രമിപ്പിക്കാൻ മനസ്സില്ല," ഹാൽ ഉച്ചത്തിൽ അലറി.

"ഹോ!" അതു കേട്ടു് വേദനയും സങ്കടവും കലൎന്നു് മേഴ്സിഡെസ് ശബ്ദിച്ചുപോയി.

പക്ഷേ, അവൾ തികച്ചുമൊരു പെണ്ണുതന്നെയായിരുന്നു. ഉടനെ സഹോദരൻെറ ഭാഗം പിടിച്ചുപറയുകയാണു്: "അവർ അവരുടെ പാടുനോക്കട്ടെ. പട്ടികൾ നമ്മുടെയാണു്. ചേട്ടൻെറയിഷ്ടംപോലെ ചെയ്യൂ്..."

ചമ്മട്ടി വീണ്ടും നായകളുടെമേൽ പതിച്ചു. അവർ വീണ്ടും ജീനികളിൽ നെഞ്ചു ചേൎത്തു. പാദങ്ങൾ നിലത്തുറപ്പിച്ചു. സൎവ്വശക്തിയും സംഭരിച്ചുകൊണ്ടു മുന്നോട്ടാഞ്ഞു. വണ്ടി നങ്കൂരമിട്ടമട്ടിലാണു്. രണ്ടുതവണ അവർ പാടുപെട്ടുനോക്കി. പിന്നീടു് വെറുതെയിരുന്നു. ചമ്മട്ടി മൃഗീയതയോടെ പുറത്തു വീഴുന്നുണ്ടായിരുന്നു. മേഴ്സിഡെസ് വീണ്ടും ഇടപെട്ടു. അവൾ നിറഞ്ഞ കണ്ണുകളോടെ ബക്കിൻെറ മുമ്പിൽ കുമ്പിട്ടുനിന്നുകൊണ്ടു് അവൻെറ കഴുത്തിൽ കൈകൾ ചുററി.

"എന്റെ പ്രിയപ്പെട്ട കുട്ടികളേ!" അവൾ സൗമ്യഭാവത്തിൽ മൊഴിഞ്ഞു: "നിങ്ങളെന്താണു് ആഞ്ഞുവലിക്കാത്തതു്. എന്നാലൊന്നും ചെയ്യൂല കേട്ടോ." ബക്കിനു് അവളെ അത്ര ഇഷ്ടപ്പെട്ടില്ല. എങ്കിലും എതിരിടാനുള്ള ശേഷിയില്ലാതിരുന്നതുകൊണ്ടു് ദുൎവ്വിധിയെ പഴിച്ചുകൊണ്ടു് അതൊക്കെ സഹിച്ചു.

കണ്ടുനിന്നവരിലൊരാൾ പല്ലുകടിച്ചമൎത്തിക്കൊണ്ടു പറഞ്ഞു: "നിങ്ങൾക്കെന്തുവന്നാലും എനിക്കൊരു ചുക്കുമില്ല. പക്ഷേ, ആ പട്ടികളെയോൎത്തു പറയുകയാണു്. ദയവുചെയ്തു് ആ വണ്ടി ഒന്നിളക്കിവിടു. അതു് മഞ്ഞിൽ പൂന്തി ഉറച്ചിരിക്കുകയാണു്. ഒന്നാഞ്ഞുതള്ളു. മുന്നോട്ടു പൊയ്ക്കോളും."

ആ ഉപദേശം സ്വീകരിച്ചു് മൂന്നാമതൊരു ശ്രമം നടത്തി.

ഹാൽ മഞ്ഞിൽ പൂന്തിയ ചക്രങ്ങൾ തള്ളിയുരുട്ടി. സാമാനങ്ങൾ കുമിഞ്ഞിരുന്ന വണ്ടി കുറച്ചു മുന്നോട്ടുനീങ്ങി. ബക്കും കൂട്ടരും അടിയേററു് ശക്തിയോടെ വലിച്ചു. നൂറുഗജം മുന്നോട്ടുപോയപ്പോൾ ഒരു വളവിലെത്തി. താഴെയുള്ള തെരുവിലേയ്ക്കു് വലിയ ഒരിറക്കമാണിനിയുള്ളതു്. പരിചയസമ്പന്നർക്കേ വണ്ടി ഇറക്കമിറങ്ങുമ്പോൾ നിയന്ത്രിക്കാനാവൂ. പക്ഷേ, ഹാൽ ഒരു മനുഷ്യൻ പോലുമായിരുന്നില്ല. വഴിതിരിഞ്ഞു് വണ്ടി താഴേയ്ക്കിറങ്ങിയതും ശിഥിലമായ കെട്ടുകളും ഭേദിച്ചു് സാമാനങ്ങൾ തുരുതുരാ വെളിയിലേയ്ക്കു ചാടിയതും ഒപ്പം കഴിഞ്ഞു. നായകൾ നിന്നില്ല. ഭാരംകുറഞ്ഞ വണ്ടി ചീറിപ്പാഞ്ഞു. അവർ കോപാന്ധരായി ത്തീർന്നിരുന്നു. ഭാരാധിക്യത്തിനു പുറമേ നിഷ്ഠുരമായ പെരുമാററവുമാണവർക്കു കിട്ടിയിരുന്നതു്. ബക്കിന്റെ നേതൃത്വത്തിൽ അവർ പാഞ്ഞു. ഹാൽ "ഹോൗായ്...ഹോൗായ്..." എന്നുച്ചത്തിൽ വിളിച്ചുകൂവി. അവർ അതത്ര ഗൗനിച്ചില്ല. അയാൾ മറിഞ്ഞുവീണു. ഒടിഞ്ഞുതകർന്ന വണ്ടി പലേടത്തായി ചിന്നിച്ചിതറി. നായകൾ ഓടിയകന്നു. അങ്ങനെ സ്കാഗ്‌വേയിലെ തെരുവുകളിൽ ആഘോഷത്തിന്റെ പ്രതീതിയുളവാക്കമാറു് അവർ തെരുവിലൂടെ ഓടിക്കളിച്ചു. ദയവുതോന്നിയ ചിലയാളുകൾ നായകളെ പിടിക്കുകയും സാമാനങ്ങൾ പെറുക്കി ശേഖരിച്ചു കൊടുക്കുകയും ചെയ്തു. ഒപ്പം കുറേ ഉപദേശവും. അവരുടെ അഭിപ്രായത്തിൽ ഡോസൺവരെ ചെല്ലണമെന്നുണ്ടെങ്കിൽ സാമാനങ്ങൾ പകുതിയാക്കണം, ഇരട്ടി നായകളും വേണം. ഹാലും ചാൾസും മേഴ്സിഡെസും വിസമ്മതഭാവത്തോടെയാണതു കേട്ടതു്. കൂടാരം നിർമ്മിച്ചശേഷം അവർ സാധനങ്ങൾ ശരിപ്പെടുത്തി. തകരപ്പാത്രത്തിലടച്ച ആഹാരസാധനങ്ങൾ പുറത്തെടുത്തു. അതുകണ്ടു് മററുള്ളവർ ചിരിച്ചു. കാരണം, ഉണക്കിയ ആഹാരവസ്തുക്കൾ ഇങ്ങനെയുള്ള നീണ്ട യാത്രകളിൽ സ്വപ്നം കാണാൻ മാത്രമേ സാധിക്കൂ. "ഒരു ഹോട്ടലിനാവശ്യമുള്ള പുതപ്പുകളും!" ഒരാൾ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഒന്നുചെയ്യൂ. പകുതിപോലും അധികമാണു്. ആ കൂടാരക്കെട്ടെടുത്തു് ദൂരെയെറിയൂ. തകരപ്പാത്രങ്ങളും. അതൊക്കെ അല്ലെങ്കിലും ആരു കഴുകാനാണു്? വിചിത്രംതന്നെ!"

അങ്ങനെ അവർ കൂട്ടത്തിലുള്ള സാമാനങ്ങൾ ഉപേക്ഷിക്കുന്ന

KOZHIKODE-4

തിലേർപ്പെട്ടു. അവളുടെ തുണികൾ നിറച്ച സഞ്ചികളും മററും പുറത്തുവന്നു വീഴുന്നതുകണ്ടപ്പോൾ മേഴ്സിഡെസ് നിലവിളിച്ചു. അവൾ കരഞ്ഞുതുടങ്ങി. കൈകൾ മുട്ടിൽ ചുററി നിലത്തിരുന്നുകൊണ്ടു് തകന്ന ഹൃദയത്തോടെ അവൾ മുന്നോട്ടും പിന്നോട്ടും ആടുകയാണു്. ഇനി ഒന്നല്ല, പത്തു ചാൾസുമാർ പറഞ്ഞാലും നീങ്ങാൻ അവളുദ്ദേശിക്കുന്നില്ല. എല്ലാവരോടും എല്ലാററിനോടും അപേക്ഷിച്ചുനോക്കി. ഒടുവിൽ കണ്ണുകൾ തുടച്ചുകൊണ്ടു് ചാടിയെണീററു് അത്യാവശ്യമുള്ള വസ്തുങ്ങൾപോലും വണ്ടിക്കുള്ളിൽനിന്നു് വാരിയെടുത്തെറിഞ്ഞു. ആ ആവേശംകൊണ്ടു് അവളുടേതെല്ലാം തീന്നപ്പോൾ ഭത്താവിൻെറയും സഹോദരൻെറയും പല സാധനങ്ങളും തട്ടിപ്പറിക്കാനുള്ള ശ്രമത്തിലേർപ്പെട്ടു—ഒരു ചുഴലിക്കാററുപോലെ.

അങ്ങനെ സാമാനങ്ങൾ വളരെ കുറഞ്ഞുവെങ്കിലും പിന്നെയും തൂക്കം കൂടുതലായിരുന്നു. ഹാലും ചാൾസും വൈകുന്നേരം പോയി ആറുനായകളെക്കൂടി വാങ്ങി. ആദ്യമുണ്ടായിരുന്ന ആറെണ്ണവും, ടീക്ക്, കൂണാ എന്നീ ഹസ്കികളും കൂടിയായപ്പോൾ നായകൾ ആകെ പതിന്നാലായി. പുതിയ നായകളിൽ മൂന്നെണ്ണം രോമംകുറഞ്ഞ വേട്ടനായ്ക്കളും (പോയിൻറർ) ഒരെണ്ണം ന്യൂഫൗണ്ട്ലാൻഡും രണ്ടെണ്ണം സങ്കരജാതീയവുമായിരുന്നു. എല്ലാം വകയ്ക്കുകൊള്ളാത്തവയായിരുന്നു. ബക്കും കൂട്ടുകാരും ഇവരെ വെറുപ്പുകലന്ന രീതിയിലാണു വീക്ഷിച്ചതു്. ചെയ്യരുതാത്തതെന്തെല്ലാമാണെന്നു് ബക്ക് അവരെ എളുപ്പത്തിൽ പഠിപ്പിച്ചുവെങ്കിലും ചെയ്യേണ്ടതെന്തെല്ലാമാണെന്നു ധരിപ്പിക്കാൻ കഴിഞ്ഞില്ല. അവർ പുതിയ പരിതസ്ഥിതികളുമായി അലിഞ്ഞുചേരാനുള്ള സന്നദ്ധത കാണിച്ചുമില്ല. സങ്കരജാതിയിൽപ്പെട്ട നായകളൊഴിച്ചാൽ ബാക്കിയുള്ളവ അമ്പരക്കുകയും നിരുത്സാഹരാവുകയുമാണുണ്ടായതു്. സങ്കരജാതിയിൽപ്പെട്ടവക്കു് ഉത്സാഹമെന്നൊന്നു് ഉണ്ടായിരുന്നതേയില്ല. അതുകൊണ്ടു് നശിക്കേണ്ടതായി ആകെ കുറേ എല്ലുകൾ മാത്രമാണവക്കുണ്ടായിരുന്നതു്.

പുതിയ നായകളുടെ നിസ്സഹായാവസ്ഥയ്ക്കൊപ്പം പഴയ നായകളുടെ തളർച്ചയുംകൂടിയായപ്പോൾ ചിത്രം വളരെ ഇരുണ്ടതായിത്തീന്നു. എങ്കിലും പുരുഷന്മാർ രണ്ടുപേരും പ്രസന്നരായിരുന്നു. മാത്രമല്ല, അവക്കു് അഭിമാനബോധവുമുണ്ടായിരുന്നു.

പതിന്നാലു നായകളാണവക്കുള്ളതു്! ഡോസണിലേയ്ക്കും തിരി കേയും പലപ്പോഴും ശകടങ്ങൾ പോകുന്നതവർ കണ്ടിട്ടുണ്ടു്. പതിന്നാലുനായകൾ വലിക്കുന്ന ശകടം ഒരു പുതുമയാണു്. ആർട്ടിക്പ്രദേശത്തെ യാത്രകളുടെ സാധാരണസ്വഭാവമനുസ രിച്ചു് ഇതു് അനാശാസ്യമാണു്. പതിന്നാലിനും വേണ്ട ആ ഹാരംമുഴവൻ സൂക്ഷിക്കുക സാദ്ധ്യമല്ലെന്നതുതന്നെ കാരണം. പക്ഷേ, ഹാലിനും ചാൾസിനും അതൊന്നുമറിഞ്ഞുകൂടായിരുന്നു. അവർ പെൻസിലുകൊണ്ടു പ്ലാനിട്ട യാത്രയാണതു്. ഇത്ര പട്ടി കൾ വേണം, ഓരോന്നിനും ഇത്രയിത്ര ആഹാരം, ആകെ യാത്ര യ്ക്കു് ഇത്രദിവസം...എന്നിങ്ങനെ. മേഴ്സിഡെസ് അവരുടെ തോളുകൾക്കു മുകളിലൂടെ നോക്കി സമ്മതഭാവത്തിൽ തലകുലു ക്കിയതുമാണു്; തികച്ചും സുഗമമായ പദ്ധതി.

അടുത്തദിവസം പ്രഭാതത്തിൽ അല്പം വൈകിയപ്പോൾ ബക്ക്സംഘത്തെ തെരുവിലേയ്ക്കു നയിച്ചു. യാത്ര വിരസമായി രുന്നു. അവരെല്ലാം ചത്തമട്ടിലായിരുന്നു. സാൾട്ടവാട്ടറിനും ഡോ സണിനുമിടയ്ക്കുള്ള മാർഗ്ഗത്തിലൂടെ ബക്ക് നാലുപ്രാവശ്യം യാത്ര ചെയ്തതാണു്. തളർന്നു കുഴഞ്ഞതിനുശേഷം ഇനിയുമതു വേണമ ല്ലോ എന്നോർത്തപ്പോൾ ബക്ക് ശോകാർത്തനായി. ജോലിചെയ്യു വാനുള്ള ആസക്തി അവനിലോ മററു നായകളിലോ ഉണ്ടായി രുന്നില്ല. വെളിയിൽനിന്നു വാങ്ങിയ നായകൾ കാതരരും ഭയ ചകിതരുമായിരുന്നു. മുമ്പുണ്ടായിരുന്നവരോ, യജമാനന്മാരിൽ വിശ്വാസം നശിച്ചമട്ടിലും.

ഇവരെ ഇനിയും ആശ്രയിക്കുന്നതു നിഷ്ഫലമാണെന്ന ബോധം ബക്കിനുണ്ടായി. അവക്കു് ഒന്നുംചെയ്യാനറിയില്ല. ഒ ന്നും പഠിക്കുകയുമില്ല. എല്ലാ കാര്യങ്ങളിലും മന്ദതയുള്ളവർ. ഒ ന്നിനും ക്രമമോ വ്യവസ്ഥയോ ഇല്ല. ചിലപ്പോൾ ക്യാമ്പു നിർമ്മി ക്കാൻ രാത്രിയുടെ പകുതിയുംചെലവാക്കും. രാവിലെ അതെല്ലാം തിരികെ അഴിച്ചെടുക്കുവാനും വളരെയേറെ സമയമെടുക്കും. അ തിനുശേഷം വണ്ടിയിൽ സാമാനങ്ങൾ നിറച്ചാൽ അതു തലതി രിഞ്ഞമട്ടിലാവും. പിന്നെ, പോകുന്നവഴിക്കെല്ലാം വണ്ടി നിർ ത്തി അതൊക്കെ അടുക്കി ശരിപ്പെടുത്തേണ്ടിവരും. ചില ദിവസ ങ്ങളിൽ പത്തുമൈൽപോലും യാത്രചെയ്യാനവർക്കു കഴിഞ്ഞി ല്ല. മററു ചില ദിവസങ്ങളിൽ യാത്രയാരംഭിക്കുവാൻപോലും

സാദ്ധ്യമല്ലാതെവരും. നായകളുടെയും ആഹാരത്തിൻെറയും അനുപാതക്രമമനുസരിച്ച് ഓരോദിവസവും ഒരു നിശ്ചിതദൂരം യാത്രചെയ്യേണ്ടതുണ്ട്. പക്ഷേ, ഒരിക്കലും ആ ദൂരത്തിന്റെ പകുതിപോലും ചെല്ലാറില്ല.

അതുകൊണ്ട് നായകളുടെ ആഹാരം തീർന്നുപോകുക സ്വാഭാവികമായി സംഭവിക്കും. ആവശ്യത്തിലധികം ഭക്ഷണം ഓരോതവണയും കൊടുത്ത് അവർ കുഴപ്പം വർദ്ധിപ്പിക്കുകയുംചെയ്തു. അങ്ങനെ ആഹാരം തീർന്നുപോകുന്നദിവസം അടുത്തടുത്തുവന്നു. വെളിയിൽനിന്നുമെത്തിയ നായകൾ നീണ്ടുനില്ക്കുന്ന ക്ഷാമം അനുഭവിച്ചു പരിചയമുവള്ളരായിരുന്നില്ല. അതുകൊണ്ട് ഉള്ളതുകൊണ്ടു തൃപ്തിപ്പെടാൻ തയ്യാറായതുമില്ല. അവർ വിശന്നു വലഞ്ഞു. ഹസ്കികൾ വണ്ടിവലിക്കുവാൻ വിഷമിക്കുന്നതു കണ്ടപ്പോൾ ആഹാരത്തിൻെറ അംശം കുറവായതാണു കാരണമെന്നു് ഹാൽ അനുമാനിച്ചു. അങ്ങനെ അതു് ഇരട്ടിയാക്കി. ഇതിനെല്ലാമുപരിയായി മററൊന്നുകൂടി. ഭംഗിയുള്ള കണ്ണുകളിൽ നിറയെ കണ്ണുനീരുമായി മേഴ്സിഡെസ് പുരുഷന്മാരെ സമീപിക്കും. നായകൾക്കു കൂടുതൽ ആഹാരം കൊടുക്കണമെന്ന അവകാശവാദവുമായി. അതു ഫലിക്കുന്നില്ലെന്നു കണ്ടാൽ അവൾതന്നെ മീൻ കുട്ടയിൽനിന്നു കട്ടെടുത്തു് നായകളെ തീറ്റും. പക്ഷേ, ബക്കിനും ഹസ്കികൾക്കും വിശ്രമമായിരുന്നു ഏറ്റവും ആവശ്യം. അങ്ങനെ, അവക്കൊന്നും നേടാൻകഴിഞ്ഞില്ല. വണ്ടിയുടെ ഭാരം അവരെ പൂർവ്വാധികം ക്ഷീണിപ്പിക്കുകയുംചെയ്തു.

പിന്നീട്ട് ആഹാരം കുറഞ്ഞു. ആഹാരം പകുതിയിലധികം തീർന്നുവെന്നും സഞ്ചരിക്കേണ്ടതിൻെറ കാൽഭാഗംദൂരമേ പിന്നിട്ടുള്ളുവെന്നും ഒരു സുപ്രഭാതത്തിൽ ഹാലിനു് ബോധമുദിച്ചു. സ്നേഹംകൊണ്ടോ പണംകൊണ്ടോ ആഹാരം കിട്ടുകയുമില്ല. അതുകൊണ്ടു് റേഷനിൽ കുറവുവരുത്തുകയും അനുദിനം സഞ്ചരിക്കേണ്ട ദൂരം വർദ്ധിപ്പിക്കുകയുംചെയ്തു. മററിരുവരും ആ ആശയത്തോടു യോജിച്ചു. പക്ഷേ, സാധനങ്ങളുടെ ആധിക്യവും സ്വന്തം പ്രാപ്തിക്കുറവുമോർത്തു് അവർ വിഷമിച്ചു. നായകൾക്കു് ആഹാരം കുറച്ചുകൊടുക്കാനെളുപ്പമാണു്. പക്ഷേ, കൂടുതൽദൂരം സഞ്ചരിക്കാനുള്ള പദ്ധതി നടപ്പില്ലെന്നുമാത്രം! അവർ രാവിലെ നേരത്തേതന്നെ എഴുന്നേററു് യാത്രയാരംഭിക്കാഞ്ഞതുകൊണ്ടു് അധി

കമൊന്നും പുരോഗതിയുണ്ടായില്ല. നായകളെ നയിക്കാൻ മാത്രമല്ല, സ്വയം എന്തുചെയ്യണമെന്നും അവക്കൊരു തുമ്പുമില്ല!

ആദ്യമായി ഡബ്ബിൻെറ കാററു തീൎന്നു. എപ്പോഴും പിടിക്കപ്പെട്ടുന്ന മരമണ്ടനായ കള്ളനായിരുന്നുവെങ്കിലും അവനു് ആത്മാൎത്ഥതയുണ്ടായിരുന്നു. അവൻെറ തോളെല്ലു് ഉളുക്കിപ്പോയി. പരിചരണവും വിശ്രമവും വേണ്ടവിധം ലഭിക്കാതിരുന്നതുകൊണ്ടു് കൂടുതൽ കുഴപ്പമായി. ഒടുവിൽ ഹാൽ റിവോൾവർകൊണ്ടു് അവനെ കാച്ചി. ഹസ്കികൾക്കു കൊടുക്കുന്ന ആഹാരംകൊണ്ടു് വെളിപ്രദേശനായകൾ ചാകുകയേ ഉള്ളുവെന്നൊരു പഴമൊഴിയുണ്ടു്. ഹസ്കികൾക്കു കൊടുക്കുന്നതിൻെറ പകുതിയേ ലഭിക്കു എന്നായപ്പോൾ ചാകാതെതരമില്ലെന്നു വന്നുകൂടി! ന്യൂഫൗണ്ട്ലാൻഡ് ആദ്യം തീൎന്നു. പിന്നാലെ രോമം കുറഞ്ഞ മൂന്നു പോയിന്ററുകളും. സങ്കരജാതീയരായ രണ്ടുപേരും പിടിച്ചുനില്ക്കാനൊരു ശ്രമം നടത്തിയെങ്കിലും അവസാനം വീണുപോയി.

അപ്പോഴേക്കും ദക്ഷിണദിക്കിൻെറ രമ്യതയും സൗമ്യതയുമൊക്കെ മൂവരിൽനിന്നും യാത്രപറഞ്ഞുകഴിഞ്ഞിരുന്നു. സാങ്കല്പികസൗന്ദൎയ്യത്തിൻെറ പരിവേഷം മാററപ്പെട്ടപ്പോൾ ആൎട്ടിക്മേഖലയിലെ യാത്ര കൎക്കശമായ ഒരു യാഥാൎത്ഥ്യമായി മാറി. മേഴ്സിഡെസ് പിന്നീടു നായകൾക്കുവേണ്ടി കണ്ണുനീർ തൂകിയില്ല. അവൾക്കുവേണ്ടിത്തന്നെ കരയുകയും ഭൎത്താവിനോടും സഹോദരനോടും നിരന്തരം മല്ലടിക്കുകയും ചെയ്യുന്നതിൽ അവൾ വ്യാപൃതയായി. അന്യോന്യം കലഹിക്കുന്നതിൽമാത്രം അവരാരും തോററില്ല. അവരുടെ മനശ്ശല്യം ദുരിതങ്ങളിൽനിന്നു രൂപംകൊള്ളുകയും വളൎന്നുവ്യാപിക്കുകയുംചെയ്തു. വളരെയധികം ക്ഷമാശീലം ആപണിയിലേൎപ്പെട്ടുന്നവൎക്കു കൂടിയേതീരൂ. ഇവൎക്കു് അതു് ഊഹിക്കാൻപോലും കഴിഞ്ഞില്ല. മാംസപേശികൾ വേദനിച്ചു, എല്ലുകൾ വേദനിച്ചു, ഹൃദയംപോലും വേദനകൊണ്ടു പുളഞ്ഞു. അവർ പരുഷമായ രീതിയിൽ സംസാരിച്ചുതുടങ്ങി. സദാനേരവും പാരുഷ്യംനിറഞ്ഞ വാക്കുകൾമാത്രം അവരുടെ ചുണ്ടിൽനിന്നു പുറത്തുവന്നു.

മേഴ്സിഡെസ് സന്ദൎഭം കൊടുത്തപ്പോഴെല്ലാം ഹാലും ചാൾസും കലഹിച്ചു. താനാണു് കൂടുതൽ ജോലിചെയ്യുന്നതെന്ന

ബോധം ഇരുവക്കുമുണ്ടായിരുന്നു. അതെപ്പോഴും തുറന്നടിക്കുകയും ചെയ്തു. മേഴ്സിഡെസ് ചിലപ്പോഴെല്ലാം ഭർത്താവിന്റെ ഭാഗം ചേരും; ചിലപ്പോൾ സഹോദരൻെറയും. ഫലമോ, അവസാനമില്ലാത്ത കുടുംബകലഹം. ആരാണു് തീകത്തിക്കാൻ കുറേ വിറകൊടിക്കേണ്ടതെന്നതുമാത്രമാവാം പ്രശ്നം. (ആ പ്രശ്നം ഹാലിനെയും ചാൾസിനെയുമാണു് ബാധിക്കുക) അതിൻെറപേരിലാണു് കലഹം തുടങ്ങുക. അതു മൂത്തുമൂത്തുവരും. അവസാനം തന്തയ്ക്കും തള്ളയ്ക്കും തെറിപറയും. മരിച്ചു മണ്ണടിഞ്ഞവരെപ്പോലും വെറുതെ വിടുകയില്ല. അത്തരമൊരു കലഹത്തിൽ ഹാലിനു കലയെപ്പററിയുള്ള അഭിപ്രായങ്ങളോ; അയാളുടെ അമ്മാവനെഴുതുന്ന സാമൂഹ്യനാടകങ്ങളുടെ മേന്മയോ ഒക്കെ സ്ഥാനംപിടിക്കേണ്ടതെന്തിനാണാവോ? എന്തായാലും ചാൾസിൻെറ രാഷ്ട്രീയ പക്ഷപാതങ്ങളുടെ വഴിക്കാണതു തിരിയുക. യുക്കണിൽ തീ കൂട്ടുന്നിടത്തു് ചാൾസിൻെറ സഹോദരിയുടെ നീണ്ട നാക്കു് സംഭാഷണവിഷയമാകുന്നതെന്തിനാണെന്നു് ഒരുപക്ഷേ മേഴ്സിഡെസ്സിനുമാത്രമേ മനസ്സിലാകൂ! അവൾ ആ വിഷയത്തെപ്പററി പ്രസംഗിക്കാൻ കിട്ടിയ അവസരം സമർത്ഥമായി വിനിയോഗിച്ചു. അതിനോടൊപ്പം അവളുടെ ഭർത്താവിൻെറ കുടുംബവുമായി ബന്ധപ്പെട്ട ചില കൊള്ളരുതായ്മകളെക്കുറിച്ചും. അതുമാത്രം യാതൊരു കുഴപ്പവുമില്ലാതെ നടന്നു. തീ കൂട്ടിയില്ല. ക്യാമ്പു പകുതിയേ ശരിപ്പെടുത്തിയിട്ടുള്ളു. നായകൾക്കു് ആഹാരമൊന്നും കൊടുത്തതുമില്ല.

മേഴ്സിഡെസ്സിനു് മററൊരു മനസ്താപമുണ്ടായിരുന്നു—പെൺവർഗ്ഗത്തിൽപ്പെട്ടവളെന്നനിലയ്ക്കുള്ള മനസ്താപം. അവൾ സുന്ദരിയും മസൃണമായ ശരീരമുള്ളവളുമായിരുന്നു. ഇത്രനാളും അവൾക്കു ലഭിച്ചിട്ടുള്ളതു് പൗരുഷംതികഞ്ഞ പെരുമാററമാണു്. ഇപ്പോൾ ഭർത്താവിൻെറയും സഹോദരൻെറയും പെരുമാററത്തിൽ പൗരുഷമൊഴിച്ചുള്ളതെല്ലാമുണ്ടു്. നിസ്സഹായത ഭാവിക്കുക അവളുടെ സ്വഭാവമായിരുന്നു. അവർ അവളെ കുററപ്പെടുത്തി. അങ്ങനെ വർഗ്ഗപരമായ പ്രത്യേകതയെ അവർ അപവദിച്ചതുമൂലം അവൾ അവരെ വളരെയധികം അസഹ്യപ്പെടുത്തി. അവൾ നായകളെക്കുറിച്ചു് ചിന്തിച്ചേയില്ല. വേദനയുടെയും ക്ഷീണാധിക്യത്തിൻെറയും പേരിൽ, വണ്ടിക്കുള്ളിലേ യാത്ര

ചെയ്യം" എന്നവൾ ശാഠ്യംപിടിച്ചു. അവൾസുന്ദരിയും മസൃണമായശരീരമുള്ളവളുമായിരുന്നു, ശരി! പക്ഷേ, ശരീരത്തിന്റെ തൂക്കം നൂററിയിരുപതു പൗണ്ടാണു്! പാവപ്പെട്ട നായകൾ!! കുറച്ചു ദിവസം അങ്ങനെ പോയി. നായകൾ യാത്രാമാർഗ്ഗത്തിൽ ഒന്നൊന്നായി കുഴഞ്ഞുവീണു. വണ്ടി ഒരിഞ്ചുപോലും നീങ്ങാതെ ഉറച്ചുനിന്നു. ഹാലും ചാൾസും അവളോടു് വണ്ടിയിൽനിന്നിറങ്ങണമെന്നപേക്ഷിച്ചു, വാദിച്ചു, കെഞ്ചി. അവൾ കരയുകയും, സ്വർഗ്ഗത്തിലേയ്ക്കു നോക്കി അവരുടെ മൃഗീയതകളെക്കുറിച്ചു് ഉച്ചത്തിൽ ഉരുവിട്ടു പ്രാർത്ഥിക്കുകയും ചെയ്തു.

ഒരുതവണ അവർ അവളെ ബലാല്ക്കാരമായി എടുത്തു വെളിയിലാക്കി. പിന്നീടതാവർത്തിച്ചില്ല. കാരണമുണ്ടു്. അവൾ ലാളിച്ചു വഷളായ കുഞ്ഞിൻെറമാതിരി കാലുകൾ ദുർബ്ബലമാണെന്നു ഭാവിക്കുകയും യാത്രാമാർഗ്ഗത്തിൽ കുത്തിയിരിക്കുകയും ചെയ്തു. അവർ അവരുടെ പാട്ടിനുപോയി. പക്ഷേ, അവളനങ്ങിയില്ല. മൂന്നുമൈൽ യാത്രചെയ്തശേഷം അവർ വണ്ടിനിർത്തി തിരികെവന്നു് അവളെ എടുത്തു വണ്ടിക്കുള്ളിലാക്കേണ്ടിവന്നു.

സ്വന്തം ദുരിതങ്ങൾമൂലം അവർ നായകളെക്കുറിച്ചു ചിന്തിച്ചേയില്ല. കർക്കശമായേ തീരൂ എന്നായിരുന്നു ഹാലിൻെറ സിദ്ധാന്തം. അതയാൾ മററുള്ളവരിൽ പ്രായോഗികമാക്കി. ആദ്യം സഹോദരിയെയും ചാൾസിനെയും ഉപദേശിച്ചു. അതു പരാജയപ്പെട്ടപ്പോൾ നായകളുടെമേൽ പ്രയോഗം തുടങ്ങി. 'ഫൈവ് ഫിംഗേഴ്സി'ലെത്തിയപ്പോൾ നായകൾക്കുള്ള ഭക്ഷണസാധനങ്ങൾ തീർന്നുപോയി. ഒരു പല്ലില്ലാത്ത റെഡ് ഇൻഡ്യൻസ്ത്രീ അവർക്കു് കുറേ പൗണ്ടു് ഉറഞ്ഞ കുതിരത്തോൽ വില്ക്കാമെന്നേററു. പകരം ഹാലിൻെറ 'കോൾട്ട്റിവോൾവർ' അവർക്കു വേണം. ആഹാരത്തിനുപകരമുപയോഗിക്കാൻ ഒന്നുകൊണ്ടും പററിയതായിരുന്നില്ല ആ കുതിരത്തോൽ. പട്ടിണികിടന്നു ചത്ത കുറേ കുതിരകളിൽനിന്നു് ഉരിച്ചെടുത്ത പാകത്തിലാണു്. ഉറഞ്ഞുപോയതുകൊണ്ടു് അതു് നാകംപൂശിയ ഇരുമ്പുതകിടിൻെറ കഷണങ്ങൾപോലെയായിരുന്നു. ഒരു നായ അതുമായി മല്ലിട്ടു് മുറിച്ചുമുറിച്ചു് അകത്താക്കി. ഒരിക്കലും ദഹിക്കാത്ത ആ തുകൽക്കഷണങ്ങളും രോമങ്ങളുമെല്ലാംകൂടി അകത്തുചെന്നു് വലിയ കുഴപ്പങ്ങൾ സൃഷ്ടിച്ചു.

ഇതെല്ലാം അനുഭവിച്ചുകൊണ്ട് സംഘത്തലവനായ ബക്ക് ഒരു ദുഃസ്വപ്നത്തിലെന്നപോലെ മുന്നോട്ടുനീങ്ങി. വലിക്കാമെന്നു തോന്നുമ്പോൾ വണ്ടി വലിക്കും. അല്ലാത്തപ്പോൾ ഗദയോ ചമ്മട്ടിയോ എഴുന്നേല്പിക്കുന്നതുവരെ അവൻ നിലത്തു കിടക്കും. അവൻെറ രോമക്കുപ്പായത്തിൻെറ ദൃഢതയും പുറമോടിയും നശിച്ചുകഴിഞ്ഞിരുന്നു. രോമങ്ങൾ ശിഥിലമായും മലിനമായും കാണപ്പെട്ടു. ഹാലിൻെറ ഗദ മുറിവുകൾ സൃഷ്ടിച്ച സ്ഥാനങ്ങളിൽ രക്തം ഉണങ്ങി കട്ടപിടിച്ച് രോമങ്ങൾ ചകിരിനാരുപോലെയായി. മാംസപേശികൾ അയഞ്ഞു. മെത്തപോലുള്ള ശരീരം എല്ലുന്തിയമട്ടിലായിത്തീർന്നു. തികച്ചും മർമ്മഭേദകമായ പരിവർത്തനം! പക്ഷേ, ബക്കിൻെറ ഹൃദയം പെട്ടെന്നൊന്നും തകരുന്ന ഒന്നായിരുന്നില്ല. ചുവന്ന കുപ്പായക്കാരൻ അതു തെളിയിച്ചിട്ടുണ്ട്.

ബക്കിൻെറ അവസ്ഥതന്നെയായിരുന്നു മററു നായകളുടേതും. നടക്കുന്ന അസ്ഥിപഞ്ജരങ്ങൾ! ബക്കുൾപ്പെടെ ഏഴുപേരാണ് ശേഷിച്ചിരുന്നത്. ദുരിതാധിക്യംകൊണ്ട് ചാട്ടകൊണ്ടുള്ള ഗദയുണ്ടാക്കിയ മുറിവോ അവരിൽ യാതൊരു വികാരവും പ്രത്യേകിച്ച് ജനിപ്പിച്ചില്ല. അതൊക്കെ മങ്ങിയതും വിദൂരവുമായമട്ടാണ്. അവർ യഥാർത്ഥത്തിൽ ജീവിക്കുകയായിരുന്നില്ല. ജീവൻെറ ചില സ്ഫുലിംഗങ്ങൾ മാത്രമുള്ള അസ്ഥിപഞ്ജരങ്ങൾ! വണ്ടി നിർത്തുമ്പോൾ ചത്തുവീഴുന്ന മട്ടിൽ നിപതിക്കും. ആ സ്ഫുലിംഗങ്ങൾ അല്പമൊന്നു മങ്ങും. അണയാനുള്ള മട്ടു കാട്ടും. ഗദയോ ചമ്മട്ടിയോ വീണ്ടും പുറത്തു പതിക്കുമ്പോൾ സ്ഫുലിംഗങ്ങൾ അല്പമൊന്നു ജ്വലിക്കും. വീണ്ടും അവർ വലിഞ്ഞെഴുന്നേററ് ശരീരം മുന്നോട്ടു തള്ളും.

ഒരുദിവസം സൽസ്വഭാവിയായ ബില്ലി താഴെ വീണു. പിന്നീടെഴുന്നേററില്ല. ഹാൽ റിവോൾവർ വിററിരുന്നതുകൊണ്ട് മഴുകൊണ്ട് ബില്ലിയുടെ തലയ്ക്കടിച്ചു. എന്നിട്ട് ശവശരീരം വേർപെടുത്തി വലിച്ചുമാററി. തങ്ങളുടെയും വിധിദിവസം അടുത്തുവരികയാണെന്നു് ബക്കിനും കൂട്ടർക്കും ബോദ്ധ്യമായി. അടുത്തദിവസം കൂണായുടെ കഥതീർന്നു. അഞ്ചുപേർ ശേഷിച്ചു. പകയില്ലാതിരുന്ന ജോയാണ് അതിലൊന്നു്. മുടന്തിനടന്ന പൈക്കിനു് അല്പം ബോധം മാത്രമേ ഉണ്ടായിരുന്നുള്ളു. രോഗബാധ

നടിക്കാനുള്ള ബോധംപോലുമില്ല. ഒററക്കണ്ണുള്ള സോൾലെക്ക്സ് അപ്പോഴും അദ്ധ്വാനത്തോട്ട കൂറുകാട്ടി, വണ്ടിവലിക്കാനുള്ള ശക്തി വളരെ കുറഞ്ഞിരുന്നുവെങ്കിലും. ശൈത്യകാലാരംഭത്തിനുശേഷം അതുവരെ സഞ്ചരിക്കാതിരുന്ന ടീക്കാണ് നാലാമൻ. പുതിയ നായകളിലൊന്നായിരുന്ന ടീക്കിനു് കൂടുതൽ അടികൊണ്ടു. ഇനി ബക്കാണ്. അപ്പോഴും നേതൃസ്ഥാനത്തുതന്നെ. എങ്കിലും ശിക്ഷണം പാലിക്കാനൊന്നും ശ്രമിച്ചില്ല. ദൗർബ്ബല്യം കൊണ്ടു് അന്ധനായി വല്ലവിധവും യാത്രാമാർഗ്ഗത്തിലൂടെ അവൻ തപ്പിത്തടഞ്ഞുനീങ്ങി.

കാലാവസ്ഥ സുഖപ്രദമായിരുന്നു. നായകൾക്കോ മനുഷ്യർക്കോ അതനുഭവപ്പെട്ടില്ലെന്നുമാത്രം. എല്ലാദിവസവും സൂര്യൻ നേരത്തേ ഉദിക്കുകയും വൈകി അസ്തമിക്കുകയും ചെയ്യും. രാവിലെ മൂന്നുമണിയാകുമ്പോൾത്തന്നെ പ്രഭാതവീചികൾ പരക്കും. രാത്രി ഒമ്പതുമണിവരെ നിലാവു പരന്നിരിക്കും. ദിനംമുഴുവൻ സൂര്യൻ ഉജ്ജ്വലിച്ചുനില്ക്കുകയാവും. ശൈത്യത്തിൻെറ ശ്മശാനമൂകതയ്ക്കുപകരം വസന്തത്തിൻെറ ഹൃദയത്തുടിപ്പുകൾകൊണ്ടു് അന്തരീക്ഷം മുഖരിതമായി. പ്രപഞ്ചമെങ്ങും ആ തുടിപ്പുകൾ മാറെറാലിക്കൊണ്ടിരുന്നു. ജീവിതാനന്ദത്തിൻെറ പരിസ്ഫുരണങ്ങളായിരുന്നു അവ. കുറേമാസങ്ങളായി ചലനരഹിതമായിരുന്നവ വീണ്ടും ചൈതന്യപൂർണ്ണമാവുകയാണ്. പൈൻമരങ്ങളിൽ രസം നിറഞ്ഞു. അരളിയിലും അരശുമരത്തിലും പുതിയ മൊട്ടുകളുണ്ടായി. ഗുൽമങ്ങളിലും മുന്തിരിവള്ളികളിലും വീണ്ടും ഹരിതനിറം വ്യാപിച്ചു. രാത്രിയിൽ ചീവീടുകൾ ഗാനമാലപിച്ചു. ഇഴയുകയും പതുങ്ങുകയും ചെയ്യുന്ന ജീവികളെല്ലാം പകൽ മുഴുവനും സൂര്യകിരണങ്ങളാസ്വദിച്ചു. തിത്തിരിപ്പക്ഷികളും മരംകൊത്തികളും വനവാടികളിൽ ശബ്ദായമാനമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. അണ്ണാക്കണ്ണന്മാർ ചൂളമടിച്ചു. കുയിലുകൾ കുളമ്പപകരുന്ന ഗാനങ്ങളാലപിച്ചു. മുകളിൽനിന്നെത്തുന്ന കാട്ടുപക്ഷികൾ സൂത്രശാലിത്വത്താൽ ആകാശം തുളച്ചുകൊണ്ടു് ചുററിത്തിരിഞ്ഞു.

കുന്നിൻചെരിവുകളിൽനിന്നെല്ലാം ജലപ്രവാഹത്തിൻെറ മന്ദ്രമധുരമായ നാദമുയന്നു—അദൃശ്യമായ പ്രവാഹങ്ങളുടെ സംഗീതം! എല്ലാമെല്ലാം അലിയുകയും ആനമിതമാവുകയും വില

യിക്കുകയും ചെയ്തു. തുഷാരസ്രുതിക്കുവേണ്ടി യുക്കൺ തിടുക്കം കാട്ടുന്നുണ്ടായിരുന്നു. അങ്ങനെ താഴെനിന്നുമുള്ള പ്രവർത്തനത്തിനൊത്തു് മുകളിൽ പ്രോജ്ജ്വലിച്ച സൂര്യൻ മഞ്ഞുകട്ടകൾ തിന്നുതീർക്കുകയായിരുന്നു. ചിലേടത്തു് ദ്വാരങ്ങളുണ്ടായി. പിളർപ്പുകളും. ചെറിയ ഹിമപാളികൾ നദികളിലേയ്ക്കു നേരിട്ടു പതിച്ചു. ഈ സ്ഫുരണങ്ങൾക്കും സ്ഫുടനങ്ങൾക്കും ജീവോദയത്തിന്റെ തുടിപ്പുകൾക്കും മദ്ധ്യേ സൂര്യൻ ഉജ്ജ്വലിക്കുകയും മന്ദമാരുതൻ അമർത്തപ്പെട്ട നിശ്വാസങ്ങൾ പൊഴിക്കുകയും ചെയ്തപ്പോൾ മരണത്തിലേയ്ക്കുള്ള പഥികരെന്നപോലെ രണ്ടു പുരുഷന്മാരും ഒരു സ്ത്രീയും ഏതാനും നായകളും മുന്നോട്ടു നീങ്ങി.

നായകൾ നിരന്തരം നിപതിച്ചുകൊണ്ടിരുന്നു. മേഴ്സിഡെസ് കരയുകയും വണ്ടിക്കുള്ളിൽ യാത്രചെയ്യുകയും ചെയ്തു. ഹാൽ നിരുപദ്രവകരമായ രീതിയിൽ ആണയിട്ടു. ചാൾസിന്റെ കണ്ണുകൾ ജലാർദ്രമായിക്കൊണ്ടിരുന്നു. ഇതിനിടയ്ക്കു് അവർ ശ്വേതനദീമുഖത്തുള്ള ജോൺ തോൺടന്റെ ക്യാമ്പിലെത്തിച്ചേർന്നു. അവർ നിന്നതും നായകൾ ചത്തമട്ടിൽ താഴെ വീണതും ഒപ്പം കഴിഞ്ഞു. മേഴ്സിഡെസ് കണ്ണുനീർ തുടച്ചുകൊണ്ടു് ജോൺ തോൺടനെ വീക്ഷിച്ചു. ചാൾസ് ഒരു മരത്തടിയിൽ വിശ്രമിച്ചു. അയാൾ ദുഃഖാർത്തനായി മെല്ലെമെല്ലെ അവിടെ ചാഞ്ഞു. ഹാലാണു് സംസാരിച്ചതെല്ലാം. ജോൺ തോൺടൻ ബെർച്ചുമരത്തിന്റെ തടികൊണ്ടു തീർത്ത ഒരു കോടാലിക്കൈയ്ക്കു് അവസാനരൂപം കൊടുക്കുകയായിരുന്നു. അതു ചെയ്യുന്നതിനൊത്തു് അയാൾ ശ്രദ്ധിച്ചു. ഏകമാത്രകങ്ങളായ ഉത്തരങ്ങളും നല്കി. ആവശ്യപ്പെട്ടപ്പോൾമാത്രം സംക്ഷിപ്തമായ രീതിയിൽ ഉപദേശങ്ങളും. അയാൾക്കു് ആളുകളുടെ തനിനിറം വ്യക്തമായിരുന്നു. ഉപദേശങ്ങൾ കൊടുത്തതു് അവ അവർ നിരസിക്കുമെന്ന പൂർണ്ണബോദ്ധ്യത്തോടെയാണു്.

"അങ്ങു മുകളിൽവച്ചു് അവരു പറഞ്ഞു എല്ലാം തലകീഴാകുമെന്നു്! അല്ലെങ്കിൽ മൂടി ശരിപ്പെട്ടത്തണമെന്നു്!!" ചിന്നിപ്പൊടിയുന്ന ഹിമപാളികളിൽ വളരെ സൂക്ഷിക്കേണ്ടതുണ്ടെന്നു് തോൺടൻ നല്കിയ മുന്നറിയിപ്പിനു് ഹാൽ മറുപടി പറയുകയായിരുന്നു. "ഞങ്ങൾക്കു് ശ്വേതനദിവരെപ്പോലും എത്താനാവില്ലെന്നവരങ്ങു തീരുമാനിച്ചുകളഞ്ഞു! എന്നിട്ടെന്തുപററി? ഇതാ,

ഞങ്ങളെത്തിയിരിക്കുന്നു.'' ഈ അവസാനവാചകം വിജയലഹരികൊണ്ടുണ്ടായ പരിഹാസച്ഛവയോടെയാണ പറഞ്ഞതു്.

''അവർ പറഞ്ഞതു ശരിയാണു്,'' ജോൺ തോൺടൻ മറുപടി പറഞ്ഞു. ''കീഴ്വശം ഏതുനിമിഷത്തിലും വീണെന്നുവരാം. മണ്ടക്കഴുതകൾ മാത്രമേ ഭാഗ്യത്തിൻെറ പേരിലങ്ങനെയൊക്കെ ചെയ്യൂ. തുറന്നുപറയാമല്ലോ, അലാസ്കായിലുള്ള സ്വർണ്ണം മുഴുവനുമിങ്ങു കിട്ടുമെന്നായാലും ഞാനെൻെറ ജീവൻ കൊണ്ടിങ്ങനെ പന്താട്ടുകയില്ല.''

''അതു്.....നിങ്ങളൊരു മണ്ടനല്ലാത്തതുകൊണ്ടാണു്, അല്ലേ?'' ഹാൽ പറഞ്ഞു. ''എന്തായാലും ഞങ്ങളിതാ പോകുന്നു, ഡോസണിലേയ്ക്കു്.'' അയാൾ ചമ്മട്ടി അഴിച്ചു. ''ആണ്ട്'......ഹൈ! നീങ്ങെടാ ബക്കേ!...ഹായ്...''

തോൺടൻ പിന്നെയും ചെത്തിക്കൊണ്ടിരുന്നു. ഒരു വിഡ്ഢിയുടേയും അയാളുടെ വിഡ്ഢിത്തങ്ങളുടേയും ഇടയ്ക്കു ചാടിവീഴുന്നതു് നിഷ്ഫലമാണെന്നയാൾക്കറിയാം. പിന്നെ, രണ്ടോ മൂന്നോ വിഡ്ഢികൾ ഒരു കാര്യമങ്ങു നിശ്ചയിച്ചുകഴിഞ്ഞാൽ...

ഹാലിൻെറ ആജ്ഞ നായകൾ അനുസരിച്ചില്ല. അടിയേററാലുടനെ ചാടിയെണീക്കുന്ന അവസ്ഥ കഴിഞ്ഞുപോയിരുന്നു. ചമ്മട്ടി വായുവിൽ ഊളിയിട്ടു. അവിടെയും ഇവിടെയും അതു കരുണയെന്യേ പതിച്ചു. ജോൺ തോൺടൻ അതുകണ്ടു് പല്ലുകടിച്ചു. സോൾലെക്ക്സാണു് ആദ്യം ചാടിയെഴുന്നേററതു്. പിന്നീടു് ടീക്കം. അടുത്തതായി വേദനയാൽ കുരച്ചുകൊണ്ടു് ജോ ചാടിയെണീററു. പൈക്ക് പ്രയാസപ്പെട്ടു് എഴുന്നേല്ക്കാൻ ശ്രമിച്ചു. രണ്ടുതവണ കുഴഞ്ഞുവീണു. മൂന്നാമത്തെത്തവണ പണി പററിച്ചു. ബക്ക് ശ്രമിച്ചേയില്ല. വീണിടത്തുതന്നെ നിശ്ചലനായി ശയിച്ചു. ചാട്ട വീണ്ടും അവൻെറമേൽ പതിച്ചെങ്കിലും അവൻ മുരളുകയോ എതിർക്കുകയോ ചെയ്തില്ല. പലപ്രാവശ്യം ജോൺ തോൺടൻ എന്തോ സംസാരിക്കാനാഞ്ഞു. പിന്നീടു് വേണ്ടെന്നുവച്ചു. അയാളുടെ കണ്ണുകളിൽ കണ്ണീർ പൊടിഞ്ഞു. ചമ്മട്ടി വീണ്ടും ഉയരുന്നതുകണ്ടു് അയാൾ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു.

ആദ്യമായിട്ടാണു് ബക്ക് മടികാട്ടുന്നതു്. അക്കാരണംതന്നെ മതിയായിരുന്നു ഹാലിനു് കോപാന്ധനാവാൻ. അയാൾ

ചമ്മട്ടിക്കുപകരം ഗദ കൈയിലെടുത്തു. കൂടുതൽ ഭയങ്കരമായ അടികളേററിട്ടും ബക്ക് അടങ്ങിക്കിടന്നതേയുള്ളൂ. കൂട്ടുകാരെപ്പോലെ എഴുന്നേല്ക്കാൻ ഉള്ള ശക്തി അവനില്ലായിരുന്നു. മാത്രമല്ല കൂട്ടുകാരിൽനിന്നും വ്യത്യസ്തനായി, എഴുന്നേല്ക്കയില്ലെന്ന നിർബന്ധവും അവനുണ്ടായിരുന്നു. കരയിലേയ്ക്കു സഞ്ചരിച്ചപ്പോൾത്തന്നെ അവനു് അടുത്തുകഴിഞ്ഞ ആപത്തിനെക്കുറിച്ചു് അവ്യക്തമായ ബോധമുണ്ടായിരുന്നു. പിന്നീടതു വർദ്ധിച്ചു. അ നനിമിഷം ഏതോ ആപത്തിലേയ്ക്കാണു് യജമാനൻ അവനെ നയിക്കുന്നതെന്നു് ചിന്നിപ്പൊടിയുന്ന മഞ്ഞുകട്ടകൾക്കു മുകളിലൂടെ നടക്കുമ്പോൾത്തന്നെ അവൻ ഊഹിച്ചു. കാരണം, ആ മഞ്ഞിലേയ്ക്കാണു് യജമാനൻ അവനെ തള്ളിവിടാൻ ശ്രമിക്കുന്നതു്. അവൻ അനങ്ങാൻപോലും കൂട്ടാക്കിയില്ല. ഇതിനകം വളരെയേറെ അനുഭവിച്ചതുകൊണ്ടു് അടികളൊന്നും അവനത്ര സാരമാക്കിയില്ല. പക്ഷേ, അതു് മൃഗീയമായി തുടർന്നപ്പോൾ അവനിലുള്ള ജീവസ്ഫുലിംഗം മങ്ങിത്തുടങ്ങി. അതു് ഏകദേശം അണയാറായി. അവൻ മരവിച്ചുപോയി. തോൽവിയടഞ്ഞുവെന്ന ബോധം വിദൂരതയിൽനിന്നെന്നപോലെ അവന്റെയുള്ളിലെത്തി. വേദനയേപ്പററിയുള്ള ചിന്തയെല്ലാം അസ്തമിച്ചിരുന്നു. യാതൊന്നും അനുഭവപ്പെട്ടില്ലെങ്കിലും ഗദ തന്റെ പുറത്തുവന്നു തട്ടുന്നതിന്റെ അസ്പഷ്ടമായ ശബ്ദംമാത്രം അവൻ കേട്ടു. അതു് അവന്റെ ശരീരത്തിലല്ലാത്തമാതിരിയാണു്. അതു് അങ്ങു ദൂരെയെങ്ങോ ആണു്.

പെട്ടെന്നു് യാതൊരു മുന്നറിയിപ്പും കൂടാതെ അനിയന്ത്രിതമായ വിധം മൃഗതുല്യമായി അലറിക്കൊണ്ടു് ജോൺ തോൺടൻ ഗദാധാരിയുടെമേൽ ചാടിവീണു. ഹാൽ ഒരു മരം പുറത്തുവന്നടിച്ചിട്ടെന്നപോലെ പുറകോട്ടു മറിഞ്ഞുവീണു. മേഴ്സിഡെസ് ഉച്ചത്തിൽ ആക്രോശിച്ചു. ചാൾസ് ഉല്ക്കണ്ഠയോടെ നോക്കിയശേഷം ജലാർദ്രമായ കണ്ണുകൾ തുടച്ചു് അവിടെത്തന്നെ ഉറച്ചിരുന്നു.

ജോൺ തോൺടൻ ബക്കിന്റെ സമീപം നിന്നു. അയാൾ സ്വയം നിയന്ത്രിക്കാൻ ശ്രമിച്ചു. കോപാന്ധതകൊണ്ടു് ഒന്നും സംസാരിക്കാനായില്ല.

“ആ പട്ടിയെ തൊട്ടാൽ നിന്നെ ഞാൻ കൊല്ലും,” അവസാനം ഇടറുന്ന കണ്ഠത്തോടെ അയാൾ പറഞ്ഞൊപ്പിച്ചു.

“ഇതെൻെറ പട്ടിയാണ്.” വായിൽനിന്നൊഴുകിവന്ന രക്തം തുടച്ച് എഴുന്നേററുവന്ന് ഹാൽ പറഞ്ഞു. “മാറെടാ വഴീന്ന്. അല്ലെങ്കി നിന്നെ ഞാൻ കാച്ചും. ഞാൻ ഡോസണിലേയ്ക്കു പോവുകയാണ്.”

തോൺടൻ മാറാൻ കൂട്ടാക്കിയില്ല. ഹാൽ വേട്ടക്കത്തി വലിച്ചൂരി. മേഴ്സിഡെസ് ആക്രോശിക്കുകയും കരയുകയും ചിരിക്കുകയും ഹിസ്റ്റീരിയാ പിടിപെട്ടമാതിരി ബഹളമുണ്ടാക്കുകയും ചെയ്തു. തോൺടൻ കോടാലിക്കൈകൊണ്ട് ഹാലിൻെറ കൈമുട്ടിലടിച്ചു. കത്തി താഴെവീണു. അതെടുക്കാൻ ഹാൽ കുനിഞ്ഞപ്പോൾ ഒരടികൂടികൊടുത്തു. എന്നിട്ട് അയാൾതന്നെ കുനിഞ്ഞു കത്തി കൈയിലെടുത്തു രണ്ടുതവണ പ്രയോഗിച്ച് ബക്കിനെ മോചിപ്പിച്ചു.

ഹാലിൻെറ സമരവീര്യം പൂർണ്ണമായി അസ്തമിച്ചിരുന്നു. മാത്രവുമല്ല, സഹോദരിവന്ന് കൈത്തലങ്ങളിൽ പിടിച്ചുതൂങ്ങാനും തുടങ്ങി. ബക്ക് ചാകാറായിരുന്നു. ഏതാനുംനിമിഷങ്ങൾക്കു ശേഷം അവർ നദിയിലൂടെ യാത്രതുടന്നു. അവർ പോകുന്ന ശബ്ദംകേട്ട് ബക്ക് തലയുയർത്തിനോക്കി. പൈക്കാണു നേതാവ്, സോൾലെക്ക്സ് ചക്രങ്ങളുടെയടുത്താണ്, അതിനിടയ്ക്ക് ജോയും ടീക്കും. അവർ മുടന്തി മുടന്തി വലിഞ്ഞുനീങ്ങുകയായിരുന്നു. മേഴ്സിഡെസ്സാണു സാമാനവണ്ടി തെളിക്കുന്നത്. ഹാൽ ചുളിയാണിയുടെ സ്ഥാനത്തും. ചാൾസ് പിന്നിലായി നടന്നു.

ബക്ക് അതു വീക്ഷിച്ചുകൊണ്ടു കിടന്നപ്പോൾ തോൺടൻ കുനിഞ്ഞ് അയാളുടെ പരുപരുത്തതും ദയാവായ്പുററതുമായ കൈകൾകൊണ്ട് ബക്കിൻെറ എല്ലുകൾ തപ്പിനോക്കി. ചതവുകൾ മാത്രമേ ഉള്ളുവെന്നും ഭയങ്കരമായ പട്ടിണിയാണു കുഴപ്പങ്ങൾക്കു കാരണമെന്നും അയാൾ കണ്ടുപിടിച്ചു. അപ്പോഴേയ്ക്കും വണ്ടി കാൽമൈലോളം അകന്നുകഴിഞ്ഞിരുന്നു. ആ നായയും മനുഷ്യനും ശകടത്തിൻെറ ഗതി കണ്ടുകൊണ്ടിരുന്നു. പെട്ടെന്ന് വണ്ടിയുടെ പിൻഭാഗം മുകളിലേയ്ക്കുയരുകയും സർവ്വവും ഒരു ഗർത്തത്തിലേയ്ക്കെന്നപോലെ മറിയുകയും ചെയ്യുന്നതവർ കണ്ടു. ഹാൽ പിടിച്ചുതൂങ്ങിയിരുന്ന ചുളിയാണി ആകാശത്തേയ്ക്കുയന്നു. മേഴ്സി

ഡെസ്സിൻെറ ആക്രോശം അവരുടെ കാതുകളിൽ വന്നലച്ചു. ചാൾസ് തിരിഞ്ഞോടാൻ ഭാവിക്കുന്നതും പെട്ടെന്നു മഞ്ഞിന്റെ ഒരു വലിയ പാളിമുഴുവൻ താഴ്ന്നുപോകുന്നതും അവക്കു ദൃശ്യമായി. സകലതും അപ്രത്യക്ഷമായി. വാതുറന്ന ഒരു വലിയ കുഴി മാത്രം.

ജോൺ തോൺടനും ബക്കും അന്യോന്യം നോക്കി.

''ന്റെ പൊന്നു പിശാചേ'' എന്നു് സ്നേഹഭാവേന തോൺടൻ പറഞ്ഞു. ബക്ക് അയാളുടെ കൈകൾ നക്കി.

# 6

# ഒരു മനുഷ്യന്റെ സ്നേഹത്തിനുവേണ്ടി

ഡിസംബറിൽ ജോൺ തോൺടന്റെ കാലുകൾ മഞ്ഞുകൊണ്ടു മരവിച്ചുപോയിരുന്നു. അതുകൊണ്ടു് സുഖമാകുന്നതുവരെ വിശ്രമിക്കാൻ അദ്ദേഹത്തെ അനുവദിച്ചിട്ട കൂട്ടുകാർ നദിക്കമുകളിലേയ്ക്കു യാത്രതിരിച്ചിരുന്നു. ഡോസണിലേയ്ക്കുപോകുവാൻ ചങ്ങാടമുണ്ടാക്കാൻ പററിയ അറുപ്പുതടികൾ കൊണ്ടുവരികയായിരുന്നു അവരുടെ ഉദ്ദേശ്യം. ബക്കിനെ രക്ഷിച്ചവേളയിലും തോൺടൻ മുടന്തുന്നുണ്ടായിരുന്നു.

എങ്കിലും ചൂടുള്ള കാലാവസ്ഥ തുടർച്ചയായി നിന്നതുകൊണ്ടു് മുടന്തുപോലും സുഖപ്പെട്ടുതുടങ്ങി. വസന്തത്തിന്റെ മാദകമായ അന്തരീക്ഷത്തിൽ നദീതീരത്തു ശയിച്ചുകൊണ്ടു് ജലധാരകൾ കൺകുളക്കെ കാണുകയും കിളികളുടെ കളകൂജനം കേൾക്കുകയും പ്രകൃതിയുടെ മന്ദ്രസംഗീതത്തിലലിഞ്ഞുചേരുകയും ചെയ്തപ്പോൾ നഷ്ടപ്പെട്ട ശക്തി ബക്കിനു വീണ്ടുകിട്ടി.

മൂവായിരം മൈൽ സഞ്ചരിച്ചശേഷം ഒരു വിശ്രമം കിട്ടുകയെന്നതു് സ്വർഗ്ഗതുല്യമാണു്. അലസമായ സുഖജീവിതംകൊണ്ടു് ബക്കിന്റെ മുറിവുകളുണങ്ങുകയും മാംസപേശികൾ ദൃഢതരമാവുകയും ചെയ്തു. ശരീരത്തിനു പുഷ്ടിയുണ്ടായി. യഥാർത്ഥത്തിൽ ബക്കും ജോൺതോൺടനും സ്കീററും നിഗ്ഗും സുഖകരമായ ജീവിതമാണു നയിച്ചതു്. ഡോസണിലേയ്ക്കു തിരിക്കുവാനുള്ള ചങ്ങാടം അവർ പ്രതീക്ഷിച്ചു. ഒരു ഐറിഷ് വേട്ടനായയായ സ്കീററ് ആദ്യംതന്നെ ബക്കുമായി പരിചയപ്പെട്ടിരുന്നു. അവൾ ആദ്യം സമീപിച്ചപ്പോൾ പ്രതികരണങ്ങൾക്കൊന്നുമുള്ള മനോദാർഢ്യം ബക്കിനുണ്ടായിരുന്നില്ല. ആതുരശുശ്രൂഷചെയ്യുവാനുള്ള ഒരു പ്രത്യേക ആസക്തിയുണ്ടല്ലോ, അതവളിലും രൂഢമൂലമായിരുന്നു. സ്നേഹമയിയായ ഒരു തള്ളപ്പൂച്ച പൂച്ചക്കുട്ടികളെയെന്നപോലെ അവൾ ബക്കിന്റെ ശരീരത്തിലുള്ള മുറിവു

കൾ കഴുകുകയും വൃത്തിയാക്കുകയും ചെയ്യും. എല്ലാദിവസവും പ്രഭാതത്തിൽ പ്രാതലിനുശേഷം അവൾ ശുശ്രൂഷയിലേർപ്പെട്ടും. അവൻ ആ ശുശ്രൂഷ അംഗീകരിച്ചാലേ അവൾക്കു തൃപ്തിയാവൂ. പ്രകടനപരത നിഗിനു കുറവായിരുന്നെങ്കിലും സ്നേഹമുണ്ടായിരുന്നുവെന്നു തീർച്ചയാണു്. പകുതി ബ്ളഡ്ഹൗണ്ടും പകുതി ഡീയർഹൗണ്ടുമാണു് നിഗ്. പുഞ്ചിരിക്കുന്ന കണ്ണുകളും അതിരില്ലാത്ത സന്മനോഭാവവുമാണവൻെറ സമ്പത്തു്.

ഈ നായകൾ തന്നോടു് അസൂയാകുലരല്ലെന്നതു് ബക്കിനെ അത്ഭുതപ്പെടുത്തി. ജോൺ തോൺടൻെറ ദയാവായ്പും വിശാലതയും ഇവരിലേയ്ക്കും പകർന്നിട്ടുണ്ടാവും. ബക്കിനു് ആരോഗ്യം വീണ്ടുകിട്ടിയതോടെ അവർ അവനെ അവരുടെ കളികളിൽ ചേർത്തു. തോൺടനും അവരോടൊത്തു ചേരും. അങ്ങനെ ബക്കു് ക്ഷീണാവസ്ഥയിൽനിന്നു മോചനംപ്രാപിച്ചു് ഒരു പുതിയ ജീവിതത്തിലേയ്ക്കു പ്രവേശിച്ചു. സ്നേഹം, ആത്മാർത്ഥവും ശക്തവുമായ സ്നേഹം, അവൻ ആദ്യമായി അനുഭവിക്കുകയാണു്. സൂര്യൻ ചുംബിക്കുന്ന സാൻറാക്ലാറാ താഴ്‌വരയിലുള്ള ജസ്റ്റിമില്ലറുടെ ഭവനത്തിൽവച്ചുപോലും അവൻ അതനുഭവിച്ചിട്ടില്ല. ജസ്റ്റിയുടെ പുത്രന്മാരൊത്തു് അലഞ്ഞുതിരിയുന്നതും വേട്ടയാടുന്നതും രസകരമായിരുന്നു, ശരിതന്നെ. ജസ്റ്റിയുടെ പൗത്രന്മാരോടുണ്ടായിരുന്ന രക്ഷാകർത്തൃഭാവം മഹനീയമായിരുന്നു. ജസ്റ്റിയോടുതന്നെയുണ്ടായിരുന്ന ബന്ധം തികച്ചും രാജോചിതവുമായിരുന്നു. പക്ഷേ, തികച്ചും ചൂടുപിടിച്ചമാതിരിയുള്ള സ്നേഹം, അന്ധമായ സ്നേഹം, ഉന്മത്തമായ സ്നേഹം അവനിൽ കൊളുത്തിയതു് ജോൺ തോൺടനാണു്.

ഈ മനുഷ്യൻ അവൻെറ ജീവൻ രക്ഷിച്ചു. അതെ; അതൊരു സംഗതിയാണു്. പക്ഷേ, അതിലുമുപരി അയാൾ ആദർശസമ്പൂർണ്ണനായ ഒരു യജമാനനാണു്. മററു പലരും സ്വന്തം നായകളെ സംരക്ഷിക്കുന്നതു് ഒരുതരം കർത്തവ്യബോധംകൊണ്ടും ഔചിത്യബോധംകൊണ്ടുമാണു്. പക്ഷേ, അയാൾ നായകളുടെ സുഖമന്വേഷിച്ചതു് സ്വന്തം മക്കളെപ്പോലെ കരുതിയാണു്. അങ്ങനെയല്ലാതാവാൻ അയാൾക്കു സാദ്ധ്യമല്ല. അതിലപ്പുറം കാണുവാൻ അയാൾക്കു കണ്ണുണ്ടായിരുന്നുതാനും. ദയാപൂർണ്ണമായ ആശംസകളോ ആഹ്ലാദം സ്ഫുരിക്കുന്ന വാക്കുകളോ പുറപ്പെട്ടു

വിക്കാൻ അയാളെപ്പോഴും ഉത്സുകനായിരുന്നു. ഒന്നിച്ചിരുന്ന് വളരെനേരം സംസാരിച്ചു രസിക്കുന്നതു് നായകൾക്കും തോൺടനും സന്തോഷകരമായിരുന്നു. ('ലാത്തി' എന്നാണതിനയാൾ കൊടുത്ത പേരു്). ബക്കിൻെറ ശിരസ്സു് കൈകളിലെടുത്തു താലോലിച്ചുകൊണ്ടു് സ്വന്തം ശിരസ്സോടുചേർത്തമർത്തുവാൻ അയാൾ ഇഷ്ടപ്പെട്ടിരുന്നു. അപ്പോഴൊക്കെ അയാൾ അവനെ തെറിവിളിക്കും. പക്ഷേ, ബക്കിനു് ആ തെറിവാക്കുകൾ സ്നേഹസൂചകമായ മധുരവചനങ്ങളായിത്തോന്നി. ബക്കിനു് അത്തരം ആലിംഗനങ്ങളെക്കാളും സ്നേഹസൂചകമായ വാക്കുകളെക്കാളും സന്തോഷപ്രദമായി മററൊന്നുമുണ്ടായിരുന്നില്ല. അയാൾ തൻ്റെ ശിരസ്സു് താലോലിക്കുമ്പോൾ പരമാനന്ദംകൊണ്ടു് തൻെറ ഹൃദയം ശരീരത്തിനുള്ളിൽനിന്നും പൊട്ടിവിടരുമോ എന്നവൻ സംശയിച്ചിട്ടുണ്ടു്. അവനെ വിമുക്തനാക്കിയാലുടൻ പുഞ്ചിരി പൊഴിച്ചു് സംസാരിക്കുന്ന കണ്ണുകളോടും നിരുദ്ധമായ കണ്ഠത്തോടുംകൂടി വളരെനേരം അനങ്ങാതെ നില്ക്കും. ജോൺ തോൺടൻ ആദരപൂർവ്വം പറയും, "ഹോ! അവനൊന്നും മിണ്ടാൻകൂടി വയ്യാ!"

വേദനിപ്പിക്കുമാറു് സ്നേഹം പ്രകടിപ്പിക്കുക ബക്കിൻെറ ഒരു പ്രത്യേകസ്വഭാവമായിരുന്നു. അവൻ തോൺടൻെറ കൈ വലിച്ചെടുത്തു് വായ്ക്കകത്താക്കി പല്ലുകളമർത്തും. കൂടുതൽ ശക്തിയായി അമർത്തുന്നതുകൊണ്ടു് വളരെക്കാലം മായാതെകിടക്കുന്ന പാടുകളുണ്ടാകും. പക്ഷേ, അയാളുടെ തെറിവാക്കുകൾ സ്നേഹവചനങ്ങളായി അവൻ കരുതിയതുപോലെ അവൻെറ പൈശാചികമായ കടി ഒരു ചുംബനമായി അയാളും സ്വീകരിച്ചു.

പ്രധാനമായും ബക്കിൻെറ സ്നേഹം ആരാധനയുടെ രൂപത്തിൽത്തന്നെയാണു പ്രകാശിപ്പിച്ചതു്. തോൺടനെ സ്പർശിക്കുകയോ അയാളോടു സംസാരിക്കുകയോ ചെയ്തു് ആനന്ദോന്മത്തനാകുമ്പോൾ അവൻ ചിലപ്പോൾ ഒന്നും പ്രകടിപ്പിക്കാറില്ല. സ്കീറ്റാകട്ടെ, തോൺടൻെറ ബാഹുക്കളിൽ നാസിക ചേർത്തു രുമ്മിയുരുമ്മിയാണു് അയാളുടെ തലോടൽ സമ്പാദിക്കുന്നതു്. നിഗ്, തൻെറ വലിയ ശിരസ്സു് തോൺടൻെറ മുട്ടുകളിലമർത്തിച്ചു് വിശ്രമിക്കും. ഇരുവരിൽനിന്നും വ്യത്യസ്തനായി മാറിനിന്നു് ആരാധിക്കുവാൻ ബക്ക് ഇഷ്ടപ്പെട്ടു. അവൻ തോൺടൻെറ

KOZHIKODE

കാല്ക്കൽ ആകാംക്ഷയോടും ശ്രദ്ധയോടുംകൂടി ശയിക്കും. അവന്റെ കണ്ണുകൾ അയാളുടെ മുഖത്തു് കേന്ദ്രീകരിച്ചിരിക്കും. അയാളുടെ മുഖം നല്ലവണ്ണം വീക്ഷിക്കും. മുഖത്തുണ്ടാകുന്ന ഓരോ ഭാവവ്യത്യാസവും ശ്രദ്ധാപൂർവ്വം നോക്കിരസിക്കും. ഓരോ പ്രത്യേകതകളിലും കണ്ണുചെല്ലും. മററു ചില അവസരങ്ങളിൽ ദൂരെയായി പുറകിലോ ഒരുവശത്തോ അവൻ കിടക്കും. അപ്പോൾ അയാളുടെ രൂപവിശേഷവും വല്ലപ്പോഴുമുള്ള ചലനങ്ങളുമാണവൻ പഠിക്കുക. പക്ഷേ, അവരുടെ ഹൃദയസംവാദം ആഴമേറിയതായിരുന്നതുകൊണ്ടു് അറിയാതെതന്നെ തോൺടൻ തിരിഞ്ഞുനോക്കിപ്പോകും. ബക്കിനെ കാണും. അവരന്യോന്യം കണ്ണുകളുടെ അഗാധതയിലേയ്ക്കു് ചുഴിഞ്ഞുനോക്കും. യാതൊന്നും ഉരുവിടുകയില്ല. കണ്ണുകളിലൂടെ ഹൃദയം സംസാരിക്കുകയാവും.

അവനെ അയാൾ രക്ഷിച്ചതിനുശേഷം വളരെക്കാലത്തേയ്ക്കു് അയാളുടെ വേർപാടു് അല്പനേരംപോലും അവൻ സഹിക്കുമായിരുന്നില്ല. അയാൾ കൂടാരംവിട്ടിറങ്ങിയാൽ തിരിച്ചെത്തുന്ന നിമിഷംവരെ ബക്കും പിന്നിലുണ്ടാവും. ഉത്തരദിക്കിലേയ്ക്കു പോന്നതിനുശേഷം പലകൈ മാറിത്തിരിഞ്ഞതുകൊണ്ടു് യജമാനന്മാർ ഒരിക്കലും സ്ഥിരമല്ലെന്ന ബോധം അവനിൽ ജനിച്ചിരുന്നു. പെറാൾട്ടിനെയും ഫ്രാങ്കോയിയെയും സങ്കരജാതിക്കാരനെയുംപോലെ തോൺടനും തന്നിൽനിന്നകലുമെന്നവൻ ഭയപ്പെട്ടു. രാത്രിയിൽ സ്വപ്നങ്ങളിൽപ്പോലും ഈ ഭയം അവനെ അലട്ടി. അപ്പോഴെല്ലാം നിദ്രവെടിഞ്ഞു് മഞ്ഞിലൂടെ ഇഴഞ്ഞുചെന്നു് യജമാനന്റെ അടുത്തെത്തി അയാളുടെ ശ്വാസോച്ഛ്വാസം ശ്രദ്ധിച്ചെങ്കിലേ അവനു തൃപ്തിയാവൂ.

ഇങ്ങനെ തോൺടനോടുള്ള സ്നേഹം അവനിൽ ഒരു സാംസ്കാരികനവോത്ഥാനം സൃഷ്ടിക്കാൻ സാദ്ധ്യതയുള്ളതാണെന്നു തോന്നാമെങ്കിലും ഉത്തരദേശം അവനിൽ രൂപംകൊടുത്ത പ്രാകൃതജീവിതത്തിന്റെ സവിശേഷതകൾ അപ്പോഴും ചൈതന്യപൂർണ്ണവും പ്രവർത്തനോന്മുഖവുമായിരുന്നു. നെരിപ്പോടും മേൽക്കൂരയും അവനിൽ സൃഷ്ടിച്ച അനുസരണശീലത്തിനും ഭക്തിക്കും ഉടവുതട്ടിയിരുന്നില്ല. പക്ഷേ, അതോടൊപ്പം കാടത്തവും കൗശലവും കുടികൊണ്ടിരുന്നുവെന്നുമാത്രം. കാട്ടിന്റെ ഹൃദയത്തിൽനിന്നു് ജോൺ തോൺടന്റെ തീയുടെ സമീപത്തെത്തിയ ഒരു

വന്യജീവിതന്നെയായിരുന്നു അവൻ. അല്ലാതെ തലമുറകളായി സംസ്കാരത്തിൻെറ മുദ്രകൾ വഹിച്ചുകൊണ്ടു് ദക്ഷിണദേശത്തെ ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ കഴിഞ്ഞവനാണെന്നു തോന്നുകയില്ല. ഈ മനുഷ്യനെ അവൻ ആത്മാർത്ഥമായി സ്നേഹിക്കുന്നു. അതുകൊണ്ടു് ഈയാളിൽനിന്നു് അവൻ യാതൊന്നും മോഷ്ടിക്കുകയില്ല. പക്ഷേ, മറെറാരു സന്ദർഭം ലഭിച്ചാൽ മറെറാരാളിൽനിന്നു് അവൻ മോഷ്ടിക്കുമെന്നതു തീച്ചതന്നെ. കൗശലംകൊണ്ടു് ആരും കണ്ടുപിടിച്ചെന്നും വരികയില്ല.

അവൻെറ ശരീരത്തിലും മുഖത്തും പലപല നായകളിൽനിന്നും ലഭിച്ച മുറിവുകളുടെ പാടുകളുണ്ടായിരുന്നു. അതേ ഭയങ്കരതയോടും ബുദ്ധിക്കൂർമ്മതയോടുംകൂടി പൊരുതുവാനുള്ള സന്നദ്ധത അവനുണ്ടായിരുന്നു. സ്കീററും നിഗ്ഗും കലഹപ്രിയരായിരുന്നില്ല. അത്രമാത്രം സൽസ്വഭാവം നിറഞ്ഞിരുന്നു. അവർ തികച്ചും ജോൺ തോൺടൻെറ നായകൾതന്നെയാണു്. ഏതു നായയും ബക്കിൻെറ ആധിപത്യം വളരെയെളുപ്പം സമ്മതിച്ചു പോകും. അല്ലാത്തപക്ഷം ഭയങ്കരനായ ഒരു പോരാളിയുമായേറ്റു മുട്ടി ജീവാപായം സംഭവിച്ചുവെന്നു വരും. ബക്കിനു് അക്കാര്യത്തിൽ കരുണയൊന്നുമില്ലായിരുന്നു. അവൻ ഗദയുടെയും ദംഷ്ട്രയുടെയും നിയമം അക്ഷരംപ്രതി ഗ്രഹിച്ചിരുന്നു. അതുകൊണ്ടു് പോരാടുവാനുള്ള സന്ദർഭം കൈവിട്ടുകളയുകയോ എതിരാളിയിൽനിന്നു് പിൻതിരിഞ്ഞോടുകയോ ചെയ്തില്ല. സ്പിറ്റ്സിൽനിന്നും അതുപോലുള്ള മറ്റു നായകളിൽനിന്നും അവൻ പഠിച്ച പാഠമാണതു്. ഒരു മദ്ധ്യമമാർഗ്ഗവുമില്ല. ഒന്നുകിൽ യജമാനനാവണം; അല്ലെങ്കിൽ മറെറാരാൾക്കു് പൂർണ്ണമായി വഴങ്ങിക്കൊടുക്കണം. കരുണ കാണിക്കുകയെന്നതു് ദൗർബല്യം മാത്രമാണു്. ബീജഭൃതമായ വാസനകളുള്ള ജീവിതരംഗത്തു് കരുണയ്ക്കു സ്ഥാനമില്ല. അതു് ഭീരുത്വത്തിൻെറ പര്യായമായി തെററിദ്ധരിക്കപ്പെടാനിടയുണ്ടു്. തെററിദ്ധാരണ മരണത്തിലേയ്ക്കു വഴിതെളിക്കും. കൊല്ലുകയോ കൊല്ലപ്പെടുകയോ വേണം. തിന്നുകയോ തിന്നാൻ ഇരയാവുകയോ ചെയ്യണം. അതാണു നിയമം. അവനതു മുറുകെപ്പിടിച്ചു.

അവൻ പിന്നിട്ട നാളുകളെക്കാളും ഉൾക്കൊണ്ട ശ്വാസത്തെക്കാളും പ്രാചീനസ്വഭാവമുള്ളവനായിരുന്നു. ഭൃതത്തെ

അവൻ വർത്തമാനവുമായി ഘടിപ്പിച്ചു. പിന്നിലുള്ള അനന്തമായ കാലം അവനിലൂടെ താളനിബദ്ധമായി തുടിച്ചു. അതിനനുസരിച്ചു് കാലഭേദങ്ങളും ഋതുക്കളും ആടിക്കളിക്കുന്നതുപോലെ അവനും ആടിക്കളിച്ചു. വിരിഞ്ഞമാറും വെളുത്ത ദംഷ്ട്രകളും നീണ്ട രോമപാളികളുമുള്ള നായയെന്ന നിലയ്ക്കാണു് അവൻ തോൺടൻെറയടുത്തു് തീകാഞ്ഞു് ഇരുന്നിരുന്നതു്. അവൻെറ പിന്നിൽ വൈവിദ്ധ്യംനിറഞ്ഞ സ്വഭാവവിശേഷങ്ങൾ നിഴൽവീശിയിരുന്നു. പകുതിമാത്രം ചെന്നായ്ക്കളുടെ സ്വഭാവമുള്ളതും മുഴുവൻ ചെന്നായ്ക്കളുടെസ്വഭാവമുള്ളതുമായ നിഴലുകൾ. അവനിലൂടെ അവൻ രുചിച്ച മാംസഭക്ഷണങ്ങളുടെ രുചിയാസ്വദിച്ചതു് ആ നിഴലുകളാണു്. അവൻ സ്വദിച്ച തെളിനീരിലൂടെ അവരാണു് ദാഹം ശമിപ്പിച്ചതു്. കാററിലൊഴുകിവന്ന ഗന്ധം അവനിലൂടെ അവരാണു് വിവേചിച്ചറിഞ്ഞതു്. അവർ അവനോടൊപ്പം ശ്രദ്ധിക്കുകയും അവനു് വന്യജീവിതാന്തരീക്ഷം പരിചയപ്പെടുത്തുകയും ചെയ്തു. അവർ അവൻെറ ഭാവഭേദങ്ങൾ രൂപപ്പെടുത്തി; അവനെ നിയന്ത്രിച്ചു. അവൻ ശയിച്ചപ്പോൾ അവരും അവനിൽ നിദ്രപൂണ്ടു. അവനിലൂടെയും അവന്നതീതമായും അവർ സ്വപ്നമേഖലകളിലലഞ്ഞുതിരിയുകയും അവൻെറ സ്വപ്നങ്ങൾ തന്നെയായിത്തീരുകയും ചെയ്തു.

ഈ നിഴലുകൾ ശക്തിയായി പ്രവർത്തിച്ചതുകൊണ്ടു് അനുദിനം മനുഷ്യവർഗ്ഗവും അതുമായി ബന്ധപ്പെട്ടതെല്ലാംതന്നെയും അവനിൽനിന്നും തെന്നിയകന്നു. വനാന്തർഭാഗത്തുനിന്നു് ഒരു വിളി അവൻെറ കാതുകളിൽ വന്നലയ്ക്കുന്നുണ്ടായിരുന്നു. ആ വിളി, അത്ഭുതകരമാംവണ്ണം പുളകപ്രദവും വശ്യവുമായിരുന്നു. ആ വിളി കേൾക്കുമ്പോൾ വനത്തിൻെറ മാറ്വിടത്തിലേയ്ക്കു് കുതിച്ചുപായണമെന്നൊരു പ്രചോദനം അവനുണ്ടാകും. എവിടെയെന്നോ എന്തിനെന്നോ ചിന്തിക്കേണ്ടതില്ല. അതൊക്കെയോർത്തു് അത്ഭുതം പൂണ്ടുമില്ല. വനത്തിന്റെ ഹൃദയത്തിൽനിന്നും ഒരു വിളി മുഴങ്ങുന്നുണ്ടു്. പക്ഷേ, മാർദ്ദവമുള്ളതും പൊട്ടിത്തകരാത്തതുമായ ഭൂമിയും തണുപ്പാററ തണലും വീണ്ടും വീണ്ടും അവനു കുളിർമ്മനല്കിയപ്പോൾ ജോൺ തോൺടനോടുള്ള സ്നേഹം തീയുടെ സമീപത്തേയ്ക്കു് അവനെ പിന്തിരിപ്പിച്ചു.

തോൺടൻ മാത്രമാണവനെപിടിച്ചുനിത്തിയതു്. മറ്റെല്ലാം

അവനു ശൂന്യമായിരുന്നു. വരികയും പോവുകയും ചെയ്യുന്ന വഴിയാത്രക്കാർ അവനെയൊന്നു തലോടിയെന്നു വരാം. അവൻ അതിഷ്ടപ്പെട്ടുവെന്നു ഭാവിക്കാറില്ല. എന്നല്ല, സ്നേഹപ്രകടനം കൂടുതലായാൽ അവനെണീററു നടന്നുകളയും. തോൺടന്റെ സ്നേഹിതരായ ഹാൻസും പീററും ചങ്ങാടവുമായെത്തിയപ്പോൾ അവൻ അവരെ കണ്ടതായി നടിച്ചില്ല. അവർ തോൺടന്റെ ആപ്തമിത്രങ്ങളാണെന്നു മനസ്സിലാകുന്നതുവരെ മാത്രം. അതിനു ശേഷം അവരെ നിശ്ചേഷ്ടമായ രീതിയിൽ സഹിച്ചു. അവരുടെ പക്കൽനിന്നു് ആനുകൂല്യങ്ങൾ സ്വീകരിച്ചു. അതു സ്വീകരിക്കുന്നതുതന്നെ ഒരു സൗജന്യമാണെന്ന മട്ടിൽ. അവരും തോൺടനെപ്പോലെതന്നെ മണ്ണിന്റെ മാറിലാണു ജീവിക്കുന്നതെന്ന ബോധമുള്ളവരായിരുന്നു. ലളിതമായ ചിന്ത, വ്യക്തമായ ദർശനം. ഡോസണിനടുത്തുള്ള ഒരു ചുഴിയിൽ ചങ്ങാടമെത്തിയപ്പോഴേയ്ക്കും അവക്കു് ബക്കിന്റെ സ്വഭാവപ്രത്യേകതകൾ നന്നായി മനസ്സിലാക്കാൻ കഴിഞ്ഞു. പിന്നീടു് അത്ര അടുത്ത സ്നേഹബന്ധത്തിനുവേണ്ടി വാശിപിടിച്ചുമില്ല.

തോൺടനെ സംബന്ധിച്ചിടത്തോളം സ്നേഹം അനുദിനം വളർച്ച പ്രാപിക്കുകയായിരുന്നു. ഗ്രീഷ്മകാലത്തെ യാത്രകളിൽ കെട്ടുകൾ ബക്കിന്റെ പുറത്തു സൂക്ഷിക്കുവാനുള്ള അവകാശം അവൻ തോൺടനു മാത്രമാണനുവദിച്ചതു്. തോൺടൻ ആജ്ഞാപിച്ചാൽ എത്ര വിഷമകരമായ ജോലിയും അവൻ അനായാസമായി ചെയ്തുതീക്കും. കിട്ടിയ പ്രതിഫലമെല്ലാം പന്തയംവച്ചു കളഞ്ഞുകുളിച്ചശേഷം തനാനായിലേയ്ക്കു് തിരിച്ചിരുന്നു. ഒരുദിവസം എല്ലാവരുംകൂടി മലഞ്ചെരുവിന്റെ മുകളററത്തു് ഇരിക്കുകയായിരുന്നു. മൂന്നൂറടി താഴെയായി പാറക്കെട്ടു്. ജോൺ തോൺടൻ അരികുചേന്നിരിക്കുകയും ബക്കു് അയാളുടെ തോളിൽ വിശ്രമിക്കുകയും. പെട്ടെന്നു് തോൺടനെ ഒരു ചപലചിന്ത പിടികൂടി. മനസ്സിലുദിച്ച പരീക്ഷണത്തിലേയ്ക്കു് അയാൾ ഹാൻസിന്റെയും പീററിന്റെയും ശ്രദ്ധ ക്ഷണിച്ചു. "ചാട്ട ബക്കേ!" എന്നു വിളിച്ചുകൂവി. അയാൾ കൈകൾ പ്രവത്തിപ്പിച്ചു. അടുത്ത നിമിഷത്തിൽ അയാൾ ബക്കിനൊത്തു് അപകടം പിടിച്ച മാതിരി വലിഞ്ഞു തൂങ്ങുകയായിരുന്നു. ഹാൻസും പീറ്റുംകൂടി വല്ലപ്രകാരവും അവരെ രക്ഷപ്പെടുത്തി.

''വെറുതേ അപകടമുണ്ടാക്കല്ലേ!'' ഒന്നു നേരെ ശ്വാസംവിട്ടുകഴിഞ്ഞപ്പോൾ പീററ് പറഞ്ഞു.

തോൺടൻ തലകുലുക്കി.

''ശ്ശെ, ശ്ശെ, എന്തൊരു രസമാണെന്നോ! ഭയങ്കരം! ഭയങ്കരം!'' അയാൾ മറുപടി പറഞ്ഞു.

''അവനടുത്തുണ്ടെങ്കിൽ നിങ്ങൾക്കാകെ തലതിരിഞ്ഞ മട്ടാണ്. രക്ഷപ്പെടുത്താൻ ഇനി എനിക്കാവില്ല.'' പീററ് ബക്കിന്റെ നേരെനോക്കി തലകുലുക്കിക്കൊണ്ട് തീർത്തു പറഞ്ഞു.

''എനിക്കും വയ്യേ! വയ്യ!'' ഹാൻസും പറയാതിരുന്നില്ല.

പീറ്ററിന്റെ ഊഹം തെറ്റിയില്ല. വർഷാവസാനത്തിനു മുമ്പുതന്നെ സർക്കിൾസിറ്റിയിൽവച്ച് അതിനനുസരണമായി ഒരു സംഭവമുണ്ടായി. ഒരു മദ്യശാലയിൽവച്ച് ദ്രോഹബുദ്ധി നിറഞ്ഞവനും ദുർവൃത്തനുമായ ''കറുത്ത'' ബർട്ടൺ എന്നയാൾ ഒരു ദുർബ്ബലനുമായി ശണ്ഠകൂട്ടുകയായിരുന്നു. തോൺടൻ സദുദ്ദേശത്തോടെ ഇടപെട്ടു. ബക്ക്, പതിവുപോലെ യജമാനന്റെ ഓരോ ചലനവും വീക്ഷിച്ചുകൊണ്ട് ഒരു മൂലയിൽ പതുങ്ങിക്കിടക്കുകയായിരുന്നു. ബർട്ടൺ യാതൊരു മുന്നറിയിപ്പും കൂടാതെ കൈ ചുരുട്ടിയിടിച്ചു. തോൺടൻ പുറകോട്ടു മലന്നുപോയി. അഴികളിൽ പിടികിട്ടിയതുകൊണ്ട് വീണില്ലെന്നു മാത്രം.

കണ്ടുനിന്നവർ ഞെട്ടിപ്പോയി. അവർ കേട്ടതു് കുരയോ ചിണുങ്ങലോ അല്ല. ബക്ക്, അത്യുച്ചത്തിൽ അലറുകയായിരുന്നു. ഉത്തരക്ഷണത്തിൽ അവൻ ബർട്ടന്റെ തൊണ്ടയ്ക്കുനേരെ കുതിച്ചു. സ്വയരക്ഷയ്ക്കുവേണ്ടി അയാൾ കൈകൾകൊണ്ടു തടുത്തുവെങ്കിലും പുറകോട്ടു മലന്നുവീണു. ബക്ക് അയാളുടെ പുറത്തും. ബക്ക് അയാളുടെ ഭുജത്തിൽനിന്നും പല്ലുകളൂരിയെടുത്ത് കഴുത്തിനുനേരെ കൊണ്ടുചെന്നു. ഇത്തവണ പൂർണ്ണമായി പ്രതിരോധിക്കാൻ കഴിഞ്ഞില്ല. തൊണ്ട കീറിപ്പൊളിഞ്ഞു. ഉടനെ ആളുകളെല്ലാം ബക്കിന്റെനേരെ ചാടിവീണ് അവനെ തുരത്തി. ഒരു സർജൻ വന്ന് രക്തപ്രവാഹം നിർത്തിയപ്പോഴും അവൻ കുതിച്ചുചാട്ടക്കാൻ യത്നിക്കുന്നുണ്ടായിരുന്നു. ധാരാളം ഗദകൾ അവനെ തടഞ്ഞു. ഖനിത്തൊഴിലാളികൾ സമ്മേളിച്ചു. നായയ്ക്ക് വേണ്ടത്ര പ്രകോപനകാരണമുണ്ടായിരുന്നുവെന്നവർ തീർച്ചയാക്കിയതനുസരിച്ച് അവനെ വെറുതേവിട്ടു. പക്ഷേ, അതോടു

കൂടി അവൻ വിശ്രുതനായിത്തീൎന്നു. അലാസ്കായിലെ ഓരോ ക്യാമ്പിലും അവൻെറ പേർ പ്രചരിച്ചു.

വർഷാന്തമായപ്പോൾ അവൻ മറ്റൊരു രീതിയിൽ ജോൺ തോൺടൻെറ ജീവൻതന്നെ രക്ഷപ്പെടുത്തി. നാല്പതു മൈലോളം തുടർച്ചയായി കുത്തൊഴുക്കിലൂടെ നൗക നയിക്കുകയായിരുന്നു. ഹാൻസും പീററും കരയിലൂടെ നടന്നു് നൗകയിൽ ബന്ധിച്ചിട്ടുള്ള കയറിൻെറ അഗ്രം ഓരോ മരത്തിലും മാറിമാറി ബന്ധിച്ചു് മുന്നോട്ടുപോയി. തോൺടൻ നൗകയിലിരുന്നിരുന്നു. ഒരു കഴക്കോലിൻെറ സഹായത്തോടെ മെല്ലെമെല്ലെ നൗക മുന്നോട്ടു നയിക്കുകയും കരയിലേയ്ക്കു് നിർദ്ദേശങ്ങൾ വിളിച്ചുകൂവുകയും ചെയ്തു. ബക്കു് കരയിലൂടെ കുറെ മുന്നിലായി ഓടി; ആശങ്കയോടും ആകാംക്ഷയോടുംകൂടി യജമാനനിൽത്തന്നെ കണ്ണും നട്ടുകൊണ്ടു്.

കഷ്ടിച്ചു നീരിലാണ്ടിട്ടുള്ള പാറയടുക്കുകൾ തള്ളിനില്ക്കുന്ന ഒരു ഭാഗത്തെത്തിയപ്പോൾ ഹാൻസു് കയറല്പം അയച്ചുകൊടുത്തു. തോൺടൻ നൗകയെ കൂടുതൽ വെള്ളമുള്ള ഭാഗത്തേയ്ക്കു നയിച്ചു. പാറകൾ നിറഞ്ഞ ഭാഗം കഴിഞ്ഞാലുടൻ നൗക തിരിയെ യാത്രാപഥത്തിലാക്കുന്നതിനുവേണ്ടി ഹാൻസു് കരയിലൂടെ മുന്നോട്ടോടി. വേണ്ട വിധമൊക്കെ പ്രവൎത്തിച്ചു. നൗക വെള്ളപ്പാച്ചിലിലൂടെ താഴോട്ടു പാഞ്ഞു. ഹാൻസു് അതു നിയന്ത്രിച്ചു. വളരെ പെട്ടെന്നായിരുന്നതുകൊണ്ടു് ഉലച്ചിൽ തട്ടി. മറിഞ്ഞു്, കരയിൽ വന്നടിഞ്ഞു. തോൺടൻ വെള്ളത്തിൻെറ നടുക്കും. ആ ഒഴുക്കുനിറഞ്ഞ ഭാഗത്തിൻെറ ഏററവും കുഴപ്പംപിടിച്ച സ്ഥലവുമാണതു്. അവിടെനിന്നും രക്ഷപ്പെടുക എത്ര സമൎത്ഥനായ നീന്തൽക്കാരനും പ്രയാസമുള്ള കാൎയ്യമാണു്.

അടുത്തനിമിഷത്തിൽ ബക്കു് വെള്ളത്തിലേയ്ക്കു ചാടി. മുന്നൂറുഗജം നീന്തിയപ്പോൾ പ്രചണ്ഡമായ ഒരു ചുഴിയിൽ പെട്ടുപോയ തോൺടൻെറ സമീപമെത്തി. തോൺടൻ ബക്കിൻെറ വാലിൽപിടിച്ചുവെന്നു് ബക്കിനു ബോദ്ധ്യമായപ്പോൾ വീണ്ടെടുത്ത സൎവ്വശക്തിയുമുപയോഗിച്ചു് നീന്തിത്തുടങ്ങി. പക്ഷേ, കരയിലേയ്ക്കുള്ള പുരോഗതി മന്ദമായിരുന്നു. താഴോട്ടുള്ള അപകടകരമായ പോക്കു് അതിവേഗവും. താഴെയായി ഭീമാകാരമായ ഒരു ചീപ്പിൻെറ പല്ലുകൾപോലെ പാറകൾ മുന്നോട്ടു തള്ളിയിട്ടുണ്ടു്. അവയിൽ വന്നടിച്ചും ചിന്നിത്തെറിച്ചും കുത്തിയൊഴു

കിയ തിരച്ചാർത്തുകളുടെ ഉഗ്രവും ഉന്മത്തവുമായ അലർച്ച ഉയന്നു കേൾക്കാമായിരുന്നു. വെള്ളം അസാധാരണമായ വേഗതയോടെയാണ് തോൺടനെ താഴോട്ടുവലിച്ചിഴച്ചതു്. കരകാണുക സാദ്ധ്യമല്ലെന്നു് തോൺടനു തോന്നി. വല്ലവിധവും ഒരു പാറക്കെട്ടിൽ ചവിട്ടിക്കേറാനാവുമോ എന്നു നോക്കി. പററിയില്ല. രണ്ടാമതൊരു ശ്രമം നടത്തി. കുറേ മുറിവുകൾ കിട്ടി. മൂന്നാമതൊരു സാഹസികമായ സംരംഭംകൂടി നടത്തി. ഇത്തവണ പാറയുടെ തെന്നുന്ന മുകൾഭാഗത്തു് ഇരുകൈകളും കോർത്തുപിടിച്ചശേഷം ബക്കിനെ മോചിപ്പിച്ചു. വെള്ളത്തിന്റെ അലർച്ചയെപ്പോലും തോല്പിക്കുമാറു് ഉഗ്രമായ സ്വരത്തിൽ അയാൾ അലറി, "പോകൂ! ബക്ക് പോകൂ!"

ബക്കിനു് മുന്നോട്ടു നീന്തുവാനായില്ല. കഴിവതും ശ്രമിച്ചു. ഗതി കീഴോട്ടാണു്. തോൺടൻ അപ്പോഴും ഉച്ചത്തിൽ ബക്കിന്റെ നേരെ അലറിക്കൊണ്ടിരുന്നു. അതുകേട്ടു് ബക്ക് തന്റെ യജമാനനെ തലയുയർത്തി നോക്കിയശേഷം മുന്നോട്ടാഞ്ഞു. കുറേക്കഴിഞ്ഞു് കരയിലെത്തി. സർവ്വശക്തിയുമുപയോഗിച്ചുള്ള ശ്രമമായിരുന്നു അതു്. ശക്തി മുഴുവൻ ക്ഷയിച്ചു് തകർന്നുവീഴുന്നഘട്ടമായപ്പോഴേയ്ക്കും ഹാൻസും പീററുംകൂടി ബക്കിനെ വലിച്ചു കരയിലിട്ടു.

ആ തെന്നുന്ന പാറയിൽ ഒരു മനുഷ്യനു് പിടിച്ചുതൂങ്ങാൻ കഴിയുന്നതു് അങ്ങേയററം ഏതാനും നിമിഷങ്ങൾ മാത്രമാണു്. ഒഴുക്കു പുറത്തുവന്നു് ശക്തിയായി അടിക്കുന്നുണ്ടു്. അതു മനസ്സിലാക്കിയ ഹാൻസും പീററും കരയിലൂടെ കുറേ മുകളിലേയ്ക്കോടി. നൗക നിയന്ത്രിക്കാനുപയോഗിച്ചിരുന്ന കയറിന്റെ ഒരററം ബക്കിന്റെ കഴുത്തിലും തോളുകളിലുമായി ബന്ധിച്ചു. കൂടുതൽ മുറുകിപ്പോവാതിരിക്കാനും നീന്തുന്നതിനു് തടസ്സമാവാതിരിക്കാനും അവർ ശ്രദ്ധിച്ചു. എന്നിട്ടു് ബക്കിനെ വെള്ളത്തിലേയ്ക്കു തള്ളി. ബക്ക് ധൈര്യപൂർവ്വം ചാടി. പക്ഷേ, ശരിയായ സ്ഥാനത്തേയ്ക്കല്ല ചാടിയതു്. വളരെ വൈകിയാണു് ബക്കിനതു മനസ്സിലായതു്. തോൺടന്റെ സമീപമെത്തുക അസാദ്ധ്യമാണു്.

ഹാൻസ് ബോധപൂർവ്വം കയറിൽപ്പിടിച്ചു വലിച്ചു. നൗകയെ വലിക്കുന്നതുപോലെ. കയറു് ബക്കിന്റെ പുറത്തു് വല്ലാതെ മുറുകി. ശക്തമായ പ്രവാഹം ബക്കിനെ അടിയി

ലേയ്ക്കു തള്ളി. കുറേക്കഴിഞ്ഞു് കരയിൽ വന്നടിഞ്ഞു. പകുതി യോളം മുങ്ങിയശേഷമാണു് ബക്കിനെ അവർ വലിച്ചു കരയി ലിട്ടതു്. പെട്ടെന്നു് ഹാൻസ്സും പീററും ബക്കിൻെറ സമീപം ചെന്നു. ശ്വാസം ഊതിക്കയററി, വെള്ളം ഞെക്കി പുറത്തുകള ഞ്ഞു. അവൻ കാൽകുഴഞ്ഞു നിലത്തുവീണു. തോൺടൻെറ അ വ്യക്തമായ സ്വരം അവൻെറ ചെവിയിൽ വന്നലച്ചു. അതെ ന്താണെന്നവനു് മനസ്സിലാക്കാനായില്ല. പക്ഷേ, അയാൾ നിസ്സ ഹായതയുടെ കൊടുമുടിയിലാണെന്നതു് വ്യക്തമായിരുന്നു. യജ മാനൻെറ സ്വരം ഒരു വിദ്യുത്പ്രവാഹംപോലെ ബക്കിൽ പ്ര വത്തിച്ചു. അവൻ വീണ്ടും ചാടിയെണീറ്റു് കരയിലൂടെ പഴയ സ്ഥാനത്തേയ്ക്കു കുതിച്ചു.

വീണ്ടും കയറു് അവൻെറമേൽ ബന്ധിക്കപ്പെട്ടു. അവൻ പൂവ്വാധികം ശ്രദ്ധയോടെയാണു് ഇത്തവണ ചാടിയതു്. ഒരു തവണ തെററുപററി. ഇനി അതാവത്തിച്ചുകൂടാ. ഹാൻസ് സ മത്ഥമായി കയറു പ്രവത്തിപ്പിച്ചു. പീററ് അതു കെട്ടപിണയാ തിരിക്കുവാൻ ശ്രദ്ധിച്ചു. തോൺടൻ പിടിച്ചുതൂങ്ങുന്ന സ്ഥാന ത്തിനുനേരെ ബക്ക് നീന്തി, ഒരു എക്സ്പ്രസ്സ്—ട്രെയിനിൻെറ വേഗതയോടെ. തോൺടൻ അവൻെറ വരവു കണ്ടു. ഒഴുക്കിനൊ ത്തു് ഒരു യന്ത്രമുട്ടിപോലെ ബക്ക് അയാളുടെ പുറത്തുവന്നടിച്ച പ്പോൾ അയാൾ അവൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. ഹാൻസ് കയറു് ഒരു മരത്തിൽ ബലമായി കെട്ടി. ബക്കും തോൺടനും ജലത്തിനടിയിലേയ്ക്കു താഴ്ന്നുപോയി. ശ്വാസം മുട്ടിയും ശരീരം തകന്നും മുകളിലും താഴെയുമായി അവർ കെട്ടിപ്പുണന്നു കിടന്നു. ഹാൻസ് കയറുവലിച്ചു. ജലത്തിനടിയിൽ പാറക്കെട്ടുകളിലും മററും പലതവണ ശരീരം മുട്ടി വളരെ വിഷമിച്ചു് അവർ കര യിൽ വന്നടിഞ്ഞു.

ഒഴുകിവന്ന മരത്തടിയിൽ പിടിച്ചു് ആടിയുലഞ്ഞു് വയറു താഴെയായിട്ടാണു് തോൺടൻ കരയിലെത്തിയതു്. ആദ്യമായി അയാൾ ബക്കിനെ നോക്കി. തകന്നു താറുമാറായതും ജീവസ്സററ മാതിരിയുമായ ബക്കിൻെറ ശരീരംകണ്ടു് നിഗ് ഉച്ചത്തിൽ ഓലിയിട്ടു. സ്കീററ് അവൻെറ ആർദ്രമായ മുഖവും അടഞ്ഞു പോയ കണ്ണുകളും നക്കിത്തുടച്ചു. തോൺടൻെറ ശരീരത്തിലും

ഒടിവുകളും ചതവുകളുമുണ്ടായിരുന്നു. എങ്കിലും അയാൾ ബക്കിൻെറ ശരീരം പരിശോധിച്ചു. മൂന്നെല്ലുകൾ ഒടിഞ്ഞിട്ടുണ്ടെന്നു കണ്ടുപിടിച്ചു.

''ആ! അതങ്ങനെയായി. ഇനി ഇവിടെത്തന്നെ ക്യാമ്പു ചെയ്യാം,'' അയാൾ പ്രഖ്യാപിച്ചു. ബക്കിൻെറ എല്ലുകളെല്ലാം ശരിയാകുന്നതുവരെ അവർ അവിടെ കഴിച്ചുകൂട്ടി.

ആ ശൈത്യകാലത്തിൽ ബക്ക് മറ്റൊരു വീരകൃത്യത്തിലും പങ്കുകൊണ്ടു. ഇത്രത്തോളം സാഹസികമല്ലെങ്കിലും അതു് ബക്കിന്റെ പ്രശസ്തി അലാസ്കായിലെങ്ങും ഉയർത്തി. മുന്നുപേർക്കും അതു സന്തോഷമേകി. കാരണം, ആ സംഭവം അവർക്കാവശ്യമുള്ള സാധനങ്ങൾ കിട്ടുന്നതിനിടനല്കി. അങ്ങനെ, ഖനന്തത്തിനാരുമെത്തിയിട്ടില്ലാത്ത അചുംബിതമായ കിഴക്കൻദിക്കിലേയ്ക്കുള്ള അവരുടെ യാത്ര ത്വരിതപ്പെട്ടുത്താനും കഴിഞ്ഞു. എൽഡൊറാഡോ സലൂണിൽവച്ചു നടന്ന ഒരു സംഭാഷണമായിരുന്നു ആ സംഭവത്തിന്റെ പശ്ചാത്തലം. പങ്കെടുത്തവരിൽ ആരുടെ നായയ്ക്കാണു് കഴിവുകൾ മികച്ചുനില്ക്കുന്നതെന്നതു് തർക്കവിഷയമായി. തോൺടൻ ബക്കിനുവേണ്ടി ശക്തിയായി വാദിച്ചു. ഒരു മണിക്കൂറോളം കഴിഞ്ഞു. അപ്പോഴാണു് തൻെറ നായയ്ക്കു് അഞ്ഞൂറു പൗണ്ടു ഭാരം കയററിയ വണ്ടി മുന്നോട്ടുവലിക്കാനാവുമെന്നു് ഒരാൾ അവകാശപ്പെട്ടതു്. മററൊരാൾ അതു് അറുനൂറാക്കി. മൂന്നാമൻ എഴുനൂറും.

''പൂയ്...പൂയ്... ബക്കിനു് ആയിരം പുല്ലാണു്.''

''ഇളക്കുകയും പിന്നെ നൂറു ഗജത്തോളം മുന്നോട്ടുവലിക്കുകയും ചെയ്യാമോ?'' എഴുനൂറിന്റെ കാര്യം പറഞ്ഞ ബൊണാൻസാരാജാവായ മാത്യൂസൺ ചോദിച്ചു.

''ഇളക്കുകയും നൂറുഗജം വലിക്കുകയും,'' തണുപ്പൻമട്ടിൽ തോൺടൻ ആവർത്തിച്ചു.

''ശരി,'' മാത്യൂസൺ എല്ലാവരും കേൾക്കുമാറു് വ്യക്തമായി പറഞ്ഞു, ''അങ്ങനെയാണെങ്കിൽ ഇതാ ആയിരം ഡോളർ പിടിച്ചോ. കണ്ടോ.'' എന്നു പറഞ്ഞുകൊണ്ടു് അയാൾ സ്വർണ്ണപ്പൊടി നിറച്ച സഞ്ചി ധിക്കാരത്തോടെ തറയിലേയ്ക്കിട്ടു.

ആരുമൊന്നും മിണ്ടിയില്ല. തോൺടന്റെ വീമ്പുപറച്ചിൽ, അതു് വീമ്പായിരുന്നെങ്കിൽത്തന്നെ, എല്ലാവരും സ്വീകരിച്ചു

കഴിഞ്ഞിരുന്നു. അയാളുടെ മുഖത്തു് രക്തപ്രവാഹമുണ്ടായി. ചേര, നാക്കു പററിച്ച പണിയാണു്. ബക്കിനെക്കൊണ്ടു് അതു സാധിക്കുമോ എന്നയാൾ സംശയിച്ചു. അര ടൺ! ഹോ! അതിന്റെ വലിപ്പം അയാളെ അമ്പരപ്പിച്ചു. ബക്കിൻെറ ശക്തിയിൽ അയാൾക്കു വിശ്വാസമുണ്ടായിരുന്നു. അത്രയൊക്കെ ഭാരം വലിക്കുവാൻ അവനു സാധിക്കുമെന്നു് പലപ്പോഴും വിശ്വസിച്ചിട്ടുമുണ്ടു്. എങ്കിലും അതിങ്ങനെ നേരിടേണ്ടിവരുമെന്നു് സ്വപ്നത്തിൽപ്പോലും കരുതിയില്ല. മാത്രമോ? പത്തുപന്ത്രണ്ടു പേർ നിശ്ശബ്ദരായി ആകാംക്ഷയോടെ നോക്കിനില്ക്കുകയാണു്. തോൺടൻെറയോ കൂട്ടുകാരുടെയോ കൈയിൽ പണവുമില്ല.

“അമ്പതു പൗണ്ടുവീതമുള്ള ഇരുപതു ചാക്കുകൾ കയററിയ ഒരു വണ്ടി അവിടെ നില്പുണ്ടു്,” മാത്യൂസൺ തികച്ചും മൃഗീയമായ രീതിയിൽ വാശിപിടിക്കുകയാണു്. “അതുകൊണ്ടു് അതോർത്തു വിഷമിക്കേണ്ട.”

തോൺടൻ ഒന്നും പറഞ്ഞില്ല. എന്തു പറയാനാണു്? ചിന്താശക്തി നഷ്ടപ്പെട്ടശേഷം അതു വീണ്ടെടുക്കാനുള്ള സാധ്യത തേടുന്നമട്ടിൽ അയാൾ എല്ലാവരെയും മാറിമാറി നോക്കി. ഒരു മാസ്റ്റോഡൺരാജാവും പഴയ സുഹൃത്തുമായ ജിം ഓബ്രിയൻ അയാളുടെ കണ്ണിൽപ്പെട്ടു. അതൊരു സൂചനപോലെയായിരുന്നു. അതു് ആ സാഹസികസംരംഭത്തിലേക്കു് അയാളെ നയിച്ചു.

“ഒരായിരം കടം തരാമോ?” അയാൾ അടക്കിയ ശബ്ദത്തിൽ ചോദിച്ചു.

“തീർച്ചയായും,” ഒരു വീത്ത സഞ്ചി മാത്യൂസൻെറ സഞ്ചിക്കടുത്തു് വച്ചമർത്തിക്കൊണ്ടു് ഓബ്രിയൻ പറഞ്ഞു. “പക്ഷേ, ജോൺ! അവനെക്കൊണ്ടതിനാവുമെന്നു ഞാൻ കരുതുന്നില്ല; കേട്ടോ.”

എൽഡൊറാഡോയിലുള്ളവരെല്ലാം മത്സരം കാണുവാൻ തെരുവിലേയ്ക്കിറങ്ങി. മേശകളെല്ലാം ഒഴിഞ്ഞു. സലൂൺ നടത്തിപ്പുകാരും മററും ഫലം അറിയുവാനും പന്തയംവയ്ക്കുവാനുമായി വെളിയിലെത്തി. രോമക്കുപ്പായങ്ങളുംമററും ചുററിയ വളരെയധികം ആളുകൾ കാഴ്ച കാണുവാൻ കൂടി. മാത്യൂസ്ണിൻെറ ആയിരം പൗണ്ടു ഭാരം നിറച്ച വണ്ടി രണ്ടു മണിക്കൂറോളമായി മഞ്ഞിൽ പൂന്തിക്കിടക്കുകയായിരുന്നു. തണുപ്പു കലശലായി

തുന്നു (—60°). അതുകൊണ്ട് കുന്നുകൂടിയിരുന്ന മഞ്ഞിൽ പ്പെട്ട് വണ്ടിച്ചക്രങ്ങൾ മരവിച്ചുപോയിരുന്നു. വണ്ടി വലി ക്കാതിരിക്കാനുള്ള സാധ്യത ഇരട്ടിയാണെന്ന് പലരും വാതു കെട്ടി. വണ്ടി 'ഇളക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെ ന്താണെന്നതിനെക്കുറിച്ച് വാഗ്വാദമുണ്ടായി. വണ്ടിച്ചക്രങ്ങൾ ഇളക്കിവിടാനുള്ള അധികാരം തോൺടനുണ്ടെന്നും പക്ഷേ, നി ശ്ചലാവസ്ഥയിൽനിന്നുതന്നെയാണ് ബക്ക് വലിക്കേണ്ടതെ ന്നും ഓബ്രിയൻ അഭിപ്രായപ്പെട്ടു. മഞ്ഞിൽനിന്ന് ഇളക്കിവി ടുന്നതുകൂടി 'ഇളക്കുക' എന്നതിലുൾപ്പെടുമെന്ന് മാത്യൂസൺ പ റഞ്ഞു. അവിടെ കൂടിയിരുന്നവരിൽ ഭൂരിപക്ഷംപേരും മാത്യൂ സൺ ജയിക്കുമെന്നു നിശ്ചയിച്ചു. ബക്ക് വണ്ടി വലിക്കാതിരി ക്കാൻ ഉള്ള സാധ്യതയുടെ അനുപാതം മൂന്നിനൊന്ന് എന്ന ക്ര മത്തിലായി. അവനു് അതു സാദ്ധ്യമാവുമെന്ന് പരമാത്ഥത്തിൽ ആരുംതന്നെ വിശ്വസിച്ചില്ല. തോൺടൻ സന്ദർഭവശാൽ അ ങ്ങനെയൊരു കെണിയിൽ വീണുപോയതാണ്. വണ്ടി ആയി രം പൗണ്ട ഭാരവും പേറി പതിവുള്ള പത്തു നായകൾ മുമ്പിലു മായി നില്ക്കുന്നതു കണ്ട് തോൺടൻ അമ്പരന്നു. മാത്യൂസൺ ഉ ത്സാഹപൂർവ്വം വീമ്പിളക്കി.

"മൂന്നിനൊന്ന്..." അയാൾ പ്രഖ്യാപിച്ചു. ആ അനുപാ തത്തിൽ ഒരായിരംകൂടി വെയ്ക്കാൻ ഞാൻ തയ്യാറാണ്. എന്താ, തോൺടൻ?"

തോൺടൻ സംശയിച്ചു. പക്ഷേ, സമരാസക്തി അയാളിലു ണർന്നുകഴിഞ്ഞിരുന്നു—വൈപരീത്യങ്ങൾക്കെതിരെ, അസാദ്ധ്യ തകളെക്കുറിച്ചു ചിന്തിക്കാതെതന്നെ ശക്തമായി പ്രവത്തിക്കുന്ന സമരാസക്തി. അയാൾ ഹാൻസിനെയും പീററിനെയും അടുത്തു വിളിച്ചു. അവരുടെ സഞ്ചികൾ മെലിഞ്ഞിരുന്നു. പക്ഷേ, മൂവ രുടേയും കൈയിലുള്ളതു് കൂട്ടിച്ചേർത്തപ്പോൾ ഇരുനൂറു ഡോളറാ യി. അതാണു് ആകെ സമ്പത്തു്. എന്നിട്ടും സംശയിക്കാതെത ന്നെ അതു മുഴവനും മാത്യൂസണിൻെറ അറുനൂറിനടുത്തു വച്ചു.

മുന്നുണ്ടായിരുന്ന പത്തു നായകളെയും അഴിച്ചുമാററി. ബ ക്കിനെ അവൻെറ കോപ്പുകളോടുകൂടി വണ്ടിയിൽ ബന്ധിച്ചു. അവനു് പ്രചോദനം ലഭിച്ചിരുന്നു. ജോൺ തോൺടനുവേണ്ടി താനൊരു ധീരകൃത്യമനുഷ്ഠിച്ചേ മതിയാവൂ എന്ന ബോധം അവ

നുണ്ടായി. അവൻെറ രൂപപ്പൊലിമ കണ്ടു് പലരും അടക്കിയ സ്വരത്തിൽ പ്രശംസാവചനങ്ങൾ ചൊരിഞ്ഞു. അവൻ ചൈതന്യം തുളുമ്പുന്നമാതിരിയാണു്. ശരീരത്തിൽ ആവശ്യത്തിലധികം ഒരൗൺസുപോലും മാംസം തള്ളിയിട്ടില്ല. ആകെയുള്ള നൂററമ്പതു പൗണ്ടും ധീരതയുടെയും പൗരുഷത്തിൻെറയും തൂക്കമായിരുന്നു. അവൻെറ രോമപാളികൾ പട്ടുപോലെ തിളങ്ങി. കഴുത്തിലും തോളുകൾക്കു കുറുകേയുമുള്ള കുഞ്ചിരോമങ്ങൾ അവൻെറ ഓരോ ചലനത്തിനുമനുസരിച്ചു് പാറിക്കളിച്ചു. വീര്യം കൊണ്ടു് ഓരോ രോമവും ചൈതന്യവത്താവുകയാണോ എന്നു തോന്നും. മാംസപേശികൾ ദൃഢതരമായിരുന്നു. അതിനനുസരിച്ചുതന്നെ മററവയവങ്ങളും. ആളുകൾ അവൻെറ കാരിരുമ്പിനൊത്ത മാംസപേശികൾ പ്രത്യേകം ശ്രദ്ധിച്ചു. സാദ്ധ്യതയുടെ അനുപാതം രണ്ടിനൊന്നായി കുറഞ്ഞു.

“ഹെൻെറ ദൈവമേ!” നവീനസാമ്രാജ്യാംഗവും സ്കൂക്കം സിംഹാസനത്തിലെ രാജാവുമായ ആൾ അത്ഭുതത്തോടെ പറഞ്ഞു. “ഞാൻ അവനു് എണ്ണൂറു തരാം, സാർ. മത്സരത്തിനുമുമ്പു തന്നെ. ഈ നില്ക്കുന്നപടി തരാം, എണ്ണൂറു്!”

തോൺടൻ തലകുലുക്കിക്കൊണ്ടു് ബക്കിൻെറ സമീപമെത്തി.

“നിങ്ങൾ അവൻെറയടുത്തുതന്നെ നിന്നുകളയരുതു്,” മാത്യൂസൺ പ്രതിഷേധം പ്രകടിപ്പിച്ചു.

ജനക്കൂട്ടം നിശ്ശബ്ദരായി. പന്തയക്കാരുടെ അടക്കിയ സംഭാഷണംമാത്രം കേൾക്കാം. ബക്കിൻെറ മേന്മയും സൗന്ദര്യവും എല്ലാവരുടേയും പ്രശംസക്കു പാത്രമായി. പക്ഷേ, ആയിരം പൗണ്ടു്! കുറേയധികമാണതു്!!

തോൺടൻ ബക്കിൻെറ സമീപം കുനിഞ്ഞു. അയാൾ അവൻെറ ശിരസ്സുയർത്തി സ്വന്തം കവിളോടണച്ചു. പതിവുപോലെ കളിയായി പിടിച്ചുകുലുക്കുകയോ സ്നേഹവചനങ്ങൾ ചൊരിയുകയോ അല്ല ചെയ്തതു്. അവൻെറ ചെവികളിലിങ്ങനെ മന്ത്രിച്ചു:

“നീയെൻെറ കരളാ! ബക്കേ, നീയെൻെറ കരളാ!” അത്രമാത്രം. ബക്ക് ആകാംക്ഷയടക്കിക്കൊണ്ടു് ഒന്നു മുരണ്ടു.

ജനക്കൂട്ടം രസംപിടിച്ചു നില്ക്കുകയായിരുന്നു. സംഗതികൾ

വിചിത്രമാവുകയാണു്. ഒരു ഇന്ദ്രജാലത്തിൻെറ അന്തരീക്ഷം. തോൺടൻ എഴുന്നേല്ക്കാനൊരുങ്ങിയപ്പോൾ ബക്ക് അയാളുടെ കൈപ്പത്തി പിടിച്ചു് അണപ്പല്ലുകൾക്കിടയിലാക്കി അമർത്തി. എന്നിട്ടു് മനസ്സില്ലാമനസ്സോടെ വിട്ടു. അതു മറുപടിയായിരുന്നു. വാക്കുകളുടേതല്ല, ഹൃദയത്തിൻെറ. തോൺടൻ പുറകോട്ടുമാറി.

"ശരി! ബക്കേ!" അയാൾ പറഞ്ഞു.

ബക്ക് വാറുകൾ വലിച്ചുമുറുക്കി. എന്നിട്ടു് അല്പം അയച്ചു. അതു് അവൻ പഠിച്ച പ്രത്യേകരീതിയാണു്.

"ഹോായ്..." വല്ലാത്ത നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് തോൺടൻെറ ശബ്ദമുയൎന്നു.

ബക്ക് വലത്തോട്ടു് ആടി. വണ്ടി ആകെയൊന്നു് ഇളകത്തക്കവിധത്തിൽ പെട്ടെന്നൊന്നു കുലുങ്ങിയശേഷം നിന്നു. ഭാരം ഒന്നുലഞ്ഞു. വണ്ടിച്ചക്രങ്ങൾ കിരുകിരാ ശബ്ദിച്ചു.

"ഹോായ്..." തോൺടൻ ആജ്ഞാപിച്ചു. ബക്ക് വീണ്ടും ആ പ്രക്രിയ ആവർത്തിച്ചു. ഇത്തവണ ഇടത്തോട്ടാണാടിയതു്. വണ്ടിച്ചക്രങ്ങൾ ഒന്നുകൂടി ഉലഞ്ഞു. വണ്ടി മെല്ലെയൊന്നനങ്ങുകയും ചക്രങ്ങൾ പടപടശബ്ദത്തോടെ ഏതാനും ഇഞ്ചുദൂരം ഉരുളുകയും ചെയ്തു. അങ്ങനെ വണ്ടി ഇളകിക്കഴിഞ്ഞിരുന്നു. ആളുകൾ അബോധവാന്മാരായി ശ്വാസംപിടിച്ചു നിന്നു.

"ശരി, മഷ്..."

തോൺടൻെറ ആജ്ഞ ഒരു പിസ്റ്റൽവെടിപോലെ മുഴങ്ങി. ബക്ക് മുമ്പോട്ടാഞ്ഞു. വാറുകൾ പരുഷശബ്ദത്തോടെ മുറുകി. ആ മഹായജ്ഞത്തിനു് ശരീരം തയ്യാറെടുത്തിരുന്നു. പട്ടുപോലുള്ള രോമക്കുപ്പായത്തിനു താഴെ മാംസപേശികൾ ദൃഢഭാവം കൈക്കൊണ്ടു. നെഞ്ചു് ധീരമായി മുന്നോട്ടു തള്ളിയും, ശിരസ്സു് മുമ്പോട്ടു തള്ളിയും അല്പം കുനിഞ്ഞുമിരുന്നു. പാദങ്ങൾ ഉന്മത്തമായി ചലിച്ചു. വഴിച്ചാലിലുണ്ടായിരുന്ന ഉറഞ്ഞുപോയ മഞ്ഞുകട്ടകൾ ബക്ക് കടിച്ചുപൊട്ടിച്ചിരുന്നു. വണ്ടി കുലുങ്ങുകയും മെല്ലെ നീങ്ങുകയും ചെയ്തു. പെട്ടെന്നു് അവൻെറ ഒരു പാദമൊന്നു തെററി. പ്രേക്ഷകരിലൊരാൾ അറിയാതെ നിലവിളിച്ചുപോയി. വണ്ടി പലപ്രാവശ്യം തുടർച്ചയായി കുലുങ്ങുന്നമാതിരി മുന്നോട്ടു തെന്നിനീങ്ങി. പൂൎണ്ണമായി നിശ്ചലമായില്ലെന്നുമാത്രം. അരയിഞ്ചു്...ഒരിഞ്ചു്...രണ്ടിഞ്ചു്...അങ്ങനെ. കുലുക്കം കുറ

ഞ്ഞുവന്നതനുസരിച്ച് വണ്ടിക്ക് ആവേഗമുണ്ടായി. ബക്ക് അതേററുപിടിക്കുകയും വണ്ടി ക്രമമായി മുന്നോട്ടു നീങ്ങുകയും ചെയ്തു.

ആളുകൾ അന്ധാളിച്ചുപോയി. ഒരു നിമിഷത്തേയ്ക്ക് അവർ ശ്വാസംവിട്ടില്ലെന്നതു പിന്നീടു നിശ്വസിച്ചപ്പോൾ അവരോർത്തില്ല. തോൺടൻ പിന്നാലെ ഓട്ടകയും ബക്കിനെ അനുനിമിഷം പ്രോത്സാഹിപ്പിക്കുകയുമായിരുന്നു. വണ്ടി നീങ്ങേണ്ട ദൂരം നേരത്തേതന്നെ തിട്ടപ്പെട്ടുത്തുകയും നൂറുഗജം അവസാനിക്കുന്നിടത്ത് കുറേ വിറകുകഷണങ്ങൾ കുത്തിനിറുത്തി അടയാളം കുറിക്കുകയും ചെയ്തിരുന്നു. ബക്ക് ആ അടയാളത്തെ സമീപിച്ചതോടെ ആളുകൾ ആർത്തുവിളിച്ചു. ആ അടയാളം അവൻ പിന്നിട്ടുവെന്നായപ്പോൾ അതൊരുഗ്രമായ അലർച്ചയായി രൂപാന്തരപ്പെട്ടു. എല്ലാവരും ഭ്രാന്തുപിടിച്ചമട്ടിൽ ചാടിത്തുടങ്ങി. മാത്യൂസൺപോലും. തൊപ്പികളും മററും ആകാശത്തിലേയ്ക്കുയന്നു. ആളുകൾ അന്യോന്യം കൈകൾ പിടിച്ചുകുലുക്കി. അങ്ങനെ അലക്ഷ്യമായി അവർ ആ രസംപിടിച്ച ബഹളത്തിൽ പങ്കുചേന്നു.

പക്ഷേ, തോൺടൻമാത്രം ഓടിച്ചെന്നു് ബക്കിൻെറ സമീപം മുട്ടുകുത്തി. ശിരസ്സു ശിരസ്സോടുചേർത്തുകൊണ്ടു് അയാൾ അവനെ വാരിപ്പുണന്നു. ഓടിയെത്തിയവർ കണ്ടതു് തോൺടൻ ബക്കിനെ നിരന്തരം ആവേശംപൂണ്ടു് ശാപവചനങ്ങൾകൊണ്ടു മൂടുന്നതായിരുന്നു. അവ മധുരമായ രീതിയിൽ പ്രേമം പ്രകടിപ്പിക്കുന്നവയായിരുന്നുവെന്നുമാത്രം.

"ഹോ! ദൈവമേ!! ഭയങ്കരം!" സ്കൂക്കംബെഞ്ച്‌രാജാവു വിളിച്ചുകൂവി. "അവനു് ഞാനൊരായിരം തരാം, സർ! ആയിരം, അല്ല, പതിനായിരം...."

തോൺടൻ എഴുന്നേററു. അയാളുടെ കണ്ണുകൾ നനഞ്ഞിരുന്നു. കവിളുകളിലൂടെ കണ്ണീർ വാർന്നൊഴുകി. "സർ!" അയാൾ സ്കൂക്കംബെഞ്ച്‌രാജാവിനോടു പറഞ്ഞു. "ഇല്ല, സർ! നിങ്ങൾ പോയിത്തുലയൂ. എനിക്കതുമാത്രമേ ചെയ്യാനാവൂ!"

ബക്ക് തോൺടൻെറ കൈപ്പത്തി പിടിച്ചുവലിച്ച് പല്ലുകൊണ്ടമർത്തി. തോൺടൻ അവനെ കെട്ടിപ്പുണന്നു. പൊതുവായ ഒരു പ്രചോദനംകൊണ്ടെന്നപോലെ കാണികൾ പിന്നോട്ടുമാറി. പിന്നെയും അവിടെ നില്ക്കാതിരിക്കാനുള്ള വിവേകം അവർക്കുണ്ടായിരുന്നു.

7

# വിളി മുഴങ്ങുന്നു

അങ്ങനെ ബക്ക് ജോൺ തോൺടനുവേണ്ടി ആയിരത്തി അറുനൂറു ഡോളർ സമ്പാദിച്ചതുകൊണ്ട് കുറേ കടങ്ങൾ വീട്ടുവാനയാൾക്കു കഴിഞ്ഞു. മാത്രമല്ല, പങ്കാളികളോടൊന്നിച്ച് വിശ്രുതമായ ഖനി തേടി കിഴക്കൻദിക്കിലേയ്ക്കുള്ള യാത്ര ത്വരിതപ്പെടുത്തുവാനും. ആ നഷ്ടപ്പെട്ട ഖനിക്ക് രാജ്യത്തിന്റെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. പലരും ആ നിധി തേടിപ്പോയിട്ടുണ്ട്. അപൂർവ്വം ചിലർ അതു കണ്ടുപിടിച്ചിട്ടുമുണ്ട്. തിരികെയെത്താതിരുന്നിട്ടുള്ളവർ കുറച്ചൊന്നുമല്ല. ആ നിധി ദുരന്തകഥകളുടെ സമാഹാരമാണ്. നിഗൂഢാത്മകമായ പരിവേഷം അതിനുണ്ടായിരുന്നു. പ്രഥമസഞ്ചാരി ആരാണെന്നതു് അജ്ഞാതമാണ്. ആദ്യംമുതൽതന്നെ അവിടെ ഒരു പഴയതും തകർച്ചപറ്റിയതുമായ കുടീരമുണ്ട്. മരിക്കുന്നവർ അതിന്റെപേരിൽ പ്രതിജ്ഞകൾചെയ്യു. ഉത്തരദിക്കിലെങ്ങും കിട്ടാത്തമാതിരിയുള്ള സ്വർണ്ണക്കട്ടികൾ അവർ തെളിവുകളാക്കി.

പക്ഷേ, ജീവിച്ചിരിക്കുന്നവരാരും ഈ നിധി കൊള്ളയടിച്ചവരല്ല. മരിച്ചവർ മൺമറഞ്ഞു. അങ്ങനെ, അവരെപ്പോലെ കഴിവുള്ളവർതന്നെ പരാജയപ്പെട്ട ഒരു സംരംഭത്തിലാണ് തോൺടനും കൂട്ടരുമേർപ്പെട്ടതു്. അവർ യൂക്കണിൽനിന്നു് എഴുപതുമൈൽ മുകളിലേയ്ക്കു യാത്രചെയ്യു. അതിനുശേഷം ഇടത്തോട്ട് സ്റ്റീവാർട്ടുനദിയിലേയ്ക്കും. മേയോ, മകപസ്റ്റ്യൻ തുടങ്ങിയവകടന്നു് സ്റ്റീവാർട്ടുനദി ഒരു തോടിന്റെ രൂപത്തിലാകുന്നിടംവരെ അവർ മുന്നോട്ടുപോയി. വഴിക്കു്, ഭൂഖണ്ഡത്തിന്റെ നട്ടെല്ലായ നിരവധി ശൃങ്ഗങ്ങൾ പിന്നിട്ടു.

ജോൺ തോൺടനു് മനുഷ്യനോടോ പ്രകൃതിയോടോ അത്രയൊന്നും വഴങ്ങുന്ന സ്വഭാവമുണ്ടായിരുന്നില്ല. വനാന്തരീക്ഷം അയാളെ ഭയപ്പെടുത്തിയില്ല. കുറച്ച് ഉപ്പും ഒരു റൈഫിളുമുണ്ടെ

ങ്കിൽ ഏതു വൻകാട്ടിലേയ്ക്കും കടക്കുവാനും എവിടെയെങ്കിലും എത്രനാളെങ്കിലും കഴിച്ചുകൂട്ടുവാനും അയാൾക്കു പ്രയാസമില്ലായിരുന്നു. ആഹാരത്തിന്റെ കാര്യത്തിൽ റെഡ്ഇൻഡ്യന്മാരെപ്പോലെ, വലിയ ആർത്തിയുള്ള കൂട്ടത്തിലായിരുന്നില്ല. യാത്രാമദ്ധ്യേ അന്നന്നത്തെ ആഹാരം വേട്ടയാടി ഉണ്ടാക്കും. അതു ലഭിച്ചില്ലെങ്കിൽ, റെഡ്ഇൻഡ്യന്മാരെപ്പോലെ, ലഭിക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ യാത്രതുടരും. അങ്ങനെ, പൂർവ്വദേശത്തേയ്ക്കുള്ള ഈ യാത്രയിൽ മാംസാഹാരം ഭക്ഷണവിവരപ്പത്രത്തിൽ മാത്രമായിരുന്നു. യുദ്ധോപകരണങ്ങളും മററു പണിക്കോപ്പുകളുമായിരുന്നു വണ്ടിക്കുള്ളിൽ. സമയത്തെ സംബന്ധിച്ചിടത്തോളം അനന്തമായ ഭാവി മുന്നിലുണ്ട്.

ബക്ക് സീമാതീതമായ ആനന്ദമനുഭവിച്ചു. വേട്ടയാടലും മീൻപിടുത്തവും അലഞ്ഞുതിരിയലുമെല്ലാം അവനിഷ്ടപ്പെട്ടു. ചിലപ്പോൾ നിരവധി ആഴ്ചകളൊന്നിച്ച് തുടർച്ചയായി യാത്രചെയ്യും. ചിലപ്പോൾ അത്രയുംനാൾ തുടർച്ചയായി വിശ്രമിക്കും. അപ്പോൾ നായകൾ ചുററിത്തിരിയും. ഉറഞ്ഞുകൂടിക്കിടക്കുന്ന ചെളിയിലും ചരലിലുംകൂടി കുഴികൾ ഉണ്ടാക്കി തീകത്തിച്ച് സാധനങ്ങൾ വൃത്തിയാക്കുന്നതിലേർപ്പെട്ടും തോൺടനും കൂട്ടുകാരും. ചിലപ്പോൾ അവർ പട്ടിണികിടക്കും; ചിലപ്പോൾ കുശാലായി സദ്യകഴിക്കും. അതെല്ലാം വേട്ടകൊണ്ടുകിട്ടുന്ന ആഹാരത്തെ ആശ്രയിച്ചിരിക്കും. ഗ്രീഷ്മമാകുമ്പോൾ എല്ലാവരും സാമാനങ്ങളും പേറി യാത്രതിരിക്കും. നീലത്തടാകങ്ങൾ ചങ്ങാടങ്ങളിലൂടെയും നദികൾ നൗകകളിലും പിന്നിട്ടു പിന്നിട്ട് അവർ മുന്നോട്ടുപോകും.

മാസങ്ങൾ കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. അവർ പല പല പ്രദേശങ്ങളിലൂടെ ചുററിത്തിരിഞ്ഞു. ആരുമാരും സഞ്ചരിച്ചിട്ടില്ലാത്ത മാർഗ്ഗങ്ങൾ! അല്ല, നിധിയുടെ കഥ ശരിയാണെങ്കിൽ ഒരുപക്ഷേ, ചിലരെങ്കിലും സഞ്ചരിച്ചിട്ടുണ്ടാവാം. ഗ്രീഷ്മകാലമാരുതനേററ് അവർ പിളർപ്പുകൾ കടന്നു. നഗ്നമായ പർവ്വതശിഖരങ്ങളിൽ വൃക്ഷങ്ങൾക്കും ഹിമപാളികൾക്കുമിടയിൽ പാതിരാസൂര്യന്റെ തലോടലേററ് കുളിർന്നുവിറച്ചു. ഗ്രീഷ്മത്തിൽ കൊതുകും ഈച്ചയുംകൊണ്ടു നിറഞ്ഞ താഴ്വരകൾ പിന്നിട്ടു. ഹിമാനികളുടെ മറവിൽ ദക്ഷിണദേശത്തിനഭിമാനി

ക്കാവുന്നതരത്തിൽ പഴുത്തുവിളഞ്ഞതും മനോഹരമായതുമായ സ്റ്റ്റോബെറിപ്പഴങ്ങളും പുഷ്പങ്ങളും ശേഖരിച്ചു. വർഷാന്തത്തിൽ അവർ ഒരു ഘോരമായ നദീതടത്തിലൂടെ യാത്രചെയ്തു. ശോകമൂകമായ അന്തരീക്ഷം. കാട്ടുകോഴികൾ ഒരുപക്ഷേ, അവിടെയുണ്ടായിരുന്നിരിക്കാം. അപ്പോൾ അവിടെ ജീവചൈതന്യത്തിൻെറ തുടിപ്പുകളൊന്നും കാണ്മാനുണ്ടായിരുന്നില്ല. തണുപ്പുനിറഞ്ഞ കാററുമാത്രം വീശി. മഞ്ഞു് അവിടവിടെ കുന്നുകൂടിയിരുന്നു. ഏകാന്തമായ കടൽക്കരകളിൽനിന്നു് മ്ലാനതനിറഞ്ഞ തിരതല്ലൽമാത്രം കേൾക്കാം.

ശീതകാലം വീണ്ടും വന്നു. അവർ മുമ്പുനടന്നവരുടെ കാൽച്ചുവടുകളെ അനുഗമിക്കുകയായിരുന്നു. ഒരിക്കൽ വനമദ്ധ്യത്തിലൂടെയുള്ള ഒരു പഴയമാർഗ്ഗം കണ്ടെത്തി. നഷ്ടപ്പെട്ട നിധി അടുത്തായിക്കഴിഞ്ഞെന്നവർക്കു തോന്നി. പക്ഷേ, ആ മാർഗ്ഗം എവിടെത്തുടങ്ങുന്നുവെന്നോ എവിടെ അവസാനിക്കുന്നുവെന്നോ ആർക്കറിയാം? അതൊരു പ്രശ്നമാണു്. ആ വഴി ആരു് എന്തിനു നിർമ്മിച്ചു? അതും നിഗൂഢാത്മകമായി അവശേഷിച്ചു. മറെറാരിക്കൽ അവരൊരു പഴയ ആവാസസ്ഥാനത്തിൻെറ തകർന്നുപൊടിഞ്ഞ അവശിഷ്ടങ്ങൾ കണ്ടെത്തി. ദ്രവിച്ച സാധനങ്ങൾക്കിടയിൽനിന്നു് തോൺടൻ ഒരു നാടൻതോക്കിൻെറ നീണ്ട കുഴൽ കണ്ടുപിടിച്ചു. പഴയകാലത്തുള്ള ഹഡ്സൺബേ കമ്പനിക്കാരുടെ തോക്കാണതെന്നു് തോൺടനു മനസ്സിലായി. അത്രമാത്രം. അതിൻെറ ഉടമസ്ഥനായിരുന്നിരിക്കാവുന്ന ആളിനെക്കുറിച്ചു് സൂചനകളൊന്നുമില്ല.

വസന്തം വീണ്ടും വന്നെത്തി. ആ നീണ്ടനീണ്ട ചുററിത്തിരിയലുകൾക്കുശേഷം അവർ കണ്ടെത്തിയതു് നഷ്ടപ്പെട്ട നിധിയായിരുന്നില്ല. വിശാലമായ താഴ്വരയിലെ ആഴമില്ലാത്ത ജലാശയത്തിൽ സ്വർണ്ണരേണുക്കൾ മഞ്ഞനിറത്തിലുള്ള വെണ്ണപോലെ തിളങ്ങുകയാണു്. മറെറാന്നുമവർക്കു വേണ്ടിയിരുന്നില്ല. ഓരോ ദിവസം അവർ അവിടെ പ്രയത്നിച്ചു് ആയിരമായിരം ഡോളർ സ്വർണ്ണപ്പൊടികളായും സ്വർണ്ണക്കട്ടകളായും സമ്പാദിച്ചു. മൃഗചർമ്മനിർമ്മിതമായ സഞ്ചികളിൽ സ്വർണ്ണം ശേഖരിച്ചു. ഓരോ സഞ്ചിയിലും അമ്പതുപൗണ്ടുവീതം. അതു് വിറകുപോലെ കൂനകൂട്ടിയിട്ടു, സ്പ്രൂസ്മരക്കൊമ്പുകൾകൊണ്ടു

നിർമ്മിച്ച ഒരു ചെറുപുരയിൽ. അവർ രാക്ഷസന്മാരെപ്പോലെ പണിയെടുത്തു. സമ്പത്ത് അങ്ങനെ വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ കിനാവുകൾക്കൊപ്പം ദിനങ്ങൾ ദിനങ്ങളെ അനുഗമിച്ചു.

വേട്ടയാടിക്കിട്ടിയ മാംസം ഭംഗിയായി ചവച്ചിറക്കുകയല്ലാതെ നായകൾക്കു മററു പണിയൊന്നുമുണ്ടായിരുന്നില്ല. ബക്ക് തീയുടെ സമീപം ഏകാഗ്രമായ ധ്യാനത്തിൽ ലയിച്ച് സമയം കഴിച്ചു. മററു ചിത്തവൃത്തികളില്ലാതിരുന്നതിനാൽ കുറിയ കാലുകളുള്ള രോമാവൃതനായ മനുഷ്യന്റെ സ്വരൂപം അവന്റെ മനോദർപ്പണത്തിൽ കൂടെക്കൂടെ പ്രതിബിംബിച്ചു. മിക്കപ്പോഴും തീയുടെ സമീപം കണ്ണുചിമ്മിക്കിടക്കുമ്പോൾ സ്മരണകളിലൂടെ അവൻ ആ മനുഷ്യനുമൊത്ത് ആ അപരലോകത്തിൽ സഞ്ചരിക്കുകയായിരുന്നു.

ആ അപരലോകത്തിലെ പ്രധാന പ്രത്യേകത ഭയമായിരുന്നുവോ? ആ രോമാവൃതനായ മനുഷ്യൻ ശിരസ്സ് മുട്ടുകൾക്കിടയിലാക്കി കൈപ്പത്തികൾ മുകളിൽ കൂട്ടിപ്പിണച്ചുകൊണ്ട് ശയിക്കുമ്പോൾ അയാൾ നിദ്രയിൽ ഞെരങ്ങുകയും മൂളുകയും ചെയ്യുന്നത് ബക്ക് കണ്ടിട്ടുണ്ട്. അപ്പോഴെല്ലാം അവൻ ഭയചകിതനായിട്ടുമുണ്ട്. അന്ധകാരത്തിലേയ്ക്കു തുറിച്ചുനോക്കിക്കൊണ്ട് അവൻ അഗ്നികുണ്ഡത്തിലേയ്ക്ക് കൂടുതൽ വിറകുകഷണങ്ങൾ തട്ടിയിടും. അവർ കടൽത്തീരത്തുകൂടി നടന്നുപോവുകയും രോമാവൃതനായ മനുഷ്യൻ കക്കാ ശേഖരിക്കുകയും അതിനകത്തുള്ള മാംസം പച്ചയായി ഭക്ഷിക്കുകയും ചെയ്യുവോ? പ്രഥമദർശനത്തിൽ തന്നെ ഒന്നറിയാം. അവർ ഭയാശങ്കകളോടെയാണ് നാലുചുററും വീക്ഷിച്ചിരുന്നത്. പാദങ്ങൾ വായുവിനൊപ്പം പതിപ്പിക്കാനുള്ള സന്നദ്ധതയോടെയാണ് ഓരോ അടിയും മുന്നോട്ടുവച്ചത്. അവർ വനാന്തരങ്ങളിലൂടെ നിശ്ശബ്ദരായി മെല്ലെമെല്ലെ നടക്കുകയാണ്. ബക്ക് ആ രോമാവൃതനായ മനുഷ്യന്റെ പിന്നിൽത്തന്നെയുണ്ട്. ഇരുവരും സൂക്ഷ്മതയോടും അവധാനതയോടുംകൂടിയാണ് നീങ്ങുന്നത്. ചെവിയോർത്തുപിടിച്ചിട്ടുണ്ട്, നാസാദ്വാരങ്ങൾ സ്പന്ദിക്കുന്നുണ്ട്. കാരണം, ആ മനുഷ്യനു് ബക്കിനോളംതന്നെ ശ്രവണശക്തിയും ഘ്രാണശക്തിയുമുണ്ട്. അയാൾക്കു് മരങ്ങളിൽ ചാടിക്കയറുവാനും മുകളിൽ ഭൂമിയിലൂടെ

യെന്നപോലെ സഞ്ചരിക്കാനും കഴിയും. മരക്കൊമ്പുകളിൽ തൂങ്ങി ആടിയുലഞ്ഞു ചാട്ടം. ചിലപ്പോൾ പത്തുപന്ത്രണ്ടടിയോളം ദൂരം ചാടാനവനു കഴിയും. കൈവിട്ട് ചാടിപ്പിടിക്കും. ഒരിക്കലും പിടിവിടുകയോ താഴെവീഴുകയോ ചെയ്യാറില്ല. വാസ്തവത്തിൽ മരക്കൊമ്പുകളിൽ തൂങ്ങിയാടുന്നതു് ഭൂമിയിൽത്തന്നെ നില്ക്കുന്നമാതിരിയാണു്. കൊമ്പുകളോടു പററിച്ചേർന്നു് അയാൾ കിടന്നുറങ്ങിയിട്ടുള്ള രാത്രികളെക്കുറിച്ചു് ബക്കു് സ്മരിക്കാറുണ്ടു്.

ഈ രോമാവൃതനായ മനുഷ്യന്റെ സ്വപ്നദർശനത്തിനൊപ്പം അവൻ വനഗർഭത്തിൽനിന്നുള്ള വിളിയും മുഴങ്ങിക്കേൾക്കാറുണ്ടു്. ആ വിളി അവനെ അസ്വസ്ഥനാക്കുകയും അസാധാരണമായ അഭിലാഷങ്ങൾ അവനിൽ ഉദ്ദീപിപ്പിക്കുകയും ചെയ്യും. മധുരോദാരവും അവ്യക്തവുമായ അനുഭൂതികളിൽ അവൻ അലിഞ്ഞുചേരും. അവന്റെ ഹൃദയാന്തർഭാഗത്തു് ചില പ്രത്യേക വികാരങ്ങൾ ഓളംതല്ലും. അവൻ ആവേശഭരിതനാകും. എന്തുകൊണ്ടാണെന്നവനറിയില്ല. ചിലപ്പോൾ സന്ദർഭാനുസരണം മൃദുവായോ ഉച്ചത്തിലോ കുരച്ചുകൊണ്ടു് സ്പർശവേദ്യമായ ഒന്നിനെ അന്വേഷിച്ചെന്നപോലെ ആ വിളിയെ ലക്ഷ്യമാക്കി അവൻ വനാന്തർഭാഗത്തു് ചുററിത്തിരിയും. തണുത്ത പായൽക്കൂട്ടത്തിലോ കരിമണ്ണിലോ നാസികകളണച്ചുകൊണ്ടു് മണ്ണിന്റെ മണമേററു് ആനന്ദോന്മത്തനായി തുള്ളിച്ചാട്ടം. അല്ലെങ്കിൽ കുണുകൾ പററിപ്പിടിച്ചിട്ടുള്ള മരത്തടികൾക്കുപിന്നിൽ, ചുററുമുള്ള എല്ലാ ചലനങ്ങളും സൂക്ഷ്മതയോടെ വീക്ഷിച്ചുകൊണ്ടു്, എല്ലാ ശബ്ദങ്ങളും അവധാനതയോടെ ശ്രദ്ധിച്ചുകൊണ്ടു് അവൻ ചുരുണ്ടുകൂട്ടും. അങ്ങനെ ശയിക്കുന്നതിലൂടെ അവനു മനസ്സിലാവാത്ത ആ വിളിയെ അതിശയിപ്പിക്കാമെന്നവൻ വിചാരിച്ചിരുന്നിരിക്കാം. പക്ഷേ, അവനെന്തിനിങ്ങനെയൊക്കെ ചെയ്യുന്നുവെന്നവനു മനസ്സിലായില്ല. നിർബന്ധിതനാവുകയാണു്. അതിനെക്കുറിച്ചു് ചിന്തിക്കണമെന്നു തോന്നിയതുമില്ല.

അപ്രതിരോദ്ധ്യമായ ആവേഗം അവനെ ഉണർത്തി. ക്യാമ്പിൽ ചൂടുപിടിച്ചുകൊണ്ടു് അവനങ്ങനെ കിടക്കുകയാവും. പെട്ടെന്നു തലയുയർത്തും. ചെവിയോർക്കും. സൂക്ഷ്മബുദ്ധിയോടെ എന്തോ ശ്രദ്ധിക്കും. ഉത്തരക്ഷണത്തിൽ കുതിച്ചുചാടി എങ്ങോട്ടെന്നില്ലാതെ ഓട്ടം. വീണ്ടും വീണ്ടും ഓട്ടം. ഒരന്തവുമില്ലാതെ

പാഞ്ഞോടും. മണിക്കൂറുകളങ്ങനെകഴിയും. കാടും മേടുമെല്ലാം പിന്നിട്ടും. നീർവാർന്ന പ്രദേശങ്ങളിലൂടെ പാഞ്ഞുപോകുവാൻ അവൻ ഇഷ്ടപ്പെട്ടു. പതുങ്ങിയിരുന്നു് പക്ഷികളുടെ ജീവിതം പഠിക്കാൻ അവൻ ശ്രമിച്ചു. ചെടികൾക്കുള്ളിൽ ഒളിഞ്ഞിരുന്നു് തിത്തിരിപ്പക്ഷികളുടെ ചിലയ്ക്കൽ കേട്ടും തെളിഞ്ഞ നടത്ത കണ്ടും രസിക്കും. എല്ലാററിലുമുപരി അവനുത്സാഹമുണ്ടായിരുന്നതു് നിലാവുപരന്ന ഗ്രീഷ്മകാലരാവുകളിൽ എങ്ങോട്ടെന്നില്ലാതെ ഊളിയിട്ടു പായുവാനാണു്. അപ്പോൾ വനത്തിനുള്ളിലെ മൃദുമർമ്മരങ്ങളും അമർന്ന സ്വരങ്ങളും അവനെ പുളകിതനാക്കും. ഓരോ ചലനവും, ഒരു മനുഷ്യൻ പുസ്തകംവായിച്ചു പഠിക്കുന്നതുപോലെ അവൻ പഠിക്കും. എന്നിട്ടു് സാങ്കല്പികമായ ആ എന്തോ ഒന്നിന്റെ ആഹ്വാനത്തിനുവേണ്ടി അവൻ ചെവിയോർക്കും. ആ വിളി വീണ്ടും വീണ്ടും, ഉറങ്ങുമ്പോൾപ്പോലും, മുഴങ്ങിക്കൊണ്ടിരുന്നു.

ഒരു രാത്രിയിൽ അവൻ ഉദ്വേഗത്തോടെ നിദ്രവിട്ടെണീററു. കണ്ണുകൾ ആകാംക്ഷാഭരിതമായിരുന്നു. നാസിക വിറകൊണ്ടു. അവൻ മണംപിടിച്ചു. കുഞ്ചിരോമങ്ങൾ അലയടിച്ചു പറന്നു. വനാന്തർഭാഗത്തുനിന്നു് ആ വിളി മുഴങ്ങുകയാണു്. (അഥവാ, ആ വിളിയുടെ സ്വരഭേദം മാത്രം! എന്തെന്നാൽ, അതു് ഭിന്നസ്വരസമ്മിശ്രമായിരുന്നു.) അതു് പൂർവ്വാധികം വ്യക്തവും സുനിശ്ചിതവുമായിരുന്നു. ഒരു നീണ്ട ഓലിയിടൽ. ഹസ്കികളുടെ മോങ്ങലിനോടു് സാദൃശ്യമുണ്ടെന്നും ഇല്ലെന്നും പറയാവുന്ന ഒന്നു്. അതു് മുമ്പു് എന്നോ കേട്ടിട്ടുള്ളതുപോലെ അവനു തോന്നി. ഉറങ്ങുന്ന ക്യാമ്പിലൂടെ അവൻ കുതിച്ചു ചാടിയോടി. ആ ശബ്ദത്തോടടുത്തപ്പോൾ വേഗത കുറച്ചു. ഓരോ അടിയും സൂക്ഷ്മതയോടെ വച്ചു. അവൻ തുറസ്സായ ഒരു സ്ഥലത്തെത്തി. കണ്ട കാഴ്ചയെന്തെന്നോ? നാസിക ആകാശത്തിൻനേരെ ഉയർത്തിക്കൊണ്ടു് ശ്രോണികളിൽ എഴുന്നേററുനില്ക്കുന്ന ഒരു നീണ്ടുമെലിഞ്ഞ കാട്ടുചെന്നായ!

അവൻ ശബ്ദിച്ചില്ല. എന്നിട്ടും അതു് ഓലിയിടൽ നിർത്തുകയും അവന്റെ സാമീപ്യം അംഗീകരിക്കാൻതന്നെ തയ്യാറാവുകയും ചെയ്തു. ബക്കു് പകുതി കുനിഞ്ഞു് സുസംഹതമായ ശരീരത്തോടും ദൃഢവും ഋജുവുമായ വാലോടുംകൂടി പാദങ്ങൾ സൂക്ഷ്മത



യോടെ പതിപ്പിച്ചുകൊണ്ടു് ധൈര്യത്തോടെ നടന്നടുത്തു. ഓരോ ചലനത്തിലും ഭീഷണിയും അതോടൊപ്പം സൗഹൃദാഭ്യർത്ഥനയും അന്തർഭവിച്ചിരുന്നു. ഇരതേടുന്ന കാട്ടുജന്തുക്കൾ കൂട്ടിമുട്ടുമ്പോൾ പലപ്പോഴും ഭീഷണികലന്ന സൗഹൃദഭാവത്തിനു വഴങ്ങിപ്പോവാറുണ്ടു്. പക്ഷേ, ചെന്നായ അവനെക്കണ്ടമാത്രയിൽ കുതിച്ചുപാഞ്ഞുതുടങ്ങി. ഉന്മത്തനായി ചാടിക്കൊണ്ടു്, മുമ്പിൽ ച്ചെല്ലുവാനുള്ള ആവേശത്തോടെ ബക്ക് പിന്നാലെ പാഞ്ഞു. ഒരു ചെറുപുഴയുടെ തടത്തിലുള്ള തോട്ടിലെത്തിയപ്പോൾ ഒരു മരത്തടി വഴിതടഞ്ഞു. ചെന്നായ കറങ്ങിത്തിരിഞ്ഞു. പിൻകാലുകളിൽ നിലയൂന്നിക്കൊണ്ടു്, കെണിയിലകപ്പെടുന്ന എല്ലാ ഹസ്കികളേയുംപോലെ അതു ചുഴന്നുതുടങ്ങി. കുരയ്ക്കുകയും അമറുകയും പല്ലുകൾ കടിച്ചു നിരന്തരം ശബ്ദമുണ്ടാക്കുകയും ചെയ്തു.

ബക്ക് ആക്രമിച്ചില്ല. ചുററിപ്പററി, സൗഹൃദംനിറഞ്ഞ മനോഭാവത്തോടെ അടുത്തു. ചെന്നായ ഭയാശങ്കകളോടെയാണു വീക്ഷിച്ചതു്. കാരണം, ബക്കിനു് അവനെക്കാൾ മൂന്നിരട്ടി വലിപ്പമുണ്ടു്. അവൻെറ തല കഷ്ടിച്ചു് ബക്കിൻെറ തോൾവരെയെത്തും, അത്രേയുള്ളൂ. തക്കംനോക്കി അവൻ ചാടിത്തിരിഞ്ഞു. ബക്ക് വീണ്ടും അനുഗമിച്ചു. പലപ്രാവശ്യം അവനെ മൂലകളിൽ കൊണ്ടുചെന്നാക്കിയെങ്കിലും അപ്പോഴൊക്കെ അവൻ കുതറിയോടി. അവൻ വാസ്തവത്തിൽ തകന്ന അവസ്ഥയിലായിരുന്നു. അല്ലെങ്കിൽ അത്രയെളുപ്പം ബക്ക് അവൻെറ ഒപ്പമെത്തുകയില്ലായിരുന്നു. ബക്കിൻെറ ശിരസ്സു് അവൻെറ പാർശ്വത്തിൽ സ്പർശിക്കുന്നതുവരെ അവൻ ഓടും. സ്പർശിച്ചുവെന്നു കാണുമ്പോൾ അവൻ ചുഴന്നുനില്ക്കും. തക്ക സന്ദർഭം കിട്ടുമ്പോൾ വീണ്ടും കുതറിയോടും.

അവസാനം ബക്കിൻെറ അഭിനിവേശം ഫലപ്രാപ്തമായി. യാതൊരു ഉപദ്രവവും ചെയ്യാനല്ലെന്നു കണ്ടപ്പോൾ ചെന്നായ അവനുമായി നാസികകൾ കൂട്ടിയണച്ചു നിന്നു. അങ്ങനെ അവർ സുഹൃത്തുക്കളായി. വന്യമൃഗങ്ങൾ അവരുടെ ക്രൂരതമറയ്ക്കാൻവേണ്ടി ഒന്നുചേരുന്ന രീതിയിൽ, അല്പം അസ്വസ്ഥതയോടെ, നാണംകലന്ന മട്ടിലാണവരും കളികളിലേപ്പെട്ടതു്. അല്പനേരം കഴിഞ്ഞു് ചെന്നായ എങ്ങോ പോകുവാൻ നിശ്ചയിച്ചുറച്ചമട്ടിൽ യാത്രയ്ക്കൊരുങ്ങി. ബക്ക് അനുഗമിക്കണമെന്നു് വ്യക്ത

മായി സൂചിപ്പിക്കുകയും ചെയ്തു. അങ്ങനെ ആ അരണ്ട നിലാവിൽ അവർ തോളോടുതോൾ ചേർന്ന് തോട്ടം അതിൻെറ പ്രഭവസ്ഥാനമായ നീർമറി പ്രദേശവും കടന്ന് ഓടാനാരംഭിച്ചു.

മറുവശത്തുള്ള ചരിവിലൂടെ അവർ ഓടിയോടി സമതലമായ പ്രദേശത്തെത്തി. പിന്നീട്ട് വനത്തിലൂടെ അനേകം അരുവികൾ കടന്ന് ഓട്ടം തുടന്നു. മണിക്കൂറുകൾ പിന്നിട്ടു. സൂര്യൻ ആകാശത്തേയ്ക്കുയന്നുതുടങ്ങി. വെയിൽ വ്യാപിച്ചു. ബക്ക് ആനന്ദോന്മത്തനായിരുന്നു. അവസാനം, ആ വിളിക്കു് താൻ കീഴ് വഴങ്ങുന്നതായി അവനു തോന്നി. കാട്ടുസഹോദരനോടു തോളുകളിലുരുമ്മിക്കൊണ്ടു് ആ വിളിയുടെ പ്രഭവസ്ഥാനത്തേയ്ക്കു് അവൻ ചെല്ലുകയാണു്. പഴയ സ്മരണകൾ അവനിലുണർന്നു. അന്നു് അവനെ മത്തുപിടിപ്പിച്ച നിഴലുകളുടെ സ്ഥാനത്തു് ഇന്നു യാഥാത്ഥ്യങ്ങൾതന്നെയുണ്ടു്. അവൻ ആ വിസ്മൃതമായ അപരലോകത്തിലും അങ്ങനെയൊക്കെ ചെയ്തിട്ടുണ്ടു്. ഇപ്പോൾ തുറന്ന അന്തരീക്ഷത്തിൽ വീണ്ടുമിതാ ചെയ്യുകയാണു്! പാദങ്ങൾക്കു താഴെ ഉറച്ച മണ്ണു്. മുകളിൽ വിശാലമായ വിഹായസ്സും.

അവർ ഒരു കാട്ടരുവിയിൽനിന്നു വെള്ളം കുടിക്കാനായി നിന്നു. അപ്പോൾ ബക്ക് തോൺടനെ ഓമ്മിച്ചു. താഴെയിരുന്നു. ചെന്നായ ആ വിളി ലക്ഷ്യമാക്കി യാത്രതുടരാനാരംഭിച്ചുവെങ്കിലും വീണ്ടും തിരികെ ബക്കിൻെറ സമീപമെത്തി. അവനെ പ്രോത്സാഹിപ്പിക്കാനോ എന്നു തോന്നുമാറു് നാസിക കൂട്ടിയണച്ചു. പക്ഷേ, ബക്ക് പിന്തിരിഞ്ഞു നടന്നുതുടങ്ങി. ഉദ്ദേശം ഒരുമണിക്കൂറോളം ആ കാട്ടുസഹോദരൻ അവനോടു ചേർന്നോടി. മെല്ലെ മെല്ലെ ചിണുങ്ങുന്നുണ്ടു്. എന്നിട്ടു് അവൻ ഇരുന്നു. നാസിക ആകാശത്തിലേയ്ക്കു് ഉന്നിക്കൊണ്ടു് ഓലിയിടാനാരംഭിച്ചു. അതു് ഒരു നിലവിളിയായിരുന്നു. ബക്ക് ഇടറാതെ മുന്നോട്ടു പോയപ്പോൾ ആ നിലവിളിയുടെ ശബ്ദം കുറഞ്ഞുവരുന്നതായി അവനു് അനുഭവപ്പെട്ടു. കുറേക്കഴിഞ്ഞു് അതു കേൾക്കാതെയായി.

ബക്ക് ക്യാമ്പിലേയ്ക്കു പാഞ്ഞെത്തിയപ്പോൾ ജോൺ തോൺടൻ ഉച്ചഭക്ഷണം കഴിക്കുകയായിരുന്നു. വന്നപാടെ അവൻ അയാളുടെ ശരീരത്തിലേയ്ക്കു ചാടിക്കയറുകയും സ്നേഹാവേശത്തോടെ അയാളെ മറിച്ചിട്ടു് പുറത്തുകയറിയിരുന്നു് അയാ

PUBLIC L... KOZHIKODE-4

ളുടെ മുഖം നക്കുകയും കൈകൾ പല്ലുകൾക്കിടയിലാക്കി അമർത്തു
കയും ചെയ്തു. തോൺടൻ ബക്കിനെ കെട്ടിപ്പുണരുകയും സ്നേഹ
പൂർവ്വം ശാപവചനങ്ങൾ ചൊരിയുകയും ചെയ്തു.

രണ്ടുരാത്രിയും പകലും ബക്ക് തോൺടന്റെ ദൃഷ്ടിപഥ
ത്തിൽനിന്നു വിട്ടുമാറിയില്ല. അവൻ അയാളെ സദാ അനുഗമി
ക്കുകയും അയാൾ ഭക്ഷണം കഴിക്കുന്നതു് ശ്രദ്ധിച്ചുകാണുകയും
ചെയ്തു. രാത്രിയിൽ അയാൾ പുതപ്പുകൾക്കുള്ളിലമരുന്നതും രാ
വിലെ പുതപ്പുകൾക്കുള്ളിൽനിന്നു പുറത്തുവരുന്നതും അവനു ക
ണ്ടേ മതിയാവൂ. രണ്ടുദിവസം കഴിഞ്ഞു്, വനത്തിൽനിന്നുള്ള
വിളി പൂർവ്വാധികം ഔദ്ധത്യത്തോടെ മുഴങ്ങിത്തുടങ്ങി. ബക്ക്
വീണ്ടും അസ്വസ്ഥനായി. കാട്ടുസഹോദരനെക്കുറിച്ചുള്ള സ്മര
ണകൾ അവനെ അലട്ടിത്തുടങ്ങി. സുന്ദരമായ ആ നീർമറിപ്ര
ദേശത്തെക്കുറിച്ചും തോളോട്ടുതോളുരുമ്മിയുള്ള കുതിച്ചുപായലി
നെക്കുറിച്ചും അവനോർത്തു. വീണ്ടും അവൻ വനഭുവിലേയ്ക്കു
പിന്തിരിഞ്ഞു. പക്ഷേ, കാട്ടുസഹോദരനെ കണ്ടെത്തിയില്ല. വ
ളരെനേരം സൂക്ഷ്മതയോടെ ശ്രദ്ധിച്ചുവെങ്കിലും ആ ശോകാത്മ
കമായ ഓലിയിടൽ കേൾക്കാനായില്ല.

അവൻ രാത്രിയിൽ വെളിയിൽപ്പോയി ഉറങ്ങിത്തുടങ്ങി.
ചിലപ്പോൾ അനേകംദിവസങ്ങൾ തുടർച്ചയായി ക്യാമ്പിൽനി
ന്നും അകന്നു് കഴിച്ചുകൂട്ടും. ഒരുദിവസം ചെറുപുഴയുടെ തലയ്ക്കു
ലുള്ള നീർമറിപ്രദേശം കടന്നു് വൃക്ഷങ്ങളുടെയും അരുവികളു
ടെയും ദേശത്തെത്തി. അവിടെ കാട്ടുസഹോദരനെ അന്വേഷി
ച്ചു് ഒരാഴ്ചയോളം ചുററിത്തിരിഞ്ഞു. നിഷ്ഫലമായിരുന്നുവെന്നു
മാത്രം. അക്ഷീണനായി അവൻ യാത്രചെയ്തു. വഴിക്കു കിട്ടുന്ന
ഇരകൾ കൊന്നുതിന്നു. കടലിലേയ്ക്കൊഴുകുന്ന ഒരു വിസ്തൃത
മായ കാട്ടരുവിയിൽനിന്നു് സാൽമൺ മത്സ്യം പിടിച്ചു. ആ
കാട്ടരുവിയുടെ വക്കിൽ അതേ പ്രവൃത്തിയിലേർപ്പെട്ടിരുന്ന ഒരു
വലിയ കരിങ്കരടി കൊതുകുകളുടെ ആക്രമണം മൂലം അന്ധനാ
യി കാട്ടിലെങ്ങും നിസ്സഹായനായി ഓടിനടക്കുകയായിരുന്നു.
അവിടെവച്ചു് ബക്ക് അവനെ കൊന്നു. ഒരു കഠിനയുദ്ധം
തന്നെ വേണ്ടിവന്നു. അതു് ബക്കിലുണ്ടായിരുന്ന ക്രൂരതയുടെ
അവസാനസ്ഫുലിംഗങ്ങൾ ആളിക്കത്തിച്ചു. രണ്ടുദിവസം ക
ഴിഞ്ഞു വീണ്ടും ഭക്ഷണം തേടിയെത്തിയ പന്ത്രണ്ടോളം ചെന്നാ

യകളെ അവൻ ഉമിപോലെ പറപ്പിച്ചു. അവശേഷിച്ച രണ്ടെണ്ണത്തിന്നു് കലഹിക്കാനുള്ള ശേഷിയുമില്ലായിരുന്നു.

രക്തദാഹം അവനിൽ വർദ്ധിച്ചു. അവനൊരു കൊലയാളിയാണു്. ഇര തേടുന്നവനാണു്. ഇരയെക്കൊന്നു ജീവിക്കുന്നവനാണു്. മററാരുടേയും സഹായംതേടാതെ സ്വന്തം ശക്തിയും ശൗര്യവുംകൊണ്ടു ജീവിക്കണം. അങ്ങനെ ശക്തൻമാത്രം അതിജീവിക്കുന്ന പകനിറഞ്ഞ സാഹചര്യത്തിൽ വിജയം വരിക്കേണ്ടവനാണു്. ഇതെല്ലാം അവനെ അഭിമാനബോധമുള്ളവനാക്കി. ആ ബോധം പകർച്ചവ്യാധിപോലെ അവൻെറ ശരീരത്തിൽ മുഴുവൻ വ്യാപിച്ചു. അവൻെറ ചലനങ്ങളിലും മാംസപേശികളുടെ ഇളക്കത്തിലും അതു സ്ഫുരിച്ചു. അതു് അവൻെറ ജീവിതരീതിയുടെതന്നെ പ്രഖ്യാപനമായിരുന്നു. അവൻെറ ശ്രേഷ്ഠമായ രോമക്കുപ്പായത്തെ അതു ശ്രേഷ്ഠതരമാക്കി. നീണ്ട മുഞ്ഞിക്കുമേലും കണ്ണുകൾക്കു മുകളിലും അങ്ങിങ്ങായുള്ള രോമങ്ങളും നെഞ്ചിലൂടെ കീഴോട്ടുള്ള വെളുത്ത രോമപാളിയും അവനില്ലായിരുന്നുവെങ്കിൽ ചെന്നായ്‌വർഗ്ഗത്തിലെ ഏററവും തടിച്ച വർഗ്ഗമായി അവൻ തെററിദ്ധരിക്കപ്പെട്ടുമായിരുന്നു. 'സെയിൻറ് ബർണാഡ്' എന്ന ഇനമായിരുന്ന അച്ഛനിൽനിന്നാണു് അവനു് ആ വലിപ്പവും ഭാരാധിക്യവും ലഭിച്ചതു്. പക്ഷേ, ആ രൂപഭംഗി ഷെപ്പേർഡ് ഇനമായിരുന്ന അമ്മയുടെ സംഭാവനയാണു്. അവൻെറ മുഞ്ഞി ചെന്നായകളുടേതുമാതിരി നീണ്ടതുതന്നെയായിരുന്നു. ഒരു വ്യത്യാസം മാത്രം. ഏതു ചെന്നായുടെ മുഞ്ഞിയേക്കാളും വലിപ്പമുണ്ടു്. വിസ്തൃതമായ ശിരസ്സു് ചെന്നായകളുടേതുപോലെതന്നെ. കുറേക്കൂടി വിപുലമായ തോതിൽ.

അവൻെറ സൂത്രശാലിത്വം ചെന്നായകളുടേതുതന്നെ; വന്യജന്തുക്കളുടെ സൂത്രശാലിത്വം! അവൻെറ ബുദ്ധികൂർമ്മത ഷെപ്പേർഡ് ഇനവും സെയിൻറ് ബർണാഡ് ഇനവും ഒന്നിച്ചു സംഭാവന ചെയ്തതാണു്. ഇതൊക്കെയും, അതിനോടൊപ്പം ഭയങ്കരത്വംനിറഞ്ഞ അനുഭവങ്ങളും കൂടിയായപ്പോൾ ഏതു വന്യജീവിയെക്കാളും പ്രബലനായിത്തീർന്നു ബക്ക്. മാംസഭുക്കായ ഒരു മൃഗമെന്ന നിലയ്ക്കുള്ള പൂർണ്ണമായ വികാസം അവനു കൈവന്നിരുന്നു. ജീവിതത്തിൻെറ വസന്തകാലം! പൗരുഷവും

വീയ്യവും നിറഞ്ഞുതുളുമ്പുകയാണ്. തോൺടൻ അവൻെറ കഴുത്തിൽ കൈകൾചുററി താലോലിച്ചപ്പോൾ സ്പർശിക്കുന്ന ഭാഗത്തെല്ലാം കാന്തശക്തിയാലെന്നപോലെ രോമപാളികൾ എഴുന്നുനിന്നു. ശരീരത്തിലെ ഓരോ ഭാഗവും തലച്ചോറും സിരാതന്തുക്കളും, ഞരമ്പുകളുമെല്ലാംതന്നെ ചൈതന്യം തുള്ളിത്തുളുമ്പുന്ന രീതിയിലാണ്. മാത്രമല്ല, ആകെക്കൂടി ഒരു സുസംഘതഭാവവുമുണ്ട്. പെട്ടെന്നു് പ്രവൃത്യുന്മുഖനാകേണ്ട ഘട്ടങ്ങളിൽ അവൻ വിദ്യുത്സമമായ വേഗതയാണവലംബിക്കുക. ആക്രമണങ്ങളെ നേരിടുന്നതിൽ ഒരു ഹസ്കി കാണിക്കാറുള്ള വേഗതയുടെ ഇരട്ടി വേഗതയോടെയാണ് അവൻ കുതിച്ചുചാടുക. ഓരോ ചലനവും സശ്രദ്ധം വീക്ഷിച്ച്, ഓരോ ശബ്ദവും സസൂക്ഷ്മം ശ്രവിച്ച് മറേറതു നായയെക്കാളും കുറച്ചുസമയംകൊണ്ട് അവൻ പ്രതിക്രിയ ചെയ്യും. അവൻ ഒരേനിമിഷത്തിനുള്ളിൽത്തന്നെ കാണുകയും ഒരുങ്ങുകയും പ്രതിക്രിയയിലേർപ്പെടുകയും ചെയ്യും. വാസ്തവത്തിൽ ദർശനം, ഒരുക്കം, പ്രതിക്രിയ എന്നീ മൂന്നു ക്രിയകളും അനുക്രമമായിട്ടാണ്. എന്നാൽ ഇടനേരം വളരെ കുറവായതുകൊണ്ട് അതെല്ലാം ഏകകാലത്താണു നടക്കുന്നതെന്നുതോന്നും. വീയ്യം നിറഞ്ഞുവിങ്ങുന്ന മാംസപേശികൾ ഉരുക്കുകൊണ്ടുള്ള സ്പ്രിംഗ്പോലെ തുള്ളിച്ചാടിയിരുന്നു. ജീവിതം അവനിൽ കരകവിഞ്ഞൊഴുകി. പരമാനന്ദലഹരിയിൽ അതു് പൊട്ടിച്ചിന്നി പ്രപഞ്ചമെങ്ങും ചൊരിയുമോ എന്നു സംശയിച്ചുപോകും.

“ഇതുപോലൊരു നായയുണ്ടായിട്ടില്ല,” ബക്ക് ക്യാമ്പിൽനിന്നു വെളിയിലേയ്ക്കു നടക്കുന്നതു പങ്കാളികൾ കണ്ടുകൊണ്ടിരിക്കവേ തോൺടൻ പറഞ്ഞു.

“അവൻ ജനിച്ചതോടെ അവനു രൂപംകൊടുത്ത മൂശ തകന്നുപോയിരിക്കണം,’ പീററ് അഭിപ്രായപ്പെട്ടു.

“ഹായ്...ഞാനുമതിനോടു യോജിക്കുന്നു,” ഹാൻസ് ശരിവച്ചു.

അവൻ വെളിയിലേയ്ക്കു നടന്നു. വനാന്തരത്തിലെത്തിയപ്പോൾ അവനിൽ അവിശ്വസനീയമായവിധം പരിവത്തനങ്ങളുണ്ടായെങ്കിലും അവനതൊന്നുമറിഞ്ഞില്ല. അവിടെ അവൻ

മാർച്ചുചെയ്യുകയല്ലായിരുന്നു. പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങി നടന്നുതുടങ്ങി. മററു നിഴലുകൾക്കൊത്തു് പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്ന ഒരു നിഴൽ. കമഴ്ന്നുകിടന്നശേഷം പാമ്പിനെപ്പോലെ ഇഴഞ്ഞുചെന്നു് ഇരയുടെമേൽ ചാടിവീഴുവാനുള്ള കഴിവു് അവനുണ്ടായിരുന്നു. കുളക്കോഴികളെ കൂട്ടിൽനിന്നു തട്ടിയെടുക്കുന്നതിലും ഉറങ്ങുന്ന മുയലുകളെ കൊല്ലുന്നതിലും അല്പംവൈകി മരങ്ങളിലേയ്ക്കു പറന്നണയുന്ന പുള്ളിയണ്ണാന്മാരെ വായുവിൽവച്ചുതന്നെ നേരിടുന്നതിലും അവൻ വ്യാപൃതനായി. തുറസ്സായ ജലാശയങ്ങളിൽ മത്സ്യങ്ങൾക്കും നീർനായകൾക്കും മററും അവൻെറ ആക്രമണത്തിൽനിന്നും സമർത്ഥമായി രക്ഷപ്പെടാനായില്ല. അവൻ ഒരു രസത്തിനുവേണ്ടിയല്ല, തിന്നാൻവേണ്ടിത്തന്നെയാണു് കൊന്നതു്. പക്ഷേ, സ്വയംകൊന്നതുമാത്രം തിന്നുവാൻ അവനിഷ്ടപ്പെട്ടുകയും ചെയ്തു. അങ്ങനെ, അവൻെറ പ്രവൃത്തികളിലെല്ലാം ഒരുതരം നർമ്മബോധം നിലീനമായിരുന്നു. അണ്ണാന്മാരെ അവൻ ഒളിച്ചും പതുങ്ങിയുമിരുന്നു് പിടികൂടാൻ ശ്രമിക്കും. ഏതാണ്ടു കൈയ്യുള്ളിലകപ്പെട്ടുവെന്നാകുമ്പോൾ വിട്ടുകളയും. അവ ഭയചകിതരായി ഓടിപ്പോകുന്നതുകണ്ടു് അവൻ ആഹ്ലാദിക്കും.

വർഷാന്തമായപ്പോഴേയ്ക്കും താഴെയുള്ള താഴ്വരകളിലേക്കു് ശൈത്യത്തെ നേരിടുന്നതിനായി മെല്ലെമെല്ലെ കടന്നുപോകുന്ന കടമാൻകൂട്ടം വന്നെത്തി. ബക്ക് ഒരു മാൻകുട്ടിയെ അടിച്ചുവീഴ്ത്തിയിരുന്നു. പക്ഷേ, കുറേക്കൂടി പ്രബലനായ എതിരാളിയെയാണവനു വേണ്ടിയിരുന്നതു്. ഒരുദിവസം ചെറുപുഴയുടെ പ്രഭവസ്ഥാനത്തുള്ള നീർമറിപ്രദേശത്തുവച്ചു് അതും സംഭവിച്ചു. അരുവികളും വൃക്ഷങ്ങളുമുള്ള സ്ഥലത്തുനിന്നും ഇരുപതോളം കടമാനുകൾ വന്നെത്തി. ഒരു തടിച്ച ആൺമാനായിരുന്നു നേതാവു്. അവൻ വളരെ മൃഗീയത തികഞ്ഞ മാനസികപശ്ചാത്തലമുള്ളവനായിരുന്നു. ആറടിയോളം ഉയരമുണ്ടു്. ബക്കിനു് ആഗ്രഹിക്കാവുന്ന ഏററവും പററിയ എതിരാളി. കരതലാകൃതിയിലുള്ള കൊമ്പുകൾ മുമ്പോട്ടും പിമ്പോട്ടും ആട്ടിക്കൊണ്ടു് അവൻ നടന്നു. ആ കൊമ്പിനു് പതിന്നാലോളം ശാഖകളുണ്ടു്. അഗ്രഭാഗങ്ങൾ തമ്മിൽ ഏഴടിയോളം വ്യത്യാസവും. അവന്റെ കൊച്ചുകണ്ണുകളിൽ തീക്ഷ്ണതകലന്ന പ്രകാശം നിഴൽവീശി

യിരുന്നു. ബക്കിനെ കണ്ട മാത്രയിൽ കോപാന്ധനായി ഉച്ച ത്തിൽ അലറി.

ആൺമാനിന്റെ ഒരു പാർശ്വത്തിൽ ഒരു തുവലുള്ള അമ്പ് തറച്ചിരുന്നു. അതു് അവന്റെ മൃഗീയതയെ വ്യക്തമായി ദ്യോതിപ്പിച്ചു. പ്രബലവും ബീജഭൂതവുമായ പ്രേരണകൾ ബക്കിനെ കീഴടക്കി. അവൻ ആ മാനിനെ കൂട്ടത്തിൽനിന്നൊറ്റപ്പെടുത്തുവാൻ ഒരുങ്ങി. അതെളുപ്പമുള്ള പണിയല്ല. അവന്റെ വലിയ കൊമ്പുകളുടെ സ്പർശമേല്ക്കാതെ നിന്നുകൊണ്ടു് കുരയ്ക്കുകയും നൃത്തംവയ്ക്കുകയും ചെയ്യും. കുളമ്പുകൾക്കു കീഴിൽ അകപ്പെട്ടുപോയാൽ മാനിന്റെ ഒറ്റത്തൊഴിക്കു് തകൎന്നുപോയെന്നും വരും. അങ്ങനെ ഒന്നും ചെയ്യാനാവാത്ത മട്ടിലാകുമ്പോൾ മാൻ കോപമൂർച്ഛിതനാവും. അങ്ങനെ കോപമൂർച്ഛിതനായ മാനിനെ പ്രലോഭിപ്പിച്ചുകൊണ്ടു് അവൻ പിന്നോട്ടുമാറും. കൂട്ടത്തിൽനിന്നൊററപ്പെട്ടുവെന്നാകുമ്പോൾ പെട്ടെന്നു് രണ്ടോ മൂന്നോ മാനുകൾ ഓടിവന്നു് ബക്കിനെ നേരിടുകയും അങ്ങനെ അവരെല്ലാമൊന്നിച്ചു് യാത്ര തുടരുകയും ചെയ്യും.

വന്യമൃഗസഹജമായ സഹിഷ്ണുതയെന്നൊന്നുണ്ടു്—ജീവിതംപോലെതന്നെ അക്ഷീണമാണതു്; ദൃഢബുദ്ധിയും വാശിയും കലൎന്നതുമാണു്. ഒരു ചിലന്തിയെ അവൻ നിൎമ്മിക്കുന്ന വലയ്ക്കുള്ളിൽ എണ്ണമററ വിനാഴികകൾ ഇരതേടി നിശ്ചലനായിരിക്കുവാൻ പ്രേരിപ്പിക്കുന്നതു് ആ സഹിഷ്ണുതയാണു്. പാമ്പിനെ അതിന്റെ മാളത്തിലും പുള്ളിപ്പുലിയെ നിഭൃതാവസ്ഥയിലും പതുങ്ങിയിരിക്കുവാൻ പ്രേരിപ്പിക്കുന്നതു് ആ ശക്തിവിശേഷംതന്നെ. മാൻകുട്ടികളെ ആക്രമിക്കാൻ ശ്രമിച്ചപ്പോഴും കുട്ടികളെയോൎത്തു് മാൻപേടകൾ വിഷമിക്കുവാൻ ഇടയാക്കിയപ്പോഴും നിസ്സഹായനായ മാനിനെ കോപാന്ധനാക്കിയപ്പോഴും ബക്കിൽ അതു പ്രവൎത്തിച്ചു. അരദിവസത്തോളം ഇങ്ങനെ തുടൎന്നു. ബക്ക് നാലുചുററും ഓടിനടന്നു് ഭീഷണിമൂലം ഒററപ്പെടുത്തിക്കഴിയുമ്പോൾ പെട്ടെന്നു് മററു കൂട്ടുകാരോടിവന്നു് രക്ഷപ്പെടുത്തും. അങ്ങനെ അവരുടെ ക്ഷമ നശിച്ചു. കാരണം, ഇരയാകേണ്ടിവരുന്നവൎക്കു് ഇരതേടുന്നവരേക്കാൾ സഹിഷ്ണുത അല്പം കുറവാണു്.

വിനാഴികകൾ പിന്നിട്ടു. സൂൎയ്യൻ വടക്കുപടിഞ്ഞാറുള്ള

ശയ്യയിലേയ്ക്കു ചാഞ്ഞു. (ഇരുട്ടു പരന്നു; പിന്നെ ആറുമണിക്കൂറോളം രാത്രിയാണ്.) മാൻകുട്ടികൾ നേതാവിൻെറ സഹായത്തിനെത്തിയെത്തിമട്ടത്തു. അവർ പിന്മാറാനുള്ള ഭാവം കാട്ടി. പോരെങ്കിൽ ഉഗ്രമായ തണുപ്പും. അവരുടെ യാത്ര മന്ദിപ്പിക്കുന്നവനും അക്ഷീണനുമായ ബക്കിൽനിന്നു് മോചനം നേടുക സാദ്ധ്യമല്ലെന്നവർക്കു തോന്നി. പോരെങ്കിൽ ഭീഷണി സമൂഹത്തിൻെറനേരെയല്ല; മാൻകുട്ടികളുടെ നേർക്കുമല്ല. ഒരംഗത്തിൻെറ ജീവൻ മാത്രമേ അപകടത്തിലായിട്ടുള്ളു. അതത്ര കാര്യമാക്കാനെന്തുള്ളൂ? അവരുടെ ശ്രദ്ധ മററു സംഗതികളിലേയ്ക്കു തിരിഞ്ഞു.

നിലാവു പരന്നപ്പോൾ, തൻെറ കൂട്ടുകാർ നടന്നകലുന്നതു് കുനിഞ്ഞ ശിരസ്സോടെ നിന്നുകൊണ്ടു് ആ വയസ്സൻമാൻ കണ്ടു. ആ കൂട്ടത്തിൽ അവൻെറ സ്വന്തമായിരുന്ന പേടകളുണ്ടു്; സ്വന്തം മക്കളുണ്ടു്, അവൻ കീഴടക്കിയ ആൺമാനുകളുമുണ്ടു്. അവനു് അവരെ പിന്തുടരുക സാദ്ധ്യമല്ല. കാരണം, അവൻെറ മുമ്പിൽ ഒരുഗ്രമായ ഭീഷണി നിന്നു് കരുണയെന്യേ വിലസുകയാണ്. അര ടണ്ണും പിന്നെയൊരു മൂന്നു ഹൺഡ്രഡ് വെയിററും കൂടി ഭാരമുണ്ടവനു്. സുദീർഘവും സുശക്തവുമായ ഒരു ജീവിതമാണു നയിച്ചതു്. അതു സമരങ്ങളുടെയും കലഹങ്ങളുടെയും ഒരു നീണ്ട ചരിത്രമാണു്. എന്നിട്ടിതാ, ഒടുവിൽ തൻെറ മുട്ടോളംപോലുമെത്താത്ത ഒരു നശിച്ച ജന്തുവിനോടു നേരിട്ടു ജീവൻ വെടിയാൻ പോകുന്നു.

അതിനുശേഷം രാവും പകലും ഒന്നുപോലെ ബക്ക് ഇരയെ വിട്ടുമാറിയില്ല. ഒരു നിമിഷംപോലും വിശ്രമമനുവദിച്ചില്ല. ഇലകൾ ചവയ്ക്കുവാനോ ബെർച്ചുമരത്തിലെ ഇളംതളിരുകൾ തിന്നുവാനോ ബക്ക് അവനെ അനുവദിച്ചില്ല. മാത്രമല്ല, നരചിന്നിയൊഴുകുന്ന കാട്ടരുവികളിൽനിന്നും കഠിനമായ ദാഹത്തിനു് അല്പം ശമനം വരുത്താൻപോലും ബക്ക് അവനു സൗകര്യം നല്കിയില്ല. പലപ്രാവശ്യം നിരാശയോടെ അവൻ കുതിച്ചുപാഞ്ഞു. അപ്പോഴൊക്കെ ബക്ക് അവനെ പിടിച്ചുനിർത്തുന്നതിനു പകരം രസത്തോടെ പിന്നാലെ പായുകയാണു ചെയ്തതു്. ആ കളി അവനു രുചിച്ചു. തൻെറ ഇര വെറുതെയിരിക്കുമ്പോൾ അവനും വിശ്രമിക്കും. തിന്നാനോ കുടിക്കാനോ ശ്രമിച്ചാലുടൻ ചാടിവീഴുകയും ചെയ്യും.

നിമിഷങ്ങൾ വീണ്ടും നീങ്ങി. അവൻെറ ശ്രേഷ്ഠമായ ശിരസ്സ് നമിച്ചുതുടങ്ങി. കാലുകളിടറി. ക്ഷീണിച്ചു തളൎന്നിരുന്നു. വളരെനേരത്തേയ്ക്കു് നിശ്ചലനായിനിന്നു, നാസിക ഭൂമിയിൽ സ്പർശിക്കുമാറും ചെവികൾ കീഴ്പ്പോട്ടാക്കിയും. ബക്കിനു് ജലപാനത്തിനും വിശ്രമത്തിനും കൂടുതൽ സമയം കിട്ടി. ആ നിമിഷങ്ങളിൽ ചുഴലുന്ന ചുമന്ന നാക്കോടെ കിതച്ചുകൊണ്ടു് തടിയൻ മാനിൻെറ മേൽ ദൃഷ്ടി കേന്ദ്രീകരിച്ചപ്പോൾ എന്തൊക്കെയോ പരിവൎത്തനങ്ങൾ ആ അന്തരീക്ഷത്തിലുണ്ടാവുന്നുണ്ടെന്നു് ബക്കിനു തോന്നി. അവിടെ എന്തോ പുതിയൊരാവേശത്തിൻെറ പ്രസരണം അവനനുഭവപ്പെട്ടു. കടമാനുകളുടെ വരവിനൊപ്പം ഒരു ചൈതന്യം എങ്ങും പരന്നിട്ടുണ്ടു്. വനവും അരുവികളും അന്തരീക്ഷമാകെത്തന്നെയും ആ ചൈതന്യം ഉൾക്കൊണ്ടിരുന്നു, കാണാനോ കേൾക്കാനോ മണക്കാനോ കഴിയുന്ന തരത്തിലല്ല. കുറേക്കൂടി അതിസൂക്ഷ്മമായ ഒരു ഭാവവിശേഷം! അവൻ ഒന്നും കാണുകയോ കേൾക്കുകയോ ചെയ്തില്ല. പക്ഷേ, പരിവൎത്തനം വന്നുകഴിഞ്ഞുവെന്നു് അവനു ബോദ്ധ്യമായിരുന്നു. മാത്രമല്ല, അസാധാരണമായ പലതും അടുത്തുതന്നെ സംഭവിക്കാനിടയുണ്ടെന്നും. ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന സംഗതി നിൎവ്വഹിച്ചതിനുശേഷം അതിനെക്കുറിച്ചു കൂടുതൽ ആരായാമെന്നവൻ നിശ്ചയിച്ചു.

ഒടുവിൽ നാലാംദിവസം സമാപിക്കാറായപ്പോൾ അവൻ ആ എതിരാളിയെ അടിപ്പെടുത്തി. ഒരു രാവുംപകലും ആ ശരീരത്തിനടുത്തുതന്നെ തിന്നും ഉറങ്ങിയും വട്ടംതിരിഞ്ഞും കഴിച്ചുകൂട്ടി. പിന്നീടു് വിശ്രമത്തിനുശേഷം കൂടുതൽ പ്രസരിപ്പും ശക്തിയും കൈവരിച്ചു് അവൻ ജോൺ തോൺടൻെറ സമീപത്തേയ്ക്കോടിത്തുടങ്ങി. വളരെ സുഖപ്രദമായിരുന്നു യാത്ര. വിനാഴികകൾ നീങ്ങുന്നതിനൊത്തു് അവൻ ആ വളഞ്ഞുപുളഞ്ഞ വഴികളിലൂടെ ലക്ഷ്യം അല്പവും തെററാതെ മുമ്പോട്ടുപോയി. ആ അപരിചിതമായ ദേശത്തു് അപരിചിതമായ ആവാസസ്ഥാനത്തെ ലക്ഷ്യമാക്കി വഴിതെററാതെതന്നെ അവനോടാൻ കഴിഞ്ഞുവെന്നതു് മനുഷ്യനെയും അവൻെറ കാന്തസൂചികളെയും പോലും നാണിപ്പിക്കും.

വീണ്ടുംവീണ്ടും മുന്നോട്ടു പോയപ്പോൾ ആ പരിവൎത്തന

ത്തെക്കുറിച്ചുള്ള ബോധം വളൎന്നുവന്നു. ഗ്രീഷ്മകാലം മുഴുവൻ നീണ്ടുനിന്ന അന്തരീക്ഷം പാടെ മാറിമറിഞ്ഞിരുന്നു. നിശ്ശബ്ദത യുടെ ആവരണവും കുറെയൊക്കെ മാറിക്കഴിഞ്ഞിരുന്നു. പക്ഷികൾ അതേററുപാടി; അണ്ണാന്മാർ ചിലച്ചു. മന്ദാനിലൻെറ മൃദുമൎമ്മരംപോലും അതു സൂചിപ്പിച്ചു. പലപ്രാവശ്യം അവൻ നിന്നു. പ്രഭാതത്തിലെ ഉന്മേഷംതരുന്ന വായു ശക്തിയായി ഉൾക്കൊണ്ടശേഷം ഒരു പുതിയ പ്രചോദനം നേടിയമാതിരി വേഗതയോടെ പാഞ്ഞു. എന്തോ അത്യാഹിതം ഉടനെ സംഭവിക്കുമെന്ന ഭയം അവനെ അലട്ടി. ഒന്നുകിൽ അതു സംഭവിച്ചുകഴിഞ്ഞിട്ടുണ്ടു്; അല്ലെങ്കിൽ അടുത്തെത്തിയിട്ടുണ്ടു്. അവസാനത്തെ നീർച്ചാലും ചാടിക്കടന്നു് താഴ്വരയിലെത്തി ക്യാമ്പിലേയ്ക്കു നീങ്ങിയപ്പോൾ അവൻ കൂടുതൽ ജാഗ്രതയവലംബിച്ചു.

മൂന്നു മൈലിനിപ്പുറം ഒരു പുതിയ വഴിയിലെത്തിയപ്പോൾ അവൻെറ കുഞ്ചിരോമങ്ങൾ എഴുന്നുനില്ക്കുകയും പാറിപ്പറക്കുകയും ചെയ്തു. ആ വഴി നേരേ ജോൺ തോൺടൻെറ സമീപത്തേയ്ക്കാണു നയിക്കുക. ബക്കു് കൂടുതൽ വേഗതയോടും ജാഗ്രതയോടുംകൂടി മുന്നോട്ടുപോയി. ഓരോ ഞരമ്പും ആയാസപ്പെട്ടുന്നുണ്ടായിരുന്നു. അവിടെ എന്തൊക്കെയോ നടന്നിട്ടുണ്ടെന്നവനു ബോദ്ധ്യമായി—അന്ത്യം ഒഴിച്ചു് എല്ലാംതന്നെ. അവൻെറ ഘ്രാണശക്തി വ്യക്തമായി ചിലതു സൂചിപ്പിച്ചു. അൎത്ഥഗർഭമായ ഒരു പ്രശാന്തത എങ്ങും പരന്നിരുന്നു. പക്ഷിജാലങ്ങൾപോലും ചലിച്ചില്ല. അണ്ണാന്മാർ ഉള്ളിലൊളിച്ചിരുന്നു. കാഴ്ചയിലെത്തിയതു് ഒന്നുമാത്രം. ഒരു മരച്ചില്ലയിൽ ചാഞ്ഞു് ചാരനിറവും മിനുസവുമുള്ള ഒരു ശരീരം കിടപ്പുണ്ടു്—മരത്തിൻെറതന്നെ മുഴയെന്നപോലെ.

ബക്കു് ഒരു നിഴലിന്റെ നിശ്ശബ്ദതയോടെ നീങ്ങിയപ്പോൾ അവനറിയാതെതന്നെ നാസികകൾ അവൻെറ ഗതിമാററി, നിശ്ചിതമായ ഒരു ശക്തി അവനെ അങ്ങോട്ടു വലിച്ചെടുത്തതുപോലെ. അവൻ നടന്നുനടന്നു് ഒരു കുററിക്കാട്ടിലെത്തി. അവിടെക്കണ്ടതു് നിഗ്ഗിനെയാണു്. അവൻ ഒരുവശം ചരിഞ്ഞു് ചത്തുകിടക്കുന്നു! ഇരുപാൎശ്വങ്ങളിലും അമ്പുകൾ ആഞ്ഞുതറച്ചിട്ടുമുണ്ടു്.

നൂറു ഗജത്തിനപ്പുറം ബക്കു് കണ്ടതു ഡോസണിൽനിന്നു്

തോൺടൻ കൊണ്ടുവന്നിരുന്ന ഒരു ശകടനായയെയാണ്. മാർഗ്ഗമദ്ധ്യത്തിൽ അവൻ മരണത്തിൻെറ വക്കിൽക്കിടന്നു പിടയുകയാണ്. നില്ക്കാതെതന്നെ ബക്ക് മുന്നോട്ടു നടന്നു. ക്യാമ്പിൽനിന്നും അവ്യക്തമായ സ്വരങ്ങൾ താളത്തോടെ ഉയരുന്നതും താഴുന്നതും കേൾക്കാം. അവൻ കുറേക്കൂടി ഓടിയടുത്തു. ഹാൻസ് ശരീരമാകെ ഒരു മുള്ളൻപന്നിയെപ്പോലെ അമ്പുകൊണ്ടു മൂടിയ വിധത്തിൽ മണ്ണിൽ മുഖമമർത്തിക്കിടക്കുകയാണ്. പെട്ടെന്നു് ബക്കിൻെറ കണ്ണുകൾ സ്പ്രൂസ്മരച്ചില്ലകൾകൊണ്ടു നിർമ്മിച്ച ലോഡ്ജിലെത്തി. അവിടെക്കണ്ട കാഴ്ചകണ്ട് അവൻ വിറച്ചുപോയി. അടക്കാനാവാത്ത കോപത്തിൻെറ കൊടുങ്കാററ് അവൻെറയുള്ളിൽ ആഞ്ഞടിച്ചു. ഉച്ചത്തിൽ അലറി. സ്വയം അറിയാതെതന്നെ. അതു് അതിഭയങ്കരമായ ഒന്നായിരുന്നു. അവൻെറ ജീവിതത്തിൽ അവസാനമായി വികാരം സൂത്രശാലിത്വത്തിനും യുക്തിക്കും മേൽ ആധിപത്യം സ്ഥാപിച്ച് അവനെ കീഴടക്കി. അതു് ജോൺ തോൺടനോടുള്ള സ്നേഹംകൊണ്ടു മാത്രമായിരുന്നു.

സ്പ്രൂസ് മരച്ചില്ലകൾകൊണ്ടുനിർമ്മിച്ച വാസസ്ഥാനം തകർന്നുകണ്ട് 'യീഹാററു'കൾ ആനന്ദോന്മത്തരായി നൃത്തംചെയ്യുകയായിരുന്നു. ഭയങ്കരമായ അലർച്ചയോടെ ഒരു മൃഗം പാഞ്ഞുവരുന്നതുകണ്ട് അവർ അമ്പരന്നു. അത്തരമൊന്നിനെ അവർ മുമ്പു കണ്ടിട്ടില്ല. കോപത്തിൻെറ കൊടുങ്കാററായി ബക്ക് ആഞ്ഞടിക്കുകയായിരുന്നു. അവൻ പ്രധാനി('യീഹാററു'കളുടെ നേതാവ്)യുടെമേൽ തൽക്ഷണം ചാടിവീണു. അയാളുടെ തൊണ്ട കടിച്ചു കീറിപ്പൊളിച്ചു. രക്തം കുടുകുടാ ചാടി. അരനിമിഷംപോലും വൈകാതെ അവൻ രണ്ടാമതൊരുവൻെറമേൽ ചാടിവീണു. അങ്ങനെ ശരധാരയെപ്പോലും അവഗണിച്ചുകൊണ്ട് അവൻ അവരുടെ ഇടയിൽ ചാടിവീണ് അവരെ കടിച്ചു കീറുകയും പൊളിക്കുകയും നശിപ്പിക്കുകയും ചെയ്തു. അവിശ്വസനീയമായ വേഗതയോടെ അവൻ ചലിച്ചതുകൊണ്ട് റെഡ് ഇൻഡ്യാക്കാർ (യീഹാററു)കൾ ഒന്നിച്ചു കുഴഞ്ഞുമറിയുകയും അന്യോന്യം തിരിച്ചറിയാതെതന്നെ ശരങ്ങൾ എയ്യുകയും ചെയ്തു. ഒരു യുവാവായ വേടനെറിഞ്ഞ കുന്തം ആഞ്ഞുചെന്നു് മററൊരു വേടൻെറ ശരീരത്തിൽ തറച്ചുകയറുകയും മറുവശത്തുകൂടി കുന്ത

ത്തിൻെറ മുന വെളിയിലെത്തുകയും ചെയ്തു. യീഹാററുകൾ ഭയ വിഹ്വലരായി. ജീവനുംകൊണ്ടു് അവർ കാട്ടിലെങ്ങും നാലുപാടും പാഞ്ഞു. പിശാചിൻെറ ബാധയാണതെന്നു് അവർ ഉൽഘോഷിക്കുന്നുണ്ടായിരുന്നു.

ബക്ക് വാസ്തവത്തിൽ പിശാചിൻെറ മൂർത്തീകരണംതന്നെയായിരുന്നു. അവൻ അവരെ പിന്തുടൎന്നു് വലിച്ചിഴച്ചു കൊന്നു. യീഹാററുകളെ സംബന്ധിച്ചിടത്തോളം ശപിക്കപ്പെട്ട ദിനമായിരുന്നു അതു്. അവർ കാട്ടിലെങ്ങും ചിതറിയോടി. ഒരാഴ്ചകഴിഞ്ഞതിനുശേഷമേ അവരിൽ ശേഷിച്ചവൎക്കു് ദൂരെയൊരു താഴ്വരയിലൊത്തുകൂടി കഷ്ടനഷ്ടങ്ങളെക്കുറിച്ചു് ചിന്തിക്കാൻതന്നെ കഴിഞ്ഞുള്ളു. പിന്തുടൎന്നു മടുത്തപ്പോൾ ബക്ക് ഏകാന്തമായ ക്യാമ്പിലേയ്ക്കു നടന്നെത്തി. അത്ഭുതംകൂറുന്ന മുഖഭാവത്തോടെ പീററ് പുതപ്പിനുള്ളിൽ മരിച്ചുകിടക്കുന്നതവൻ കണ്ടു. തോൺടൻ ജീവനുവേണ്ടി നടത്തിയ ഉഗ്രസമരത്തിൻെറ ലക്ഷണങ്ങൾ മണ്ണിൽ പതിഞ്ഞുകാണ്മാനുണ്ടായിരുന്നു. ബക്ക് അതു മണത്തുമണത്തു് പിന്തുടൎന്നു. അങ്ങനെ ആഴമുള്ള കുളത്തിൻെറ വക്കിലെത്തി. അവിടെ അന്ത്യനിമിഷംവരെ പ്രകടിപ്പിച്ച നന്ദി പ്രതിഫലിക്കുന്നവിധം തലയും മുൻകാലുകളും വെള്ളത്തിലാണ്ടു് സ്കീററ് ചത്തുകിടക്കുന്നുണ്ടായിരുന്നു. കുളത്തിലെ ജലം കലങ്ങിമറിഞ്ഞിരുന്നതുകൊണ്ടു് ജലത്തിനടിയിലുള്ളതു് വ്യക്തമായിരുന്നില്ല. അതിനടിയിലുള്ളതു് ജോൺ തോൺടൻ തന്നെ! ബക്ക് അയാളുടെ കാലടിപ്പാടുകൾ പിന്തുടൎന്നാണു് അവിടംവരെയെത്തിയതു്. അവിടെ ആ പാടുകൾ അവസാനിക്കുന്നുമുണ്ടു്.

അന്നുമുഴുവൻ ബക്ക് കുളവക്കിൽ ചിന്താമഗ്നനായി ഇരിക്കുകയോ ക്യാമ്പിൽ അസ്വസ്ഥനായി ചുററിനടക്കുകയോ ചെയ്തു. മരണം എന്നാൽ ചലനരാഹിത്യമാണു്; ജീവചൈതന്യത്തിൻെറ സ്പന്ദനം നിലയ്ക്കുന്ന അവസ്ഥയാണു്. അതവനറിയാം. ജോൺതോൺടൻ എന്നെന്നേയ്ക്കുമായി മൺമറഞ്ഞുവെന്നും അവനറിയാം. അതു് അവന്റെ ഹൃദയത്തിൽ ഒരു ശൂന്യതസൃഷ്ടിച്ചു. വിശപ്പുപോലെയുള്ള ഒരവസ്ഥാവിശേഷം. പക്ഷേ, ആഹാരങ്ങൾകൊണ്ടു് ഈ വിശപ്പടങ്ങുകയില്ല. നൊമ്പരം! വീണ്ടും വീണ്ടും നൊമ്പരം! യീഹാററുകൾ ചത്തുകിടക്കുകയാണെന്ന ചിന്തമാത്രം അവൻെറ നൊമ്പരം തെല്ലൊന്നു തണുപ്പിച്ചു. ആ



ചിന്ത അവനിൽ അഭിമാനത്തിൻെറ തിരികൊളുത്തി—അന്നു വരെ അനുഭവിച്ചതിലേററവും കറതീന്ന അഭിമാനം! അവൻ മനുഷ്യനെ കൊന്നിരിക്കുന്നു! എന്തൊരു വലിയ നേട്ടം! അതോ, ഗദയുടെയും ദംഷ്ട്രയുടെയും നിയമത്തിൻെറമുമ്പിൽ. ശവശരീരങ്ങൾ അവൻ മണത്തുനോക്കി. അവരെത്രയെളുപ്പം ചത്തു മരവിച്ചിരിക്കുന്നു. ഒരു ഹസ്കിയെ കൊല്ലുന്നതിലും എത്രയോ എളുപ്പമാണിതു്. ഇക്കൂട്ടരുടെ അമ്പും കുന്തവും ഗദയുമെല്ലാമൊഴിച്ചാൽപ്പിന്നെ ഇവർ ഒന്നുമല്ല. അതുകൊണ്ടിനി ഇവരെ പേടിച്ചിട്ടു കാര്യമില്ല. അമ്പും കുന്തവും ഗദയും മറ്റും കൈയിലില്ലാത്തപ്പോൾമാത്രം.

രാത്രിയായി. പൂർണ്ണചന്ദ്രൻ വൃക്ഷജാലങ്ങൾക്കിടയിലൂടെ ആകാശത്തിൻെറ നെറുകയിലേക്കുയന്നു. ഭൂമി വെണ്ണിലാവിൽ കുളിച്ചു സുന്ദരിയായി നിന്നു. അപ്പോഴും കുളവക്കിൽ ചിന്തയിലാണ്ടിരുന്ന ബക്കിനു് അവിടെ യീഹാററുകളുടേതിൽനിന്നും വ്യത്യസ്തമായ ഒരു ജീവചൈതന്യത്തിൻെറ തുടിപ്പുകളുണ്ടെന്ന ബോധമുദിച്ചു. അവൻ എഴുന്നേററുനിന്നു ചെവിയോർത്തു. മണംപിടിച്ചു. ദൂരെനിന്നു് സൂക്ഷ്മതരവും അവ്യക്തവുമായ ഒരു കുരകേട്ടു. തുടന്നു് അതുപോലെ അനേകമനേകം കുരകൾ. നിമിഷങ്ങൾ നീങ്ങി. കുരകൾ കൂടുതൽ ഉച്ചത്തിലായി. സമീപത്തിലെത്തുകയായിരുന്നു. വീണ്ടും ബക്കിനു് അപരലോകത്തെക്കുറിച്ചുള്ള സ്മരണകളുടെ വെളിച്ചത്തിൽ ആ കുരകൾ അപഗ്രഥിക്കുവാൻ കഴിഞ്ഞു. അവൻ തുറസ്സായ സ്ഥലത്തിൻെറ കേന്ദ്രത്തിലേക്കു നീങ്ങിനിന്നു് ചെവിയോർത്തു. ആ വിളി, ഭിന്നലയങ്ങൾ കലന്ന ആ വിളി, കൂടുതൽ വശ്യതയോടെ മുഴങ്ങുന്നു! മുമ്പെങ്ങുമില്ലാത്തതുപോലെ, അതനുസരിച്ചേതീരൂ എന്നവനുറച്ചു. ജോൺതോൺടൻ മരിച്ചുകഴിഞ്ഞു. ആ അവസാനബന്ധവും അററുപോയി. ഇനി മനുഷ്യനോ മനുഷ്യസ്നേഹമോ അവനെ പിടിച്ചുനിർത്തുകയില്ല.

യീഹാററുകളെപ്പോലെതന്നെ ചെന്നായകളുടെ കൂട്ടവും കടമാൻകൂട്ടത്തെ വേട്ടയാടുവാനെത്തിയതാണു്. അവർ വൃക്ഷങ്ങളും അരുവികളുമുള്ള ദേശം കടന്നു്, ബക്കിൻെറ താഴ്വരയിലെങ്ങും പരന്നിരുന്ന വെള്ളിനിലാവിൻെറ മാറിലേക്കു് പാലലപോലെ ഒഴുകിയെത്തി. ബക്ക് അവരുടെ വരവും പ്രതീക്ഷിച്ചു്

നിശ്ചലനായി നില്ക്കുകയായിരുന്നു, ഒരു പ്രതിമപോലെ. അവർ ബക്കിന്റെ നില്പും വലിപ്പവും കണ്ടു് അമ്പരന്നു. ഒരുനിമിഷം കഴിഞ്ഞു. അവരിൽ ധൈര്യശാലി ബക്കിന്റെനേരെ ചാടിവീണു. ബക്ക് മിന്നൽപോലെ കൂട്ടിയിടിക്കുകയും കഴുത്തു് കീറിപ്പൊളിക്കുകയും ചെയ്തു. ചെന്നായ നൊമ്പരംകൊണ്ടു് പിടഞ്ഞുരുണ്ടപ്പോൾ ബക്ക് പഴയപടി നിശ്ചലനായിനിന്നു. മൂന്നുപേർ ഒന്നൊന്നായി ബക്കിനെ നേരിട്ടു. മൂവരും രക്തം പ്രവഹിക്കുന്ന തൊണ്ടകളും തോളുകളുമായി പിൻവാങ്ങി.

ചെന്നായകളെ ഇളക്കിമറിക്കാൻ ഇതു് പര്യാപ്തമായി. അവർ ഇരയെ വീഴ്ത്താനുള്ള ആകാംക്ഷകൊണ്ടു മത്സരപിടിച്ചു കൂട്ടത്തോടെ ചാടിവീണു. പക്ഷേ, ബക്കിന്റെ ആശ്ചര്യകരമായ വേഗതയും ചുറുചുറുക്കും അവനെ രക്ഷപ്പെടുത്തി. പിൻകാലുകളിൽ നിലയൂന്നിക്കൊണ്ടു് അവൻ എതിർക്കുകയും ആഴത്തിലുള്ള മുറിവുകളേല്പിക്കുകയും ചെയ്തു. അങ്ങുമിങ്ങും അതിവേഗത്തിൽ ഓടിനടന്നും ചുററിക്കറങ്ങിയും അഭേദ്യമായ ഒരു പ്രതിരോധനിര അവൻ സ്വയം സൃഷ്ടിച്ചു. പക്ഷേ, പിന്നിലൂടെ ആക്രമണമുണ്ടാവാതിരിക്കാൻ അവൻ ക്രമമായി പിന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അങ്ങനെ അവൻ കുളത്തിലേയ്ക്കു പിൻവാങ്ങി. വീണ്ടും അവിടെനിന്നു് ചെറുപുഴയുടെ തടത്തിലേയ്ക്കും, മുകളിൽ ചരലുനിറഞ്ഞ ഭാഗത്തേയ്ക്കും അവനു് പിൻവാങ്ങേണ്ടിവന്നു. അവൻ കരയിൽ ലംബമായ ഒരു ഭാഗത്തുകൂടി പിന്നോട്ടു നീങ്ങി. ഒടുവിൽ മൂന്നുവശത്തും തടസ്സങ്ങളുള്ള ഒരു ഭാഗത്തെത്തിച്ചേർന്നു. അവരെ നേരിട്ടുനിന്നെതിർക്കുകയല്ലാതെ വേറെ പോംവഴിയൊന്നുമില്ലെന്നു വന്നുകൂടി.

പക്ഷേ, അവൻ തികച്ചും സാമർത്ഥ്യത്തോടെയാണു് അവരെ നേരിട്ടതു്. അരമണിക്കൂറോളം കഴിഞ്ഞു. ചെന്നായകൾ നാലുപാടും പാഞ്ഞു. നാക്കുകൾ ചുഴലുകയും ദംഷ്ട്രകൾ വെണ്ണിലാവിൽ ക്രൗര്യം പ്രകടിതമാകുമാറു് പൂർവ്വാധികം തിളങ്ങുകയും ചെയ്തു. ചില ചെന്നായകൾ ശിരസ്സുയർത്തിയും ചെവിയോർത്തും കിടക്കുകയായിരുന്നു. ചിലവ എഴുന്നേററുനിന്നുകൊണ്ടു് ബക്കിന്റെനേരെ കണ്ണോടിച്ചു. മററുചിലവ കുളത്തിലുള്ള വെള്ളത്തിൽ ശിരസ്സുണച്ചിരുന്നു. നീണ്ടുമെലിഞ്ഞു് ചാരനിറമുള്ള ഒരു ചെന്നായ കരുതലോടെ സ്നേഹപൂർവ്വം ബക്കിനെ സമീപിച്ചു.

ഒരു രാവും പകലും ഒന്നിച്ചു തന്നോടൊത്തു് മുമ്പൊരിക്കൽ കുതിച്ചുപാഞ്ഞ കാട്ടുസഹോദരൻതന്നെയാണവൻ! അവൻ മെല്ലെ ചിണുങ്ങി. അവരന്യോന്യം നാസികകൾ കൂട്ടിയണച്ചു.

മെലിഞ്ഞതും, സമരം സമ്മാനിച്ച പാടുകൾ നിറഞ്ഞതുമായ ഒരു വയസ്സൻചെന്നായ മുമ്പോട്ടുവന്നു. ബക്കു് ആദ്യമൊന്നു കുരയ്ക്കാൻ തുനിഞ്ഞുവെങ്കിലും പെട്ടെന്നു് നാസികകൾ കൂട്ടിയണച്ചു. വയസ്സൻചെന്നായ നിലത്തു കുത്തിയിരുന്നുകൊണ്ടു് നാസിക പൗർണ്ണമിച്ചന്ദ്രൻെറനേക്കു നീട്ടി. എന്നിട്ടു്, വളരെനേരം നീണ്ടുനില്ക്കുമാറു് ഓലിയിട്ടു. മററുള്ളവരും അതേററുവിളിച്ചു. അങ്ങനെ, ആ വിളി തികച്ചും വ്യക്തമായിത്തന്നെ മുഴങ്ങി. അവനും അപരരോടൊപ്പമിരുന്നു് ഓലിയിട്ടു. അതിനുശേഷം അവൻ മുന്നോട്ടുവന്നു. ചെന്നായകൾ അവനെ വളഞ്ഞു. പകുതി സ്നേഹഭാവവും പകുതി ക്രൂരതയും കലന്നമട്ടിൽ അവർ മുഖത്തോടു മുഖമുരുമ്മി. ചെന്നായത്തലവന്മാർ അവരുടേതുമാത്രമായ സ്വരത്തിൽ ഓലിയിട്ടുകൊണ്ടു് കാട്ടിനുള്ളിലേയ്ക്കു കുതിച്ചു. മററുള്ളവർ പുറകേയും. ബക്കു് അവരുടെയൊപ്പം കാട്ടുസഹോദരനുമായി തോളുരുമ്മിക്കൊണ്ടു് കുതിച്ചുപാഞ്ഞു.

ബക്കിൻെറ കഥ ഇവിടെ അവസാനിക്കുന്നു. ചെന്നായകളുടെ വർഗ്ഗത്തിൽ ഒരു പുതിയ ഇനത്തെ യീഹാററുകൾ വളരെത്താമസിയാതെതന്നെ കണ്ടുപിടിച്ചു. ശിരസ്സിലും മുഖത്തും തവിട്ടുനിറം അല്പാല്പം കലന്നും നെഞ്ചിൽ താഴെയായി വെള്ളവൃത്തത്തോടുംകൂടി. ഇതിനേക്കാളും വിശേഷമായ മറെറാരു വസ്തുതയുണ്ടു്. ചെന്നായകളുടെ സംഘത്തലവനായി കുതിച്ചുപായുന്നവനും പിശാചിനു തുല്യനുമായ ഒരു നായയെക്കുറിച്ചു് യീഹാററുകൾ പറയാറുണ്ടു്. അവർക്കു് ഈ പ്രേതതുല്യനായ നായയെ ഭയമാണു്. കാരണം, അവരേക്കാൾ സൂത്രശാലിയാണവൻ. ആ നായ ഉഗ്രശൈത്യമുള്ള കാലഘട്ടങ്ങളിൽ ക്യാമ്പുകളിൽനിന്നു് സമർത്ഥമായി ആഹാരം കട്ടെടുക്കും. എന്നാലും കെണികളിലൊന്നും വീഴാറില്ല. വേട്ടയാടാനെത്തുന്നവരുടെ നായകളെ കടിച്ചുകീറിക്കൊല്ലും. ധീരന്മാരായ വേട്ടക്കാരെപ്പോലും അവഗണിക്കും.

അല്ല; കഥ കുറേക്കൂടി കടുപ്പമാണു്! ക്യാമ്പുകളിലേയ്ക്കു വേട്ടക്കാർ തിരിച്ചെത്താതിരുന്നിട്ടുണ്ടു്. കഴുത്തു് കീറിപ്പൊളിക്കപ്പെട്ടവിധത്തിൽ പല വേട്ടക്കാരെയും അവരുടെ കൂട്ടുകാർ

കണ്ടെടുത്തിട്ടുണ്ട്. ചെന്നായയുടെ കാലടിപ്പാടുകൾ മണ്ണിൽ പതിഞ്ഞുകാണാം. മറേറതുചെന്നായകളുടേതിനേക്കാളും വലിപ്പമുണ്ടതിനു്. യീഹാററുകൾ കടമാനുകളെ വേട്ടയാടാനെത്തുമ്പോൾ ഒരു താഴ്വരയിലേയ്ക്കുമാത്രം എത്തിനോക്കാറുപോലുമില്ല. ആ താഴ്വര ദുർഭൂതത്തിന്റെ ആവാസസ്ഥാനമായതിനെക്കുറിച്ചുള്ള കഥകൾകേട്ടു് സ്ത്രീകൾ ശോകാത്തരാകാറുണ്ടു്.

ഏതായാലും, ഗ്രീഷ്മകാലങ്ങളിൽ ആ താഴ്വരയിൽ ഒരു സന്ദർശകനുണ്ടാവും. യീഹാററുകൾക്കതറിയില്ല. വലിയതും ജടാഭാരമുള്ളതുമായ ഒരു ചെന്നായ. മററു ചെന്നായകളോടു് തുല്യവും തുല്യമല്ലാത്തതുമായ ഒന്നു്. അവൻ വൃക്ഷങ്ങളും അരുവികളുമുള്ള നാടുകടന്നു് ആ തുറസ്സായ സ്ഥലത്തേയ്ക്കു് ഒററയ്ക്കു വരാറുണ്ടു്. കടമാന്തോലുകളുംമററും ചീഞ്ഞഴുകിക്കിടക്കുന്ന ഒരു മഞ്ഞനിറത്തിലുള്ള അരുവിയുണ്ടിവിടെ. പുല്ലും പായലും വളന്നു് അതെല്ലാം മറയ്ക്കപ്പെട്ടിരിക്കുകയാണു്. ഇവിടെ, അവൻ അല്പനേരം നില്ക്കും. പോകുന്നതിനുമുമ്പു് ഉള്ളിൽനിന്നുറഞ്ഞുപൊങ്ങുന്ന ശോകാധിക്യത്തോടെ ഒരുതവണ ഓലിയിടും.

പക്ഷേ, അവൻ എപ്പോഴും ഏകനല്ല. നീണ്ട ശൈത്യകാലരാവുകളിൽ ചെന്നായകൾ ഇരതേടി ആ താഴ്വരയിൽ വന്നെത്താറുണ്ടു്. അപ്പോൾ വെണ്ണിലാവിലോ, ധ്രുവദീപ്തിയുടെ പ്രഭാപൂരമേററോ, അവരുടെ നേതാവായി അവൻ കുതിച്ചുചാടും. അപ്പോൾ അവന്റെ കണ്ഠം ചെന്നായകളുടേതുമാത്രമായ ഗാനംകൊണ്ടു്, യുവലോകത്തിന്റേതായ ഗാനംകൊണ്ടു്, ശബ്ദമുഖരിതമാവും.

S No 7228

★

A:2593.
SENGUPTA PUBLIC LIBRARY • KOZHIKODE-A. •

SENGUPTA PUBLIC
KOZHIKODE-4.



ദക്ഷിണഭാഷാ ഗ്ര...
ആഭിമുഖ്യത്തിൽ പ്രസിദ്ധീകര

കനകംമൂലം മനുഷ്യൻ മൃ
അധപ്പതിക്കുന്ന ചിത്രമാ
ക്ക് ലണ്ടൻ ഇവിടെ വ
ണിക്കുന്നതു്. അതിനു പ
ലമായി മനുഷ്യത്വം നി
ളുമ്പുന്ന ഒരു പട്ടിയേയും
ട്ടി മനുഷ്യനീചത്വത്തി
സ്വാതന്ത്ര്യം നേടുവാൻ
നത്തിൻെറ ആത്മാവിനെ
പോവുകയാണു്.



LIBRARY




# കാടിന്റെ വിളി

ജാക്ക് ലണ്ടൻ

Indic Digital Archive Foundation
gpura.org